

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

M 204
K.19
CARMEL JYOTHI
ALWAYE
THAIKKATTUKARA

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

ഫാ. ജോൺ റോമയോ പട്ടശ്ശേരി C. M. I.

(Malayalam)

VAZHTHAPPETTA CHAVARAYAGHAN

by

**Fr. John Romeo Pattasserry C. M. I.**

First Edition May 1987

Second Edition April 1988

Copy right: John Pattasserry

Published by the Author

Price Rs. [redacted] **10**

Printed at

St. Joseph's Press, Mannanam

## ആമുഖം

ചരിത്രത്തിന്റെ ഗതിയെ ചില വ്യക്തികൾ തിരുത്തിക്കുറിച്ചിട്ടുണ്ട്. പത്തൊൻപതാം നൂററാണ്ടിൽ ക്രൈസ്തവ കേരളത്തിന്റെ ചരിത്രത്തിൽ നിർണ്ണായക പങ്കുവഹിക്കുകയും കേരളകത്തോലിക്കാ സഭയുടെ ചരിത്രത്തെ നിസ്തുലമായ തന്റെ സ്വാധീനം കൊണ്ടു് മാററി മറിക്കുകയും ചെയ്ത ഒരു പുണ്യാത്മാവായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കത്തോലിക്ക സഭയുടെ സജീവ ഘടകമായി ഇന്നു കേരളത്തിൽ മലബാർ സുറിയാനി സഭ നിലനിൽക്കുന്നു എങ്കിൽ അതിനുള്ള മുഴുവൻ യോഗ്യതയും ഈ പൊക്കം കുറഞ്ഞ സന്യാസി വൈദികനു് നാം കൊടുക്കേണ്ടിവരും. അദ്ദേഹത്തിന്റെ നേതൃത്വം ഇല്ലായിരുന്നെങ്കിൽ കേരളത്തിലെ സുറിയാനി സഭ ഇന്നു കത്തോലിക്ക വിശ്വാസത്തിലുണ്ടായിരിക്കുമോ? ഇല്ലയെന്നു് ചരിത്രം പഠിച്ചവർ ഒരേ സ്വരത്തിൽ വിളിച്ചു പറയും. സ്വജാതി മെത്രാനെ കിട്ടാനുള്ള അത്യുൽക്കടമായ അഭിലാഷം, ശീശ്മമെത്രാന്മാരെ സ്വീകരിക്കുവാൻ കേരള സുറിയാനിക്കാരെ നിർബന്ധിച്ചുകൊണ്ടിരുന്നപ്പോഴും കത്തോലിക്ക സഭയുടെ കുഞ്ഞുമക്കളായി അടിമത്തം സഹിച്ചു് നാണം കെട്ടപോലും കേരളീയരെ നിലനിറുത്തുവാൻ ചാവറയച്ചൻ സഹിച്ച കാര്യങ്ങൾ 19-ാം നൂററാണ്ടിലെ സഭാ ചരിത്രം എണ്ണി എണ്ണി പറയും. വരാപ്പുഴയുടെ ലത്തീൻ ഭരണത്തിൽ സഹികെട്ടു് റോക്കോസ് മെത്രാനു് പൂപ്പന്തലൊരുക്കിയ അഭിമാനികളായ സുറിയാനിക്കാരെ, സ്വയംഭരണ ജ്വരത്തിൽനിന്നും വിടുവിച്ചെടുക്കുവാൻ ഈ കൊച്ചു മനുഷ്യൻ എന്തെല്ലാ

പ്രയാസങ്ങൾ സഹിച്ചു. തൈക്കാട്ടുശ്ശേരി അയ്യനാട്ട പാറായിലും, മുട്ടുചിറ മുരിക്കനും തലമൂത്ത പള്ളികളും റോക്കോസിന്റെ പിണിയാളുകളും പ്രചാരകരുമായപ്പോൾ ചാവറയുടെ കൊച്ചുഗണം അതിനെതിരായി ആഞ്ഞടിച്ചു. സുറിയാനി റീത്തിന്റെ തനിമയ്ക്കുവേണ്ടി അടരാടാൻ സമയമായില്ലെന്നും ഇപ്പോൾ നമുക്കു വേണ്ടതു് ഛിദ്രവാസനകളെ എതിർത്തു തോല്പിക്കലാണെന്നുമുള്ള ആ ക്രാന്തദർശിയുടെ ഒറ്റപ്പെട്ട സ്വരം കേരളമെങ്ങും അന്നു മുഴങ്ങി. സുറിയാനി സഭയിൽ ഇനിയും ''കൂനൻ കുരിശു സത്യവും പിരിഞ്ഞു പോക്കും ഉണ്ടാകരുതെന്നു് അദ്ദേഹം ആഗ്രഹിച്ചു. അതിനുവേണ്ടി വളരെയേറെ പ്രാർത്ഥിച്ചു. രാപകലില്ലാതെ പ്രയത്നിച്ചു. പ്രസംഗ പാടവത്തിന്റെയും, നയചാതുരിയുടേയും പതിനെട്ടടവും എടുത്തു പ്രയോഗിച്ചു. നൂററിഎൺപതു സുറിയാനിപള്ളികളിൽ മുപ്പതെണ്ണം ഒഴിച്ചു് നൂററി അമ്പതെണ്ണവും ഛിദ്ര മെത്രാനെ താലപ്പൊലി സഹിതം എതിരേററപ്പോൾ, പുറത്തിറങ്ങിയാൽ റോക്കോസ് സ്നേഹികൾ ആയുസ്സിനു തന്നെ അറുതിവരുത്തും എന്ന നില വന്നപ്പോൾ, പത്രോസിന്റെ പടവിനകത്തു തന്നെ ബാക്കിയുള്ളവരെ ഉറപ്പിച്ചു നിറുത്തിയ ഈ സുറിയാനി നേതാവിനെ ഏതു തരത്തിൽ നാം ആദരിക്കണം? അല്പം വൈകിയെങ്കിലും ഈ സത്യസഭാ സ്നേഹിയെ, പത്രോസിന്റെ പിൻഗാമി തന്നെ കോട്ടയത്തു വന്നു അൾത്താരയിലെ വണക്കത്തിനായി പ്രതിഷ്ഠിച്ചതു് ശ്ലാഘനീയമായിരിക്കുന്നു.

ഒരു നൂററാണ്ടിനു മുമ്പേതന്നെ ഇതു നടക്കേണ്ടതായിരുന്നു. ചാവറയച്ചന്റെ കുമ്പസാരക്കാരനായ ഫാ. ലെയോപ്പോൾഡ് ചാവറയച്ചന്റെ മരണവർഷംതന്നെ ഇതിനായി പരിശ്രമിച്ചിരുന്നു. താൻ നന്നായറിയുന്ന തന്റെ ആത്മീയ സുതൻ ജീവിച്ചിരിക്കുന്ന ഒരു വിശുദ്ധനാണെന്നു് ഫാ. ലെയോപ്പോൾഡ് പൂർണ്ണമായി വിശ്വസിച്ചു. അതുകൊണ്ടാണു് അദ്ദേഹംതന്നെ ചാവറയച്ചന്റെ ജീവചരിത്രം എഴുതുവാനും അതു പ്രചരിപ്പിക്കുവാനും മരണവർഷം തന്നെ തുടക്കമിട്ടതു്. അന്നത്തെ റോമും നാമകരണനട

പടിക്രമങ്ങളും ഇങ്ങേ അററത്തുള്ള കൊച്ചു കേരളത്തിലെ സുറിയാനി സഭയ്ക്ക് എത്തിപ്പിടിക്കുവാൻ പാടില്ലാത്ത തരത്തിൽ ഉയരത്തിലായിരുന്നു. ഫാ. ലെയോപ്പോൾദിനെ അധികാരികൾ തിരിയെ വിളിച്ചപ്പോൾ നാമകരണ നടപടികൾ പിൻതുടർന്ന് നടത്താൻ കേരളത്തിലെ അന്നത്തെ സാഹചര്യം തീർത്തും അനുകൂലമായിരുന്നില്ല. എങ്കിലും തനിക്ക് പ്രിയപ്പെട്ടവനെ മറവിയുടെ മാറാലകൊണ്ട് മൂടിക്കളയുവാൻ ദൈവം അനുവദിച്ചില്ല. മരണശേഷം 115 കൊല്ലം കഴിഞ്ഞാണെങ്കിലും ഈ മാണിക്യക്കല്ലിനെ അൾത്താരയുടെ വണക്കത്തിനു കൊണ്ടുവരുവാൻ ദൈവം തിരുമനസ്സായി. റോമും പത്രോസിന്റെ വികാരിയും ഇതിനായി ഈ കൊച്ചു കേരളത്തിലേക്കു വന്നു. പണ്ടേയ്ക്കുപണ്ടേ സുറിയാനി സഭ അറിഞ്ഞ് ആദരിക്കേണ്ടതായിരുന്ന ഈ വലിയ മനുഷ്യന്റെ ജീവചരിത്രമാണ് ഇനി വരുന്ന പേജുകളിലൂടെ സഹൃദയലോകത്തിനു കാഴ്ചവയ്ക്കുന്നത്. ഈ പുണ്യജീവിതം പലരൂപത്തിൽ ഇതിനകം പ്രസിദ്ധീകൃതമായിട്ടുണ്ട് എന്ന വസ്തുത മറന്നുകൊണ്ടല്ല ഈ വിനീത സംരംഭത്തിന് ഇറങ്ങിത്തിരിച്ചത്. വാഴ്ത്തപ്പെട്ട ചാവറയച്ചനോടു തോന്നിയ ഭക്തിയുടെയും കടപ്പാടിന്റെയും ഒരു ബാഹ്യരൂപമാണ് ഈ ജീവചരിത്രം. ഇതിനായി വാഴ്ത്തപ്പെട്ട കഥാപുരുഷനെക്കുറിച്ച് ഇന്നു കിട്ടാവുന്ന എല്ലാ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും പലവട്ടം ഞാൻ സശ്രദ്ധം പഠിക്കുകയുണ്ടായി. 19-ാം നൂററാണ്ടിലെ സഭാചരിത്രവും ആനുകാലിക സംഭവങ്ങളും വായിച്ചു ഗ്രഹിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ഇന്നു നിലവിലുള്ള ജീവചരിത്രങ്ങളിൽനിന്നും വ്യത്യസ്തമായി കഥാനായകന്റെ ജീവചരിത്രം അതിന്റെ തനിമയിൽ വരച്ചുകാട്ടണമെന്ന് അതിയായ ആഗ്രഹമുണ്ടായി. എന്റെ പൗരോഹിത്യത്തിന്റെ രജതജൂബിലിയുടെ സ്മരണയ്ക്കായി— 1987— മെയ് 17-ന് വെളിച്ചം കണ്ട ആ ജീവചരിത്രത്തിന്റെ ഒന്നാം പതിപ്പു മുഴുവൻ 87-അവസാനിക്കുന്നതിനു മുമ്പേ വിററുതീർന്നിരുന്നു. പലരും രണ്ടാം പതിപ്പ് ഇറക്കുന്നതിന് എന്നെ പ്രോത്സാഹിപ്പി

ച്ചു. ചാവറയച്ചന്റെ പുസ്തകമന്വേഷിച്ചുകൊണ്ടുള്ള നിര
വധി കത്തുകളും ഈയവസരത്തിൽ ലഭിച്ചുകൊണ്ടിരു
ന്നു. എനിക്കേററം പ്രിയപ്പെട്ട എന്റെ റെക്ടറച്ചൻ ഡോ.
കനിസിയൂസ്, സി. എം. ഐയുടെയും — ഇപ്പോഴും
മാന്നാനത്തു വൈസ്പോസ്തുലേറർ ആയിരിക്കുന്ന ബ.
മെലെസിയൂസച്ചന്റേയും സ്നേഹപൂർണ്ണമായ പ്രോത്സാഹ
നവും നിർബന്ധവും രണ്ടാം പതിപ്പ് ഉടനെ ഇറക്കുവാൻ
എന്നെ പ്രേരിപ്പിച്ചു. ഇതിനിടയ്ക്കു് രണ്ടാം പതിപ്പി
ന്റെ ആയിരത്തിലേറെ പ്രതികൾ ആവശ്യപ്പെട്ടുകൊ
ണ്ടുള്ള കത്തുകൾ വിവിധ സ്ഥാപനങ്ങളിൽനിന്നും ലഭി
ക്കുകയും ചെയ്തു.

രണ്ടാം പതിപ്പിൽ 2 അദ്ധ്യായങ്ങൾ കൂടുതലായി
ചേർത്തിട്ടുണ്ട്. വാ. ചാവറയച്ചനെ അൾത്താരയിലെ
വണക്കത്തിനായി പ്രതിഷ്ഠിച്ചതിനുശേഷം— നൂറു നൂറു—
അനുഗ്രഹങ്ങൾ പലർക്കും ലഭിക്കുകയുണ്ടായി. കുറെപ്പേർ
അതു മാന്നാനത്തെ പോസ്റ്റുലേററെ എഴുതി അറി
യിക്കുകയും ചെയ്തു. ഇതിൽനിന്നും തിരഞ്ഞെടുത്ത 6 അ
നുഗ്രഹങ്ങളാണ് — അനുഗ്രഹം ലഭിച്ചവരുടെ വിവരണ
മാണ് — ഒരദ്ധ്യായത്തിൽ. ചാവറയച്ചനെ സ്മരിച്ചുകൊ
ണ്ട് ഇൻഡ്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റു ഒരു സ്റ്റാമ്പു
1987 ഡിസംബർ 20–ാം തീയതി ഇറക്കുകയുണ്ടായി.
അതു പ്രമാണിച്ചു ഇൻഡ്യൻ പ്രസിഡന്റ് ശ്രീ വെങ്കി
ട്ടരാമൻ ചെയ്ത അർത്ഥഗർഭമായ പ്രസംഗവും — കേരള
ഗവർണർ ശ്രീ രാമചന്ദ്രന്റെ വിജ്ഞാനപ്രദമായ പ്ര
സംഗവും ആണ് മറെറാരദ്ധ്യായത്തിൽ.

ഇതു് ഇപ്രകാരം വെളിച്ചം കാണുവാൻ പ്രോത്സാ
ഹിപ്പിച്ചവർക്കും അടിച്ചിറക്കും മുമ്പുതന്നെ ഇതിന്റെ പ്ര
തികൾ ആവശ്യപ്പെട്ടുകൊണ്ടു എഴുതിയ കേരളത്തിലെ
ക്രിസ്ത്യൻ സ്ഥാപനങ്ങളുടെ ഭാരവാഹികൾക്കും ഞാൻ
സ്നേഹപൂർവ്വം നന്ദി പറയുന്നു. പ്രത്യേകിച്ച് ഇതിന്റെ
മുദ്രണം ചുരുങ്ങിയ സമയംകൊണ്ടു് ഭംഗിയായി നിർവ
ഹിച്ച മാന്നാനത്തെ സെന്റ് ജോസഫ്സ് പ്രസ്സ് ഭാര

വാഹികളോടും ഞാൻ അതിയായി നന്ദിയുള്ളവനാണ്. ചാവറയച്ചൻ തുടങ്ങിവച്ച ഈ പുരാതന പ്രസിദ്ധമായ പ്രസ്സിൽ തന്നെ ഇതച്ചടിക്കണമെന്നതു് വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ അഭീഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ ജീവചരിത്രം വായിച്ച് അനേകർ വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചനിൽ വിശ്വസിക്കുകയും അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുവാൻ ഇടയാകുകയും ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഫാ. ജോൺ റോമയോ പട്ടശ്ശേരി
സെന്റ് ആന്റണീസ് മൊണാസ്ട്രി
ആലുവ
15-4-1988.

# അവതാരിക

യുഗപുരുഷനും കർമ്മയോഗിയുമായ വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് കേരളീയരെസ്സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ അനശ്വരതേജസ്സാണെന്നു പറയാം. നൂററാണ്ടുകളായി ഇരുളടഞ്ഞു കിടന്ന പ്രവർത്തന മേഖലകളിലെല്ലാം വെളിച്ചം വീശുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭക്തിയോഗവും കർമ്മയോഗവും ഏകോപിപ്പിച്ചുകൊണ്ട് മഹത്തായ മനുഷ്യസ്നേഹം ആധ്യാത്മിക ചൈതന്യത്തിൽ കലർത്തി നൂതനമായ ഒരു സന്യാസ ജീവിതത്തിന് അദ്ദേഹം അടിത്തറ പാകി. പ്രാർത്ഥനയുടെ മനുഷ്യനായി അറിയപ്പെട്ട ചാവറപ്പിതാവ് സാമൂഹിക സേവനത്തിലും വിദ്യാഭ്യാസപ്രവർത്തനത്തിലും കൂടി സമുദായോന്നമനം യാഥാർത്ഥ്യമാക്കിത്തീർത്തു. ക്രാന്തദർശികൾക്കുമാത്രം കഴിയുന്ന വിധത്തിൽ നാളെയെ കരുപ്പിടിക്കാൻ അദ്ദേഹത്തിന്റെ പ്രതിഭാവിലാസത്തിനു കഴിഞ്ഞു. കേരളസഭയുടെ ചരിത്രത്തിൽ നിസ്തുലമായ വ്യക്തിമുദ്ര പതിച്ച അദ്ദേഹം കാലത്തിന്റെ കണ്ണെത്താത്ത ദൂരത്തു യുഗങ്ങളിലൊരിക്കൽ മാത്രം തെളിഞ്ഞുകാണുന്ന നക്ഷത്രം പോലെയായിരുന്നെന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ലതന്നെ.

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനെപ്പററി അധികം ഗ്രന്ഥങ്ങൾ മലയാളത്തിലില്ല. ഈടുററ ഗ്രന്ഥങ്ങൾ ധാരാളമായി ഉണ്ടാകേണ്ടിയിരിക്കുന്നു. അപൂർവ്വം ചില ഗ്രന്ഥങ്ങളുള്ളത് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിലേക്കു വെളിച്ചം വീശുന്നില്ലെന്നല്ല. പഠനാർഹങ്ങളായ നിരവധി മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ളതിനാൽ അദ്ദേഹം ഗവേഷകർക്കു പുതിയ ചൈതന്യമായിരിക്കുമെന്ന

കാര്യത്തിൽ സംശയമില്ല. ഈ പശ്ചാത്തലത്തിൽ ഫാ. ജോൺ റോമയോ പട്ടശ്ശേരി തയ്യാറാക്കിയിരിക്കുന്ന ഗ്രന്ഥം വിലപ്പെട്ടതാണെന്നു സമ്മതിക്കണം. ലളിതമായ രചനാശൈലിയിലൂടെ ഈ കർമ്മയോഗിയുടെ ജീവിതത്തിലേക്കു വെളിച്ചം പായിക്കാനും വ്യത്യസ്ത മുഖങ്ങളും തിളക്കിക്കാണിക്കാനും ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ട്. ചാവറപ്പിതാവിന്റെ ജീവിതം തീർച്ചയായും എല്ലാവായനക്കാരിലും പുതിയ ആശയാനുഭൂതികൾ അങ്കുരിപ്പിക്കാതിരിക്കയില്ല. ജീവിതമാണു മനുഷ്യമാതൃകയുടെ ഏററവും മഹത്തായ സാക്ഷ്യമെങ്കിൽ ചാവറപ്പിതാവിന്റെ ജീവിതം എത്രയോ ധന്യവും അനുഗ്രഹദായകവുമാണ്! ഗ്രന്ഥകാരനെ അനുമോദിക്കുകയും ഈ ഗ്രന്ഥത്തിനു നിരവധി അനുവാചകർ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്തുകൊണ്ട് ഈ പുസ്തകം സഹൃദയ സമക്ഷം അവതരിപ്പിക്കുകയാണ്. ഈ ഗ്രന്ഥം തൊടുന്നയാളു ഒരു മഹാനെത്തന്നെ തൊടുന്നുവെന്നു പറയത്തക്കവിധം മികച്ച രചനയുടെ നിദർശനമായിത്തീരട്ടെ ഈ കൃതിയെന്നുകൂടി ഇത്തരുണത്തിൽ ആശംസിക്കുന്നു.

പ്രിയോർ ജനറൽസ് ഹൗസ്

എറണാകുളം — ഫാ. വിജയാനന്ദ് നെടുംപുറം

**CMI**

12-5-'87 — പ്രിയോർ ജനറൽ.

# 1. കൈനകരിയിലെ കനകതാരം

കളിയോടങ്ങളും വഞ്ചിപ്പാട്ടു മുഴക്കുന്ന കുട്ടനാടൻ ജലപ്പരപ്പിൽ, ആലപ്പുഴയിൽനിന്നും ഉദ്ദേശം എട്ടു കി. മീററർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണു കൈനകരി. പേരു സൂചിപ്പിക്കുന്നതുപോലെ, തോടുകളും മധുകുംഭങ്ങളും പേറുന്ന തെങ്ങുകളും കൊണ്ടു് ചുററപ്പെട്ട വിശാലമായ നെൽപാട (കരി) മായിരുന്നു കൈനകരി. ഒരു പതിനൊന്നു പതിനാറാണ്ടു മുൻപു് ഈ കുഗ്രാമത്തിന്റെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളു. പരിഷ്കാരത്തിന്റെ പടിവാതിലിൽ നിന്നും ഇന്നും അകലെ നില്ക്കുന്ന ഈ കുട്ടനാടൻ കരയിൽ അന്നു് വള്ളമല്ലാതെ മറെറാരു വാഹനവും ഇല്ലായിരുന്നു. നടീൽപാട്ടും തേക്കുപാട്ടും കേട്ടുണരുന്ന കർഷകക്കുടിലുകളും, കാരിരുമ്പുപോലെ കറുത്ത കരുമാടിക്കുട്ടന്മാരായ കൃഷീവലന്മാർ, ഇവരുടെയൊക്കെ ഇടയിൽ ഒരു പുരാതന തറവാടു തല ഉയർത്തിനിന്നു, പടിഞ്ഞാറെ ചാവറ കുടുംബം. ഈ കുടുംബത്തിലെ കാരണവന്മാരുടെ പൂർവ്വികന്മാർ മാർ തോമ്മാ ശ്ലീഹാ മാമ്മോദീസ മുക്കിയ പകലോമററം കുടുംബതായ്‌വഴിയിൽ പെട്ടവരായിരുന്നു. പാലയൂർ നിന്നും കുറവിലങ്ങാട്ടും അവിടെ നിന്നു കൈനകരി മുക്കാട്ടും, അവിടെ നിന്നും മീനപ്പള്ളി തറവാട്ടും, മീനപ്പള്ളി തറവാട്ടിൽ നിന്നും ചാവറ കുടുംബവും ഉണ്ടായി. ഇപ്രകാരം വിശ്വാസത്തിലും പാരമ്പര്യത്തിലും മഹിമയേറിയ ചാവറ ഭവനത്തിലാണു് കഥാപുരുഷൻ 1805 ഫെബ്രുവരി 10–ാം തിയ്യതി ഭൂജാതനായതു്. മാതാവു് തോട്ടയ്ക്കാട്ടു ചോതിരക്കുന്നേൽ മറിയവും പിതാവു് പകലോമററം താഴ്വഴിയിലെ പടിഞ്ഞാറേ ചാവറ കുരിയാക്കോസും ആയിരുന്നു. കൈനകരിയിൽ പള്ളിയില്ലായിരുന്നു. ചേന്നങ്കരിയായിരുന്നു ഇടവക. 1805 ഫെബ്രുവരി 16–ാം തിയ്യതിയാണു് കഥാപുരുഷൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതു്. തന്റെ പിതാവിന്റെ പേരായ

കുര്യാക്കോസ് എന്ന നാമമാണ് ശിശുവിന് നല്കിയത്. ഒളിമിന്നുന്ന മുഖകാന്തിയും, മുത്തം കൊടുക്കുവാൻ ആർക്കും തോന്നുന്ന ഓമനത്തവും ഒത്തിണങ്ങിയ ഈ പൈതലിനെ ഒളികണ്ണിട്ടുനോക്കുവാൻ കുട്ടനാടിന്റെ കർഷക പുത്രന്മാർ പാവറ വീട്ടുമുറ്റത്തു പലപ്പോഴും പരതി നില്ക്കുമായിരുന്നു.

അമ്മ ഓമനപ്പുത്രനെ ലാളിച്ചു വളർത്തി. ഓരോ പക്കരയുന്നു നല്കുമ്പോഴും അവനോട് ഈശോ എന്നുച്ചരിക്കുവാൻ ചെവിയിൽ മന്ത്രിച്ചിരുന്നു. സന്ധ്യക്കു ജപമാല ചൊല്ലുമ്പോൾ കുര്യാക്കോസിനെ എന്നും ഈ മഹതി തന്റെ മടിയിൽ കിടത്തും. ''നന്മനിറഞ്ഞ മറിയമേ'' എന്ന മരിയ കീർത്തനത്തിന്റെ മധുധ്വനി കേട്ടുകേട്ടായിരിക്കും ഈ കൊച്ചുബാലൻ ഉറക്കത്തിലേക്കു വഴുതി വീഴുക. കഥാനായകന്റെ തന്നെ ഭാഷയിൽ:

പൈതൽക്കാലത്തിൽ തീററി വളർത്തുവാൻ
അല്ലും കൂടാതെ തന്നു മാതാവിനെ
അവൾക്കു നീ കൊടുത്തൊരു സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾതന്നെ ഗ്രഹിപ്പിച്ചു തന്നവൾ,

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദത്തോടെ അറിഞ്ഞു ദൈവത്തെയും
എന്നവൾ രാത്രി പാതിരാ നേരത്തും
മന്ദം നീക്കി ഉണർന്നെഴുന്നേററിട്ടു
മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടു നേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിട്ടും
രാജപം ദൈവമാതാവിൻ പ്രാർത്ഥനാ
രാജ രാജനീശോടെ നാമ ജപം.

എന്നീ വണ്ണം ഓരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്നനേരത്തു
മന്ദം മന്ദമായ് കേട്ടിരുന്നു കൊണ്ടോ
സുന്ദരിയുടെ പാദെ ഉറങ്ങി ഞാൻ?

കുഞ്ഞിനെ നന്നേ ചെറുപ്പത്തിൽതന്നെ വത്സല മാതാവ് വെച്ചൂർ പള്ളിയിൽ പരിശുദ്ധ അമ്മയ്ക്കു പ്രതിഷ്ഠിച്ചു. (അടിമവെച്ചു). കൊല്ലംതോറും അതു നവീകരിക്കുന്നതിൽ അമ്മ പ്രത്യേകം ശ്രദ്ധവച്ചിരുന്നു. കൊച്ചു കര്യാക്കോസ് സെമിനാരിയിൽ പതിനൊന്നാം വയസ്സിൽ പോകുന്നതു വരെ, ഈ പതിവ് തുടർന്നുപോന്നിരുന്നു. അങ്ങനെ സ്വർഗ്ഗീയഅമ്മയുടെ പൊന്നോമനയായി വളർന്നുവന്ന ഈ ബാലൻ പിൽക്കാലത്ത് അമലോത്ഭവ അമ്മയ്ക്കുവേണ്ടി സന്യാസസഭ സ്ഥാപിക്കുന്നതിൽ അഭിമാനം കണ്ടെത്തിയെങ്കിൽ അതിന്റെ മുഴുവൻ അനുഗ്രഹവും ദൈവമാതാവിൽ നിന്നും ഉയിർകൊണ്ടതാണെന്നും നമുക്കു ന്യായമായും അനുമാനിക്കാം.

## 2. ആശാൻ കളരിയിലേയ്ക്ക്

1805—ൽ പരിഷ്കാരം ലഭിച്ച പട്ടണങ്ങളിൽ പോലും വ്യവസ്ഥാപിതമായ സ്കൂളുകൾ ഇല്ലാതിരുന്നപ്പോൾ കുഗ്രാമമായ കൈനകരിയിലെ വിദ്യാഭ്യാസകാര്യങ്ങളെക്കുറിച്ച് ചിന്തിക്കാതിരിക്കുകയായിരിക്കും ഭംഗി. എങ്കിലും നമ്മുടെ കൊച്ചുകര്യാക്കോസിന്റെ വത്സലരായ മാതാപിതാക്കൾക്ക് ശിശുവിന് എങ്ങിനെയെങ്കിലും അക്ഷരാഭ്യാസം നല്കണമെന്ന് നിർബന്ധമായിരുന്നു. അതിന് അടുത്തുള്ള ഗ്രാമപ്രദേശങ്ങൾ മുഴുവൻ അവർ അന്വേഷിച്ചു. അവസാനം ഒരു നിലത്തെഴുത്താശാനെ അവർ കണ്ടുപിടിച്ചു. പക്ഷെ അവിടെയും ഒരു വല്ലാവേലി. മേലേത്തട്ടിലുള്ള ബ്രാഹ്മണ—നായർ സമൂഹത്തിലെ കുട്ടികളെ മാത്രം എഴുത്തും വായനയും പഠിപ്പിക്കുന്ന ഈ നാട്ടാശാന് വെന്തിങ്ങയും കഴുത്തിൽ ഇട്ടി—കര്യാക്കോസെന്ന പേരുമായി ചെന്ന നസ്രാണി പയ്യനെ ഹരിശ്രീ പഠിപ്പിക്കുവാൻ അശേഷം മനസ്സു തോന്നിയില്ല. നസ്രാണി സമു

ദായത്തിലെ കുട്ടികളാരും വിദ്യ അഭ്യസിക്കുവാൻ അവിടെ ചെല്ലുമായിരുന്നില്ല. പലരുടെയും സ്നേഹനിർബന്ധങ്ങൾക്കുംശുപാർശകൾക്കും ശേഷം കൊച്ചു കുര്യാക്കോസ് ഈ ആശാന്റെ ശിഷ്യഗണത്തിൽ ചേർന്നു. ഭാവിയിൽ റോക്കോസ് ശീശ്മയെ കെട്ടുകെട്ടിച്ച ഈ പ്രഗത്ഭവാഗ്മിയുടെ നാവിൽ ആശാൻതന്നെ സ്വർണ്ണം ചാലിച്ചു പുരട്ടി. അരിനിരത്തി ഹരിശ്രീ വരപ്പിച്ചു. കൂടെയുള്ള ബ്രാഹ്മണ കുട്ടികളെയെല്ലാം അതിവേഗം പിന്നിലാക്കി ഈ നസ്രാണിപ്പയ്യൻ വിദ്യാസമ്പാദനത്തിൽ അത്ഭുതം തന്നെ പ്രകടിപ്പിച്ചു. എന്തിനേറെ, അഞ്ചുവർഷം കൊണ്ട് ആശാന്റെ കയ്യിലിരുന്ന വിദ്യയെല്ലാം കൊച്ചു കുര്യാക്കോസിന്റെ തലയിലായി. മലയാളവും, സംസ്കൃതവും, തമിഴും നന്നായി എഴുതുവാനും വായിക്കുവാനും പ്രസിദ്ധമായ പല ശ്ലോകങ്ങളും പൊരുൾ തിരിച്ചു വ്യാഖ്യാനിക്കുവാനും കുര്യാക്കോസ് പ്രാപ്തനായി. ഉപരിപഠനത്തിന് അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും അന്നത്തെ സാഹചര്യത്തിൽ അതിനു മാർഗ്ഗമില്ലായിരുന്നു. ആയതിനാൽ പത്തുവയസുകാരനായ ഈ കൊച്ചുബാലൻ പഠനം എല്ലാം പൂർത്തിയാക്കി ചാവറ കുടുംബത്തിൽ കഴിഞ്ഞുകൂടുവാൻ തുടങ്ങി. കൊച്ചു കുര്യാക്കോസ് കുറച്ചുദൂരെയുള്ള ചേന്നങ്കരി ഇടവക പള്ളിയിൽ ദിവസവും കുർബാനയിൽ സംബന്ധിക്കുവാൻ പോകും. ചില ദിവസം വികാരി അച്ചനോടുകൂടി അവിടെത്തന്നെ ചെലവഴിക്കും. സുറിയാനി വാക്കുകളും അർത്ഥവും പഠിച്ചു കുർബാനയ്ക്കു സംബന്ധിക്കുവാൻ അതിയായ താൽപര്യമായിരുന്നു. അന്നത്തെ തടിച്ചു തക്സാ ബുദ്ധിമുട്ടി പൊക്കിയെടുക്കുന്ന പൊക്കം കുറഞ്ഞ കൊച്ചു കുര്യാക്കോസിനെ പള്ളിയിൽ വരുന്നവർ കൗതുകത്തോടെ നോക്കുമായിരുന്നു.

# 3. രണ്ടു വിശുദ്ധരുടെ സമാഗമം

അക്കാലത്തു തെക്കൻ പള്ളിപ്പുറത്തെ പ്രസിദ്ധമായ സെമിനാരിയുടെ മല്പാനായിരുന്ന പാലയ്ക്കൽ തോമ്മാമല്പാനച്ചൻ തന്റെ ഇളയമ്മയെ സന്ദർശിക്കുവാനായി ഒരു ദിവസം കൈനകരിയിലെ കാളാശ്ശേരിയിൽ വരികയുണ്ടായി. മല്പാനച്ചൻ തന്റെ ഇളയമ്മയോടും കുട്ടികളോടും സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ഇതാ—അസാധാരണ മുഖശ്രീയും ഉയർന്ന നെററിത്തടവുമുള്ള ഒരു പത്തുവയസ്സുകാരൻ പയ്യൻ അവിടെ മുററത്തു വന്നു തന്റെ കൂട്ടുകാരനെ തിരക്കുന്നു. ബാലൻ പോയ്കഴിഞ്ഞപ്പോൾ തന്റെ ഇളയമ്മയോടു ഈ അസാധാരണ ബാലനെക്കുറിച്ചു മല്പാനച്ചൻ അന്വേഷിച്ചു. അവൻ അവരുടെ ബന്ധത്തിൽപ്പെട്ട പടിഞ്ഞാറേ ചാവറ കുര്യാക്കോസ് ചേട്ടന്റെ മകൻ കൊച്ചു കുര്യാക്കോസ് ആണെന്നും പഠനമെല്ലാം കഴിഞ്ഞു വീട്ടിൽ നില്ക്കുകയാണെന്നും ഇളയമ്മ മല്പാനച്ചനെ ഗ്രഹിപ്പിച്ചു.

## ദൈവവിളി

പയ്യന്റെ മാതാപിതാക്കളെ കാണാൻ മല്പാനച്ചൻ പുറപ്പെട്ടു. ചാവറ ഭവനത്തിൽ ചെന്ന് മാതാപിതാക്കളെ കണ്ട് കുട്ടിയെ പുരോഹിതവൃത്തിക്കായി തന്റെ കൂടെ അയയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നല്ല സുഖമില്ലാത്ത മൂത്തമകൻ ജോസഫിനെക്കാൾ എല്ലാം കൊണ്ടും കഴിവും സാമർത്ഥ്യവും ആരോഗ്യവുമുള്ള ഇളയ മകൻ കൊച്ചു കുര്യാക്കോസിലായിരുന്നു മാതാപിതാക്കളുടെ പ്രതീക്ഷ മുഴുവൻ. കേരളം മുഴുവൻ ബഹുമാനിക്കുന്ന മഹാനായ പാലയ്ക്കൽ മല്പാനച്ചൻ തങ്ങളുടെ ഭവനത്തിൽ വന്നതിൽ അതിയായ സന്തോഷമുണ്ടെങ്കിലും കൊച്ചു കുര്യാക്കോസിനെ വൈദികപഠനത്തിനായി കൂടെ അയക്കുന്നകാര്യം വളരെ പ്രയാസമുള്ളതാണെന്ന് മാതാപിതാക്കൾ സവിനയം

മല്പാനച്ചനെ അറിയിച്ചു. വൈദികവൃത്തി ഏററവും അഭികാമ്യമാണെങ്കിലും ആദ്ധ്യാത്മികതയിലും പഠനത്തിലും ആരോഗ്യത്തിലും മുന്നിട്ടുനിന്ന തൻെറ കനിഷ്ഠ പുത്രൻ കൊച്ചു കര്യാക്കോയെ പിരിയാൻ മാതാവായ മറിയാമ്മ വൈമുഖ്യം കാട്ടി. അവരുടെ പ്രതിഷേധം വിങ്ങിപ്പൊട്ടലുകളായി പുറത്തുവന്നു. എന്തായാലും മഹാനും ദിവ്യനുമായ പാലയ്ക്കൽ മല്പാനച്ചനെ നിഷേധിച്ചു പിണക്കി അയക്കുന്നതിൽ വീട്ടുകാർക്കും പ്രയാസം തോന്നി. മല്പാനച്ചനു് മാതാപിതാക്കളുടെ തടസ്സവാദങ്ങളിൽ വലിയ കഴമ്പുള്ളതായി തോന്നിയില്ല. പാടത്തെ വരമ്പിൽ കൂട്ടുകാരുമൊത്തു് കളിവിനോദങ്ങളിൽ മുഴുകിയിരുന്ന കൊച്ചു കര്യാക്കോയെ ആളയച്ചു വിളിപ്പിച്ചു.

മല്പാനച്ചൻതന്നെ തൻെറ ഉള്ളിലിരിപ്പ് കര്യാക്കോയെ അറിയിച്ചു. കാളാശ്ശേരിയിൽവച്ചു കുട്ടിയെ കണ്ടതു മുതൽ വലിയ കാര്യങ്ങൾക്കായി ദൈവം നീക്കിവച്ച ഒരു പുണ്യബാലൻ ആണ് കര്യാക്കോയെന്ന് തൻെറ ഉള്ളിലെ തോന്നൽ മല്പാനച്ചൻ അവൻെറ മുമ്പാകെ വെളിപ്പെടുത്താതിരുന്നില്ല— എന്തായാലും തൻെറ ഉള്ളിൻെറ ഉള്ളിൽ ഉറങ്ങിക്കിടന്ന ഒരഭിലാഷം—ഒരു വൈദികനാകണമെന്ന ആഗ്രഹം— സാധിച്ചുകൊടുക്കുവാൻ ദൈവം അയച്ച ഒരു ദൈവദൂതനായി മല്പാനച്ചനെ കര്യാക്കോ കണ്ടു. ദിവ്യബലിയിൽ സഹായിച്ചപ്പോഴും സുറിയാനി വാക്കുകൾ തെററുകൂടാതെ ഉച്ചരിക്കുവാൻ പഠിച്ചപ്പോഴും തൻെറ ഉള്ളിൽനിറഞ്ഞുനിന്നിരുന്ന അഭിലാഷം പൂർത്തിയാകാൻ തുടങ്ങിയതിൽ കര്യാക്കോ സന്തുഷ്ടനായി. അധികമൊന്നും ആലോചിക്കാതെ ബാലൻ ചാടിക്കയറി മറുപടി കൊടുത്തു. ഞാനും മല്പാനച്ചൻെറകൂടെ വരും എന്ന്. മാതാപിതാക്കളുടെ എതിർപ്പിൻെറസ്വരം വീണ്ടും മുഴങ്ങി. കൊച്ചുകര്യാക്കോയുടെ ദൃഢനിശ്ചയത്തിൻെറ സ്വരവും ശക്തിയുള്ളതുതന്നെയായിരുന്നു. അടുത്തുള്ള വീടുകളിൽനിന്നും കിഴക്കെ ചാവറയിൽനിന്നും ആളുകൾ അവിടെ കേട്ടറിഞ്ഞു വന്നുതുടങ്ങി. പലരും പലവിധത്തിൽ കൊച്ചുകര്യാക്കോയെ പിന്തിരിപ്പിക്കാൻ പരിശ്രമിച്ചു. കാര്യം ഭംഗിയായി

കലാശിക്കുകയില്ലെന്നു മനസ്സിലായപ്പോഴും കാരണവന്മാരിൽ എല്ലാംകൊണ്ടും ബഹുമാന്യനും നാട്ടുപ്രമാണിയും അമ്മാച്ചനുമായിരുന്ന തോപ്പിൽ ഗീവർഗീസച്ചൻെറ അപ്പൻെറയും കര്യാക്കോയുടെ ഇളയപ്പൻെറയും വിധിതീർപ്പ് കര്യാക്കോയുടെ ആഗ്രഹത്തിനനുസരിച്ചു വിടണം എന്നു തന്നെയായിരുന്നു. ചാവറയച്ചൻ തൻെറ നാളാഗമത്തിൽ പറയുന്നതു കേൾക്കുക. ''ടി ആണ്ടിൽ തന്നെ എൻെറ 11–ാം വയസ്സിൽ പഠിക്കണമെന്നുള്ള മനസ്സ് ഉണ്ടായിരുന്നതിനാലും കാരണവന്മാരായ അപ്പനും അമ്മയും മനസ്സില്ലാഞ്ഞു. എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവറു. കത്തനാരച്ചൻെറ അപ്പൻെറയും എൻെറ ഇളയപ്പൻെറയും മനസ്സാൽ കാരണവന്മാരും സമ്മതിച്ചു. (നാളാഗമം) ഇതെക്കുറിച്ചുതന്നെ ആത്മാനുതാപം എന്ന കൃതിയിൽ:

''ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങിന്നെന്നെ വിളിച്ചു മഹാദയാൽ
എന്നതു മഹാ നിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിതൊട്ടു ഗതിയില്ല.
എന്നതുമല്ല എന്നുടെ വംശത്തിൽ
അന്നൊരുത്തനുമില്ലാ ഈ സ്ഥാനത്തിൽ''.

എന്ന് ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്.

## 4. പള്ളിപ്പുറം സെമിനാരിക്കാരംഭം

ആഭിജാത്യംകൊണ്ടും പുരാതനത്വംകൊണ്ടും പ്രസിദ്ധമായ ദേവാലയമായിരുന്നു പള്ളിപ്പുറംപള്ളി. ഈ സ്ഥലത്തിന് ചേന്നം പള്ളിപ്പുറം എന്നും പേരുണ്ട്. ചേർത്തല താലൂക്കിൻെറ ഏതാണ്ടു മദ്ധ്യഭാഗത്തായി ചേർത്തല പട്ടണത്തിൽനിന്ന് ഉദ്ദേശം എട്ടു കിലോമീറ്റർ വടക്കുമാറി വേമ്പനാടൻ കായൽ തഴുകിത്തലോടുന്ന പഞ്ചസാരമണൽ

നിറഞ്ഞ നിരപ്പായ ഒരു പ്രദേശമാണ് പള്ളിപ്പുറം. വൈപ്പും കായൽ കടന്നാൽ പള്ളിപ്പുറമായി. വൈപ്പും ബോട്ടുജെട്ടിയിൽനിന്നും മൂന്നു കി. മീററർ വടക്ക പടിഞ്ഞാട്ടു വള്ളത്തിൽ സഞ്ചരിച്ചാലും പള്ളിപ്പുറം പള്ളിയുടെ കുരിശുപള്ളിയിൽ എത്താം.

മാർത്തോമ്മാശ്ലീഹാ വന്നിറങ്ങിയ എ. ഡി. 52—ൽ തന്നെ ഇവിടെ ഒരു കുരിശുപള്ളി സ്ഥാപിതമായതായി രേഖകളിൽ കാണുന്നു. കോക്കമംഗലത്തു കുരിശു സ്ഥാപിച്ച മാർത്തോമ്മാശ്ലീഹാ, കരമാർഗ്ഗമോ—ജലമാർഗ്ഗമോ പള്ളിപ്പുറം സന്ദർശിച്ചു കാണണമെന്നാണ് സാഹചര്യങ്ങളും ചരിത്ര പഠനങ്ങളും വെച്ച് നാം അനുമാനിക്കേണ്ടതു്. ഏതായാലും ഇവിടത്തെ ക്രിസ്ത്യൻ സമൂഹം അതിപുരാതനവും ദേവാലയം പ്രാചീനവും എന്നതിനു രണ്ടുപക്ഷമില്ല. ഈ ദേവാലയത്തിലേക്ക ഞായറാഴ്ചകളിൽ കർബ്ബാനയിൽ സംബന്ധിക്കുവാൻ മുട്ടുചിറ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ നിന്നും പൊതിച്ചോറുമായി തലേദിവസംതന്നെ ആളുകൾ പോന്നിരുന്നതായി രേഖകൾ ഉണ്ട്. ഇങ്ങനെ പടിഞ്ഞാറൻ ദിക്കിന്റെ മുഴുവൻ ആദ്ധ്യാത്മിക കേന്ദ്രമായിരുന്നു പള്ളിപ്പുറം.

**സെമിനാരി**

ഇവിടെ സെമിനാരി ആരംഭിക്കുവാനും ഒരു ചരിത്രമുണ്ട്. വടക്കൻ കുത്തിയതോട്ടിൽ പ്രസിദ്ധനായ തച്ചിൽ മാത്തുതരകന്റെ സഹോദരൻ അബ്രാഹം മല്പാൻ കുത്തിയതോട്ടിൽ ഒരു സെമിനാരി നടത്തിവന്നു. എന്നാൽ 1790—ൽ ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്തു് ഭയവിഹ്വലരായ ക്രിസ്ത്യാനികൾ തെക്കൻ പ്രദേശങ്ങളിലേക്ക ഓടിപ്പോകുകയും അബ്രാഹം മല്പാനും ശിഷ്യരും തെക്കൻ ദിക്കിലെ പ്രസിദ്ധമായ പള്ളിപ്പുറം പള്ളിയിൽ വന്നു ചേരുകയും ചെയ്തു. ഈ അബ്രാഹം മല്പാനാണ് പള്ളിപ്പുറത്തു സെമിനാരി ആരംഭിച്ചതു്. ഇദ്ദേഹത്തിനു മല്പാനച്ചന്റെ സ്ഥാനചിഹ്നങ്ങളും പോർട്ടുഗീസ് ഗവണ്മെന്റി

ന്റെ ശമ്പളവും ഉണ്ടായിരുന്നു. ലൂയീസ് മറിയം എന്നാ വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ വികാരി ജനറലായും കുറെ നാൾ ഇദ്ദേഹം ജോലിനോക്കിയിട്ടുണ്ട്. ഈ സെമിനാരിയുടെ ആരംഭകാലത്തെ പ്രസിദ്ധനായ ഒരു വൈദിക ശിഷ്യനായിരുന്നു പിൽക്കാലത്തു കർമ്മലീത്താ സഭയ്ക്കു ബീജാവാപം ചെയ്ത പാലയ്ക്കൽ മല്പാനച്ചൻ. അദ്ദേഹം പത്തുപന്ത്രണ്ടുകൊല്ലത്തെ പഠനത്തിനുശേഷം 1807ൽ പട്ടമേറ്റു. താമസിയാതെ റയ്മണ്ട് മെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴ അരമനയിൽ പാർത്തു. അബ്രാഹം മല്പാൻ വയോവൃദ്ധനും രോഗഗ്രസ്തനുമായപ്പോൾ പാലയ്ക്കലച്ചൻ മല്പാൻ സ്ഥാനം സ്വീകരിച്ച് പള്ളിപ്പുറം സെമിനാരിയുടെ റെക്ടറായി ചാർജെടുത്തു. ഇദ്ദേഹത്തിന്റെ അമ്മവീട് ചമ്പക്കുളം കല്ലൂർക്കാട്ട് ഇടവക—തെക്കെ അങ്ങാടിയിലുള്ള പുത്തൻപുരയ്ക്കൽ എന്ന കുടുംബമായിരുന്നു. ഇളയമ്മയെ കൈനകരിയിലെ കാളാശ്ശേരി കുടുംബത്തിലേക്കാണ് വിവാഹം ചെയ്ത് അയച്ചത്. ഇളയമ്മയെ കാണുവാൻ പാലയ്ക്കൽ മല്പാൻ കൈനകരിയിൽ വല്ലപ്പോഴുമൊക്കെ പോയിരുന്നു. ആ ഒരു സന്ദർഭത്തിലാണ് ചാവറയച്ചനെ കണ്ടെത്തിയത്.

## പള്ളിപ്പുറംപള്ളി

വളരെ പുരാതനമായ പള്ളിപ്പുറംപള്ളി പല പ്രാവശ്യം പൊളിച്ചുപണികളും പരിഷ്കാരങ്ങളും വിധേയമായിട്ടുണ്ട്. കന്യകാമാതാവിന്റെ നാമത്തിൽ ഉള്ള ഈ ദേവാലയത്തിലെ പ്രധാന തിരുനാൾ ആഗസ്റ്റ് 15-ാം തീയതിയാണ്. വളരെയേറെ ആളുകൾ നാനാദിക്കിൽ നിന്നും തടിച്ചുകൂടുന്ന ഈ തിരുനാൾ ദിവസങ്ങളിൽ, ഈ സ്ഥലം ഒരു കച്ചവട കേന്ദ്രമായി രൂപാന്തരം പ്രാപിക്കും. ഏതു സാധനവും പള്ളിപ്പുറത്തെ പെരുന്നാളിനു പോയാൽ കിട്ടുമെന്നാണ് നാട്ടുകാർ പറയുക. "പള്ളിച്ചന്ത" യെന്നാണ് ഈ സ്ഥലത്തെ നാട്ടുകാർ വിളിക്കുക. 1980-ലാണ് ഏററവും ഒടുവിലായി പള്ളിപ്പുറംദേവാലയം പുതുക്കിപ്പണിതത്. ഇതോടുകൂടി പള്ളിയുടെ പഴമ ഒട്ടുമുക്കാലും നശിപ്പിച്ചുകളഞ്ഞു എന്നു വേണമെങ്കിൽ പറയാം.

വടക്കേഭാഗത്തു സെമിനാരിക്കാർ ഉപയോഗിച്ചിരുന്ന വരാന്തയും—പ്രത്യേകിച്ച് മുകൾത്തട്ടും കിഴക്കേവശത്തുണ്ടായിരുന്ന എടുപ്പും എല്ലാംനിശ്ശേഷം നീക്കിക്കളഞ്ഞു. സെമിനാരിഭാഗം ഒട്ടുംതന്നെ നിറുത്താതെയാണു പുതിയപള്ളി പണിതീർക്കുന്നതു്. പഴയപള്ളിയുടെവടക്കേവശത്തെവിശാലമായ വരാന്തയുടെ മുകൾത്തട്ടിലായിരുന്നു ക്ലാസ്സുമുറിയിരുന്നതു്. സെമിനാരിയുടെ സമയക്രമം (Time Table) രണ്ടു ചട്ടികം വരച്ച് പുറപ്പാടും ലൈനിട്ട ഒരു ബോർഡിൽ പള്ളിയുടെ ഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്നതു് ഈ ഗ്രന്ഥകാരൻ പല പ്രാവശ്യം കണ്ടിട്ടുണ്ടു്. ഏതായാലും വിശുദ്ധനായ കര്യാക്കോസ് ഏലിയാസച്ചൻ പതിനാലുകൊല്ലത്തോളം താമസിച്ചു പഠിച്ചസെമിനാരിയും അദ്ദേഹംതന്നെ കുറെനാൾറെക്ടറായും ഒന്നരക്കൊല്ലത്തോളം വികാരിയായും ജീവിച്ച പുരാതന പള്ളിയും അതിന്റെ തനിമയിൽ കാത്തുസൂക്ഷിക്കേണ്ടതായിരുന്നു എന്നു് പലർക്കും അഭിപ്രായമുണ്ടു്.

ഈ സെമിനാരി ദേവാലയത്തിൽ വച്ചാണു് പാലയ്ക്കൽ മല്പാനച്ചനും, ചാവറ കര്യാക്കോസച്ചനും പോരൂക്കരയച്ചനും പല പ്രാവശ്യം കൂടി ആലോചിച്ചു് ഏതദ്ദേശീയമായ ഒരു സന്യാസ സഭ സ്ഥാപിക്കുന്നതിനു വേണ്ട ആലോചനകൾ നടത്തിയതു്. അക്കാലത്തെ സുറിയാനിക്കാരുടെ പ്രധാനപ്പെട്ട പല കാര്യങ്ങളും ചർച്ച ചെയ്യുന്ന ഒരു സുപ്രധാന കേന്ദ്രവും ഈ ദേവാലയംതന്നെയായിരുന്നു.

## 5. ഗുരുവിനേക്കാൾ വലിയ ശിഷ്യൻ

അന്നത്തെ സെമിനാരി ജീവിതം തത്വത്തിൽ ഒരു ഗുരുകുല വാസമായിരുന്നു. വളരെ ചെറുപ്പത്തിലെ ഗുരുവിന്റെ അല്ലെങ്കിൽ മല്പാന്റെ കൂടെ കൂടുക. പട്ടമേൽക്കു

ന്നതുവരെ അവിടെക്കഴിയുക. ഗുരുവിനെ സേവിച്ച് ശുശ്രൂഷിച്ച് ഗുരുമുഖത്തു നിന്നും നല്കുന്ന വിദ്യയഭ്യസിച്ച് ഗുരു നിശ്ചയിക്കുന്ന കാലത്തു പട്ടമേററു പോരുക. ഇതായിരുന്നു അന്നത്തെ സെമ്മിനാരി ജീവിതം. നീണ്ട 14 കൊല്ലമാണ് നമ്മുടെ പുണ്യപുരുഷൻ പള്ളിപ്പുറം സെമ്മിനാരിയിൽ ചെലവഴിച്ചത്. കോയിൽമുക്ക പള്ളി ഇടവകക്കാരൻ ഉരാമെ ചാണ്ടപ്പിള്ള, കരവിലങ്ങാട് പള്ളി ഇടവകക്കാരൻ നാല്പതു വയസ്സായ പീലിപ്പോസ്, പള്ളിപ്പുറം ഇടവകക്കാരനായ മംഗലത്തു ചാണ്ടി, വൈപ്പുത്ത പഴേകടവിൽ യൗസേഫ്, കടുത്തുരുത്തി ഇടവക മുട്ടത്തിൽ കര്യൻ, എരണക്കൽ കുരുവിള, മുട്ടുചിറ ഇടവക ഇടപ്പറമ്പിൽ പൗലോസ് എന്നിവരായിരുന്നു സഹപാഠികൾ. അവസാനം പറഞ്ഞ നാലു പേരും വടയാറുപള്ളിയിൽ താമസിച്ച പാറേമ്മാക്കൽ മാത്തൻമല്പാന്റെകീഴിൽ പഠിച്ചവരാകയായിരുന്നു.നാല്പതു വയസ്സു മുതൽ പതിനൊന്നുവരെയുള്ളവരുടെ ഒരു സമൂഹമായിരുന്നു സെമ്മിനാരി.

എന്തായാലും ഇവരെല്ലാം താമസിയാതെ ആസ്റ്റപ്പാട്ട പട്ടവും നാലാം പട്ടവും സ്വീകരിച്ച് ശമ്മാശന്മാരായി. റയ്മണ്ട്-സ്വര്യ എന്ന വരാപ്പുഴ വികാരി അപ്പസ്തോലിക്ക കാലം ചെയ്കയാൽ തൽക്കാലത്തേക്കു വന്ന ബോംബെ വികാരി അപ്പസ്തോലിക്കയായ പത്രോസ് ദെ അല്ലാന്താ എന്ന മെത്രാനായിരുന്നു പട്ടം നൽകിയത്. അക്കാലങ്ങളിൽ ശമ്മാശ്ശന്മാർ ളോവ ധരിക്കാറില്ലായിരുന്നു. റാസയ്ക്കും തപ്പസ്സും കർബാനയ്ക്കും സഹായിക്കുമ്പോൾ മാത്രം മററ് അച്ചന്മാരുടെ ളോവ വാങ്ങി ധരിച്ചിരുന്നു. പുത്തൻ കർബാന ചൊല്ലുമ്പോൾ മാത്രമേ സ്വന്തമായി ളോവ ഉണ്ടാക്കിയിരുന്നുള്ളൂ. എന്നാൽ പാലയ്ക്കൽ മല്പാനച്ചന്റെയും മററും പ്രേരണയാൽ ശമ്മാശ്ശന്മാരും ളോവ തയിപ്പിക്കുന്നതിന് ആരംഭിച്ചു. മുൻകാലങ്ങളിലെ വൈദികവേഷത്തെക്കുറിച്ചു കര്യാക്കോസച്ചൻ നാളാഗമത്തിൽ പറയുന്നുണ്ട് ''സുറിയാനിക്കാർ അവരുടെ പൂർവ്വന്മാരെപ്പോലെ വെളുത്ത തുണികൊണ്ടു അതികം വീതിയായി

ട്ടുള്ള കാൽകുപ്പായവും മുട്ടുകഴിയെ ഏകദേശം എട്ടു വിരൽ നീളവും കൈകൾ കാക്കുപ്പായത്തിന്റെ വീതിപോലെ അതികം വീതിയും മണികെട്ടു വരെ നീളവും ഉള്ളതും കഴുത്താരം എട്ടു വിരൽ വീതിയിൽ പുറകോട്ടു മടക്കിയിടുകയും ഇങ്ങനെ ഉള്ള ഒരു കമ്മീസ്സും ഇട്ടു വയറു വരെ നീളുന്ന ഒരു കൊന്തയും ഇട്ട് തോളിൽ നല്ലതിൽ ഒരു നാടൻ മുണ്ടും ഇങ്ങനെ അത്രെ ശെമ്മാശ്ശന്മാരും പട്ടക്കാരും ഒക്കെയും എപ്പോഴും എല്ലായിടത്തും നടക്കുന്നതും''.

## സെമിനാരി ജീവിതം

ഏഴു പേരുള്ള സെമിനാരി അന്നൊരു മേജർസെമിനാരി തന്നെയായിരുന്നു. അതിനാൽ പന്ത്രണ്ടു വകുപ്പുള്ള ക്രമം പാട്ടം മല്പാനച്ചൻതന്നെ, എഴുതിയുണ്ടാക്കി, പതിപ്പിച്ച് പഠിക്കുന്ന സ്ഥലത്തു് വച്ചിരുന്നു. പള്ളിയുടെ വടക്കവശത്തെ വരാന്തയുടെ കിഴക്കെ അറ്റത്തുള്ള മുറിയിലായിരുന്നു മല്പാനച്ചന്റെ താമസം. വരാന്തയുടെ പടിഞ്ഞാറ്റത്തു് ഒരു ചെറിയ മുറിയും നടുവിൽ നീളമുള്ള വരാന്തയും ഉണ്ടായിരുന്നു. ഈ വരാന്തയുടെ നടുവിൽ രണ്ടു വശത്തും ബെഞ്ചിട്ട് ശെമ്മാശ്ശന്മാർ ഇരിക്കും. നടുവിൽ ഒരു മേശ ഉണ്ടാകും. കിഴക്കെ അറ്റത്തു് ഒരു കസേരയിൽ മല്പാനച്ചനും ഇരിക്കും. ദിനചര്യയെക്കുറിച്ചു കുര്യാക്കോസച്ചൻ തന്നെ എഴുതിയിട്ടുണ്ട് ''ഇങ്ങനെ ആവശ്യമുള്ള നേരം അത്തായത്തു് കഞ്ഞി, ചോറു്. പ്രകൃതിയുള്ള ആവശ്യം, 5 മണിക്ക പുറത്തിറങ്ങി നടക്കുക എന്നുള്ള നേരമല്ലാതെ എപ്പോഴും അവിടെ തന്നെ ഇരുന്നു പഠിക്കുകയും ഉച്ചയ്ക്കു തീൻ കഴിഞ്ഞാൽ കുറെ നേരം ഉറങ്ങുവാൻ ഈദ്ദേഹം മുറിയിൽ പോകും. അപ്പോൾ എല്ലാവരും സുറിയാനി മലയാളം എഴുതണം. വീണ്ടും 6 മണിക്കു പള്ളിയിൽ പോയി ലുത്തിനിയ, ധ്യാനം, വായന, കൊന്തനമസ്കാരം ഇതിനും ഞങ്ങളുടെ കൂടെ വന്നു കൂടി വീണ്ടും അവിടെ വന്നിരിക്കുകയും അത്താഴം കഴിഞ്ഞു് വീണ്ടും കുറെ നേരം ജ്ഞാനവായന, കൂദാശ മുതലായ ജ്ഞാന വർത്തമാനം കഴിഞ്ഞു് മണി കൊട്ടി ഉറങ്ങുവാൻ പോകാൻ അനുവദിക്കുകയും ചെയ്യും. ഇങ്ങ

ന്നെ കിടക്കുന്ന നേരം വരെയും ളോവ ഉടുത്തുകൊണ്ട് അവിടെ തന്നെ ഇരിക്കുകയും മണിയില്ലാത്തയാൽ ചിലപ്പോൾ 11മണിവരെ രാവായി പോകയും ചെയ്യും. എന്നാൽ ഞങ്ങൾ ഉറങ്ങുവാൻ പോയാലും ഇദ്ദേഹം വീണ്ടും അവിടെയിരുന്നു വായിക്കുകയും ചെയ്യും, ഏറിയ നേരം ഇങ്ങനെ നടന്നു വന്നതിൽ രണ്ടു ശെമ്മാശ്ശന്മാരും ഒരു വാലിക്കാരനും മരിച്ചതിനാൽ പലരും കുററം പറഞ്ഞു.... ആയതിനാൽ കുറെ നാൾ കഴിഞ്ഞപ്പോൾ താഴെ വരാന്തയുടെ കീഴ് നടന്നു വായിപ്പാൻ അനുവദിച്ചു. ഇതാണ്ടു 8 മണി വരെ പാഠം കേഴ്പ്പിച്ചു കഴിയുന്നവരെ വീണ്ടും 12 മണി വരെയും അപ്രകാരം 3 മണി കഴിഞ്ഞ് 5 മണി വരെയും അവിടെ നടന്നു വായിപ്പാനും പള്ളിയിലും പരസ്യപ്പെട്ട കൂട്ടത്തിലും, ഞായറാഴ്ച, പെരുന്നാൾ ദിവസങ്ങളിലും ളോവ ഉടുത്താൽ മതിയെന്നും അനുവദിക്കേണ്ടി വന്നു''. വളരെ കർക്കശമായ ഒരു ജീവിതരീതിയും നടപടിക്രമങ്ങളും ആയിരുന്നു അന്ന് സെമിനാരിക്കാർക്ക് എന്ന് മുകളിൽ എഴുതിയിരിക്കുന്നതിൽ നിന്നു വ്യക്തമാണല്ലോ—മല്പാനച്ചനും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഒന്നാം കിട മാതൃകയായിരുന്നു. ഈദൃശമായ അഭ്യസനത്തിൽ 2 കൊല്ലം ഭംഗിയായി പുരോഗമിച്ചപ്പോൾ നമ്മുടെ കൊച്ചു കുര്യാക്കോസിനു ആസ്തപ്പാട്ട പട്ടം കൊടുക്കണമെന്നു മല്പാനച്ചൻ നിശ്ചയിച്ചു.1817—ൽ വരാപ്പുഴ വികാരി അപ്പോസ്തോലിക്ക പത്രോസ് ദെ അൽക്കാന്ത്ര മെത്രാനിൽ നിന്നുമാണ് ആസ്തപ്പാട്ട പട്ടം സ്വീകരിച്ചത്. **പട്ട സമയത്തു ചൊല്ലിയ എന്റെ അവകാശത്തിന്റെ ഭാഗം കർത്താവാകുന്നു എന്ന വാക്യം കുര്യാക്കോസിന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു.** പിൽക്കാലത്തുണ്ടായ അഗ്നിപരീക്ഷകളെ വളരെ ധീരമായി നേരിടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഈ ബോദ്ധ്യമായിരുന്നു.

സമർത്ഥനായിരുന്ന കൊച്ചുകുര്യാക്കോ മല്പാനച്ചന്റെ പ്രത്യേക താല്പര്യത്തിനും ശിക്ഷണത്തിനും പാത്രമായി. അറിയാവുന്ന ഭാഷകളെല്ലാം കൊച്ചു ശെമ്മാശ്ശനെ മല്പാൻ

പഠിപ്പിച്ചു. ലത്തീൻ ഭാഷ നന്നായി മനസ്സിലാക്കിയാൽ വേദശാസ്ത്രസംബന്ധിയായ പല പുസ്തകങ്ങളും അതിന്റെ മൂലത്തിൽതന്നെ വായിച്ചു മനസ്സിലാക്കുവാൻ സാധിക്കു മെന്നുവിചാരിച്ച് മല്പാനച്ചൻ—ലത്തീൻ ഉപരിപഠനത്തി ന് കുര്യാക്കോസ് ശെമ്മാശ്ശനെ മററു രണ്ടു പേരോടുകൂടി വ രാപ്പുഴയ്ക്ക് അയച്ചു. അന്നു വിദേശ വൈദികർ അവരെ ല ത്തീൻ പഠിപ്പിച്ചില്ല എന്നു മാത്രമല്ല ക്ലാസിൽ കയററുക പോലും ചെയ്യാതെ തിരിച്ചയച്ച സംഭവം—കുര്യാക്കോസ ച്ചൻ നാളാഗമത്തിൽ വിവരിച്ച് എഴുതിയിരുന്നില്ലെ ങ്കിൽ നമുക്കു വിശ്വാസം വരികയില്ലായിരുന്നു.

## 6. അഗ്നിപരീക്ഷ

പഠനത്തിന്റെ തീക്ഷ്ണതയും വൈദികനാകു വാനുള്ള അമിതമായ ആഗ്രഹവും കുര്യാക്കോസിനെ മുഴുവ നായിത്തന്നെ ഗ്രസിച്ചിരുന്നു. പക്ഷെ ആ അവസരത്തിൽ തന്നെ അഗ്നിപരീക്ഷയിലൂടെ കടന്നു പോകാൻ ദൈവം അദ്ദേഹത്തെ അനുവദിച്ചു. അടുത്തടുത്ത മൂന്നു മരണങ്ങളും അദ്ദേഹത്തിന്റെ വീട്ടിൽ സംഭവിച്ചു. പിതാവും മാതാ വും അടുത്തടുത്തു മരിച്ചു. അധികം കഴിയുന്നതിനു മുമ്പേ യുവാവായ ഏക സഹോദരനും പെട്ടെന്നു മരിക്കുന്നു. വീ ട്ടിന്റെ ഏക ആശ്രയമായിരുന്ന ഈ സഹോദരൻ വിവാ ഹിതനും ഒരു കുഞ്ഞിന്റെ പിതാവുമായിരുന്നു.

### പിറകോട്ടു ചെല്ലാൻ

പാവറ കുടുംബം അന്യംനിന്നു പോകാതിരിക്കുവാൻ ബന്ധുക്കളും അയൽവാസികളും ആലോചിച്ചു. അവരുടെ പ്രതിനിധികൾ പള്ളിപ്പുറംസെമിനാരിയിലെത്തി പാ ലയ്ക്കൽ മല്പാനച്ചനോടു കാര്യം പറഞ്ഞു. കുര്യാക്കോയെ വീട്ടിലേക്കുപറഞ്ഞയക്കുവാൻവളരെസങ്കടമുണ്ടായിരുന്നി

ട്ടം, പാലയ്ക്കലച്ചൻ, അവസരത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കര്യാക്കോസ് ശമ്മാശ്ശനെ വീട്ടിലേക്കു പോകുവാൻ അനുവദിച്ചു. ഒരു വലിയ അഗ്നിപരീക്ഷയിലാണ് കര്യാക്കോ ശമ്മാശ്ശൻ ചെന്നുപെട്ടതു്. കുടുംബജീവിതം സ്വീകരിച്ച് അന്യംനിന്നു പോകാനിടയുള്ള കുടുംബത്തെ പുലർത്തിക്കൊണ്ടുപോകുവാനുള്ള ബന്ധുക്കളുടെ നിർബ്ബന്ധം ഒരു വശത്തു്; സെമിനാരിയിൽ നിന്നുകൊണ്ടു് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കാനുള്ള ഉൽക്കടമായ അഭിനിവേശം മറുവശത്തു്. ഇതിനു നടുവിൽ കിടന്നു ഞെരിപിരി കൊള്ളുകയായിരുന്നു കര്യാക്കോസ്. എങ്കിലും ഈ വലിയ പരീക്ഷകളെ നേരിടുവാൻതന്നെ അദ്ദേഹം ഉറച്ചു. പ്രാർത്ഥനയിൽ ദിനരാത്രങ്ങൾ ചെലവഴിച്ചു. വൈദികജീവിതത്തിനുള്ള മാർഗ്ഗം സുഗമമാക്കണമേയെന്നു് ദിവ്യജനനിയോടു് അപേക്ഷിച്ചു. ഒരു മാസത്തിനുള്ളിൽ കുടുംബത്തിൽ ആളുണ്ടാകുന്നതിനുള്ള മാർഗ്ഗങ്ങൾ കര്യാക്കോസ് ശമ്മാശ്ശൻ രൂപം ചെയ്തെടുത്തു. എടത്വായിൽ കല്യാണം ചെയ്തയച്ചിരുന്ന മൂത്ത സഹോദരിയുടെ പക്കൽ ശമ്മാശ്ശൻ പോയി. അവരെ നയത്തിൽ സ്വാധീനിക്കുകയും അവരും ഭർത്താവും കുട്ടികളും കൂടി ചാവറ കുടുംബത്തിൽ വന്നു താമസിക്കുന്നതിനും മരിച്ചുപോയ ജ്യേഷ്ഠന്റെ പുത്രിയെ വളർത്തുന്നതിനും സമ്മതിപ്പിക്കുകയും അതിനു പ്രതിഫലമായി തന്റെ അവകാശം മുഴുവൻ അവർക്കു രഹസ്യമായി എഴുതിക്കൊടുക്കാമെന്നു് ഉറപ്പു കൊടുക്കുകയും ചെയ്തു. അങ്ങനെ ചാവറ കുടുംബത്തിൽ മൂത്ത സഹോദരിയും കുടുംബവും സ്ഥിരതാമസമാക്കി. പക്ഷേ ശമ്മാശ്ശൻ തന്റെ അവകാശം രഹസ്യമായി സഹോദരിക്കു് എഴുതിക്കൊടുത്ത വിവരം പിതൃസഹോദരന്മാർ അറിഞ്ഞപ്പോൾ അത്യധികം കോപിക്കുകയും കച്ചീട്ടു പിൻവലിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. സമാധാനത്തിനുവേണ്ടി തൽക്കാലം അങ്ങനെ ചെയ്തെങ്കിലും പിന്നീട് അദ്ദേഹം തന്റെ വാഗ്ദാനം നിറവേറ്റുകതന്നെ ചെയ്തു. വീട്ടുകാര്യങ്ങൾ നോക്കാൻ ആളുണ്ടാകുകയും പിതൃസഹോദരന്മാരുടെ പ്രതിഷേധങ്ങൾ ഒട്ടൊന്നു കെട്ടടങ്ങുകയും ചെയ്തപ്പോൾ ശമ്മാശ്ശൻ തിരിയെ സെമിനാരിയിലേക്കുതന്നെ മടങ്ങി. കാലാന്തര

ത്തിൽ മുൻപറഞ്ഞ സഹോദരന്റെ പുത്രി മറിയാമ്മ പ്രായമായപ്പോൾ അവളെ ചമ്പക്കുളത്തു തോട്ടാമറ്റത്തു അന്തോനി എന്ന യുവാവിനെക്കൊണ്ടു മന്നു കെട്ടിക്കുകയും അങ്ങനെ കുടുംബം അവർക്കാകുകയും ചെയ്തു.

ഇതേക്കുറിച്ച് നാളാഗമത്തിൽ കര്യാക്കോസച്ചൻ എഴുതിയിരിക്കുന്ന ഭാഗം ശ്രദ്ധിക്കുക. "സെമിനാരിയിൽ ആയിരിക്കുമ്പോൾതന്നെ അപ്പനും അമ്മയും, ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠനും മരിച്ചു. ജ്യേഷ്ഠത്തിയും ഒരു പെൺപൈതലുമായി വീട്ടിൽ ശേഷിക്കുകയാൽ, അന്നുണ്ടായ ദുഃഖസന്താപങ്ങളൊക്കെയും ദൈവതിരുമനസ്സിന് കീഴ്‌വഴങ്ങിക്കൊണ്ടു സഹിക്കുകയും കാരണവന്മാരിൽ നിന്നും പഠിച്ച പാഠത്തിനൊത്തവണ്ണം ദേവമാതാവിന് അടിമയായിതന്നെ കയ്യാളിച്ചും വിശേഷഭക്തിക്കാരനാകുകയും ചെയ്തു."

## ആദ്ധ്യാത്മികാഭ്യാസങ്ങൾ

സെമിനാരിയിലേക്കു തിരിച്ചെത്തിയ ശെമ്മാശ്ശനിൽ അസാധാരണമായ ഒരു ദിവ്യചൈതന്യം ദർശിക്കുവാൻ മല്പാനച്ചനു സാധിച്ചു. തന്റെ അവകാശം മുഴുവൻ ദൈവമാണെന്നു ശെമ്മാശ്ശനു തീർത്തും പറയുവാൻ കഴിഞ്ഞു. ഇനി എന്റെ അപ്പനും, അമ്മയും, സഹോദരനും എല്ലാം എല്ലാം ദൈവം തന്നെയാണെന്ന് ശെമ്മാശ്ശൻ കൂടെക്കൂടെ പറഞ്ഞിരുന്നു. ഒരു നല്ല പുരോഹിതനാകണമെന്നായിരുന്നു ശെമ്മാശ്ശന്റെ ശ്രദ്ധ. ഇഗ്നേഷ്യസ് ലയോള ഇവാന്റെ പുണ്യ ആദ്ധ്യാത്മികാഭ്യാസങ്ങൾ എന്ന കൃതി–തമിഴിൽ ആയിട്ടു വായിക്കുന്നതിനിടയായി. അതിലെ നിർദ്ദേശങ്ങൾ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്ന് കഥാനായകൻ നിശ്ചയിച്ചു. ഒരു ആദ്ധ്യാത്മിക നിയന്താവിനെ പ്രത്യേകം തെരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ജീവിക്കുക ആദ്ധ്യാത്മിക ജീവിതത്തിൽ അത്യപേക്ഷണീയമാണെന്ന് അതിൽ പറഞ്ഞിരുന്നു. അതനുസരിച്ച് ശെമ്മാശ്ശൻ തന്റെ ഗുരുവായ പാലയ്ക്കൽ മല്പാനച്ചനെത്തന്നെ തന്റെ ആദ്ധ്യാത്മിക

ഗുരുവായി തെരഞ്ഞെടുത്തു. ആദ്ധ്യാത്മിക നിയന്താവിന്റെ നിർദ്ദേശത്തിലായിരുന്നു അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതം. പിൽക്കാലത്തു ദീർഘകാലം അദ്ദേഹത്തിന്റെ ആദ്ധ്യാത്മികഗുരുവായതു് ഫാ: ലെയപ്പോൾഡ് ആയിരുന്നല്ലോ. പാലയ്ക്കൽ മല്പാനച്ചൻ തന്റെ ആത്മീയതനയനെ എല്ലാ വിധത്തിലും ആത്മീയ സമ്പന്നനാക്കാൻ കഴിവതും പരിശ്രമിച്ചു. കിട്ടാവുന്നിടത്തു നിന്നെല്ലാം ആത്മീയ ഗ്രന്ഥങ്ങൾ വരുത്തി ശിഷ്യനു വായിക്കാൻ കൊടുത്തു. ലത്തീൻ ഗ്രന്ഥങ്ങൾ വിദേശ വൈദികർ വഴിയും, തമിഴ് ഗ്രന്ഥങ്ങൾ മററുള്ളവർ വഴിയും പള്ളിപ്പുറം സെമിനാരിയിൽ എത്തിച്ചു. ഈ പുസ്തകങ്ങളെല്ലാം വായിക്കുന്നതിനുള്ള അത്യൽക്കടമായ ആഗ്രഹമായിരിക്കണം കഥാനായകനെ വിവിധ ഭാഷകൾ പഠിക്കുന്നതിനു് പ്രേരിപ്പിച്ചതു്. വിദേശ വൈദികരിൽ നിന്നും ലത്തീൻ പഠിക്കാൻ കഴിഞ്ഞില്ലെങ്കിലും അന്നു തങ്കി പള്ളി വികാരിയായിരുന്ന മെയിൻ പാദ്രിയുടെ അടുക്കൽ മല്പാനച്ചൻ തന്നെ, സകല ചെലവും കൊടുത്തു് അയയ്ക്കുകയും, അഞ്ചെട്ടുമാസം അവിടെ താമസിച്ചു് ലത്തീൻ പഠിക്കുകയും ചെയ്തു.

## 7. മിശിഹായുടെ പുരോഹിതൻ

1827—ൽ മിലെസ്യാ പ്രൻഡ്ഗാസ്റ്റർ മെത്രാനിൽ നിന്നു് അഞ്ചാം പട്ടവും അടുത്ത കൊല്ലം അതേ മെത്രാനിൽനിന്നു ആറാം പട്ടവും കുര്യാക്കോസ് ശെമ്മാശ്ശൻ സ്വീകരിച്ചു. ഇക്കാലങ്ങളിലെല്ലാം ഒരു ശെമ്മാശ്ശൻ എന്നതിനേക്കാളുപരി സഹായ മല്പാനായിട്ടാണ് [illegible] ക്കലച്ചനെ സഹായിച്ചിരുന്നതു്. [illegible] ച്ചൻ സൗഖ മില്ലാത്തപ്പോഴും സ്ഥലത്തില്ലാത്തപ്പോഴും കുര്യാക്കോസ് ശെമ്മാശ്ശനായിരുന്നു വൈദികാർത്ഥികളുടെ അദ്ധ്യാപകൻ.

THAIKKATTUKARA

പാണ്ഡിത്യത്തോടെ ക്ലാസ്സെടുക്കുവാനും വിഷയങ്ങൾ വിദ്യാർത്ഥികൾക്കു വ്യക്തമാക്കുന്നതിനും അസാധാരണമായ കഴിവു് കര്യാക്കോസിനുണ്ടായിരുന്നു.

## ഭാവിയുടെ വാഗ്ദാനം

അക്കാലത്തു സുറിയാനി വൈദികർ കാനോനനമസ്കാരമെത്തിച്ചിരുന്നതു് പല പുസ്തകങ്ങൾ നോക്കിയായിരുന്നു. ഹൂദറ, കശ്കോൽ മുതലായ പുസ്തകങ്ങളിൽ നിന്നും സുറിയാനി ഭാഷാ നിപുണനായ ശെമ്മാശ്ശൻ കാനോനനമസ്കാരം ക്രമമായി ചൊല്ലുന്നതിനു വേണ്ട പ്രാർത്ഥനകൾ കയ്യെഴുത്തായി ശേഖരിച്ചു ക്രമീകരിച്ചു. ഇതാണു് പിൽക്കാലത്തു് സുറിയാനിക്കാരുടെ കാനോന നമസ്കാരമായി അദ്ദേഹം പ്രസിദ്ധീകരിച്ചതു്. ശെമ്മാശ്ശനായിരിക്കുമ്പോൾ തന്നെ ഒരദ്ധ്യാപകന്റെ ജോലിയും ഭാവി സുറിയാനി സഭയുടെ പുരോഗതിക്കു വേണ്ട പല സംരംഭങ്ങളും തുടങ്ങുകയും ചെയ്തു. കേരളത്തിൽ യൂറോപ്പിലെപ്പോലെ സർവ്വവും പരിത്യജിച്ച ഒരു സന്യാസ വൈദികഗണം കര്യാക്കോസച്ചന്റെ ഒരു വലിയ സ്വപ്നമായിരുന്നു. ഇക്കാര്യം പലപ്പോഴും അദ്ദേഹം പാലയ്ക്കൽ തോമാ മല്പാനച്ചനോടു് തുറന്നുപറഞ്ഞു് ചർച്ചചെയ്തിരുന്നു. ഇങ്ങനെ വൈദികനാകുന്നതിനു മുൻപുതന്നെ വിജ്ഞാനവും വിശുദ്ധിയും സംഘടനാ വൈഭവവും ഒത്തിണങ്ങിയ കര്യാക്കോസ് ശെമ്മാശ്ശനു് വൈദിക പട്ടം കൊടുക്കുക ഒരാവശ്യം മാത്രമായിരുന്നു. മാറേലിയൂസ് സ്തബിലീനി മെത്രാനാണു് കര്യാക്കോസ് ശെമ്മാശ്ശനു പട്ടം കൊടുക്കുവാനുള്ള ഭാഗ്യം ലഭിച്ചതു്. ഇദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിട്ടു് അധികം കഴിഞ്ഞിരുന്നില്ല. പക്ഷെ വരാപ്പുഴയിലും പരിസര പ്രദേശങ്ങളിലും പ്രബലരായിരുന്ന ഏഴുനൂററിക്കാരുടെ അപ്രീതിക്കു് ഇദ്ദേഹം പാത്രമാകേണ്ടിവന്നു. കാരണം വളരെ രസകരമാണു്. ലത്തീൻ സമുദായത്തിൽ രണ്ടു വിഭാഗങ്ങൾ ഉണ്ടു്, ഏഴുനൂററിക്കാരും അഞ്ഞൂററിക്കാരും. ഏഴുനൂററിക്കാർ അഞ്ഞൂററിക്കാരെ താഴ്ന്ന വർഗ്ഗക്കാരെന്നും മീൻ പിടുത്തക്കാരെന്നും കരുതി വന്നി

രുന്നു. അഞ്ഞൂറ്റിക്കാർക്ക് അവരുടെ സമൂഹത്തിൽ നിന്നും വൈദികരില്ലായിരുന്നു. അവർ വൈദികരാകുന്നതിന് എഴുന്നൂറ്റിക്കാർ എതിരുമായിരുന്നു. പക്ഷേ സ്റ്റബിലീനി മെത്രാൻ ഇതു സഭയുടെ പാരമ്പര്യത്തിനും ശ്ലീഹായുടെ മാർഗ്ഗത്തിനും യോജിച്ചതല്ലെന്നു കല്പിച്ചുകൊണ്ട് അഞ്ഞൂറ്റിക്കാരിൽ നിന്നു രണ്ടു മൂന്നുപേർക്ക് പട്ടം കൊടുത്തു. ഇത് മറുപക്ഷക്കാരായ എഴുന്നൂറ്റിക്കാരെ പ്രകോപിപ്പിച്ചു. ബഹളം കൂടിക്കൂടി വന്നു. ഈ സമ്മർദ്ദത്തിൽപ്പെട്ടാണ് സ്റ്റബിലീനി മെത്രാൻ റോമിലേക്കു മടങ്ങാൻ തീരുമാനിച്ചത്.

## മിശിഹായുടെ അഭിഷിക്തൻ

ഈ അവസരത്തിലാണ് കര്യാക്കോസിന്റെ പൗരോഹിത്യസ്വീകരണ തിയ്യതി വന്നെത്തിയത്. മെത്രാപ്പോലീത്ത പോകരുതെന്നു സുറിയാനിക്കാർ പലരും നിർബന്ധമായി അപേക്ഷിച്ചു. അഞ്ഞൂറ്റിക്കാർ മെത്രാന്റെ രക്ഷയ്ക്കെത്തി. മെത്രാൻ വരാപ്പുഴയിൽ താമസിക്കുന്നത് സുരക്ഷിതമല്ലെന്നും തങ്ങളുടെ പ്രധാന പള്ളിയായ അർത്തുങ്കൽ അന്ത്രയോസു ശ്ലീഹായുടെ പള്ളിയിൽ വന്നു താമസിക്കണമെന്നും അവർ നിർബന്ധിച്ചു. ഇതിനു വഴങ്ങി മെത്രാൻ അഞ്ഞൂറ്റിക്കാരോടുകൂടി അർത്തുങ്കൽ താമസമാക്കി, ഇവിടെവച്ചാണ് കര്യാക്കോസച്ചൻ 24-ാമത്തെ വയസ്സിൽ 1829 നവംബർ അവസാനത്തിൽ പൗരോഹിത്യപട്ടം സ്വീകരിച്ചത്. പട്ടസ്വീകരണം കഴിഞ്ഞു ബ. മെത്രാനച്ചനോടൊത്തു ബലി അർപ്പിച്ചപ്പോഴും അദ്ദേഹത്തിന്റെ തീക്ഷ്ണമായ പ്രാർത്ഥന ഒരു സന്യാസസമൂഹം കേരളത്തിൽ രൂപപ്പെടണമെന്നായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ ''കർബാന പട്ടമേറ്റപ്പോഴും മെത്രാനച്ചനോടുകൂടിയുള്ള ഒന്നാമത്തെ കർബാനയിൽ ഈ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണമെന്നുള്ള നിരൂപണയാൽതന്നെ, ആ ഒന്നാമത്തെ പൂജ അണച്ചതിനാൽ വീണ്ടും ആഘോഷമായി ഈ കഴിഞ്ഞ 29-ാം കാലം സൂവാറായുടെ ഒന്നാം ഞായറാഴ്ച കർബാന ചൊല്ലി, ഇടവകയായ ചേന്ദൻകരി പള്ളിയിൽ.''

ഒരു തെററിദ്ധാരണയെക്കുറിച്ചുകൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഏതോ ഒരു പുരാതന പാട്ടിൽ പട്ടം സ്വീകരിച്ചശേഷം അദ്ദേഹത്തെ ഇടവകക്കാരു സ്വീകരിച്ചില്ലെന്നും അവർ വഴക്കിട്ടു മാറി നിൽക്കയാൽ ആലപ്പുഴ മാർ സ്ലീവാ പള്ളിക്കാർ വളരെ ആഘോഷമായി സ്വീകരിച്ചു എന്നും പരാമർശമുണ്ട്. വാസ്തവം മറെറാന്നാണ്. ആസ്സപ്പാട്ട പട്ടം കഴിഞ്ഞു കര്യാക്കോസ് ശെമ്മാശ്ശൻ വീട്ടുകേററം നടത്തിയപ്പോഴും ഏതോ തെററിദ്ധാരണയാൽ ചേന്നങ്കരി ഇടവകക്കാർ ആഘോഷമായി പള്ളിയിൽ സ്വീകരിക്കാൻ തയ്യാറായില്ല. ആസ്സപ്പാട്ട പട്ടത്തിനു മുൻപു ദേശക്കുറി വാങ്ങിക്കുക എന്നൊരു പതിവുണ്ടായിരുന്നു. ഇതു വാങ്ങാതെ പാലയ്ക്കൽ മല്പാനച്ചന്റെ നിർദ്ദേശപ്രകാരം നാട്ടുനടപ്പിനു വിപരീതമായിട്ടാണ് മെത്രാനച്ചൻ കഥാനായകനു ആസ്സപ്പാട്ട പട്ടം നല്കിയതു്; തന്മൂലം അനേകം വള്ളങ്ങളുടെ അകമ്പടിയോടെ പള്ളിയിൽ കയറാൻ ചെന്ന അദ്ദേഹത്തെ ചേന്നങ്കരി ഇടവകക്കാർ സ്വീകരിച്ചില്ലെന്നു മാത്രമല്ല, തലേ ദിവസം രാത്രി കടവിൽ മുഴുവൻ ചെളി ഇറക്കി ഇടുകയും ചെയ്തു എന്നു പറയപ്പെടുന്നു. എല്ലാ ഇടവകകളിലും വീട്ടുകാർ തമ്മിൽ ചേരിപ്പകയോ കുടുംബപ്പകയോ തീർക്കുക ചില പ്രത്യേക അവസരത്തിലാണല്ലോ. ഒരു പക്ഷേ ഒന്നോ രണ്ടോ വീട്ടുകാരുടെ പ്രതിഷേധം കാണിക്കാനായിരിക്കാം ദേശക്കുറി പ്രശ്നം പൊക്കിക്കൊണ്ടുവന്നതു്. ഏതായാലും ഇതു് ആസ്സപ്പാട്ട പട്ടത്തിന്റെ അവസരത്തിലാണ്. അല്ലാതെ കർബാന പട്ടത്തിന്റെ അവസരത്തിലല്ല.

സമകാലീനരും സഹപ്രവർത്തകരുമായ ലെയപ്പോൾഡ് മിഷനറിയും പോരൂക്കര കര്യാക്കോസ് ഏലീശാ അച്ചനും എഴുതിയിട്ടുള്ള ചരിത്ര സംഗ്രഹങ്ങളിൽ കര്യാക്കോസച്ചൻ ചേന്നങ്കരി പള്ളിയിൽ പുത്തൻ കർബാന ചൊല്ലിയെന്നു് തെളിവായി പറയുന്നുണ്ട്. തന്റെ ദൈവവിളിക്ക തന്നെ ചൈതന്യം പകർന്ന ചേന്നങ്കരി ഇടവകയെ ഉപേക്ഷിക്കാൻ കർബാന പുസ്തകംഉയർത്താൻ കഴിയാതിരുന്ന പ്രായത്തിൽ കർബാനയ്ക്കു സഹായിച്ച ഇടവകപ്പ്

ള്ളിയിൽനിന്നും പുത്തൻ കുർബാന മാറ്റുവാൻ പ്രകടമായ യാതൊരു സാഹചര്യങ്ങളും കാണുന്നില്ല. അക്കാലത്തു വളരെ ആഘോഷമായാണ് നവ വൈദികനെ സ്വീകരിച്ചിരുന്നത്. ഇടവകക്കാരെല്ലാം വികാരിയുടെ നേതൃത്വത്തിൽ, കൊട്ട്, വാദ്യം, വെടി, പടക്കങ്ങളോടുകൂടി നവ വൈദികനെ സ്വീകരിക്കും, റാസയായിട്ടാണു പുത്തൻ കുർബാന ചൊല്ലുക. പരിചയക്കാരായ വൈദികരെല്ലാം ഇതിൽ സഹകരിക്കും. കുർബാനക്കുശേഷം എല്ലാവരും നവവൈദികന്റെ വീട്ടിൽ വരും. അവർക്കു ഭംഗിയായ സദ്യ വീട്ടുകാരുടെ ചെലവിൽ നൽകും. പള്ളിപ്രമാണികാർക്കും ഈ സദ്യ രണ്ടുമൂന്നു ദിവസത്തേക്കുതന്നെ ഉണ്ടായിരിക്കും. നാളാഗമത്തിൽ ഇതിനെക്കുറിച്ച് കര്യാക്കോസച്ചൻ അധികം വിവരിക്കുന്നില്ല. ''1829–ൽ കുർബാന പട്ടമേറ്റശേഷം അന്നത്തെ മര്യാദപോലെ ചേന്നൻകരി പള്ളിയിൽ പുത്തൻ കുർബാന ചൊല്ലി''യെന്നു മാത്രമേ എഴുതിയിട്ടുള്ളൂ. ''കുർബാന കഴിഞ്ഞു പള്ളിപ്പുറത്തു വന്നു മല്പാനച്ചനെ കണ്ടശേഷം സ്വന്തം ഇടവകയിൽ ഒരു മാസം താമസിച്ചു. അതു കഴിഞ്ഞു പുളിങ്കുന്നിൽ ഒന്നു ചുറ്റി. അതിനാൽഅവിടെ ഒരു പറ്റുതൽ തോന്നി കുറേതാമസിച്ചു. കുറെ താമസിച്ചശേഷം വല്യനൊമ്പിന്റെ തുടക്കം അവരുടെ തെക്കേ അങ്ങാടി അററത്തുള്ള കുരിശുപള്ളിയിൽ ഒരു ധ്യാനവും കഴിപ്പിച്ചു. ഇതിനാലും ഒരു പിടുത്തം അവിടെയുണ്ടായി. എന്നാൽ ഈ താമസവും ചുററിനടപ്പും മല്പാനച്ചന് ഒട്ടും തെളിഞ്ഞില്ല. ആയതിനാൽ ഉയപ്പെട്ട് വീണ്ടും പള്ളിപ്രത്തിനു വന്നു. (നാളാഗമം)

മല്പാനച്ചനെ സഹായിക്കാൻ കര്യാക്കോസച്ചൻ പള്ളിപ്പുറത്തുതന്നെ താമസിക്കണമെന്നായിരുന്നു പാലയ്ക്കൽ അച്ചന്റെ ആഗ്രഹം. എന്നാൽ വ്യക്തിപരമായി കര്യാക്കോസച്ചന് ഇടവകകളിൽ ധ്യാനം നടത്തുവാനായിരുന്നു താൽപര്യം. അക്കാലത്ത് പള്ളിപ്രസംഗങ്ങളും പതിവില്ലായിരുന്നു. വല്ലപ്പോഴും സ്പെയിൻകാരും, ഇറ്റലിക്കാരും പറഞ്ഞെങ്കിലായി. അവരുടെ മലയാളം എത്രമാത്രം ഉണ്ടെന്ന് നമുക്ക് ഊഹിക്കാമല്ലോ. അതിനാൽ ജനങ്ങളും

ക്ക് ഉപകാരപ്രദമായ ഈ ധ്യാനം ഇടവകകളിൽ നടത്തു
വാൻ കൊച്ചച്ചൻ, ശെമ്മാശനായിരിക്കുമ്പോൾതന്നെ ഒരു
ങ്ങിയിരുന്നു എന്നു നാം മനസ്സിലാക്കണം.

## 8. ത്രിവേണീസംഗമം

പള്ളിപ്പുറത്തെ ചുരുങ്ങിയ കാലത്തെ ജീവിതത്തി
നിടയിലാണ് വലിയ ഒരു സംരംഭത്തിന് പരിശുദ്ധമാ
താവ് കര്യാക്കോസച്ചന് പ്രചോദനം നൽകിയത്. ക
ർമ്മലീത്ത മിഷനറി മെത്രാന്മാരുടെ സാമീപ്യം കൊ
ണ്ടും ചരിത്ര വിജ്ഞാനം കൊണ്ടും സന്യാസ സഭകൾ ക
ത്തോലിക്കാ സഭയിൽ ചെയ്യുന്ന അമൂല്യമായ സേവന
ത്തെക്കുറിച്ച് മല്പാനച്ചനും കര്യാക്കോസച്ചനും വളരെ ന
ന്നായി അറിഞ്ഞിരുന്നു. കേരളത്തിലും ഇതുപോലൊന്ന്
ഉണ്ടാകണമെന്ന് ഇരുവരും അതിയായി ആഗ്രഹിച്ചു. ക
ര്യാക്കോസച്ചന്റെ ഭാഷയിൽ ''ബഹുമാനപ്പെട്ട ഞങ്ങളു
ടെ മല്പാനച്ചൻ ഞങ്ങളെ പഠിപ്പിച്ചിരിക്കുമ്പോൾ, അദ്ദേ
ഹത്തിന്റെ ഏറിയ പ്രയാസത്താൽ ഏതാനം എജമാനന്മാരെ ബോ
ധിപ്പിച്ച് ആ പള്ളിയിലും പിന്നെയും ചില പള്ളികളി
ലും ''കൊൺഗ്രംസ്യാം'' എന്ന കർമ്മല മാതാവിന്റെ
ദർശന പെരുന്നാൾ ഉണ്ടാക്കി ഘോഷിച്ചിരിക്കയിൽ
അദ്ദേഹത്തിന് ഏറിക്കപ്പെട്ട സ്നേഹക്കാരനായി ബ.
പോരൂക്കര തോമ്മാകത്തനാരച്ചനും കൂടിയിരുന്നവരും ഞ
ടെ ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു തപസ്സു
ഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്കു വീഴ്ചയായി
രിക്കുകൊണ്ട് വല്ല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും
ഒരു ദർശന വീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയ്തി
നൊരു സഹായമാത്രമില്ലായ്ക കൊണ്ട് ഖേദിച്ചിരിക്കു
മ്പോൾ ദൈവസഹായത്താൽ ബ. ബോംബേയുടെ
വികാരി അപ്പസ്തോലിക്ക ആയ മാർ മൗറേലിയൂസ് മൊ
ലിസ്സു എന്ന മെത്രാനച്ചൻ ഇവിടേയ്ക്കു വന്നു.''

## പോരൂക്കര തോമ്മാച്ചൻ

അംഗസംഖ്യ കൊണ്ടും സ്വാധീനം കൊണ്ടും പ്രബലരായ സുറിയാനി കത്തോലിക്കരെ ഭരിക്കുവാൻ തന്നെ സഹായിക്കുന്നതിന് സമർത്ഥനായ ഒരു സെക്രട്ടറിയെ മൗറേലിയൂസ് മെത്രാൻ അന്വേഷിച്ചിരുന്നു. പാലയ്ക്കൽ തോമ്മ മല്പാനെയാണ് ആദ്യം സമീപിച്ചത്. പക്ഷെ ക്ഷീണം കൊണ്ടും അദ്ധ്യാപന ജോലിയിലുള്ള താൽപര്യം കൊണ്ടും അദ്ദേഹം സമ്മതിച്ചില്ല. എന്നാൽ പററിയ ഒരാളെ കണ്ടുപിടിക്കാനുള്ള ചുമതല പാലയ്ക്കൽ അച്ചനെ തന്നെ ഏൽപിച്ചു. അദ്ദേഹം ആപ്ത മിത്രവും ചമ്പക്കുളം കല്ലൂർക്കാട്ട പള്ളിയിടവകക്കാരനുമായ പോരൂക്കര തോമ്മാച്ചനെ നിർദ്ദേശിച്ചു. പോരൂക്കരയച്ചൻ അന്ന് കൊല്ലം തങ്കശ്ശേരി പുത്തൻ പള്ളി വികാരിയായിരുന്നു. മെത്രാനച്ചന്റെ കല്പന വഴി പോരൂക്കരയച്ചൻ വരാപ്പുഴയ്ക്കു വന്നു. 1828 മീനം (ഏപ്രിൽ) 16–ാം തിയ്യതി സെക്രട്ടറി ജോലി ഏറ്റെടുത്തു.

അസാമാന്യ ബുദ്ധിമാനും നല്ല വാഗ്മിയും വിശുദ്ധിയുള്ള വൈദികനുമായിരുന്നു പോരൂക്കരയച്ചൻ. യൗസേപ്പിതാവിന്റെ പ്രത്യേക ഭക്തനായിരുന്ന അദ്ദേഹം ആ ഭക്തി പ്രചരിപ്പിക്കുന്നതിൽ താൽപര്യക്കാരനുമായിരുന്നു. സമർത്ഥനായ ഇദ്ദേഹത്തിന് ശെമ്മാശ്ശനായിരിക്കുമ്പോഴം മുതൽ വനവാസത്തിനു പോകണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. തന്റെ നാട്ടുകാരനും സമപ്രായക്കാരനുമായ കണിയാന്തറ യാക്കോ എന്ന യുവാവിനോട് ഇക്കാര്യം പലപ്രാവശ്യം പറഞ്ഞിരുന്നു. നാളാഗമത്തിൽ കുര്യാക്കോസച്ചൻ ഇതിനെക്കുറിച്ചു പറയുന്നത് കേൾക്കുക: ''പോരൂക്കരയച്ചൻ പട്ടം ഏററു വന്ന ശേഷം യാക്കോയെ കണ്ടപ്പോഴം പറഞ്ഞതാകുന്നത്: ഞാൻ കുർബാന പട്ടം ഏററു വന്നാൽ നമുക്കു രണ്ടു പേർക്കും കൂടി വാച്ചു വനവാസത്തിലും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപെടുവാൻ പ്രയാസം''. പോരൂക്കരയ

ച്ചൻ സെക്രട്ടറി ജോലി ഏറ്റെടുക്കാൻ വരാപ്പുഴയ്ക്കു പോ
കുന്ന അവസരത്തിലും ഈ തീരുമാനം ആവർത്തിച്ച് ഉറ
പ്പിച്ചു. കല്ല്യാണം കഴിക്കാൻ വീട്ടുകാർ നിർബന്ധിച്ചി
രുന്നു കണിയാന്തറ യാക്കോ അതുപേക്ഷിച്ച് പോരൂക്കര
അച്ചന്റെ കൂടെ വരാപ്പുഴയ്ക്കു വരികയാണ് ചെയ്തത്. വ
രാപ്പുഴയ്ക്കു വന്നതിനുശേഷം പോരൂക്കരയച്ചൻ പാലയ്ക്കലച്ച
നെ പള്ളിപ്പുറത്തു പല പ്രാവശ്യം ചെന്നു കണ്ട് വനവാ
സത്തെക്കുറിച്ചും സന്യാസത്തെക്കുറിച്ചും ചർച്ച ചെയ്തു. ക
ര്യാക്കോസച്ചനും ഇതിൽ പലപ്പോഴും പങ്കാളിയായി
ട്ടുണ്ട്. പലപ്രാവശ്യം നടന്ന ചർച്ചകളുടെ ഫലമായി രണ്ടു
പേരുംകൂടി വനവാസ ജീവിതത്തിന് തീരുമാനം ചെയ്തു.

അക്കാലത്തു അർത്തുങ്കൽ താമസിച്ചിരുന്ന മെത്രാന
ച്ചന്റെ അടുക്കൽ പാലയ്ക്കൽ അച്ചനും പോരൂക്കരയച്ചനും
സ്വത്തിൽ കാര്യങ്ങൾ ബോധിപ്പിക്കാൻ ശ്രമിച്ചു. ത
ങ്ങൾ ചെയ്യുന്ന ജോലികൾക്കു പകരം ജോലിചെയ്യാൻ
ആളുകളെ കണ്ടുപിടിച്ചു തരാമെന്നും വളരെ നാളത്തെ ആ
ലോചനയ്ക്കുശേഷം നിശ്ചയിച്ചുറച്ച വനവാസജീവിതത്തി
ന് തങ്ങളെ അനുവദിക്കണമെന്നും താഴ്മയായി അവർ
അപേക്ഷിച്ചു. മെത്രാനച്ചന്റെ മറുപടി കര്യാക്കോസച്ച
ന്റെ വാക്കുകളിൽ വായിക്കുക: ''അല്പം വല്ലതും തിരി
യുന്ന നിങ്ങൾ ഒന്നു രണ്ടു പേരുള്ളതു മിണ്ടടക്കമായി വാച്ചു
ട്ടും ഒതുങ്ങിപാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ
ആരെന്നും അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരുകൊ
വേന്ത വെപ്പിൻ. എന്നാൽ എല്ലാവർക്കും ഉപകാരം ഉണ്ടല്ലോ
യെന്നു കല്പിക്കുകയും അപ്പോൾ ഇവർ പറഞ്ഞു. അതു
കഴിയുന്ന കാര്യമോ ഇവിടെ ആരു സഹായിക്കും? രാജാ
ക്കൾ ചെയ്യാനുള്ള കാര്യമല്ലയോ. ഇവിടെ മാർഗ്ഗരാജാവാ
യിരുന്നെങ്കിൽ കഴിഞ്ഞേനെ എന്നു പറയുകയും അപ്പോൾ
പെ.ബ. മെത്രാനച്ചൻ കല്പിച്ച മനസ്സായിട്ട് ഉത്സാഹി
ച്ചുപുറപ്പെട്ടാൽ നടക്കും അതെന്ത്യേ. ക്രിസ്ത്യാനികൾ വള
രെയുണ്ടല്ലോ അവരോടു ധർമ്മം വാങ്ങിച്ചാൽ മതിയെന്നും
കല്പിച്ചു. അന്നു പിരിയുകയും ചെയ്തു.'' (നാളാഗമം)

**കൊവേന്ത**

മെത്രാനച്ചന്റെ ഈ നിർദ്ദേശം പുതിയ ഒരു തീരുമാനത്തിലേയ്ക്ക് രണ്ടു വൈദികരേയും നയിച്ചു. ഒരു കൊവേന്ത അല്ലെങ്കിൽ ദർശനവീടുണ്ടാക്കാൻ അവർ തീരുമാനിച്ചു. ഈ താപസവീട്ടിൽ താമസിച്ച് ജനങ്ങൾക്കെല്ലാം ഉപകാരം ചെയ്യാമല്ലോ എന്ന് അവർ ചിന്തിച്ചു ഈ തീരുമാനത്തോടെ വീണ്ടും മെത്രാനച്ചനെ അവർ ചെന്നു കണ്ടു. കര്യാക്കോസച്ചന്റെ വാക്കുകളിൽ: ''അപ്പോൾ, മെത്രാനച്ചൻ ഒന്നു മടുത്തു എങ്കിലും അദ്ദേഹത്തിന് ഇവരെ രണ്ടുപേരെയും വളരെ സ്നേഹവും വിശ്വാസവും ആകകൊണ്ട് എന്തു കാര്യം പറഞ്ഞാലും തള്ളിക്കളയുകയില്ല. ആയതു കാരണത്താൽ നന്നാ മടിച്ചുവെങ്കിലും ഇവരുടെ മുട്ടിപ്പുകൊണ്ട് അങ്ങനെയാകട്ടെ എന്ന് അനുവദിച്ചു. ഒരു ധർമ്മക്കടലാസ് എഴുതിയുണ്ടാക്കുവാൻ കല്പിച്ചു. അതിൻവണ്ണം നല്ലതായിട്ട് ഒരു ധർമ്മക്കടലാസ് എഴുതിക്കാണിച്ചപ്പോൾ അവിടത്തെ പേർക്ക 200 രൂപ എഴുതിപ്പിട്ട് അപ്പോൾ തന്നെ രൂപായും തന്നു.'' (നാളാഗമം)

ഈ അനുവാദവും ധർമ്മം പിരിക്കാനുള്ള ധർമ്മക്കടലാസും ഇന്നും മാന്നാനം കൊവേന്ത ഈടുവെപ്പിൽ സൂക്ഷിക്കുന്നുണ്ട്. അതു് ഇവിടെ രേഖപ്പെടുത്തുന്നതു് അത്യന്തം പ്രയോജനപ്രദവും പ്രധാനവും ആണെന്നു കരുതുന്നു.

''തമ്പുരാന്റെ മനുഗ്രഹത്താലേയും ശുദ്ധമാന അപ്പസ്തോലിക്ക സിംഹാസനത്തിന്റെ കല്പനയാലേയും നാം മാർ മൗറേലിയൂസ് ദെ സാന്ത ത്രേസ്യ ദി സ്റ്റാംസ് എന്ന കർമ്മലീത്ത ദർശനത്തിൽ ദൊലിസ്സു എന്ന മെത്രാൻ മലങ്കര എടവകയ്ക്കും കൊച്ചി എടവകയ്ക്കും ഇന്തരീന വികാരി അപ്പസ്തോലിസ്സു ആയിട്ടു വാഴുന്നതിനെക്കൊണ്ടു ഉടയ തമ്പുരാന്റെ തിരുമുഖം അപേക്ഷിക്കുന്നവർ എല്ലാവർക്കും ഈ നമ്മുടെ അനുപ്പിക്കപ്പെടുന്ന വേലയിൽ അ....ളുണക്കാരും ഇവരായിരുന്നു. ബ. പട്ടക്കാരുടെ കൈകളാലെ എത്ര്യും എററിക്കപ്പെട്ട ആഗ്രഹത്തോടുകൂടെ യാത്രയാക്കി പര

സ്യപ്പെടുത്തുന്ന ഈ നമ്മുടെ കടലാസു കാണുന്നവൎക്കും വാ
യിക്കുന്നവൎക്കും കേൾക്കുന്നവൎക്കും നമ്മുടെ കൎത്താവു ഈശോ
മിശിഹായിൽനിന്നു വാഴ്വും നന്മയും നിറപ്പും.

എന്നാൽ ശ്ലീഹാമ്മാരുടെ സിംഹാസനത്തിൽനിന്നും
നമ്മെ കല്പിച്ചാക്കിയിരിക്കുന്ന ഇപ്പരിപാലനയാൽ ഭിഷു
ത്തി ആകപ്പെട്ട കാൎയ്യങ്ങളിൽ തമ്പുരാന്റെ ഏല്പിക്കപ്പെട്ട
സ്തുതിക്കും പള്ളി ഒക്കെയുടെ നിലയ്ക്കും നമസ്കാരത്തിലും
അത്രപിസ്കൂട്ടത്ത വേലയിലും ഏടവിടാതെ അവരായി ഏ
ന്നവരെപ്പോലെയുള്ള മട്ടിപ്പിനും ഇതിൽപിന്നെ ശുദ്ധമാ
ക്കപ്പെട്ട വേദംകൈക്കൊള്ളപ്പെട്ട ഇടങ്ങളിൽ പുതങ്ങളപ്പെട്ട
സ്ഥലങ്ങളിലും പല ആശ്രമങ്ങളും പുരുഷൎക്കും സ്ത്രീകൾക്കും
ക്കും ഉണ്ടായിരിക്കും വണ്ണം പൂൎണ്ണമായി വിശ്വസിക്കപ്പെട്ട
നിങ്ങൾക്കും ഇതുവേണമെന്നു ശുദ്ധമാനപള്ളിയോടപേ
ക്ഷിച്ചതെന്യെ ഇതുവരെയും നടന്നു വരാഴ്കയാൽ ഇക്കണ്ട
പരിതാപവും വേലയുംകൊണ്ടുള്ള ഫലം അനേക....... വന
പുരുഷരെയും സ്ത്രീകളെയും തിരിഞ്ഞെടുക്കണമെന്നുള്ള
പരിതപം അവരുടെ ഏടത്തുതന്നെയല്ല ഇതിനു അന്തരം
വന്നതു".

ഇങ്ങനെ പലരിലൂടെ ചൈതന്യവത്കൃതമായ ഒരു
സിദ്ധിയായിരുന്ന ആശ്രമ സ്ഥാപന താല്പര്യം. പ
ത്തൻ കർബാനചൊല്ലിയപ്പോൾ ഇതുണ്ടായികാണാൻ പ്ര
ത്യേകം പ്രാൎത്ഥിച്ച ചാവറയച്ചനാണോ. വനവാസത്തി
ന്ന പ്രേരണ തോന്നി പുറപ്പെട്ട പോരൂക്കരയച്ചനാണോ.
അദ്ദേഹത്തിനുവേണ്ട പ്രോത്സാഹനം കൊടുത്തു താപസ
ജീവിതത്തിന്റെ അനുവാദം വാങ്ങാൻ പോയ പാലയ്ക്കൽ
തോമ്മാ മല്പാനച്ചനാണോ അതോ പോരൂക്കരയച്ചന്റെ
കൂടെ കല്യാണം ഉപേക്ഷിച്ച് തപസ്സു ചെയ്യാനിറങ്ങിയ
കണിയാന്തറ യാക്കോ എന്ന യുവാവാണോ സ്ഥാപക
പ്രമുഖൻ എന്ന് ഇവിടെ ചർച്ച ചെയ്യുന്നതിൽ വലിയ
പ്രസക്തി ഇല്ല. ഇവൎക്കെല്ലാം ശക്തിയായ ദൈവ തോ
ന്നൽ നൽകുകയും കൂടുതൽ പ്രായോഗികവും ഉപകാര പ്രദ
വുമായ മാർഗ്ഗം നിർദ്ദേശിച്ചു കൊണ്ട് മറെലിയൂസ്
മെത്രാനച്ചനിൽ പ്രവർത്തിക്കുകയും ചെയ്ത ദൈവാരൂപി

ളുടെ പ്രവർത്തന കാലത്താണ് സി. എം. ഐ. സഭ ഉടലെടുത്തത് എന്നു നമുക്കനുമാനിക്കാം. അവർക്കെല്ലാംകൂടി ദൈവം നൽകിയ ഒരു പുതിയ പന്തക്കുസ്തായായിരുന്നു സി. എം. ഐ. സഭാസ്ഥാപന വരം. ഈ സഭാ തരുവിനെ നടുവാനും വളർത്തുവാനും ബാലാരിഷ്ടതകളെ മാറ്റുവാനും ദീർഘനാളും പരിശ്രമിച്ച ചാവറയച്ചൻ ഇതിന്റെ സ്ഥാപകരിൽ പ്രമുഖനാണെന്നു അഭിമാനപൂർവ്വം നമുക്കു പറയാം.

## 9. മാന്നാനം കുന്നു തേടി ഒരു തീർത്ഥയാത്ര

ദർശന വീടിനുവേണ്ടി പണം പിരിക്കാൻ ധർമ്മക്കടലാസും മെത്രാനിൽ നിന്നും ആദ്യത്തെ സംഭാവനയും സ്വീകരിച്ച പിരിവിനിറങ്ങിയ പിതാക്കന്മാരെ പ്രത്യേകിച്ചും പോരൂക്കര തോമ്മാച്ചനെ നാട്ടുകാർ കൈയയഞ്ഞു സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സംഭാവന കൊടുത്തവരുടെ വിശദമായ ലിസ്റ്റ് കര്യാക്കോസച്ചൻ നാളാഗമത്തിൽ കൊടുത്തിട്ടുണ്ട്. പണിയാരംഭിക്കാനുള്ള വക കൈയ്യിൽ വന്നപ്പോൾ അതിനു പറ്റിയ ഒരു സ്ഥലം കണ്ടെത്താനായി പിന്നീടുള്ള പരിശ്രമം. നല്ല സുഖമില്ലാത്ത പാലയ്ക്കൽ മല്പാനച്ചന്റെ നേതൃത്വത്തിൽ പല സ്ഥലങ്ങളും കയറി ഇറങ്ങി. മനോഹരമായ കുന്നിൻ പ്രദേശം, സുലഭമായ ശുദ്ധജലസൗകര്യം, വള്ളത്തിലും കരയ്ക്കും യാത്ര ചെയ്യുവാൻ എളുപ്പം — ശുദ്ധമായ കാറ്റും ഏകാന്തതയും ഇതൊക്കെയായിരുന്നു തിരഞ്ഞെടുപ്പിന്റെ മുഖ്യമാനദണ്ഡങ്ങൾ. വെള്ളത്തിനടുത്തുള്ള മുളുക്കളും കരയിൽ പെരിയപുരത്തു പള്ളിയ്ക്കുവേണ്ടി വാങ്ങിയിട്ടിരുന്ന കടനാട്ടുപാറ എന്ന കുന്നും, വള്ളത്തിൽ കിഴക്കോട്ടുപോയി—വെട്ടിക്കാട്ടു മുക്കിലുള്ള ചെമ്പഞ്ചേരി മലയും പറാവള്ളും വടക്കരയും ഉള്ള മല കുന്നുകളും കണ്ടു. മന്നിലം

അവർ സ്വപ്നം കണ്ടിരുന്ന ലക്ഷണവിശേഷങ്ങൾ ഒത്തു ചേർന്നില്ല. വീണ്ടും അച്ചന്മാരുടെ ആഗ്രഹപ്രകാരം അതിരമ്പുഴയ്ക്കടുത്തുള്ള പള്ളിക്കുന്നും വേദഗിരിക്കുന്നും കയറി ഇറങ്ങിക്കണ്ടു.

**മാന്നാനംകുന്ന്**

‘‘പിന്നീടു കടമാളൂർ അടുത്തുള്ള പുല്ലരിക്കുന്നുകളും കണ്ടു. ഏകദേശം തൃപ്തിയായി എങ്കിലും ആറുവഴി യാത്ര ചെയ്യുമ്പോൾ കിഴക്കു കണ്ട ഉയർന്ന നിരപ്പായ കുന്ന് ഇവരെ പ്രത്യേകം ആകർഷിച്ചു. കുററിക്കാടുകൾ തഴച്ചു വളർന്നിരുന്നെങ്കിലും നല്ല വളക്കൂറുള്ള സ്ഥലമായതുകൊണ്ട് അതൊന്നു കയറിക്കാണണമെന്ന് കര്യാക്കോസച്ചനും യാക്കോ എന്ന യുവാവിനും തോന്നി. ‘‘നല്ലവണ്ണമൊന്നു കേറിക്കാണണമെന്നു നിശ്ചയിച്ച് പുറപ്പെട്ടപ്പോൾ കാടിന്റെ പെരുപ്പത്താലും വഴിയില്ലായ്കകൊണ്ടും കാടിന്റെ ഇടയിലൂടെ പകന്ന് കാടുകൾ ഒടിച്ചും വെട്ടിയും ഇങ്ങനെ ഒരു പ്രകാരത്തിൽ മുകളിൽ കയറി ഏകദേശം നമ്മുടെ കിണററിന്റെ പടിഞ്ഞാറുവശത്തോളം വന്നു പററി. ഇതിന്റെ ഉയർച്ചയും വീതിവിസ്താരവും കാററും കണ്ടാറെ എല്ലാവർക്കും തെളിഞ്ഞു!’’

‘‘31–ാംകാലം മീനമാസം 30–ാംതിയ്യതി ശാബ്ബസ് ശാബെ എന്ന ആഴ്ചയുടെ ബുധനാഴ്ചനാൾ പെരുമാലിൽ വന്നു. തരകനും കൊച്ചുപോത്തൻമാപ്പിളയും മേലെഴുതിയ ഇട്ടിച്ചെറിയ എന്നയാളും യാക്കോവും ഇവരെല്ലാവരുംകൂടെ മേലെഴുതിയ തരകന്റെപേരിൽ 93–ാംമാണ്ടിൽ കണ്ടെഴുത്തിൽ പാട്ടം പതിഞ്ഞിരിക്കുന്ന മാലൻ കല്ലാല മുകം എന്ന ഈ നമ്മുടെ ബേസ്റൗമായിൽ കയറി പുലയരെക്കൊണ്ടു കാടുവെട്ടിക്കുകയും ഇവരു ചിലകുററിപ്പുറത്തും മരത്തിന്റെ മൂട്ടിലും ഇരിക്കുകയും ഇങ്ങനെ ആദിവസം വലിയ ദിവസങ്ങളാകകൊണ്ട് നോയമ്പു വീടി തിങ്കളാഴ്ച തുടങ്ങി വെട്ടുകയും ആയതിനു മൊനാത്തമെത്തരം ഒരു ദിവസം പുലയാളുകളെ അയപ്പിച്ചു അയാളുടെപേക്ക് വെ

ട്ടിക്കയും പിന്നേയും പലരും കൊച്ചപ്പുറം പീടികയ്ക്കൽ, പോവെനി, തറേൻ, മലയൻ ഇങ്ങനെയുള്ളവരും ആയുധ കൊണ്ടു പോരാത്തതൊക്കെയും തരകനും അരജനും ഇവരു വന്നിരുന്ന് വെട്ടിക്കകയും.''

''ഞങ്ങൾ എല്ലാവരുംകൂടെ ഈ മലയിൽ കയറി ഒരു മരത്തിന്റെ താഴെയിരുന്നു. ഇങ്ങനെ വെട്ടുകയും പൂട്ടുകയും ഇതിനു 4 ദിവസങ്ങൾക്കുമുമ്പിൽ കാട്ടുവെട്ടിയപ്പോൾ ഇവിടെ ഒരു കിണറു കണ്ടുവെന്നു വരികിൽ നമുക്ക ഏറെ പ്രയത്നം കൂടാതെ ഇരുന്നേനെയെന്നും ആയതിനു ദൈവസഹായമുണ്ടാകണമെന്നും ഇങ്ങനെ പറഞ്ഞു പിരിഞ്ഞാറെ രണ്ടുദിവസം കഴിഞ്ഞതിന്റെ ശേഷം കാട്ടുവെട്ടുന്നവരു കാട്ടിൽ നടന്നപ്പോൾ ഒരു പൊട്ടക്കിണർ പോലെ കാടിനകത്തു കണ്ടു. ഇതിനിടയിൽ ഇതിനുവേണ്ടി അനുവാദങ്ങൾ ലഭിക്കാനായി പോരൂക്കരയച്ചൻ കൊല്ലത്തും തിരുവനന്തപുരത്തുമായി ഓടിനടക്കുകയായിരുന്നു. യാക്കോ എന്ന സ്വഭാവ് പാറ്ത്തിയാരുടെയും മുതൽപിടിക്കാരന്റെയും പക്കൽനിന്നും പള്ളി വെയ്പാനുള്ള അനുവാദത്തിനായി ദിവസേന എന്നപോലെ പൊയ്ക്കൊണ്ടിരുന്നു. അച്ചന്മാർ കാട്ടുവെട്ടിച്ചു കഴിഞ്ഞ് സന്ധ്യയാകുമ്പോൾ അതിരമ്പുഴ പള്ളിയിലേക്ക പോകും. അവിടെ രാപാർത്തു കുർബാനയും കഴിഞ്ഞു പിറ്റേ ദിവസം രാവിലെ തന്നെ ബേസ്റൗമ്മായിൽ എത്തും. ഈ നടപ്പും പണിയും വളരെ ബുദ്ധിമുട്ടാണെന്നു അച്ചന്മാർക്കും നാട്ടുകാർക്കും പലപ്പോഴും തോന്നാതിരുന്നില്ല. ഈ ദിവസങ്ങളിൽ ഞങ്ങൾ പട്ടക്കാർക്കും വേലക്കാരു മുതലായവരൊക്കെക്കും പെരുമാലിൽ നിന്നും യാവന തരികയും ആയിടയിൽ ഏറിയ ബുദ്ധിമുട്ട ഞങ്ങളെ പ്രതി അനുഭവിക്കുകയും ഞങ്ങൾക്ക കിടപ്പാനുള്ളതിന് പിറേറഴുത്തു ഈച്ചരച്ചാര എന്നു ചൊല്ലുന്നയാളുടെ കളപ്പുര വാങ്ങിച്ചു വെടിപ്പു വരുത്തി തരികയും ചെയ്തു.''

ഈ ദിവസങ്ങളിൽ വിശ്രമാർത്ഥം തൈരാനച്ചൻ അള്ളുങ്കൽനിന്നും കടമാളൂർ വന്നു താമസിക്കുകയായിരുന്നു. കരി

ശ്ശുനാട്ടി ദർശന വീടിന്ന ഉടനെ തന്നെ കല്ലിടണമെന്നു കര്യാക്കോസച്ചനും മററും അതിയായി ആഗ്രഹിച്ചു. ഈ വിവരം മെത്രാനച്ചനോടു പറഞ്ഞപ്പോൾ അദ്ദേഹം തന്നെ മുതൽ പിടിക്കാരന്റെ അനുവാദത്തിനുള്ള അപേക്ഷ എഴുതി കൊടുത്തു. കുരിശുനാട്ടി പനമ്പുമറ വെച്ചു താമസം തുടങ്ങിയാൽ പിന്നീട് സാവധാനത്തിലേ പണി നീങ്ങുകയുള്ളൂ എന്നതുകൊണ്ട് ചെറുതായിട്ടൊരു കുരിശുപുര കല്ലുകൊണ്ടുതന്നെ കെട്ടണമെന്ന് മെത്രാനച്ചൻ ആവശ്യപ്പെടുകയുണ്ടായി. അനുവാദത്തിനുവേണ്ടി യാക്കോ ഓടിനടക്കുമ്പോഴും — കാടുവെട്ടുക, നിരപ്പാക്കുക മുതലായ ജോലികളും കര്യാക്കോസച്ചൻ ചെയ്തിരുന്നു. പാലയ്ക്കലച്ചൻ വല്ലപ്പോഴുമൊക്കെ വന്നു പോയ്ക്കൊണ്ടിരുന്നു. പോത്തുകരയച്ചൻ ധർമ്മപ്പിരിവിനായി തെക്കൻനാടുകളിൽ ചുററി സഞ്ചരിക്കയായിരുന്നു. അങ്ങനെപ്രാർത്ഥനയുടെയും പൊതു ജനങ്ങളുടെ ആഗ്രഹത്തിന്റെയും ഫലമായി പ്രവർത്തിയാരുടെ അനുവാദം ലഭിക്കുകയും ഉടനെ തന്നെ ഒരു കുരിശുനാട്ടണമെന്നു തീരുമാനിക്കുകയും ചെയ്തു. "മലയാററൂരച്ചൻ തൈയ്യിൽ ചെന്ന് മരം വാങ്ങിച്ച് ഒരു കുരിശും തീർത്ത് കോരപ്പണിക്കരെയും വരുത്തി സന്ധ്യയായ ഉടൻ കരക്കാരും തരകന്റെയും കൊച്ചുപോത്തൻ മാപ്പിളയുടെയും കൃഷിക്കാരും വന്നെത്തി. കളപ്പുരയിൽ വച്ചു പോത്തുക്കരയച്ചൻ കുരിശു റൂശ്മാ ചെയ്തു. കൊട്ടും ഘോഷത്തോടും കൂടെ കൊണ്ടു ചെന്ന് മേടമാസം (ഏപ്രിൽ 28) രാത്രിയിൽ കുരിശും നാട്ടി സകല വിശുദ്ധരുടെയും ലത്തീനിയ ചൊല്ലിതീർന്നപ്പോൾ ഉള്ളാട്ടുതറ ശങ്കാശ്ശന്റെ അന്തജനെ ഒരു പാമ്പുകടിച്ചു. ഉടനെ തന്നെ ഹന്നാൻ വെള്ളം തളിച്ച് പോത്തുക്കരയച്ചൻ പ്രാർത്ഥിച്ചു. കുട്ടി പിറേറ ദിവസം സുഖം പ്രാപിച്ചു. ഇങ്ങനെ ഓലൻ കുന്നാമല എന്ന കുന്നിൽ ക്രിസ്തുവിന്റെ വിജയ ചിഹ്നമുയർന്നു. അതോടൊപ്പം ഭാരതസഭയുടെ ഒരു പുതുയുഗപിറവിയും ഉദയംകൊണ്ടു.

# 10. മാന്നാനം പോലെ മാന്നാനം മാത്രം

മാന്നാനം കുന്നിന്റെ ഈ തെരഞ്ഞെടുപ്പ് എത്ര സുന്ദരമായിരിക്കുന്നു എന്ന് മാന്നാനത്തു ഒരിക്കലെങ്കിലും പോയിട്ടുള്ളവർ തലകുലുക്കി സമ്മതിക്കും. 2 കോളെജുകളും ഹോസ്റ്റലുകളും ബോർഡിംഗുകളും പ്രസ്സും മറ്റുകടകമ്പോളങ്ങളുമായി പട്ടണത്തിന്റെ തിക്കുമുട്ടൽ മാന്നാനത്തും എത്തിനോക്കുന്നുണ്ടെങ്കിലും ഇന്നും പ്രശാന്തപൂർണ്ണമായ മാന്നാനം കുന്നു ശാന്തിയുടെയും ഈശ്വരസായൂജ്യത്തിന്റെയും ഒരു തപോവനം തന്നെയാണ്. കുന്നിൻമുകളിൽനിന്നു പടിഞ്ഞാറോട്ടു നോക്കിയാലുള്ള പ്രകൃതിഭംഗി അതീവഹൃദ്യമാണ്. കടലും കായലും കരയും കരിപാടങ്ങളും നിരനിരയായ തെങ്ങിൻതലപ്പുകളും പച്ചവിരിച്ച വിശാലമായ കുട്ടനാടൻ നെല്പാടങ്ങളും അതിനിടയിലൂടെ വളഞ്ഞുപോകുന്ന തോടുകളും എല്ലാം നയനാനന്ദകരം തന്നെ. രാത്രിയിൽ അങ്ങു ദൂരെ കപ്പലുകളെ ഒളിമിന്നി മാടിവിളിക്കുന്ന ആലപ്പുഴ ദീപസ്തംഭത്തിലെ ദീപം വരെ മാന്നാനത്തു നിന്നാൽ വ്യക്തമായി കാണാം. ആറുകണക്കിനു കല്പടവുകൾ കെട്ടി റോഡിലേക്കിറങ്ങുന്ന വഴിയും അതിന്റെ ഇരുവശവും കുരിശിൻവഴികളിലെ മാർക്കളും എത്ര സംപൂജ്യം. ഭൂമിയിലെ ഈ കൊച്ചുപറുദീസ കണ്ടുപിടിക്കുവാൻ പിതാക്കന്മാർ കൊല്ലങ്ങളോളം കേരളത്തിൽ അങ്ങോളമിങ്ങോളം തീർത്ഥയാത്ര നടത്തിയതു് ഒട്ടുംതന്നെ ഒരു നഷ്ടമായിരുന്നില്ല. അവരുടെ സ്വപ്നത്തിലെ ഗിരിശൃംഗത്തേക്കാൾ മനോഹരമായ ഈ സ്ഥലം കണ്ടെത്തിയപ്പോൾ പിതാക്കന്മാർക്കുണ്ടായ ആനന്ദവും അഭിമാനവും അവാച്യമായിരുന്നു.

### ആശ്രമം

1828 ഏപ്രിൽ മാസത്തിലെ ഒരു സായംസന്ധ്യയിൽ നാട്ടിയ കുരിശ് വളരെപേരെ ആകർഷിച്ചു. ചുററും

പന്തൽകെട്ടി എല്ലാദിവസവും സകല വിശുദ്ധന്മാരുടെ ലുത്തിനിയായും മററു പ്രാർത്ഥനകളും അവിടെ നടത്തുവാൻ തുടങ്ങി. ആളുകളും കൂട്ടംകൂടിവന്നു. പക്ഷെ, അച്ചന്മാർ രാത്രി കിടക്കുവാൻ അതിരമ്പുഴയ്ക്കാണ് പോയ്ക്കൊണ്ടിരുന്നത്. നല്ല സുഖമില്ലാത്ത പാലയ്ക്കൽ അച്ചനും പോരൂക്കരയച്ചനും കര്യാക്കോസച്ചനും അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രമൂലം വളരെയേറെ അവശരായിരുന്നതിനാൽ ഒരു കരിമ്പുരകെട്ടി മലരുകളിൽ കുർബാന ചൊല്ലുവാൻ മെത്രാനച്ചനോട് അഭിപ്രായം ചോദിച്ചു. പക്ഷേ കല്ലുകൊണ്ട് ഒരു കരിമ്പുപള്ളിയുണ്ടാക്കി കുർബാന തുടങ്ങുന്നതാണ് ഉചിതം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനാൽ കപ്പേളയുടെ പണി വളരെ വേഗം നടത്തി. അതിനിടയിൽ ആശ്രമത്തിനു ശിലാസ്ഥാപനം നടത്തണമെന്നും പിതാക്കന്മാർ നിശ്ചയിച്ചു. 1831 മെയ് 11–ാം തിയ്യതി ആയിരുന്നു ഇതിനു നിശ്ചയിച്ച ദിവസം. മെത്രാനച്ചൻ നേരത്തെതന്നെ ഇതു നടത്താമെന്ന് സന്തോഷപൂർവ്വം സമ്മതിച്ചിരുന്നു. പക്ഷേ ദിവസമടുത്തപ്പോഴും അദ്ദേഹം രോഗിയായി എങ്കിലും അച്ചന്മാരുടെ നിർബന്ധത്തിനു വഴങ്ങി മാന്നാനത്തു വന്നു പനമ്പുവെച്ചു മറച്ച ഒരു മുറിയിൽ അന്തിയുറങ്ങി. പക്ഷേ പിറേറദിവസം അസ്വാസ്ഥ്യം വർദ്ധിച്ചു. തന്മൂലം പാലയ്ക്കൽ മല്പാനച്ചനോ, പോരൂക്കരയച്ചനോ കല്ലിട്ടാൽ മതിയെന്ന് മെത്രാനച്ചൻ നിർദ്ദേശിച്ചു. ഒരാൾ മറേറയാൾക്ക് അവസരംകൊടുത്തുകൊണ്ട് പിന്മാറിയെങ്കിലും അവസാനം പോരൂക്കര തോമാച്ചൻ തന്നെ അതു നിർവഹിക്കട്ടെ എന്ന തീരുമാനം ഉണ്ടായി. ആശ്രമം ആരുടെ നാമത്തിൽ വേണമെന്ന കാര്യത്തെക്കുറിച്ച് അവർ ആലോചിച്ചു. വി. ഡൊമിനിക്കോസ് എന്നു പാലയ്ക്കൽ മല്പാനച്ചനും യൗസേപ്പിതാവിന്റെ നാമത്തിൽ എന്ന് പോരൂക്കരയച്ചനും അഭിപ്രായപ്പെട്ടു. അവസാനം പോരൂക്കരയച്ചന്റെ അഭിപ്രായത്തിനു സമ്മതിച്ച് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ആശ്രമത്തിനു കല്ലിട്ടു. അന്നു സ്ഥാപിച്ച ശില ഒരു വെറും കെട്ടിടത്തിനല്ലായിരുന്നു. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസ സമൂഹമെന്ന മഹാസ്ഥാപനത്തിനുവേണ്ടിയായിരുന്നു.

താമസിയാതെതന്നെ കപ്പേളയുടെ പണി ഏകദേശം തീർന്നു. പന്തക്കുസ്സാദിനത്തിൽതന്നെ മാന്നാനംകുന്നിൽ കുർബാന തുടങ്ങി. അതോടെ അച്ചന്മാരുടെ യാത്രാഭാരം കുറഞ്ഞു. കുർബാന ചൊല്ലിയ ദിവസം കൂടിയ പട്ടക്കാർ ഓരോരുപ നേർച്ചയിട്ടെന്നും അൻപതു രൂപയിൽ കൂടുതൽ കിട്ടിയെന്നും കുര്യാക്കോസച്ചൻ എഴുതിക്കാണുന്നു. അതിനാൽ ഈ എളിയ സംരംഭത്തിന് അന്നത്തെ കേരളക്കരയിലുള്ള ആകെ സുറിയാനി വൈദികരിൽ മൂന്നിൽ ഒരുഭാഗം സാക്ഷ്യം വഹിച്ചു എന്നു നമുക്കു ന്യായമായും ഊഹിക്കാം.

ഇത്രയൊക്കെ ചെയ്തുവെങ്കിലും നട്ട കല്ല് ഉറപ്പിച്ചെടുക്കുക ഒരു വലിയ പ്രശ്നമായി. പണി മുമ്പോട്ടു കൊണ്ടുപോകുവാൻ പണം വേണം. അതിനു പള്ളികൾ തോറും അച്ചന്മാർപോയി സംഭരിക്കണം, പലരേയും കണ്ടു യാചിക്കണം, ഇതിനായി ഒരാളും പോകാതെ നിവൃത്തിയില്ല. പാലയ്ക്കൽഅച്ചൻ ശമ്മാശ്ശന്മാരുടെ കാര്യം നോക്കുവാൻ പള്ളിപ്പുറത്തിനു പോകാതിരിക്കാൻ വയ്യ. മാന്നാനത്തു കുർബാന മുടക്കുവാനും വലിയ മടി. അവസാനം പോരൂക്കരെയച്ചൻ പണപ്പിരിവിനും പാലയ്ക്കലച്ചൻ പള്ളിപ്പുറത്തിനും പോകുവാൻ നിശ്ചയിച്ചു. ചാവറയച്ചനും കണിയാന്തറ യാക്കോയും മാന്നാനത്തു താമസിക്കാനും തീരുമാനിച്ചു. എഴുന്നൂററിക്കാരിൽ പ്രമാണികളായ പള്ളിക്കാർ കൂടി, അഞ്ഞൂററിക്കാർക്കു പട്ടം കൊടുക്കാൻ മൗറേലിയൂസ് മെത്രാനെ അനുകൂലിച്ചതിനാൽ, ഈ മൂന്നു വൈദികരെ ഒരിക്കലും അവരുടെ പള്ളികളിൽ പ്രവേശിപ്പിക്കുകയോ പ്രസംഗിപ്പിക്കുകയോ പണം കൊടുത്തുസഹായിക്കുകയോ ചെയ്യരുതെന്നു ഒരു സർക്കുലർ ആയിടക്ക് ഇറക്കിയിരുന്നു. തന്നെയുമല്ല എഴുന്നൂററിക്കാരുടെ നിരന്തരമായ നിർബന്ധം മൂലം മൗറേലിയൂസ് മെത്രാനെ റോമിലേയ്ക്കു വിളിക്കുകയും പകരം ഫ്രാംസീസ്കോസ് സേവിയർ മെത്രാനെ വരാപ്പുഴയ്ക്കു നിശ്ചയിച്ചുകൊണ്ടുള്ള റോമിലെ കല്പന വരികയും ചെയ്തു. ഈ വാർത്ത ഒരു വെള്ളിടിപോലെയാണ് സ്ഥാപക പിതാക്കന്മാരുടെ കാതിൽ പെട്ടത്. ആശ്രമസ്ഥാപനത്തിനു താങ്ങും തണലുമായ മൗറേ

ലിയൂസ് മെത്രാനച്ചന്റെ വേർപാട് അവർക്ക് താങ്ങാവുന്നതിൽ വലിയ ദുഃഖമായിരുന്നു. റോമിലേക്ക് കപ്പൽ കയറുവാൻ ഒരുങ്ങിയ മെത്രാനച്ചനെ അച്ചന്മാർ മുനമ്പേരം ചേന്ന് കണ്ണീരോടെ യാത്രയാക്കുന്നു. യാത്രയാക്കിയതിനുശേഷം അച്ചന്മാർ കഴിച്ച രാത്രിയെ ദുഃഖരാത്രിയെന്നാണ് ചാവറയച്ചൻ വിശേഷിപ്പിച്ചിരിക്കുന്നത്.

എങ്കിലും കൊടുങ്ങല്ലൂർ ഗോവർണ്ണദോർ മെത്രാനിൽ നിന്നും നിക്കൊളാവൂസ് എന്ന മിഷനറി പ്രമുഖനിൽ നിന്നും ഓരോ അനുവാദപത്രം കിട്ടിയതുകൊണ്ട് നമ്മുടെ അച്ചന്മാർ വീണ്ടും പണപ്പിരിവിനുപോയിത്തുടങ്ങി. വേലക്കാരെ കാലത്തു വേലയ്ക്കു നിറുത്തിയിട്ട് വൈകിട്ട് പിരിവിനു പോയ അച്ചന്റെ വരവുംകാത്തു വേലക്കാർ കൂലിക്കുനിന്ന ദിവസങ്ങളുംപലതുണ്ടായിട്ടുണ്ട്. പ്രതികൂലമായപുതിയ സാഹചര്യത്തിൽ ദൈവകരം എങ്ങനെ ഈ പുതിയ സംരംഭത്തെ കാത്തുപരിപാലിച്ചു എന്ന് നമുക്കു പിന്നീടു കാണാം.

## 11. ബലിയേക്കാൾ ശ്രേഷ്ഠം അനുസരണം

പുതിയ മെത്രാൻ പ്രംസിസ്ലോസ് സേവ്യർ തങ്ങളുടെ പുതിയ സംരംഭത്തോട് എങ്ങിനെ പ്രതികരിക്കുമെന്ന സന്ദേഹം കര്യാക്കോസച്ചനും കൂട്ടർക്കുമുണ്ടായിരുന്നു. അവർ മൗറേലിയസ് സ്റ്റബിലീനി മെത്രാനച്ചന്റെ എഴുത്തും അനുവാദപത്രവും പുതിയ മെത്രാനച്ചനെ കാണിക്കുകയുണ്ടായി. എതിർത്തോ അനുകൂലിച്ചോ ഒന്നും പറയാതെ വൈദികരെ പറഞ്ഞയച്ചു.

ഏറെ താമസിയാതെ വളരെ അപ്രതീക്ഷിതമായ ഒരു നടപടിയാണ് പ്രംസിസ്ലോസ്മെത്രാനിൽനിന്നും ഉണ്ടാ

യതു്". പോരൂക്കര തോമ്മാച്ചനെ കൊല്ലത്തു തങ്കശ്ശേരി, പിള്ളത്തോപ്പ്" എന്നീ ഇടവകകളുടെ വികാരിയായും. ചാവറയച്ചനെ തെക്കൻ പള്ളിപ്പുറം വികാരിയായും സ്ഥലം മാററിക്കൊണ്ടുള്ള കല്പനയാണു് അവർക്കു കിട്ടിയതു്. വലിയ തെററിദ്ധാരണയ്ക്കു പുതിയമെത്രാനച്ചൻ വശംവദനായി എന്നതിൽ സംശയമില്ല. എഴുന്നൂററിക്കാരായ ലത്തീൻ വൈദികരുടെയും പുതിയസംരംഭത്തോടു അസൂയ ജനിച്ച കുറെ സുറിയാനി വൈദികരുടെയും തെററായ അഭിപ്രായങ്ങൾക്കു മെത്രാനച്ചൻ അധീനനായി എന്നു വ്യക്തമാകുന്നതായിരുന്നു ഈ നടപടി. എന്തുചെയ്യണമെന്നറിയാതെ പോരൂക്കരയച്ചനും, ചാവറയച്ചനും പാലയ്ക്കൽ മല്പാനച്ചന്റെ അടുക്കൽപാഞ്ഞെത്തി. പാലയ്ക്കലച്ചനും സംഭവമറിഞ്ഞു വളരെസങ്കടപ്പെട്ടു. ചാവറയച്ചൻ ധൈര്യംസംഭരിച്ചു പുതിയ മെത്രാനച്ചനെ സമീപിച്ചു് കാര്യങ്ങൾ വളരെ വ്യക്തതയോടെ ധരിപ്പിച്ചു. താൻ ഈ സമയത്തു മാന്നാനത്തുനിന്നു മാറിയാൽ ആശ്രമപ്പണിക്കുണ്ടാകുന്ന നഷ്ടംനേരവും, ഈ സംരംഭംതന്നെ നിന്നുപോകാനിടയുള്ള കാര്യവും വിവരിച്ചു. മെത്രാനച്ചൻ നിർവ്വികാരനായി ഇതുകേട്ടുകൊണ്ടിരുന്നു. തന്നെ പള്ളിപ്പുറത്തെ വികാരിജോലിയിൽനിന്നും ഒഴിപ്പിക്കണമെന്നു വളരെ സങ്കടത്തോടെ അപേക്ഷിച്ചു. അദ്ദേഹത്തിന്റെ വാക്കുകളിൽ തുടർന്നു വായിക്കുക, ''അപ്പോൾ ആ മുസ്സരതപത്തിന്റെ അവസ്ഥപ്രകാരം തിരഞ്ഞുകൊണ്ടു് തന്റെ തന്നിഷ്ടപ്രകാരം ബോധിച്ചിടത്തു നടക്കണം. മേല്പട്ടക്കാരന്റെ ചൊൽവിളി പഠിച്ചിട്ടില്ലയോ? എന്നും കുറെ കർശിച്ചു കല്പിച്ചതിനാൽ ഭയപ്പെട്ടു കല്പന അനുസരിച്ചുപോന്നു. പള്ളിപ്പുറത്തു പാർത്തു് അവിടെ വികാരിത്വം നടത്തി.'' എങ്കിലും ചാവറയച്ചന്റെ ആത്മാവും മനസ്സും മാന്നാനത്തുതന്നെയായിരുന്നു.

പാലയ്ക്കലച്ചന്റെ അനന്തിരവൻ വർക്കിച്ചൻ ആ ദിവസങ്ങളിൽ പള്ളിപ്പുറത്തു താമസിച്ചു വരികയായിരുന്നു. അദ്ദേഹത്തെ പള്ളികാര്യങ്ങൾ ഏല്പിച്ചിട്ടു് കൂടെക്കൂടെ മാന്നാനത്തു പോയി പണികൾ നോക്കിയിരുന്നു. ഒരിക്കൽ

യച്ചനെ വരാപ്പുഴയ്ക്കു പറഞ്ഞയയ്ക്കുകയും അദ്ദേഹത്തെ മെത്രാനച്ചൻ പള്ളിപ്പുറം വികാരിയായി നിശ്ചയിക്കുകയും ചെയ്തു.

ഒരു കൊല്ലത്തോളം അനിശ്ചിതമായി കഴിഞ്ഞ ഈ കാലഘട്ടത്തിൽ ചാവറയച്ചൻ എത്രമാത്രം മാനസിക വ്യഥ അനുഭവിച്ചു എന്നു നമുക്കു ഏകദേശം ഊഹിക്കാമല്ലോ. ഏതായാലും കാർമേഘം മുഴുവൻ പെയ്തു തീരുകയും ആകാശം പ്രകാശമാനമാകുകയും ചെയ്തു. ചാവറയച്ചൻ പൂർണ്ണമായി മാന്നാനത്തു താമസമാക്കി പണികൾ നടത്തിക്കുവാൻ തുടങ്ങി. താഴെ ചിറേറഴത്തു നായന്മാരുടെ വക കളപ്പുര വിലയ്ക്കു വാങ്ങി അവിടെ വസ്തുവകകൾ സൂക്ഷിക്കുകയും കുരിശിനു ചുററും കെട്ടിയ പന്തൽ മറച്ചുകെട്ടി അവിടെ രാത്രി കഴിക്കുകയും ചെയ്തു. കല്ലൂർക്കാട്ടു കല്ലുത്ര ഗീവർഗീസ് എന്ന പാലയ്ക്കലച്ചന്റെ ശിഷ്യനും ചാവറയച്ചനെ സഹായിക്കാൻ ഇടയ്ക്കിടയ്ക്കു മാന്നാനത്തു വന്നുകൊണ്ടിരുന്നു. പോരൂക്കരയച്ചൻ കൊല്ലത്തുനിന്നും അയച്ച മരപ്പണിയും, കൽപണിയും അറിയാവുന്ന ആശാരിവന്നപ്പോൾ വടക്കോട്ടുള്ള ആശ്രമ മുറികൾക്കും അടിസ്ഥാനമിട്ടു പണി തുടങ്ങി അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ പോരൂക്കര തോമ്മാച്ചനും വികാരി സ്ഥാനം ഒഴിഞ്ഞു മാന്നാനത്തു തിരിച്ചെത്തി.

മാന്നാനത്തും ചുററുമുള്ള പ്രദേശത്തും നല്ല ആഞ്ഞിലി തടികിട്ടാനില്ലാത്തതുകൊണ്ടും തടിക്കുവില കൂടിയതുകൊണ്ടും തടി അന്വേഷിച്ചു വടക്കൻ പ്രദേശങ്ങളിലേക്കു യാക്കോയെയും കൂട്ടി ചാവറയച്ചൻ പുറപ്പെട്ടു. തൊടുപുഴയ്ക്കടുത്തുള്ള വാഴക്കുളം, ആരക്കുഴ പ്രദേശത്തു നല്ലതടികൾ ലഭിക്കുമെന്നറിഞ്ഞു. പരിചയക്കാരായ വൈദികരുടെയും അൽമേനികളുടെയും സഹായത്തോടെ—ആരക്കുഴ, വാഴക്കുളം, നാഗപ്പുഴ, മൈലക്കൊമ്പ്, മുതലക്കോടം, ചുങ്കം മുതലായ സ്ഥലങ്ങളിൽ ചുററിസഞ്ചരിക്കുകയും പലവീടുകളിലും പള്ളികളിലും രാത്രിതാമസിച്ചുകൊണ്ട് നല്ല ആഞ്ഞിലിത്തടി വെട്ടിക്കുകയും ചെയ്തു. ദാനമായും, വിലക്കായും പലരും തങ്ങളുടെ പറമ്പിലെ തടി അച്ചനു നൽ

കി. ഈ യാത്രയിലാണു് വാഴക്കുളം പ്രദേശത്തു ഒരു പള്ളി ഇല്ലാത്തതുകൊണ്ടു് ആ നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹം മനസ്സിലാക്കിയതു്. ഇന്നു വാഴക്കുളം കൊവേന്തയിരിക്കുന്ന 'ഗണപതിക്കുന്നു്' അന്നുതന്നെ ഒരാശ്രമത്തിനു പററിയതാണെന്നു കഥാനായകനു തോന്നിയിരുന്നു. പക്ഷെ ഈ ആശയം പൂവണിയാൻ 1859 വരെ, 22 കൊല്ലം കാത്തിരിക്കേണ്ടിവന്നു. ഇങ്ങനെ തടിയുടെ ക്ഷാമം പരിഹരിച്ചപ്പോൾ മാന്നാനത്തു ദേവാലയവും ആശ്രമവും അതിവേഗം ഉയർന്നുപൊങ്ങി.

## 12. സന്യാസ സഭയെന്ന പനിനീർ ചെടി

മാന്നാനം കുന്നിൽ 1833–ൽ തന്നെ സന്യാസജീവിതം ആരംഭിച്ചു. ആരംഭത്തിൽ ഒരു സന്യാസ സഭയെയും കൂട്ടുപിടിക്കാതെ ആരുടെയും ന്യായപ്രമാണം അനുകരണത്തിനെടുക്കാതെ അമലോത്ഭവ ദാസസംഘട്ടമായിട്ടാണു് അതു പ്രവർത്തനമാരംഭിച്ചതു്.

5 മണിക്കു എഴുന്നേററു് ഉദയാരാധനയ്ക്കു ശേഷം വൈദികർ കനോനനമസ്കാരം ചൊല്ലുന്നു. അതിനുശേഷം വൈദികവിദ്യാർത്ഥികളുമൊത്തു് പള്ളിയിൽ ചെന്നു്–ജപമാലയുടെ സന്തോഷ രഹസ്യവും കർത്താവിൻെറ തിരുമുറിവിൻെറയും വ്യാകുലമാതാവിൻെറയും പ്രാർത്ഥനയും—നൽമരണം ലഭിക്കാനും ബ്രഹ്മചര്യം കാത്തു സൂക്ഷിപ്പാനും യൗസേപ്പിതാവിനോടുള്ള പ്രത്യേകപ്രാർത്ഥന ചൊല്ലുന്നു. പട്ടക്കാർ ഇടന്നു കർബാന ചൊല്ലുന്നു. കർബാനയ്ക്കു ശേഷം സകല പുണ്യവാന്മാരുടെ ലുത്തിനിയയും നടത്തി ദേവാലയത്തിൽ നിന്നു പിരിയുന്നു. പിന്നീടു 12മണിവരെ പഠനസമയമാണു്. 12മണിക്കു ജപമാലയുടെ ദുഃഖരഹസ്യവും തിരുമുറിവിൻെറ പ്രാർത്ഥനയും യൗസേപ്പിതാവിൻെറ

സന്തോഷ സന്താപങ്ങളെ ചേർത്തുള്ള പ്രാർത്ഥനയും ചൊല്ലി—ഉച്ചക്ഷണത്തിനു പോകുന്നു. സന്ധ്യാജപത്തിനു മണിയടിക്കുമ്പോഴേക്കും എല്ലാവരും ദേവാലയത്തിൽ കൂടി അടുത്ത ദിവസത്തെ തിരുനാൾ വിശുദ്ധനെക്കുറിച്ചു വായിച്ചു ശേഷം—ജ്ഞാനമുത്തുമാല—എന്ന പുസ്തകവും വായിച്ചു ധ്യാനിക്കുന്നു. ധ്യാനാനന്തരം ദൈവമാതാവിന്റെ ലുത്തിനിയായും ''ശന്തർ ആലാഹാ!'' എന്ന ജപവും ചൊല്ലുന്നു. ഇടൻമഹിമയുടെ രഹസ്യവും തിരുമുറിവിന്റെയും ഉത്തരിയ മാതാവിന്റെയും യൗസേപ്പിതാവിന്റെയും പ്രാർത്ഥനകളും ചൊല്ലി പത്തുമണിവരെ പഠനമായി കഴിയുന്നു. വലിയ നോമ്പുകാലത്തു രാത്രി 12മണിവരെ പഠനവും പ്രാർത്ഥനയുമായി കഴിയുമായിരുന്നു. പ്രാർത്ഥനാബദ്ധമായ ഒരു ജീവിതമാണ് 1832 മുതൽ ഈ വൈദിക സമൂഹം നയിച്ചത്.

## കൂടുതൽ ഉത്തരവാദിത്വത്തിലേക്ക്

1841—ൽ പാലയ്ക്കലച്ചനും 1846 ജനവരി മാസത്തിൽ പോരൂക്കരയച്ചനും നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നു. മാന്നാനത്തു സമാരംഭിച്ച സഭാതരുവിനെയും ആശ്രമപണികളെയും, സെമ്മിനാരിയെയും നയിച്ചുകൊണ്ടു പോകുക എന്ന ഗൗരവമായ ചുമതല ചാവറയച്ചന്റെ ചുമലിൽ വന്നുകൂടി. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടു നീങ്ങി. തോപ്പിൽ ഗീവർഗ്ഗീസച്ചനും ,പുത്തൻ പുരയ്ക്കൽ കുഞ്ഞാക്കോ അച്ചനും, കളപ്പുരയ്ക്കൽ മത്തായിയച്ചനും മാത്രമായിരുന്നു ആദ്യത്തെ സഹചാരികൾ. ഇവർ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും അക്കാലത്തെ പ്രധാന പള്ളികളിൽ ധ്യാനം നടത്തി ദൈവജനത്തെ വിശുദ്ധിയിൽ നയിക്കുകയും ചെയ്തു. മാന്നാനത്തെ കൊച്ചു സമൂഹത്തെക്കുറിച്ചുള്ള ഖ്യാതി എങ്ങും പരന്നു. പലരും ഈ സമൂഹത്തിൽ ചേരുവാൻ വന്നു തുടങ്ങി. മുഞ്ഞനാട്ടു മത്തായിച്ചൻ, കണിയാരകത്ത് മാണിയച്ചൻ, പാലയ്ക്കൽ കര്യച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ കളത്തിൽ സ്കറിയ ശമ്മാശ്ശൻ എന്നിവരാണ് അവരിൽ പ്രമുഖർ.

ഈ സമൂഹത്തെ തിരുസഭയിലെ സന്യാസ സമൂഹമായി അംഗീകരിപ്പിച്ചെടുക്കണമെന്ന് കര്യാക്കോസച്ചനു തോന്നി. അതിനായി വരാപ്പുഴമെത്രാപ്പോലീത്താ ബെർണർദീനോസ് തിരുമനസ്സിലെ അടുക്കൽ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചു. അമലോത്ഭവ മാതാവിന്റെ ഒരു സ്വതന്ത്രസഭയായിത്തീരണമെന്നാണ് കര്യാക്കോസച്ചനും കൂട്ടുകാർക്കും അന്നുണ്ടായിരുന്ന അഭിവാഞ്ഛ. പോരെങ്കിൽ ആയിടയ്ക്കാണ് അമലോത്ഭവരഹസ്യം വിശ്വാസ സത്യമായി 9–ാംപീയൂസ് മാർപാപ്പ പ്രഖ്യാപിച്ചതു്. കർമ്മലീത്താ സഭക്കാരായ മെത്രാപ്പോലീത്തായും പ്രമുഖരായ മിഷനറി വൈദികരും കര്യാക്കോസച്ചന്റെയും കൂട്ടരുടെയും ജീവിതക്രമത്തെ വളരെ ശ്ലാഘിക്കുകയും അവരുടെ സഭയുടെ മൂന്നാം സഭയായി അനുവദിച്ചാൽ നന്നായിരിക്കുമെന്നാഗ്രഹിക്കുകയും ചെയ്തു. അതനുസരിച്ചു കർമ്മലീത്താ മൂന്നാം സഭയുടെ നിയമങ്ങൾ മാന്നാനത്തേക്ക് അയച്ചുകൊടുത്തു. അതു വായിച്ച് അവയിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് അറിയിക്കണമെന്ന ഒരെഴുത്തും കൂടെയുണ്ടായിരുന്നു. ഇതനുസരിച്ച് ചാവറയച്ചൻ പല പ്രാവശ്യം അച്ചന്മാരെയും ശെമ്മാശന്മാരെയും നവസന്യാസികളെയും കൂട്ടി നിയമസംഹിത വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. അതിലുള്ള ഉപവാസം, മൗനം, ഏകാന്തം മുതലായ കർശമായ നിയമങ്ങൾ ഇവർ ആഗ്രഹിക്കുന്ന ജനോപകാര പ്രവൃത്തികൾക്കു ചേർന്നതല്ലെന്ന പ്രബലമായ അഭിപ്രായം പലരും പ്രകടിപ്പിക്കുകയുണ്ടായി. മലയാളത്തിലെ സുറിയാനിക്കാർക്കു ആണ്ടിൽ ഒമ്പതുദിവസം മാത്രമേ ഉപവാസം അനുഷ്ഠിക്കാൻ കടമയുള്ളു എന്നും 25 നോമ്പിന്റെയും, 50 നോമ്പിന്റെയും എല്ലാ ദിവസങ്ങളിലും ഉപവാസമനുഷ്ഠിക്കാൻ കല്പിക്കുന്ന നിയമകാര്യം സുറിയാനി റീത്തിലെ ചൈതന്യത്തിന് നിരക്കാത്തതാണെന്നും മറ്റും ചാവറയച്ചൻ മെത്രാപ്പോലീത്താക്ക് മറുപടി എഴുതി അയച്ചു.

**സന്യാസസ്വീകരണം**

അമലോത്ഭവ തിരുനാളിൽതന്നെ അമലോത്ഭവദാസസംഘം സമാരംഭിക്കുന്നതു നല്ലതാണെന്നഭിപ്രായമുണ്ടായിരുന്നതിനാൽ ഇവരെ ധ്യാനിപ്പിച്ചു അതിനു ഒരുക്കുന്നതിനായി മാർസ്ലീനോസ് എന്ന മിഷനറിയെ മാന്നാനത്തേക്കു അയച്ചു. ക്രോഡീകരിച്ച കർമ്മലീത്താ നിയമസംഹിത അനുസരിച്ചു ജീവിക്കുവാൻ താല്പര്യമുള്ളവരെ മാത്രം സഭാംഗങ്ങളാക്കിയാൽ മതിയെന്നും മറ്റുള്ളവരെ പറഞ്ഞുവിടാമെന്നും മെത്രാപ്പോലീത്ത നിർദ്ദേശിച്ചിരുന്നു. ആശ്രമ ആവൃതി—മൗനനിയമം ഇവ ധ്യാനത്തോടുകൂടി നടപ്പാക്കി: ആവൃതിയും നീണ്ട മൗനവ്രതവുമെല്ലാം പലർക്കും വളരെ അസാധാരണമായി തോന്നിത്തുടങ്ങി. അതിനാൽ—അച്ചന്മാരിൽ 2 പേരും—ശെമ്മാശ്ശന്മാരിൽ 8 പേരും യോഗാർത്ഥികളിൽ ഒരാളും—ഇങ്ങനെ 11 പേർ സഭാനിയമങ്ങളുടെ കാർക്കശ്യം മൂലം പിൻവാങ്ങി—അച്ചന്മാരിൽ ഒരാൾ പിന്നീട് സഭയിൽ ചേരുകയുണ്ടായി. പകുതിപ്പേർ പിൻവാങ്ങിയതിൽ ചാവറയച്ചനു വളരെ സങ്കടം തോന്നി. മെത്രാനച്ചനെ ഈക്കാര്യം അറിയിച്ചപ്പോൾ ''നല്ല മനസ്സും ധൈര്യവും ഉള്ളവരെ മതിയെന്നും ബാക്കിയുള്ളവർ പോകുന്നെങ്കിൽ പോകട്ടെ''യെന്നുമാണു പറഞ്ഞതു്.

ധ്യാനം 1855 ഡിസംബർ 8—ാം തീയതി രാവിലെ അവസാനിച്ചു. അച്ചന്മാരിൽ 12 പേർ വ്രതം ചെയ്യാൻ തയ്യാറായി. പക്ഷെ ഒരാൾക്കു കലശലായ രോഗമാകയാൽ 11 പേരാണു് 8—ാം തിയ്യതി വ്രതം ചെയ്യാൻ തയ്യാറായതു്. അന്നുള്ള ഒറ്റ ഉടുപ്പിന്റെക്കൂടെ ഒരു തുകൽവാറും ഉടുപ്പിന്റെയുള്ളിൽ രോമംകൊണ്ടുള്ള ചെറിയ ഉത്തരീയവുമായിരുന്നു പ്രത്യേകമായ സന്യാസവസ്ത്രങ്ങൾ. ശെമ്മാശ്ശന്മാർക്ക— തുകൽവാറില്ലാതെ ഉത്തരീയം മാത്രവും യോഗാർത്ഥികൾക്കു് ളോവയില്ലാതെ അങ്കർക്കാ എന്ന പ്രത്യേകവസ്ത്രവും നിശ്ചയിക്കപ്പെട്ടു. 1855 ഡിസംബർ 8—ാം തിയ്യതി ശനിയാഴ്ച 10 മണിക്കു പാട്ടുപൂജയ്ക്കു മുമ്പ് ഒന്നാമത്തെ ആളായ കുര്യാക്കോസച്ചന്റെ വ്രതാനുഷ്ഠാനവും കുർബാന കഴിഞ്ഞു ബാക്കി 10 പേരുടെ വ്രതാനുഷ്ഠാനവും

നടത്താമെന്നും തീരുമാനിച്ചു. 9 മണിക്കുതന്നെ സമൂഹം പ്രദിക്ഷിണമായി പള്ളിയിലേക്കു പുറപ്പെട്ടു. ആദ്യം യോഗാർത്ഥികൾ— അവരുടെ പുറകെ നവസന്യാസികളും ശെമ്മാശ്ശന്മാരും, പിന്നീട് അച്ചന്മാരും ഏറ്റം ഒടുവിൽ കര്യാക്കോസച്ചനും എന്നീ ക്രമത്തിലായിരുന്നു പള്ളിയിലേയ്ക്കുള്ള പ്രദക്ഷിണം. കൈയ്യിൽ തുകൽ വാറും ചെറിയ സ്കാപ്‌ലാരയും (ഉത്തരീയവും) സ്വന്തം കൈപ്പടയാൽ എഴുതിയ വ്രതവാഗ്ദാന പത്രികയുമുണ്ടായിരുന്നു. മെത്രാപ്പോലീത്താച്ചന്റെ പ്രതിനിധിയായി മർസ്സിനോസ് മിഷനറി സുർപ്ലീസ്സും ഊറാറയും ധരിച്ചു അലങ്കരിച്ച കസേരയിൽ നടുക്കു ഉപവിഷ്ടനായി. മറ്റുള്ളവർ ചുറ്റുമുള്ള ബെഞ്ചുകളിൽ ഇരുന്നു. ചാവറയച്ചൻ മർസ്സിനോസ് മിഷനറിക്ക് അഭിമുഖമായി മുട്ടുകുത്തി അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു കര്യാക്കോസച്ചൻ വ്യക്തമായ മറുപടി കൊടുത്തു. ചോദ്യങ്ങൾക്കുശേഷം മർസ്സിനോസ് മിഷനറിയുടെ ഉപദേശമായിരുന്നു. അനന്തരം വ്രതവാഗ്ദാനം എഴുതിയ കടലാസിൽ മിഷനറി തൂങ്ങപ്പെട്ട രൂപം വച്ചുകയും കടലാസിൽ ഇരുവശത്തും കൈപിടിച്ചുകൊണ്ട് കുരിശുരൂപവും മർസ്സിനോസച്ചന്റെ കരവും ചുംബിച്ചുകൊണ്ട് എഴുതിക്കൊണ്ടുവന്ന കടലാസിലെ വാചകങ്ങൾ കര്യാക്കോസച്ചൻ ദ്രവസ്വരത്തിൽ വായിച്ച് അനുസരണം, കന്യാവ്രതം, ദാരിദ്ര്യം എന്നീ വ്രതങ്ങളാൽ ദൈവത്തിനു സ്വയം സമർപ്പിക്കുകയും ചെയ്തു. വ്രതാനുഷ്ഠാനത്തിനുശേഷം സ്കാപ്പുലർ അണിയിക്കുകയും തുകൽ വാറു കെട്ടിക്കുകയും ചെയ്തു. അനന്തരം നിലത്തു കമഴ്ന്നു കിടന്നു. സുറിയാനിയിൽ പാടേണ്ട സ്തോത്രഗീതം കൈവശമില്ലാതിരുന്നതിനാൽ പകരം പരിശുദ്ധാത്മാവിനുള്ള സ്തുതിപാടി ഇതുകഴിഞ്ഞു പ്രദിക്ഷിണമായി വന്നക്രമത്തിൽ എല്ലാവരും ആശ്രമത്തിലേയ്ക്കു പോയി. മർസ്സിനോസച്ചൻ എല്ലാവർക്കും വേണ്ടി ചാവറയച്ചനെ അനുമോദിച്ചു പ്രസംഗിച്ചു. അതിനുശേഷം എല്ലാവരുടെയും ശ്രേഷ്ഠനായി (പ്രിയോർ) ചാവറയച്ചനെ നിയമിച്ചിരിക്കുന്ന മെത്രാപ്പോലീത്താച്ചന്റെ കല്പന വായിച്ചു. ഇതു സ്വീകരിച്ചുറപ്പിച്ചതിന്റെ സൂചനയായി ഓരോരുത്തരും ചാവറയച്ചന്റെ

മുമ്പിൽ മുട്ടുകുത്തി കരം ചുംബിച്ചു. കുറച്ചു വിശ്രമിച്ചതിനുശേഷം വീണ്ടും പ്രദക്ഷിണമായി എല്ലാവരും പള്ളിയിലേക്കു പോയി. വ്രതാനുഷ്ഠാനത്തിനു സ്വന്തം കൈപ്പടയിലുള്ള വാഗ്ദാനപത്രവും ചെറിയ സ്കാപ്പുലാരയും തുകൽവാറും വഹിച്ചിരുന്നവർ 10 പേരായിരുന്നു: പള്ളിക്കുന്നു തോപ്പിൽഗീവർഗീസച്ചൻ, ചമ്പക്കുളം പോരൂക്കര കുര്യാക്കോസച്ചൻ, അതിരമ്പുഴ കൊച്ചുപുരയ്ക്കൽകുര്യച്ചൻ, ളാലം പുത്തൻപള്ളി മുത്തനാട്ടു മത്തായി അച്ചൻ, പാലാ കളപ്പുരയ്ക്കൽ മത്തായി അച്ചൻ, കൈനകരി വല്യാറ യാക്കോച്ചൻ, ളാലംപുത്തൻപള്ളി കണിയാറകുന്നു മാണിയച്ചൻ, പള്ളിപ്പുറത്തെ പാലയ്ക്കൽ കുര്യച്ചൻ, പാലാ കട്ടക്കയത്തു ചാണ്ടിയച്ചൻ, പുളിങ്കുന്നു് കളത്തിൽ സ്കറിയാച്ചൻ; ഇവർ പഴയപോലെ പള്ളിയിൽ പ്രവേശിച്ചു് എല്ലാവരും ഇരുന്നു. ചാവറയച്ചനാണു് ശ്രേഷ്ഠനെന്ന നിലയിൽ സുർപ്ലീസും ഊറാലയും ധരിച്ചു് അലങ്കരിച്ച കസേരയിൽ ഇരുന്നതു്. ഈരണ്ടുപേരായി വ്രതാനുഷ്ഠായികൾ ചാവറയച്ചന്റെ മുമ്പാകെ ഒന്നിനു പുറകെ ഒന്നായി മുട്ടുകുത്തി നിന്നു. ചാവറയച്ചന്റെ ചോദ്യങ്ങൾക്കു അവർ ഉച്ചസ്വരത്തിൽ മറുപടി കൊടുത്തു. മർസ്സീനോസച്ചൻ വീണ്ടും ഉപദേശം പറഞ്ഞു. പ്രിയോരച്ചന്റെ മുമ്പിൽ മുട്ടുകുത്തി ഓരോരുത്തർ സ്വന്തം വ്രതാനുഷ്ഠാനം എഴുതിയ കടലാസ് രണ്ടുകൈകൊണ്ടും പിടിച്ചു്—കുരിശുരൂപവും ചാവറയച്ചന്റെ കരവും ചുംബിച്ചു് വ്രതവാഗ്ദാനം ചെയ്തു. സന്യാസവസ്ത്രം ധരിപ്പിക്കയും വ്രതാനുഷ്ഠാനം കഴിഞ്ഞു് എല്ലാവരും പ്രദക്ഷിണമായി ആശ്രമത്തിലേക്കു മടങ്ങി. പ്രിയോരച്ചനു നന്ദി പറഞ്ഞു് എല്ലാവരും വീണ്ടും കരം ചുംബിച്ചു വണക്കം കാണിച്ചു.

ഭാരതത്തിലെ ആദ്യത്തെ സന്യാസസമൂഹത്തിന്റെ സമർപ്പണകർമ്മംകണ്ടു മാന്നാനത്തിന്റെ മൺതരികൾ കോരിത്തരിച്ചു. അന്നുമുതൽ സന്യാസക്രമങ്ങളും മൗനവും ആവൃതിനിയമവും കൃത്യമായി പാലിക്കാൻ തുടങ്ങി. 1860 വരെ—കർമ്മല സഭയുടെ നിയമങ്ങളിൽ കാലത്തിനടുത്ത ഭേദഗതികളെ വരുത്തിക്കൊണ്ടു് അനുഷ്ഠിച്ചുവന്നു. 1860-ൽ റോമായിൽ കൂടിയ കർമ്മലീത്തനിഷ്പാദുക ഒന്നാംസഭ

യുടെ പൊതുസംഘം ചാവറയച്ചന്റെയും കൂട്ടരുടെയും അപേക്ഷയോ, അറിവോ, സമ്മതമോ കൂടാതെ അതിനെ പ്രസ്തുതസഭയുടെ മൂന്നാംസഭയായി അംഗീകരിച്ചുകൊണ്ട് പ്രിയോരച്ചന്റെ പേർക്ക ഒരു അംഗീകാരപത്രം അയച്ചു കൊടുക്കുകയാണുണ്ടായത്. ബർണർദീനോസ് മെത്രാപ്പോലീത്താച്ചൻ ഒരുപക്ഷെ ഇതിനുവേണ്ടി ചോദിച്ചിരിക്കാം. മെത്രാനച്ചന്റെ അംഗീകാരമുള്ള അമലോത്ഭവ ദാസസംഘമെന്നപേരിൽ സ്വതന്ത്രമായ ഒരു സന്യാസസമൂഹത്തെ തന്നെയാണ് കേരളത്തിലെ ഈ വൈദികപ്രമുഖർവിഭാവനം ചെയ്തിരുന്നത്. ഭേദഗതികളോടു കൂടിയ കർമ്മലീത്താ നിയമാവലിയുടെ അനുഷ്ഠാനം താൽക്കാലികമാണെന്നായിരുന്നു അവരുടെ വിചാരം. പുതിയ ഭാരതീയ സഭയുടെ നിയമസംഹിത കാലാന്തരത്തിൽ രൂപംകൊള്ളുമെന്നും അവർ കരുതി. എങ്കിലും ബർണാർദ് മെത്രാപ്പോലീത്തായോടുള്ള ബഹുമാനം മൂലം പിതാക്കന്മാർ പരസ്യമായി ഇതിനെ എതിർത്തില്ല. അങ്ങനെ 1861 _ മുതൽ ക. നി. മൂ. സ. (കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ) എന്ന പേരിനാൽ (ടി. ഒ. സി. ഡി) ചാവറയച്ചന്റെ സമൂഹം അറിയപ്പെടുവാൻതുടങ്ങി. വസ്ത്രധാരണത്തിലെവ്യതിയാനവും ഇതുപോലെയായിരുന്നു. വ്രതാനുഷ്ഠാനത്തിന്റെബാഹ്യചിഹ്നമായ കെട്ട്—തുകൽ വാറായിരുന്നു. ആദ്യത്തെ പ്രത്യേകത സ്കാപുലർ—അല്പം വലുത്— ധരിക്കുക, അന്ന് അൽമായരും ചെയ്യുമായിരുന്നു. 1859—ൽനീണ്ടവെള്ളത്തരീയംധരിക്കുവാൻതുടങ്ങി. 1868മുതലാണ് വെള്ളശിരോവസ്ത്രം (കപ്പൂസ്) ധരിക്കാൻ തുടങ്ങിയത്. 1893—ൽ വസ്ത്രമെല്ലാം കപില നിറമാക്കുകയും രോമവസ്ത്രമാക്കുകയും ചെയ്തു. 1894-ൽ നീല കാപ്പയും 1914-ൽ നീലകാപ്പയുടെ സ്ഥാനത്ത് കർമ്മലീത്താക്കാരുടെ വെള്ള കാപ്പയായി തീരുകയുംഅങ്ങനെ പൂർണ്ണമായ കർമ്മലീത്താവസ്ത്രധാരണരീതി സ്വീകരിക്കുകയും ചെയ്തു. സഭാധികാരികളെ ദൈവസ്ഥാനക്കാരായി കണക്കാക്കിയിരുന്നു. ചാവറയച്ചൻ, മററുള്ളവരിലുണ്ടായ അതൃപ്തി പറഞ്ഞു ശമിപ്പിക്കുകയും അങ്ങനെ അക്കാലങ്ങളിൽ ബാഹ്യമായ ചിഹ്നങ്ങളോട് പോരാടാൻ സഭാംഗങ്ങളും തയ്യാറാവുകയും ചെയ്തു.

# 13. പൂവണിയുന്ന വേറൊരു സ്വപ്നം

മാന്നാനം ആശ്രമം സ്ഥാപിക്കുന്നതിനു മുമ്പേതന്നെ, വൈദികവിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ ഒരു വലിയ ആഗ്രഹം കുര്യാക്കോസച്ചൻ താലോലിച്ചു വന്നിരുന്നു. സുറിയാനിറീത്തിൽപ്പെട്ട വൈദികവിദ്യാർത്ഥികൾക്കു ഒരു വ്യവസ്ഥാപിതസെമിനാരി ഉണ്ടാകണമെന്ന ആശയം. വരാപ്പുഴയിൽ ലത്തീൻ റീത്തിൽപ്പെട്ട വൈദികർക്ക് അവിടത്തെ ആശ്രമത്തോടനുബന്ധിച്ച് ഒരു സെമിനാരി ഉണ്ടായിരുന്നു. അവിടെ നിന്നാണ് ലത്തീൻ പഠിക്കാൻപോയ ചാവറയെയും കൂട്ടുകാരെയും അവഹേളിച്ചുവിട്ടതു". ആ ഓർമ്മ ഇപ്രകാരമൊരു പ്രസ്ഥാനത്തെക്കുറിച്ചു ചിന്തിക്കാൻ ചാവറയച്ചനെ പ്രേരിപ്പിച്ചു. അദ്ദേഹം തന്നെ ഇതു് എഴുതിയിരിക്കുന്നതു കേൾക്കുക. ഇതിനിടയിൽ അച്ചനോടുകൂടി പഠിക്കുന്നതിൽ അതിരംപുഴക്കാർ ആലഞ്ചേരി എന്നും വല്യപറമ്പൻ എന്നും രണ്ടു ശെമ്മാശ്ശന്മാർ എളപ്പംകൊണ്ടും അച്ചൻ (പാലയ്ക്കലച്ചൻ) കൂടെക്കൂടെ വന്നു താമസിക്കയാലും അവിടെ പാർത്തുവന്നു. ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മല്പാനച്ചനും പഠിതാവും ശെമ്മാശ്ശന്മാരും കൂടെവേണം. അല്ലാഞ്ഞാൽ തുടക്കത്തിൽ ജനങ്ങളുടെ മനസ്സു വീഴുവാനും പള്ളിയ്ക്കടുത്ത ശുശ്രൂഷ ആഘോഷമായി ചെയ്യുവാനും പാടുണ്ടാകുകയില്ല. എന്നതിനാൽ സെമിനാരിയും പഠിത്തവും ഒരു ഭാഗത്തും കൊവേന്ത മറുവശത്തും. സെമിനാരിയിൽനിന്നുതന്നെ കൊവേന്തയിൽ പാർപ്പാനുള്ള മനസ്സുള്ളവരുണ്ടാകും (നാളാഗമം) പാലയ്ക്കലച്ചന്റെ ഈ അഭിപ്രായത്തോടു കുര്യാക്കോസച്ചൻ യോജിച്ചു. തന്മൂലം 1833– മുതൽതന്നെ മാന്നാനത്തു സുറിയാനിക്കാർക്കായി ഒരു വൈദികസെമിനാരി ആരംഭിച്ചു. രണ്ടു വൈദികവിദ്യാർത്ഥികളുമായി തുടങ്ങിയ മാന്നാനം സെമിനാരിയാണ് കാലാന്തരത്തിൽ മലബാർസഭയുടെ ഏറ്റവും വലിയ സെമിനാരിയായിത്തീർന്നതു്. പിൽക്കാലത്തു് ഇതു

നൂറടി നീളമുള്ള ഒരു കെട്ടിടം പണിതു. അതു് തിരുവിതാംകൂറിലെ അക്കാലത്തെ വലിയ കെട്ടിടങ്ങളിൽ ഒന്നായിരുന്നുതാനും. ഇരുന്നൂറോളം ശമ്മാശ്ശന്മാർ അവിടെ അഭ്യസനം നടത്തിയിരുന്നു എന്നവിവരം ഇന്നു പലർക്കും ഒരു പുതിയ അറിവായിരിക്കാം.

## സെമിനാരി – എന്ന ആശയഖനി

സെമിനാരി വൈദികാർത്ഥികൾ കൂടുതലായപ്പോൾ കൊവേന്തയിൽ കൂടുവാൻ താല്പര്യമുള്ളവരെ മുകളിലത്തെ നിലയിലും മറ്റുള്ളവർ താഴത്തെ നിലയിലുമായി ഒരു ക്രമീകരണം പോരൂക്കരയച്ചൻ വരുത്തി. അതിൽ കടക്കാച്ചിറ അന്തോനി ശമ്മാശ്ശൻ പാലയ്ക്കലച്ചന്റെ പക്കൽ പരാതി ബോധിപ്പിച്ചു. തന്മൂലം വീണ്ടും സെമിനാരിക്കാരെ ഒന്നാക്കി. ഇവയെല്ലാം വളരെ രസകരമായി കര്യാക്കോസച്ചൻ വിവരിക്കുന്നുണ്ടു്. മാന്നാനത്തു സെമിനാരി തുടങ്ങിയെങ്കിലും നാമമാത്രമായി പള്ളിപ്പുറത്തും പാലയ്ക്കലച്ചന്റെ സെമിനാരി തുടർന്നുവന്നു. രണ്ടിടത്തെയും മല്പാൻ പാലയ്ക്കലച്ചൻ തന്നെയായിരുന്നു. 1841–ജനുവരി 16–ാം തീയതി അദ്ദേഹം മരണം പ്രാപിക്കുന്നതുവരെ ഈ നില തുടർന്നു പോന്നിരുന്നു. സെമിനാരിയെക്കുറിച്ചു് കര്യാക്കോസച്ചനുള്ള ആശയം പ്രാബല്യത്തിൽ വരുത്തുവാൻ പിന്നെ അധികനാൾ താമസിക്കേണ്ടിവന്നില്ല. ക്രമീകൃതമായ ഒരു പാഠ്യപദ്ധതിയും കിട്ടാവുന്നിടത്തോളം പുസ്തകങ്ങൾ ശേഖരിച്ചു ഒരു നല്ല പുസ്തകശാലയും മാന്നാനം സെമിനാരിയോടു ചേർന്നുണ്ടായി. വൈദികവിദ്യാർത്ഥികളുടെ എണ്ണം കൂടിക്കൂടിവന്നു. ഇതിൽ സംപ്രീതനായി ഫ്രാൻസീസ് സേവ്യർ മെത്രാൻ 1844–ൽ ചാവറയച്ചനെ സുറിയാനി വൈദികവിദ്യാർത്ഥികളുടെ പൊതുമല്പാനും പരീക്ഷകനുമായി നിശ്ചയിച്ചുകൊണ്ടുള്ള നിയമനപത്രം നൽകി. 1866–ൽ വാഴക്കുളത്തും 1868–ൽ എൽത്തുരുത്തിലും 1872_ൽ പുളിങ്കുന്നിലും ഓരോ സെമിനാരികൾ കൂടി ആരംഭിക്കുകയുണ്ടായി. എല്ലാറ്റിന്റെയും പൊതു മല്പാൻ ചാവറയച്ചൻ തന്നെയായിരുന്നു. ആ

ശ്രമത്തിനോടു ചേർന്ന ഒരു സെമിനാരി വേണം എന്ന ആശയം കഥാനായകനുണ്ടായിരുന്നതായി ഇതിൽനിന്നും നമുക്ക് അനുമാനിക്കാം. 1866—ൽ പുത്തൻപള്ളി സെമിനാരി ആരംഭിച്ചെങ്കിലും 1894 വരെ സുറിയാനിക്കാരുടെ പ്രിയപ്പെട്ട സെമിനാരി മാന്നാനം സെമിനാരിയായിരുന്നു. സെമിനാരികളുടെ സ്ഥാപനത്തിലൂടെ സുറിയാനിസഭയുടെ മതപരമായ വളർച്ചയെ ക്രാന്തദർശിയായ കുര്യാക്കോസച്ചൻ ത്വരിതപ്പെടുത്തി. 1887—ൽ ലത്തീൻ ഭരണത്തിൽനിന്നും സുറിയാനിക്കാരെ തിരുസിംഹാസനം വേർപെടുത്തുകയും അവർക്കു തനതായ മെത്രാന്മാരെ നൽകുകയും ചെയ്തു. സുറിയാനിക്കാരുടെ പൊതു സെമിനാരി പുത്തൻപള്ളി സെമിനാരിയായിത്തീരുകയും മററു സെമിനാരികൾ ഇതിൽ ലയിക്കുകയും ചെയ്തു. ഈ പുത്തൻപള്ളി സെമിനാരിയാണു് മംഗലപ്പുഴ കുന്നിലേക്കു കാലാന്തരത്തിൽ മാററപ്പെട്ടതു്. സി. എം. ഐ. സഭയ്ക്കു സ്വന്തമായ സെമിനാരി ചെത്തിപ്പുഴയിൽ ആരംഭിച്ചു. പിന്നീടു് 1956—ൽ ഇതു ധർമ്മാരാം കോളേജായി ബാംഗ്ലൂരിൽ പ്രവർത്തനം ആരംഭിച്ചു. കാലാന്തരത്തിൽ ഇതര സന്യാസസഭാംഗങ്ങളെയും രൂപതാവൈദിക വിദ്യാർത്ഥികളെയും പഠിപ്പിക്കുന്ന ഒരു പൊന്തിഫിക്കൽ സെമിനാരി ആയി ഇതു വളർന്നു. ഇന്നു് ഡോക്ടറേററു് ഉൾപ്പെടെയുള്ള ബിരുദങ്ങൾ ഇവിടെ നല്കുന്നു. കന്യാസ്ത്രീകളും ധാരാളമായി ഇവിടെ പഠിക്കുന്നുണ്ടു്. അങ്ങനെ മാന്നാനത്തു് ആരംഭിച്ച കുര്യാക്കോസച്ചന്റെ സ്വപ്നം അതിന്റെ പൂർണ്ണതയിൽ യാഥാർത്ഥ്യമായിരിക്കുകയാണു്. കോട്ടയത്തെ വടവാതൂർ സെമിനാരി, മംഗലപ്പുഴ സെമിനാരി, ധർമ്മാരാം കോളേജ് എന്നീ മൂന്നു മേജർ സെമിനാരികൾ ഇന്നു സുറിയാനി വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുണ്ടു്.

# 14. അക്ഷരം തേടി വിജ്ഞാനം തേടി

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സുറിയാനിക്കാർ എത്ര പിന്നിലാണെന്നും അവർക്കൊരു ഭാവിവേണമെങ്കിൽ വിദ്യാഭ്യാസം വേണമെന്നും വൈദികവിദ്യാർത്ഥിയായിരിക്കുമ്പോഴുംതന്നെ കര്യാക്കോസച്ചന് ശരിയായ ബോധ്യമുണ്ടായിരുന്നു. നിലത്തെഴുത്തു കളരികളിൽപോലും സുറിയാനിക്രിസ്ത്യാനികൾക്കു സൗകര്യമില്ലായിരുന്നു. അവ മിക്കവയും സവർണ്ണഹിന്ദുക്കൾ നടത്തിയിരുന്നതും അവരെ മാത്രം പ്രവേശിപ്പിക്കുന്നതുമായിരുന്നു. ആയിടക്കാണ് പ്രോട്ടസ്റ്റന്റുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചുതുടങ്ങിയത്. പ്രോട്ടസ്റ്റന്റുകാരുടെ മേൽനോട്ടത്തിലാകയാൽ ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുന്നതു വരാപ്പുഴയിൽനിന്നും മുടക്കുകയും ചെയ്തു. സ്കൂളില്ലാതെ തന്റെ സഹോദരങ്ങൾക്കു വിദ്യയുടെ ബാലപാഠം നല്കാൻ സാധിക്കയില്ലല്ലോയെന്ന് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. മാന്നാനം ആശ്രമസ്ഥാപനം ഇതിനൊരു സഹായമാകും എന്ന് അദ്ദേഹത്തിനു ഉറപ്പുണ്ടായിരുന്നു. ആശ്രമത്തിന്റെയും സെമിനാരിയുടെയും പണി കുറെയൊക്കെയായപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധ സ്കൂൾ പണിയുന്ന കാര്യത്തിലേക്കു തിരിഞ്ഞു.

**സംസ്കൃത സ്ക്കൂൾ:—** കോട്ടയത്ത് സി. എം. എസ്. കാർ ഇംഗ്ലീഷ് സ്കൂൾ നടത്തിയിരുന്നു. അതിൽ ചേർന്നു പഠിക്കുവാൻ കത്തോലിക്കരെ അനുവദിച്ചിരുന്നുമില്ല. എന്നാൽ അതിനു പകരമായി വരാപ്പുഴയിൽനിന്നും യാതൊന്നും ചെയ്തതുമില്ല. ഒരു പക്ഷേ കൂടുതൽ പേർക്കു വിദ്യാഭ്യാസം കിട്ടിയാൽ സ്വയംഭരണക്കാരും റീത്തു പ്രേമികളും റോമിലേക്ക് എഴുത്തെഴുതുമെന്നോ മറ്റു നാട്ടുകാരെ വിവരം ധരിപ്പിക്കുമെന്നോ അന്നത്തെ വരാപ്പുഴസഭാധികാരികൾ പേടിച്ചിരിക്കാം. ഇംഗ്ലീഷ് വിദ്യാഭ്യാസ

ത്തിനു പതിത്വം കല്പിച്ചതും ഇക്കാരണത്താലല്ലേ എന്ന് ന്യായം ഊഹിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഇംഗ്ലീഷ് സ്കൂൾ സ്വപ്നം മാററി വച്ചിട്ട് ചാവറയച്ചൻ ഒരു സംസ്കൃതസ്കൂൾ പണിയുന്നതിനു ശ്രമം തുടങ്ങി. 1846—ൽ അതിന്റെ പണി പൂർത്തിയാക്കി. അതിന്റെ പ്രധാന അദ്ധ്യാപകനായി തൃശ്ശൂരിൽ നിന്ന് മലയാളത്തിലും സംസ്കൃതത്തിലും നിപുണനായ ഒരു വാര്യരെ വരുത്തി. ഇതിൽ ശെമ്മാശ്ശന്മാരും അൽമേനികളും സന്തോഷത്തോടും അഭിമാനത്തോടും പഠനം നടത്തിയിരുന്നു. സുറിയാനിക്കാരുടെ ആദ്യത്തെ സംസ്കൃത സ്കൂളായിരുന്നു ഇത്.

## അക്ഷരം ഹരിജനങ്ങൾക്ക്

അക്ഷരാഭ്യാസം അശേഷം ഇല്ലാതിരുന്ന ഹരിജൻ ക്രൈസ്തവർക്ക് എഴുതാനും വായിക്കാനും സൗകര്യമുണ്ടാകണമെന്ന് ചാവറയച്ചൻ അതിയായി ആഗ്രഹിച്ചു. ക്രൈസ്തവരല്ലാത്ത ഹരിജനങ്ങൾക്കും അന്ന് അക്ഷരാഭ്യാസം സ്വപ്നം കാണാൻ കഴിഞ്ഞിരുന്നില്ല. ഹരിജനങ്ങൾക്ക വിദ്യാഭ്യാസം കിട്ടാൻ ഇനിയും പല പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടിയിരുന്നു. കഥാനായകൻ വിദ്യാഭ്യാസ സൗകര്യം ഹരിജൻ ക്രിസ്ത്യാനികൾക്ക കൊടുത്ത് എത്ര കൊല്ലങ്ങൾക്കശേഷമാണ് ഗാന്ധിജിയും കൂട്ടരും ഇതിനു വേണ്ടി പോരാടുന്നത്. ഹരിജൻ ക്രിസ്ത്യാനികളുടെ സ്കൂൾ സാമ്പത്തികപരാധീനതമൂലം കാലക്രമത്തിൽ നിന്നുപോകരുതെന്നും കഥാനായകനു നിർബ്ബന്ധമുണ്ടായിരുന്നു. പലയിടത്തും സഞ്ചരിച്ച് സന്മനസ്സുള്ളവരിൽനിന്നും സംഭാവന സ്വീകരിച്ച് പതിനേഴ പറമ്പ് നിലം വാങ്ങി. ഇതിന്റെ ആദായംകൊണ്ടു് സ്കൂൾ മുടക്കം കൂടാതെനടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ആർപ്പൂക്കര തുരത്തുമാലിയുടെ കുന്നേലായിരുന്നു സ്കൂൾ സ്ഥാപിച്ചത്. താൻ തുടങ്ങി വച്ച സന്യാസസമൂഹം വിദ്യാവിഷയത്തിൽ പിന്നാക്കം നിൽക്കുന്ന തന്റെ സമുദായത്തിനുവിദ്യാവെളിച്ചം പ്രദാനം ചെയ്യുന്ന ഒരു സമൂഹമാകണമെന്നു അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ആദ്യം സമുദായ

ത്തിലെ ആദ്ധ്യാത്മിക നേതാക്കളായ വൈദികരുടെ വിദ്യാഭ്യാസത്തിൽ അദ്ദേഹം ശ്രദ്ധ പതിച്ചു. ഓരോ ആശ്രമങ്ങളോടും അനുബന്ധിച്ച് സെമിനാരി തുടങ്ങിയതു് ഇങ്ങനെ ആയിരുന്നു. പൊതുജനങ്ങൾക്കുവേണ്ടി ഇംഗ്ലീഷ് സ്കൂളുകൾ ആശ്രമങ്ങളോടനുബന്ധിച്ച് ആരംഭിക്കണമെന്നു അദ്ദേഹത്തിനു വലുതായ ആഗ്രഹമുണ്ടായിരുന്നു. വരാപ്പുഴയുടെ വിരുദ്ധനിലപാട് അദ്ദേഹത്തെ അതിൽനിന്നും തടഞ്ഞു. പക്ഷേ അദ്ദേഹത്തിന്റെ മനോഗതം മനസ്സിലാക്കിയ സഹകാരികൾ തെററിദ്ധാരണ നീങ്ങിക്കിട്ടിയ ആദ്യാവസരത്തിൽതന്നെ – 1886–ൽ മാന്നാനത്തു–കത്തോലിക്കരുടെ വകയായ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുക തന്നെ ചെയ്തു. അതിന്റെ ശതാബ്ദിയാഘോഷങ്ങളുടെ മകുടം ചാർത്തുന്ന ദിവസമായിരുന്നു ചാവറയച്ചനെ അൾത്താരയിലെ വണക്കത്തിനായി പ്രതിഷ്ഠിച്ചതു്.

## വിദ്യ എല്ലായിടത്തും

ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിലും മലയാളം സ്കൂളുകളെങ്കിലും എല്ലാ പള്ളികളോടും അനുബന്ധിച്ച് സ്ഥാപിക്കണമെന്ന് അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നു. ഇതു വരാപ്പുഴയിൽനിന്നും മെത്രാനച്ചൻ തന്റെ കല്പന വഴിയായി ചെയ്യേണ്ട കാര്യമായിരുന്നു. സുറിയാനിക്കാർക്കു അക്ഷരാഭ്യാസവും വിജ്ഞാനവും കിട്ടുന്നതിൽ ഒട്ടും താല്പര്യമില്ലാതിരുന്ന വരാപ്പുഴ മെത്രാൻ ഇതിനുവേണ്ടി പരിശ്രമിക്കാതിരുന്നതിൽ ഒട്ടും അതിശയത്തിനു കാരണമില്ലല്ലോ. പക്ഷെ ദൈവം ഒരു നല്ല അവസരം കഥാനായകനു കൊടുത്തു. സ്വന്ത റീത്തിലുള്ള മെത്രാനുവേണ്ടി തീവ്രമായി ആഗ്രഹിച്ചിരുന്ന സുറിയാനി പള്ളികൾ റോക്കോസിന്റെ പുറകേ ഒന്നിനു പുറകേ ഒന്നായി പോയിക്കൊണ്ടിരുന്നപ്പോൾ കണ്ണുമിഴിച്ച് അതുകണ്ടു നിൽക്കാനേ അന്നത്തെ സുറിയാനിഭരണംകയ്യാളിയിരുന്ന വരാപ്പുഴയ്ക്കു കഴിഞ്ഞിരുന്നുള്ളു. ആരോമുൻനോട്ടമുള്ളവർ പറഞ്ഞു സുറിയാനിപള്ളിക്കാരെപിടിച്ചുനിർത്തുവാൻ ചാവറയച്ചന്റെ സഹായം തേടണമെന്നും അദ്ദേഹത്തിനു സുറി

യാനിക്കാരുടെ പൂർണ്ണമായ ഭരണാധികാരം കൊടുക്കണമെന്നും. അധികാരത്തിന് അശ്ലേഷം ആഗ്രഹം ഇല്ലാതിരുന്ന കര്യാക്കോസച്ചനെ അങ്ങനെയാണ് 1865–ൽ സുറിയാനിക്കാരുടെ വികാരി ജനറൽ ആയി നിയമിക്കുന്നതു്. അനുസരിച്ചു മാത്രം പഠിച്ചിട്ടുള്ള കഥാനായകൻ ഈ കുരിശു അനുസരണത്തിന്റെ പേരിൽ സ്വീകരിച്ചു. റോക്കോസിനോടുള്ള അദ്ദേഹത്തിന്റെ സന്ധിയില്ലാ സമരത്തെക്കുറിച്ച് പിന്നീട് കാണാം. ജനറാളായ ആദ്യഅവസരത്തിൽ തന്നെ അദ്ദേഹം സുറിയാനിപ്പള്ളികൾക്ക് ഒരു സർക്കുലർ അയച്ചു. സുറിയാനിസമുദായം വിദ്യാഭ്യാസകാര്യത്തിൽ എത്രമാത്രം പിന്നിലാണെന്നും സവർണ്ണ ഹിന്ദുക്കളും യാക്കോബായക്കാരും വിദ്യാഭ്യാസകാര്യത്തിൽ എത്ര മുന്നോട്ടുപോയി എന്നും സ്ഥിതിവിവരക്കണക്കുദ്ധരിച്ചുകൊണ്ട് അദ്ദേഹം സർക്കുലറിൽ സമർത്ഥിച്ചു. അവസാനം ഒരു കടുത്ത താക്കീതു സുറിയാനിപ്പള്ളികൾക്കു കൊടുത്തിരുന്നു. അതായതു്: ഏതെങ്കിലും സുറിയാനിപ്പള്ളിയോടനുബന്ധിച്ച് ഒരു സ്കൂൾ എങ്കിലും തുടങ്ങിയില്ലെങ്കിൽ വികാരിമാർക്ക് അംശമുടക്ക (ക്രൂദാശകൾ പരികർമ്മം ചെയ്യുന്നതിനും ബലിയർപ്പിക്കുന്നതിനുമുള്ള മുടക്ക്) നൽകുമെന്നും ഇന്ന തീയതിക്കു മുമ്പു ഓരോ സ്കൂൾ തുടങ്ങി വിവരം അറിയിക്കണമെന്നുമായിരുന്നു കല്പന. നമ്മുടെ ഹൈറേഞ്ചിൽ ഇന്നുള്ള അംഗീകാരമില്ലാത്ത (informal) സ്കൂൾപോലെയുള്ള സ്കൂളുകളാവാം കഥാനായകൻ ഇവിടെ ഉദ്ദേശിക്കുന്നതു്. ഏതായാലും കല്പന നിറവേറുകതന്നെ ചെയ്തു. ആശാൻപള്ളിക്കൂടമെങ്കിലുമില്ലാത്ത പള്ളികൾ ഒന്നുംതന്നെ കണികാണാനില്ലാതെയായി. ''പള്ളിക്കൂടം'' എന്ന വാക്കുതന്നെ ഇങ്ങനെയുണ്ടായതല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ക്രാന്തദർശിയായ അദ്ദേഹം വിദ്യാഭ്യാസകാര്യത്തിൽ സുറിയാനിക്കാർക്ക് അന്നു നൽകിയ കുതിപ്പ് എത്ര ശക്തിയുള്ളതായിരുന്നു എന്ന് ഒരു നൂറ്റാണ്ടു കഴിഞ്ഞു ജീവിക്കുന്ന നമുക്ക് ചുറ്റും കണ്ണോടിച്ചാൽ കുറെയൊക്കെ മനസ്സിലാകും. ഇന്ന് കേരളത്തിൽ ഏതു സമുദായത്തെയുംകാൾ സാക്ഷരതയിൽ മുന്നിട്ടുനില്ക്കുന്നതു് സുറിയാനി

ക്രിസ്ത്യാനികളാണ്. ഒരു പള്ളിക്കു ഒന്ന് എന്നപോലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്നു സുറിയാനിക്കാർക്കുണ്ട്. ചില പള്ളികൾക്കും സ്ഥാപനങ്ങൾക്കും നഴ്സറി മുതൽ ബിരുദാനന്തര പഠനത്തിനുള്ള സൗകര്യംവരെ ഇന്നുണ്ട്. രണ്ടും മൂന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ള നിരവധി പള്ളികളും ആശ്രമങ്ങളും ഇന്നു സുറിയാനി കത്തോലിക്കർക്കുണ്ട്. ഇന്നു സുറിയാനി കത്തോലിക്കരിൽ ഒരു നല്ല ശതമാനം ഡിഗ്രിക്കാരും ഉദ്യോഗസ്ഥന്മാരുമാണ്, അവരുടെ സ്ത്രീകളിൽ പോലും ഇന്നു കളക്ടരും ജഡ്ജിയും പ്രൊഫസറും എൻജിനീയരും ധാരാളമുണ്ട്. ഓരോ രൂപതയും മത്സരിച്ചുതന്നെ കോളേജുകളും സ്കൂളുകളും തുടങ്ങുന്ന കാഴ്ച എത്ര സന്തോഷപ്രദമാണ്. കച്ചവടവിദ്യാഭ്യാസമെന്നു മുദ്രകുത്തി പുരോഗമനക്കാരും അസൂയാലുക്കളും മാർഗ്ഗതടസ്സം ഉണ്ടാക്കിയിരുന്നില്ല എങ്കിൽ എത്രയോ കോളേജുകളും യൂണിവേഴ്സിറ്റിപോലും ഇവിടെ ഉയിർക്കൊള്ളുമായിരുന്നില്ല! ഇന്നു നല്ല രീതിയിൽ വിദ്യാഭ്യാസം നടത്തണമെങ്കിൽ കോൺവെൻറു സ്കൂളിലോ പള്ളിവക സ്കൂളിലോ പോകണമെന്നു മാർക്സിസ്റ്റുനേതാവിനുപോലും നന്നായിട്ടറിയാം. അവിടെ സീറ്റു കിട്ടാൻ വേണ്ടി എത്ര കഴുതക്കാലും പിടിക്കാൻ യാതൊരു പ്രത്യയശാസ്ത്രപരമായ ബുദ്ധിമുട്ടുമില്ല.

ഒരു സമുദായം എന്ന നിലയിൽ ഇപ്രകാരം വൻനേട്ടം വരിച്ച സുറിയാനി സമൂഹത്തിന് നൂററാണ്ടുകൾക്കുമുൻപ് ആരംഭം കൊടുത്ത ക്രാന്തദർശിയായ ആ വിദ്യാഭ്യാസ വിചക്ഷണനെ എങ്ങനെയാണു നാം പുകഴ്ത്തുക! നന്ദി കാണിക്കുക.?

# 15. രമ്യതയുടെ ശുശ്രൂഷകൻ

കത്തോലിക്കാസഭയാണ് സത്യസഭയെന്നും അതിൽ മാത്രമാണ് ക്രിസ്തുവിന്റെ സാന്നിധ്യവും പാനവുമെന്ന് ദൃഢമായി വിശ്വസിച്ച ഒരാളായിരുന്നു ചാവറയച്ചൻ. സ്വന്തജാതി മെത്രാനും അതുവഴി റീത്തിന്റെ പുനസ്ഥാപനത്തിനും വേണ്ടി കലാപക്കൊടി ഉയർത്തി ജനങ്ങളെ ചേരി തിരിക്കാൻ അദ്ദേഹം ഒരിക്കലും ആരേയും അനുവദിക്കുമായിരുന്നില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന് സ്നേഹിതരോടു തന്നെ പലപ്പോഴും പിണങ്ങേണ്ടിവന്നിട്ടുണ്ട്. കൂനൻകുരിശു സത്യത്തിന്റെ ഫലമായുണ്ടായ യാക്കോബായ സമൂഹത്തെ പലേ അനുനയങ്ങൾ കൊണ്ടും മാതൃസഭയിലേക്കു കൊണ്ടുവരുവാനായിരുന്നു അദ്ദേഹത്തിന്റെ പരിശ്രമം.

**തോമാറോക്കോസ്:—**

തന്റെ പ്രിയപ്പെട്ട വൈദികരിൽ പലരും രഹസ്യമായി സ്വജാതി മെത്രാനുവേണ്ടി പരിശ്രമിക്കുന്നുണ്ടെന്ന് അദ്ദേഹത്തിനറിവുകിട്ടി. ഭിന്നിപ്പിൽ ചെന്നവസാനിക്കും എന്നു മനസ്സിലാക്കിയ ചാവറയച്ചൻ ഇതിനെ നിരുൽസാഹപ്പെടുത്തുകയാണു ചെയ്തത്. ഈ അവസരത്തിലാണ് ബാബേൽ പാത്രിയാർക്കിന്റെപ്രതിനിധിയായി തോമ്മാറോക്കോസ് എന്നൊരു മെത്രാൻ ഇൻഡ്യയിൽ വന്നിറങ്ങിയത്. ഇവിടത്തെ സ്ഥിതിഗതികൾ പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ പാത്രിയർക്കീസ് വിട്ട ഒരാൾ മാത്രമായിരുന്നു തോമാറോക്കോസ്. പക്ഷെ അദ്ദേഹം 1861–മെയ് 6–ാംതീയതി കൊച്ചിയിൽ വന്നിറങ്ങിയപ്പോൾ സ്വജാതി മെത്രാനെ സ്വപ്നം കണ്ടിരുന്നവർ ഒന്നിച്ചുകൂടി വാദ്യഘോഷത്തോടെ അദ്ദേഹത്തെ എതിരേററു. അൽമായ പ്രമുഖനായ തൈയ്യാട്ടുശ്ശേരി പാറാ

യിയുടെ പള്ളിമേടയിലേക്കാണ് കൊണ്ടുപോയത്. പലേ പള്ളിക്കാരും കൂട്ടമായും തനിച്ചും വന്നുകാണുവാനും തങ്ങളുടെ പള്ളികളിലേക്ക് അദ്ദേഹത്തെ ക്ഷണിക്കുവാനും തുടങ്ങി. ഇതു തന്നെ നല്ല അവസരമെന്ന് റോക്കോസിനും തോന്നി. കേരള സുറിയാനിസഭയെ ഭരിക്കാൻ മാർപ്പാപ്പയുടെ നിശ്ചയപ്രകാരം ബാബേൽ പാത്രിയാർക്കീസ് അയച്ചതാണ് തന്നെയെന്നും ഇനിമുതൽ സുറിയാനി സഭയെ ഭരിക്കുന്ന മെത്രാൻ താനാണെന്നും പറഞ്ഞുപരത്തി. സ്വജാതി മെത്രാനെ കിട്ടാൻ കൊതിച്ചിരുന്നവർ കൂട്ടമായി തന്നെ ഇതു വിശ്വസിച്ചു. ഇതിനെതിരായ വാദമുഖങ്ങളും ന്യായങ്ങളും ഒറ്റപ്പെട്ട സ്വരമായി. റോമിന്റെ അനുവാദമില്ലാതെ വന്ന കള്ള ഇടയനാണ് റോക്കോസ് മെത്രാനെന്നു വരാപ്പുഴ മെത്രാപ്പോലീത്തായുടെ മുന്നറിയിപ്പിന് യാതൊരുവിലയും ആരും കല്പിച്ചില്ല. വരാപ്പുഴ മെത്രാപ്പോലീത്ത ചാവറയച്ചനെത്തന്നെ ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കിക്കൊടുക്കുന്നതിന് നിയോഗിച്ചു. പല തടസ്സവാദങ്ങളും പറഞ്ഞൊഴിഞ്ഞിട്ടും സുറിയാനി സഭയുടെ വികാരി ജനറാൾ ആയി ചാവറയച്ചനെ വരാപ്പുഴയിൽനിന്നും നിശ്ചയിച്ചു. അദ്ദേഹം ദൈവത്തിൽ നിന്നുംകിട്ടിയ ഒരു വിളിയായി ഇതിനെ പരിഗണിക്കുകയും ഈ നിർണ്ണായകഘട്ടത്തിൽ കേരളസഭയെ ഐക്യതയിൽ സൂക്ഷിക്കേണ്ടത് തന്റെ വലിയ കടമയാണെന്നു വിചാരിക്കുകയും ചെയ്തു.

കേരളം മുഴുവൻ ഓടിനടന്ന് ഒരു പ്രസംഗപര്യടനം തന്നെ കഥാനായകൻ നടത്തി. പലരും വഴിക്കു തടസ്സപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തു. ജീവൻ രക്ഷിക്കാൻ വേണ്ടി സ്നേഹിതരുടെ വീട്ടിൽ ഒളിച്ചുതാമസിക്കാൻ പോലും ഇടയായിട്ടുണ്ട്. തോമ്മാ റോക്കോസിനെ നേരിട്ടുകാണുവാൻ തൈക്കാട്ടുശ്ശേരിക്കു പോകാൻ ചാവറയച്ചൻ തീരുമാനിച്ചു. ആദ്യമൊക്കെ വലിയ തടസ്സങ്ങളായില്ലെങ്കിലും മൂന്നാലുദിവസത്തെ കാത്തിരിപ്പിനുശേഷംപോലും റോക്കോസുമായി സംസാരിക്കാൻ കര്യാക്കോസച്ചനു സാധിച്ചില്ല. മാർപാപ്പയുടെ അംഗീകാരത്തോ

ട്ടുകൂടി വന്നതാണെങ്കിൽ അതിനുള്ള സാക്ഷി പത്രമെവിടെ? വരാപ്പുഴ മെത്രാപ്പോലീത്തായെ ഏറ്റുകൊണ്ട് റോമിൽനിന്നും ഇക്കാര്യം അറിയിക്കാതിരിക്കുന്നു? ഇത്യാദി ചോദ്യങ്ങൾക്ക് റോക്കോസ് പക്ഷക്കാർക്ക് ഉത്തരമില്ലായിരുന്നു. ഈ കാപട്യം മനസ്സിലാക്കിയ ചാവറയച്ചൻ ഒരു സർക്കുലർ അയച്ച് റോക്കോസ് ശീശ്മയുടെ കെണിയെക്കുറിച്ച് സുറിയാനി സഭയ്ക്കു മുന്നറിയിപ്പു നൽകി. കൂടാതെ റോമിലേക്ക് 9-ാം പീയൂസ് മാർപ്പാപ്പയ്ക്ക് നേരിട്ട് എഴുതുകയും ഇവിടത്തെ സ്ഥിതിഗതികൾ അറിയിക്കുകയും ചെയ്തു.

## സമ്മർദ്ദങ്ങൾക്കിടയിൽ

ഇതിനിടെ റോക്കോസ് മെത്രാൻ പള്ളികൾ സന്ദർശിക്കുവാനും പട്ടംകൊടുക്കുവാനും തുടങ്ങി. ഒന്നിനുപുറകെ ഒന്നായി പള്ളികൾ റോക്കോസിന്റെകൂടെ കൂടിക്കൊണ്ടിരുന്നു. ''സത്യത്തിനെന്നും ശരശയ്യമാത്രം'' എന്ന യാഥാർത്ഥ്യം അനുസരിപ്പിക്കുമാറ് ചാവറയച്ചനെ പരിഹസിക്കുവാനും ഉപദ്രവിക്കുവാനുമാണ് സുറിയാനിസ്നേഹികൾ പ്പാനിട്ടത്. 154 സുറിയാനിപ്പള്ളികളിൽ 89 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിന്റെ പക്ഷത്തേക്ക് ചേർന്നു കഴിഞ്ഞിരുന്നു. 38 പള്ളികളെ ചാവറയച്ചൻ പിടിച്ചുനിർത്തി. ഒൻപതാം പീയൂസ് മാർപാപ്പയിൽനിന്നും നേരിട്ടു കഥാനായകനു കിട്ടിയ മറുപടി ഈയവസരത്തിൽ ഒരനുഗ്രഹമായി. അതു ചാവറയച്ചൻ പ്രസിദ്ധപ്പെടുത്തി. പള്ളികളിൽ തിരക്കിട്ടു പ്രസംഗങ്ങൾ നടത്തി. അനുവാദമില്ലാതെ കേരള സുറിയാനിസഭയെ ഭരിക്കാൻ തുടങ്ങിയതിന്റെ പേരിൽ വരാപ്പുഴ മെത്രാൻ റോക്കോസിനെ മഹറോൻ ചൊല്ലി. ചാവറയച്ചന്റെ വിശ്വസ്ത അനുയായി കാപ്പിൽ മത്തായി അച്ചനാണ് മഹറോൻ കല്പന ഞാറക്കൽ പള്ളിയിൽ വസിച്ചിരുന്ന റോക്കോസിനു കൊണ്ടുപോയിക്കൊടുത്തത്. സ്വജീവൻ പോലും പണയപ്പെടുത്തിക്കൊണ്ടുള്ള ഒരു അതിസാഹസപ്രവൃത്തിയായിരുന്നു ഇത്. ഇതിനിടയ്ക്കു മാന്നാനവും

എൽത്തുരുത്തും കൊവേന്തകൾ ബലമായി റോക്കോസ്‌ പക്ഷക്കാർ കൈവശപ്പെടുത്തുമെന്ന്‌ ഒരു ശ്രുതിയും പരന്നിരുന്നു. ഇതു ഗവണ്മെൻറ്‌ അധികാരികളുടെ ശ്രദ്ധ ഇതിലേക്ക തിരിക്കാൻ കാരണമായി. പലയിടത്തും സംഘട്ടനങ്ങൾ നടന്നു. കോട്ടയം പേഷ്‌കാർ ശങ്കുണ്ണിമേനോൻ തെക്കോട്ടുള്ള റോക്കോസിൻെറ യാത്ര ക്രമസമാധാനത്തെ കരുതി നിരോധിച്ചു. വടക്കോട്ടുള്ള യാത്ര കൊച്ചി ദിവാനും നിരോധിച്ചു. റോക്കോസിനെ കിട്ടാതെ അനുയായികൾ പരക്കം പായാൻ തുടങ്ങി. സുബുദ്ധിയുള്ള പലരും റോക്കോസിൻെറ കാപട്യം മനസ്സിലാക്കിത്തുടങ്ങി. ആടിനിന്ന പല പള്ളിക്കാരും ചാവറയച്ചനെ വിശ്വസിക്കുവാനും റോക്കോസിനെ തള്ളിപ്പറയുവാനും തുടങ്ങി. ഈയവസരത്തിൽ ബാബേൽ പാത്രിയർക്കീസിൽനിന്ന്‌ റോക്കോസിന്‌ ഒരു കത്തും കിട്ടി. ഉടനെതന്നെ മലങ്കരയിൽനിന്നും മടങ്ങിച്ചെല്ലണമെന്നായിരുന്നു കത്തിലെ സാരം. ഈ കാര്യം അധികനാൾ രഹസ്യമായി വയ്ക്കുവാൻ റോക്കോസിനു കഴിഞ്ഞില്ല. അവസാനം റോക്കോസ്‌ മെത്രാൻ ഒരു ധർമ്മസങ്കടത്തിലായി. പാത്രിയർക്കീസിൻെറ തീരുമാനം, വരാപ്പുഴയുടെ മഹറോൻ, ഗവണ്മെൻെറ അധികാരികളുടെ മുടക്ക കല്പന, ഇതുവരേയും പിൻതാങ്ങി നടന്നിരുന്നവരുടെ ഇവിടെത്തന്നെ തുടരുവാനുള്ള നിർബന്ധം ഇപ്രകാരമുള്ള കുരുക്കുകളിൽപെട്ട ഒരു തീരുമാനവും എടുക്കാൻ റോക്കോസിന്‌ നിവൃത്തിയില്ലാതായി. മാർപ്പാപ്പയോടും ബാബേൽ പാത്രിയർക്കീസിനോടും ധിക്കരിച്ചുപോകുവാനുള്ള ചങ്കുറപ്പും ഉണ്ടായില്ല. അങ്ങനെ ഒന്നുരണ്ടുമാസം കഴിഞ്ഞപ്പോൾ റോക്കോസ്‌ മെത്രാൻ രഹസ്യമായി ഒരുകത്ത്‌ വരാപ്പുഴമെത്രാന്‌ ഒരാൾവശം കൊടുത്തയച്ചു. താൻ മടങ്ങി ബാബേലിലേക്കു പോകുവാൻ ആഗ്രഹിക്കുന്നെന്നും യാത്രച്ചെലവിനുള്ള പണം തരുകയും തൻെറ മഹറോൻ നീക്കിക്കളയുകയും ചെയ്താൽ കേരളം വിട്ടുകൊള്ളാമെന്നുമായിരുന്നു രഹസ്യ എഴുത്തിലെ സാരം. മെത്രാനച്ചൻ ഉടൻതന്നെ ചാവറയച്ചനെ ആളയച്ചുവരുത്തി എഴുത്തുകാണിക്കുകയും വേണ്ടത്‌ ഉടനെ ചെയ്യണമെന്നു പറഞ്ഞേൽപ്പിക്കുകയും ചെയ്തു. അദ്ദേഹം പിറേറദിവസം

തന്നെ കൊച്ചീക്കോട്ടയിൽ റോക്കോസ് മെത്രാന്റെ അടുക്കലെത്തി. മെത്രാപ്പോലീത്ത എഴുത്തിലെ കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നെന്നും രേഖാമൂലം ആവശ്യപ്പെട്ട മാപ്പുപറഞ്ഞാൽ മഹറോൻ നീക്കിക്കൊടുക്കാമെന്നും യാത്രച്ചെലവുകൾ നല്കാമെന്നുമുള്ള കാര്യം അറിയിച്ചു. ഇക്കാര്യം രഹസ്യമായി സൂക്ഷിക്കാൻ റോക്കോസ് ചാവറയച്ചനോട് അപേക്ഷിച്ചു. തന്നെ തന്റെ കൂട്ടാളികൾ ബലമായി പിടിച്ചുവയ്ക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

## തിരിച്ചുപോക്ക്

ചാവറയച്ചൻ സഹായം വാഗ്ദാനം ചെയ്തതനുസരിച്ച് റോക്കോസ് മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങൾ രഹസ്യമായി ചെയ്യുവാൻ തുടങ്ങി. ആയിടയ്ക്ക് ബോംബെയിൽ നിന്നും ഒരു കപ്പൽ കൊച്ചിയിൽ വന്നിരുന്നു. റോക്കോസിന്റെ കപ്പൽയാത്രയ്ക്കുള്ള എല്ലാ ഇടപാടുകളും ചാവറയച്ചൻ രഹസ്യമായി ചെയ്തിരുന്നു. അങ്ങനെ തന്റെ ഏറ്റം വലിയ ശത്രുവായി പരിഗണിച്ചിരുന്ന ചാവറയച്ചൻ തന്നെ ഏറ്റം വലിയ മിത്രമായിത്തീരുന്ന കാഴ്ച റോക്കോസിനെ അത്ഭുതപ്പെടുത്തിയിരിക്കും. റോക്കോസിന്റെ അനുയായികൾക്ക് യാതൊരു സംശയവും തോന്നിയില്ല. സാധാരണപോലെ അവരോട് അദ്ദേഹം സംസാരിക്കുകയും പെരുമാറുകയും ചെയ്തു. കപ്പൽ തുറമുഖം വിടുന്ന മണിമുഴങ്ങി. ചാവറയച്ചൻ നേരത്തെതന്നെ റോക്കോസിന്റെപെട്ടി, കിടക്ക മുതലായവ രഹസ്യത്തിൽ കപ്പലിൽ എത്തിച്ചിരുന്നു. പുറത്തേക്കിറങ്ങുന്ന ഭാവത്തിൽ സംസാരിച്ചിരുന്നവരോട് പെട്ടെന്നു യാത്രപറഞ്ഞിട്ട് റോക്കോസ് നേരെ പോയത് കപ്പലിലേക്കാണ്. കപ്പലിൽ കയറിയതും കപ്പൽ തുറമുഖംവിട്ടതും ഒന്നിച്ചായിരുന്നു. റോക്കോസ് പക്ഷക്കാർ ക്ഷുഭിതരായി ഓടിക്കൂടിയപ്പോൾ കപ്പൽ അങ്ങുദൂരെ നീങ്ങിക്കഴിഞ്ഞിരുന്നു. ദൈവാനുഗ്രഹം കൊണ്ടും പരിശ്രമംകൊണ്ടും നയചാതുരികൊണ്ടും റോക്കോസ്ശീശ്മ ക്രമേണ കെട്ടടങ്ങി. ശീശ്മയിലേക്കുപോയ പ

ള്ളികളും ഒന്നിനു പുറകെ ഒന്നായി വരാപ്പുഴ ഭാഗത്തേക്കു തിരിച്ചുവന്നു. ആയിടെ വീണ്ടും തുടങ്ങിയ പദ്രുവാദോ—പ്രകാരമുള്ള കൊടുങ്ങല്ലൂർ രൂപത അഭിമാനം പൂണ്ടു നിന്നവർക്കൊരനുഗ്രഹമായി. അവരെല്ലാം കൊടുങ്ങല്ലൂർ രൂപതയിൽ ചേരുകയും ചെയ്തു.

## 16. അനഭിഷിക്തമെത്രാൻ

സുറിയാനിക്കാർക്ക് സ്വറീത്തിൽപ്പെട്ട മെത്രാനെ കിട്ടുവാനുള്ള ആഗ്രഹവും തീക്ഷ്ണതയും എത്ര തീവ്രമാണെന്നു് റോക്കോസ് വന്നപ്പോഴാണ് യഥാർത്ഥത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത മനസ്സിലാക്കുന്നതു്. ചാവറയച്ചൻ ഓടിനടന്നു പരിശ്രമിച്ചിട്ടും ഒരു മാസത്തിനുള്ളിൽ ഏറിയ പങ്കു പള്ളികളും റോക്കോസ് പക്ഷത്തേക്കു ചേർന്നുകഴിഞ്ഞു. പാറായിൽ തരകൻമുതലായ അല്മായ നേതാക്കന്മാർ ആയിരുന്നു റോക്കോസിനുവേണ്ട സഹായവും പ്രോത്സാഹനവും കൊടുത്തിരുന്നതു്. സ്വജാതി മെത്രാനെ കൊടുക്കുന്നതിനുള്ള ആദ്യപടിയായി വരാപ്പുഴ മെത്രാപ്പോലീത്താ വിശേഷാധികാരങ്ങളോടുകൂടി ചാവറയച്ചനെ സുറിയാനിക്കാരുടെ മുഴുവൻ വികാരി ജനറാളായി നിയമിച്ചു. ഈ വിശിഷ്ടസ്ഥാനം സ്വീകരിക്കാൻ വിനയം കൊണ്ടു് അദ്ദേഹം ആദ്യം വിസമ്മതിച്ചുവെങ്കിലും മെത്രാപ്പോലീത്തായുടെ നിർബന്ധം മൂലവും സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലവും ഏറ്റെടുക്കുകയാണുണ്ടായതു്. വരാപ്പുഴ മെത്രാപ്പോലീത്തായുടെ നിയമന ഉത്തരവു് താഴെക്കൊടുക്കുന്നു.

''നാം മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയായ ബെർണ്ണാർദീനോസ് ദെസാന്ത ത്രേസ്യപർസാലയുടെ മെത്രാപ്പോലീത്ത എഴുതുന്നതു്:

നമ്മുടെ സ്നേഹപ്പെട്ട മാന്നാനത്തു കൊവേന്തമുതലായ കൊവേന്തകളുടെ പ്രിയോർ ചാവറ പൈ. ബ. കുറിയാക്കോസ് കത്തനാർ കണ്ടെന്നാൽ, പല കാലങ്ങളായിട്ട് നമ്മുടെ കീഴുള്ള പള്ളികളിൽ അടങ്ങിവരുന്ന ക്രിസ്ത്യാനികളെ ഭരിക്കുന്നതിൽനിന്നുള്ള പ്രയാസത്താലും നമ്മുടെ വയസ്സിന്റെ ആധിക്യത്താലും ക്ഷീണവും സ്വസ്ഥതക്കേടും വെച്ചിരിക്കുന്നതു കൂടാതെ നമ്മുടെ ഭരിപ്പിൽനിന്നും പട്ടസ്ഥക്കാർക്കും മറ്റുള്ള അൽമേനികൾക്കും അവരുടെ ആത്മഗുണത്തിനടുത്ത ഫലം ഉണ്ടായിക്കാണുന്നില്ലാത്തതിനാലും ഇപ്പോഴത്തെ സംഗതികളാലും വേണ്ടുന്ന ധൈര്യവും മിടുക്കും ബോധജ്ഞാനവും പുണ്യവ്യാപാരവും തനിക്കുണ്ടെന്ന നാം ബോധിച്ച് നമ്മുടെ കീഴ്മലയാ–ളത്തിലുള്ള സുറിയാനിപ്പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടെയും അൽമേനികളുടെയും ആത്മപരിപാലനം ചെയ്ത് അവരെ ഭരിക്കുന്നതിനും വികാരി ജനറാളായിട്ട തന്നെ നാം കല്പിച്ച് ശുദ്ധപള്ളി ആകമാനമായിട്ട അനുവദിച്ചിട്ടുള്ളതു കൂടാതെ പ്രത്യേകമായിട്ടുള്ളതിൽ തനിക്കു നാം എഴുത്താലെ തരുന്ന ക്രമകടലാസിൽ പറയുന്ന അനുവാദങ്ങളും മുഷ്ക്കരതപങ്ങളുംകൂടെ തനിക്കു നാം തന്നിരിക്കുന്നു. എന്നതുകൊണ്ട് മേലെഴുതിയ പ്രകാരം നമ്മുടെ കീഴുള്ള സുറിയാനി പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടെയും ശേഷം ജനങ്ങളുടെയും ആത്മപരിപാലനം ചെയ്ത് ആ പള്ളികളെ ഭരിപ്പാൻ വേണ്ടുന്ന ദൈവമനോഗുണം തനിക്കുണ്ടാകുവാൻ ഉടയതമ്പുരാനോട് നാം പ്രാർത്ഥിക്കുന്നു.''

ഇതു വരാപ്പുഴനിന്നും 1861–ാം കാലം ജൂൺ 8–ാംതീയതി

വികാരി ജനറൽ സുറിയാനിക്കാർക്കായി ഒരു സുറിയാനിക്കാരൻ ആയാൽ കാര്യങ്ങൾ പന്തിയാകയില്ലെന്നും ഒരു മെത്രാനെ തന്നെ (തത്കാലം സഹായമെത്രാൻ) കൊടുത്താലേ റോക്കോസ് ശീശ്മയിലേക്കുള്ള ഒഴുക്ക തടയുവാൻ സാധിക്കുകയുള്ളൂഎന്നും ഗ്രഹിച്ച ബർണ്ണർദീനോസ മെത്രാപ്പോലീത്താ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ പ്രീഫെക്ട് കാഡി. ബർണ്ണബോയുടെ പേർക്ക് 1861

ജൂൺ 15–ാം തീയതി ഇപ്രകാരമെഴുതി. ''സന്യാസവൈദികരിൽ ഏററവും പ്രമുഖനും മാതൃഭവനമായ മാന്നാനത്തെയും മററു കൊവേന്തകളുടെയും പ്രിയോരും മൂന്നാം സഭ മുഴുവന്റെയും പൊതുശ്രേഷ്ഠനും തലവനുമായ ആ വന്ദ്യദേഹത്തെ എന്റെ സഹമിഷനറിമാരുടെ ഉപദേശം ആരാഞ്ഞശേഷം സുറിയാനിക്കാർക്കുള്ള വികാരി ജനറാളായി ഞാൻ നിയമിച്ച വിവരം അവിടെ അറിയിച്ചിട്ടുള്ളതാണല്ലോ. സാക്ഷാത്തായ ക്രൈസ്തവചൈതന്യമുള്ളവനും സുകൃതസമ്പന്നനും ഏററം വിവേകമതിയും വേദപുസ്തകവിജ്ഞാനീയത്തിൽ അഗാധപണ്ഡിതനും മികച്ച സുറിയാനിഭാഷാ വിശാരദനുമാണ് അദ്ദേഹം. മതഭിന്നതയും കലാപവും ഉണ്ടാക്കിയവരും ബാഗ്ദാദിൽനിന്നു വന്ന ആ നുഴഞ്ഞു കയററക്കാരനും അയാളുടെ പിണിയാളുകളും ഉൾപ്പെടെ എല്ലാവരും സകല തന്ത്രങ്ങളും മെത്രാനാക്കാമെന്നുള്ള കൗശലകല്പിതങ്ങളും പ്രയോഗിച്ചു ശ്രമിച്ചിട്ടും കത്തോലിക്കാ വിശ്വാസത്തോടും പരിശുദ്ധ സിംഹാസനത്തോടും തൽപ്രതിനിധികളോടുമുള്ള അചഞ്ചലമായ ഭക്തിയിലും വിശ്വസ്തതയിലും അദ്ദേഹം ഉറച്ചുനിന്നു പ്രവർത്തിക്കുകയാണു ചെയ്തത്. മതഭിന്നതക്കാരുടെ പക്ഷത്തേക്ക് അദ്ദേഹവും കൂടി ചേർന്നിരുന്നു എങ്കിൽ എല്ലാവരും ഒന്നടങ്കം അദ്ദേഹത്തെ പിൻചെല്ലുമായിരുന്നു. അത്ര വലിയ മതിപ്പും ബഹുമാനവുമാണ് അദ്ദേഹം ആർജ്ജിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്വാധീനശക്തിയും അപാരമാണ്.

പരി.സിംഹാസനത്തിനു സമുചിതമെന്നും സൗകര്യപ്രദമെന്നും തോന്നുന്നപക്ഷം അദ്ദേഹത്തെ സഹായമെത്രാനായി അഭിഷേകം ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥനയും ആഗ്രഹവും.

തീർച്ചയായും കർദായ പാത്രിയർക്കീസിനെക്കാൾ മെച്ചപ്പെട്ട ഫലങ്ങൾ അദ്ദേഹത്തിനു പുറപ്പെടുവിക്കാൻ കഴിയും. അത്രയ്ക്കു നല്ലവനും വിവേകശാലിയും വിനയവിധേയനും പ്രസംഗത്തിലും പരസ്നേഹ കൃത്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്. എങ്കിലും ഒരു കാര്യം കൂടി

എടുത്തു പറയേണ്ടതുണ്ട്. അമലോത്ഭവ മറിയത്തിന്റെ മൂന്നാം സഭക്കാരുടെ പൊതുശ്രേഷ്ഠനായ ചാവറ കുര്യാക്കോസ് ഏലിയ എന്ന മേൽപ്പറഞ്ഞദേഹം എളിമയുടെ വ്രതം ചെയ്തിട്ടുള്ള ആളാണ്. അങ്ങനെയൊരു വാഗ്ദാനം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽപ്പോലും പ്രത്യേകമായ ഒരു കല്പന കൂടാതെ ഈദൃശമായ ഒരു പദവിയോ സ്ഥാനമോ സ്വീകരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തെ വികാരി ജനറാളായി നിയമിച്ചപ്പോൾ തന്നെ ആ സ്ഥാനം സ്വീകരിക്കുന്നതിന് പ്രത്യേകമായ ഒരു നിർബന്ധകല്പന ഞാൻ കൊടുക്കേണ്ടതായിവന്നു.''

ഈ അപേക്ഷയെപ്പറ്റി പിന്നീടുകൂടിയ കർദ്ദിനാൾ സംഘം കൂലംകഷമായി ചിന്തിക്കുകയും സഹായമെത്രാനാക്കാൻ തീരുമാനിക്കുകയും ചെയ്തു എന്നറിയുന്നു. പക്ഷേ എന്തുകൊണ്ടോ ഇതു നടപ്പായില്ല. റോക്കോസിന്റെ തള്ളിക്കയറ്റം കുറെയൊക്കെ വികാരിജനറാളായ ചാവറയച്ചന്റെ പരിശ്രമത്താൽ നിന്നുപോയിരിക്കാം.

ഏതായാലും സുറിയാനിക്കാരുടെ വികാരിജനറാളായി അവരോധിക്കപ്പെട്ട ചാവറയച്ചൻ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ഉടൻതന്നെ പ്രവർത്തിക്കുവാൻ തുടങ്ങി. 1861–ജൂൺ 19–ാം തീയതി തന്നെ ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്കു ഒരു ഔദ്യോഗിക കത്ത് അയച്ചു. റോക്കോസ് മെത്രാനെക്കുറിച്ചുള്ള മാർപ്പാപ്പയുടെ നിലപാട് അറിയാനായിരുന്നു ഈ കത്ത്. ഇതിന്റെ മറുപടി പരി. പിതാവിന്റെ സ്വന്തം കയ്യൊപ്പും മുദ്രയുംവച്ച് ചാവറയച്ചന് ഒക്ടോബർ 30–നു കിട്ടി. ''എന്നാൽ സ്നേഹമക്കളേ മലയാളത്തിലുള്ള കാര്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടാ എന്ന് 1860 നവംബർ 26–ാം തീയതി തന്നെ ഈ പാത്രിയാർക്കീസിനോട് നാം എഴുത്തുമൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രിയർക്കീസിന്റെ സ്വമനസ്സാലും ആജ്ഞയാലും മാത്രമാണ് റോക്കോസ് അവിടെ വന്നിരിക്കുന്നതെന്ന് നിങ്ങൾ അറിയണം. ആകയാൽ സ്നേഹമക്കളെ റോക്കോസ് മെത്രാൻ പള്ളികടത്ത

അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളികളുടെ പല മഹറോനിൽ വീണിരിക്കുന്നുവെന്നും നിങ്ങൾ ധരിച്ചുകൊള്ളുവിൻ. റോക്കോസ് മെത്രാനെ ക്ഷണേന അവിടെനിന്നും വിളിച്ചു കൊള്ളുവാൻ യൗസേപ്പ് പാത്രിയാർക്കീസിനോട് നാം കല്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത നിങ്ങളെ നാം അറിയിക്കുന്നു എന്ന് നമ്മുടെ വാഴ്ചയുടെ 16—ാം വത്സരം ക്രി.വ.1861 സെപ്റ്റംബർ 5—ാം തീയതി റോമായിൽ ശെമവോൻ കേപ്പായുടെ പള്ളിയിൽ നിന്ന്.''

മാർപ്പാപ്പയുടെ ഒപ്പും മുദ്രയുമുള്ള ഈ കത്ത് അച്ചടിപ്പിച്ച് എല്ലായിടത്തും പ്രചരിപ്പിക്കുകയും ഇതേക്കുറിച്ച് ആധികാരികമായി പ്രസംഗിക്കുകയും ചെയ്ത വികാരി ജനറാളായ ചാവറയച്ചന് റോക്കോസ് ശീശ്മയിലേക്കുള്ള സുറിയാനികത്തോലിക്കരുടെ തള്ളിക്കയറ്റം ഒട്ടാകെ തടയാൻ ക്രമേണ സാധിച്ചു.

വികാരിജനറൽ എന്നുള്ളനിലയിൽ അദ്ദേഹം സുറിയാനിപ്പള്ളികളെ നാലു മേഖലകളായി തിരിച്ചു. ഓരോ മേഖലയ്ക്കും ഓരോ പ്രതിനിധിയെ (ദെപ്പുത്താമാർ) നിയമിച്ചു. ഈ ദെപ്പുത്താത്തോർക്ക് ഏതാണ്ട് വികാരിജനറാളിന്റെ അധികാരമുണ്ടായിരുന്നു. പള്ളികൾ സന്ദർശിക്കുക, കേസുകൾ തീർക്കുക, അച്ചന്മാരെ സ്ഥലം മാറ്റുക മുതലായവ ഇവരാണു നേരിട്ടു ചെയ്തിരുന്നത്. ദേവാലയങ്ങളും ദേവാലയ ഉപകരണങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകി. കുർബാന അർപ്പിക്കുന്നത് ഒരേ വിധത്തിലാകാൻ വേണ്ടി ''ഇക്കാസാ'' എന്ന പേരിൽ ഒരു പുസ്തകം അടിച്ചിറക്കി. ഇങ്ങനെ ശീശ്മയിൽ നിന്നും സുറിയാനിപ്പള്ളികളെ പരിരക്ഷിക്കുക മാത്രമല്ല, ശരിയായരീതിയിലുള്ള കർമ്മാനുഷ്ഠാനങ്ങളും പള്ളികളിൽ നടപ്പാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. കുട്ടികൾക്ക് ക്രമമായി വേദപാഠം നല്കണമെന്നും അദ്ദേഹം അനുശാസിച്ചു.

വികാരിജനറാൾ സ്ഥാനത്തുനിന്ന് ചാവറയച്ചൻ എന്നാണു മാറിയത് — അല്ലെങ്കിൽ മാറ്റപ്പെട്ടത് എന്ന

വ്യക്തമല്ല. റോക്കോസ് ശീശ്മയുടെ വേലിയേറ്റം മാറിക്കിട്ടിയപ്പോൾ സുറിയാനിക്കാർക്കായുള്ള വികാരിജനറാൾ സ്ഥാനവും വേണ്ടെന്നുവച്ചിരിക്കാം. അല്ലെങ്കിൽ ദേഹാസ്വാസ്ഥ്യം മൂലമോ — വിനയം മൂലമോ അദ്ദേഹം തൽസ്ഥാനം രാജിവച്ചിരിക്കാം. ഏതായാലും 1864 മുതൽ മരിക്കും വരെ കൂനമ്മാവു കൊവേന്തയുടെ ശ്രേഷ്ഠനായിട്ടാണ് അദ്ദേഹം അറിയപ്പെട്ടത്.

# 17 സന്യാസജീവിതം സ്ത്രീകൾക്കുവേണ്ടിയും

1864–ൽ കൂനമ്മാവിലേക്കു താമസം മാററിയ ചാവറയച്ചൻ സ്ത്രീകൾക്കായുള്ള ഒരാശ്രമസ്ഥാപനത്തെക്കുറിച്ച് അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്തായുമായി പലപ്രാവശ്യം ചർച്ചചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രേരണയും പ്രോത്സാഹനവും കൂടിയായപ്പോൾ ചാവറയച്ചൻ ഇതിനുവേണ്ടി രംഗത്തിറങ്ങി. വരാപ്പുഴ അടുത്തുള്ള പുത്തമ്പള്ളി സുറിയാനിപ്പള്ളിയുടെ സമീപം വാങ്ങിയിരുന്ന സ്ഥലം ഇതിനായി വിനിയോഗിക്കുവാൻ നിശ്ചയിച്ചു. മൂന്നു നാലു ഏക്കർ വരുന്ന ആ സ്ഥലം മുഴുവൻ മഠത്തിനു ചേർന്നവിധത്തിൽ നല്ലപൊക്കമുള്ള കനത്തമതിൽ കെട്ടി തീർത്തു. കോൺവെൻറിനുവേണ്ടി കെട്ടിടം പണിയാൻ ആരംഭിച്ചപ്പോൾ മെത്രാപ്പോലീത്തായ്ക്കു ഒരു പുതിയ ആശയം തോന്നി. സുറിയാനിക്കാർക്കുവേണ്ടി ഒരു സെമിനാരി പണിയുക. മഠത്തെക്കാൾ കൂടുതലാവശ്യം അതാണെന്നു ചാവറയച്ചനും തോന്നി. അങ്ങനെ മഠം പണി സെമിനാരിപണിയായി കലാശിച്ചു. ആ സെമിനാരിയുടെ ഒരു ഭാഗം ഇന്നു് സി. എം. സി. സിസ്റ്റേഴ്സിൻെറ ഒരു മഠമായി തീർന്നിരിക്കുന്നു.

## പതിനെട്ടു രൂപയുടെ ഒരു മഠം

പക്ഷെ സഭാശുശ്രൂഷയിൽ പ്രതിഷ്ഠിതരായ സന്യാസിനികളുടെ സേവനം വളരെ ആവശ്യമാണെന്നും സ്ത്രീകൾക്കുവേണ്ടി ഒരു സന്യാസസഭ വളരെവേഗം ആരംഭിക്കേണ്ടതാണെന്നും ഉള്ള ചിന്ത കഥാനായകൻെറ മനസ്സിൽ അലയടിച്ചിരുന്നു. ഒരു ദിവസം ചാവറയച്ചനും ലെയോപ്പോൾഡ് മിഷനറിയും കൂടി വൈകുന്നേരം നടക്കാനിറങ്ങി ചാവറയച്ചൻ തൻെറ മനസ്സിലിരുപ്പ് സംസാരമദ്ധ്യേ വെളിപ്പെടുത്തി. ലെയോപ്പോൾഡച്ചൻ തൻെറ കുമ്പസാരക്കാരിൽ ഒരുവൾ വിവാഹജീവിതം ഇഷ്ടപ്പെടുന്നില്ലെന്നും കന്യകയായി ജീവിതം കഴിക്കാൻ ആഗ്രഹിക്കുന്നെന്നും ചാവറയച്ചനോടറിയിച്ചു. ഈ പെൺകുട്ടിയുടെ വിധവയായ അമ്മയ്ക്കും ഇപ്രകാരം ജീവിക്കാനാണ് ഇഷ്ടമെന്നറിയിച്ചു. തൻെറ ആഗ്രഹനിവർത്തിക്ക് ഇതു തന്നെ ദൈവം കാണിച്ചുതന്ന ഒരു നല്ല അവസരം എന്നു മനസ്സിലാക്കി പിറേറ ദിവസം അവരെ വിളിപ്പിച്ചു. വാകയിൽ ഏലീശ്വായും പുത്രി അന്നയുമായിരുന്നു ഈ രണ്ടു സ്ത്രീകൾ. അവരുടെ വീതത്തിലുള്ള കുറെ സ്ഥലം കടം വീട്ടി എടുത്താൽ അതും മഠത്തിനു ദാനമായിത്തരാമെന്നും ഇവർ ചാവറയച്ചനോടു പറഞ്ഞു. ഇവരുടെ കാര്യം നോക്കിയിരുന്ന പിറപ്പൻ വറീതുതൊമ്മനെ വിളിപ്പിച്ചു കാര്യം തിരക്കി ഇവരുടെ പേരിലുള്ള വസ്തു ഭാഗിച്ചു വേലികെട്ടി തിരിച്ചു കൊടുക്കുന്നതിന് അയാൾക്കും സമ്മതമായിരുന്നു. ഈ അവസരത്തിൽതന്നെയാണ് കൂനമ്മാവ് ആശ്രമത്തിൽ ആദ്യമായി നാല്പതുമണി ആരാധന നടത്തുന്നതിന് ചാവറയച്ചൻ പരിശ്രമിച്ചുകൊണ്ടിരുന്നത്. ആരാധന കഴിഞ്ഞപ്പോൾ മഠം പണികാര്യം വീണ്ടും സജീവമായി. എവിടെ തുടങ്ങും? എങ്ങനെ കെട്ടിടം പണിയും? കൈയ്യിലാണെങ്കിൽ പൈസയും തീരെയില്ല. ഒരു ഉത്തരിപ്പുകടം വീട്ടാൻ ഏല്പിച്ച പണം കടക്കാരനെ വിളിച്ചു കൊടുത്തപ്പോൾ അയാൾ മഠം പണിക്കു ദാനമായി പത്തുരൂപ കൊടുത്തു. പലവഴിക്കു പരിശ്രമിച്ച് എട്ടുരൂപകൂടി ചാവറയച്ചൻ സമാഹരിച്ചു. ഈ പതിനെട്ടു രൂപയും കൊ

ണ്ട് മഠം പണിതുടങ്ങി. പനമ്പും മുളയും തെങ്ങും ഓലയുമെല്ലാം ശേഖരിച്ചു. മൂന്നു കിടപ്പുമുറിയും ഒരു പ്രാർത്ഥന മുറിയും ഒരു ഊട്ടുമുറിയും ചേർന്ന കൊച്ചു പനമ്പു മഠം ഒരാഴ്ചകൊണ്ടു കെട്ടിയുണ്ടാക്കി. മഠത്തിൽ പ്രവേശിക്കേണ്ട ദിവസം നിശ്ചയിച്ചു. 1866 ഫെബ്രുവരി 13–തത്കാലമായി കർമ്മലീത്താ മൂന്നാം സഭക്കാരുടെ നിയമാവലി കുറെ ഭേദഗതികളോടെ ഇവർക്കു കൊടുക്കാമെന്നു തീരുമാനമായി. ആഗോള കർമ്മലീത്താ സഭയുടെ നവീകരണക്കാരിയായ ആവിലായിലെ വി. അമ്മത്രേസ്യായുടെ നാമത്തിൽ മഠം ആരംഭിക്കുവാനും നിശ്ചയിച്ചു.

## ഉദ്ഘാടനം

നിശ്ചിതദിവസം രാവിലെ കൂനമ്മാവ് ആശ്രമദേവാലയത്തിൽ ദിവ്യബലിക്കുശേഷം വാകയിൽ ഏലീശ്വായും പുത്രി അന്നയും സഹോദരി ക്ലാരയും ഇവർക്കായി പുത്തനായി വെട്ടിയ വഴിയിലൂടെ നടന്ന് നിർദ്ദിഷ്ടസ്ഥലത്ത് അടക്കവേലി(cloister)ക്കകത്തു പ്രവേശിച്ചു, കമ്പസാരക്കാരനെന്ന നിലയിൽ ലെയോപ്പോൾഡച്ചൻ ഇവർക്ക് ഉപദേശം കൊടുക്കുകയും ഇവരുടെ ആഗ്രഹത്തെ ഒരിക്കൽക്കൂടി ചോദിച്ചറിയുകയും ചെയ്തു. സഭാവസ്ത്ര സ്വീകരണത്തിന്റെ പ്രതീകമായി ചെറിയ സ്കാപുലർ ഇവർക്കു നൽകി. സ്തോത്രഗീതം, ലത്തീനിൽ ലെയോപ്പോൾഡച്ചനും സുറിയാനിയിൽ കുരിയാക്കോസച്ചനും പാടി. ഇവർക്കു കൈത്തൊഴിലിനുള്ള കൊന്തക്കുരു, കമ്പി, കടിൽ, കത്രിക, സൂചി, നൂൽ ഇവയും മററു അത്യാവശ്യം വേണ്ട പെരുമാററ സാമാനങ്ങളും കൂനമ്മാവു കൊവേന്തയിൽ നിന്നും ചാവറയച്ചൻ കൊണ്ടുവന്നു കൊടുത്തു. കൊന്ത കോർക്കുവാനും തയ്യൽപ്പണി ചെയ്യുവാനും പുറത്തുനിന്നും ആളുകളെ വരുത്തി പഠിപ്പിച്ചു. ചാവറയച്ചൻ സ്ഥലത്തുള്ളപ്പോഴൊക്കെ ദിവസവും ഇവിടെപ്പോയി ഇവരുടെ സുഖവിവരം അന്വേഷിച്ചിരുന്നു. വൈപ്പുള്ള പുത്തനങ്ങാടി വൈദ്യന്റെ മകൾ ഏലീശ്വായും ഈ സമൂഹത്തിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചു. അവരെയും കൂട്ടി. അങ്ങനെ നാലുപേരായി

## പുതിയ കെട്ടിടം

പനമ്പുമഠത്തിൽ ഇങ്ങനെ തുടങ്ങിയ കന്യകാജീവിതം ശാന്തമായി മുന്നോട്ടുനീങ്ങി. പക്ഷേ ഓരോ ദിവസവും മഠം സന്ദർശിക്കുമ്പോഴും ചാവറയച്ചന്റെ ഉള്ള് അസ്വസ്ഥമാകുമായിരുന്നു. വെള്ളത്തിലിടാത്ത മുളയും തെങ്ങുമെല്ലാം കുത്തൽ വീണുതുടങ്ങി. ഒരുകൊല്ലം തികയുന്നതിനു മുൻപേ ഇതു നിലം പതിക്കുമോ എന്ന് കഥാനായകൻ സംശയിച്ചു. അതിനാൽ കല്ലുകെട്ടി സ്ഥിരമായ ഒരു കെട്ടിടം മഠത്തിന് ഉടൻ പണിയണമെന്നു ചാവറയച്ചൻ തീരുമാനിച്ചു. തന്റെ സഹപാഠികളും സഹപ്രവർത്തകരുമായ വൈദികരുടെ പള്ളികളും പരിചയമുള്ള വീടുകളും അദ്ദേഹം കയറി ഇറങ്ങി. 8000 രൂപയോളം സംഭരിച്ച് മഠം പണിതു. ചാവറയച്ചന്റെ ഭാഷയിൽ "67–ാം കാലത്തിന്റെ മനോഗുണങ്ങളിൽ ഒന്ന് സർവ്വേശ്വരൻ നമുക്കു നല്കിയിരിക്കുന്നു. ഇതായതു 66മീനത്തിൽ പനമ്പിൽ പാർപ്പിച്ച കന്യാസ്ത്രീകളെ 67മീനം 27–ാം തീയതി പുത്തൻ മഠത്തിൽ സമസ്തവും തീർത്തു, പ്രാർത്ഥന മുറിയിൽ വിയാസാക്രൂ മുതലായതും അൾത്താര, പുത്തൻ കത്സാളുകൾ പുച്ചട്ടികൾ മുതലായതും ഡൊർമിത്തോരിയിൽ പസ്സികളും ഊട്ടുമുറിയിൽ തുവാല, വെള്ളപ്പാത്രങ്ങൾ, മുറികളിൽ കട്ടിലുംപായും പുതപ്പുംപുത്തൻ കോളാമ്പികളും കാഴ്ചമുറിയിൽ കുമ്പസാരക്കൂടും." മീനം 27–ാം തീയതിയായിരുന്നു അവരുടെ മഠം പ്രവേശനം. അന്ന് എല്ലാവരും വി.കർബ്ബാന സ്വീകരിച്ചു. പ്രാർത്ഥന മുറിയിൽ കൂടി നിയമ പ്രകാരമുള്ള പ്രാർത്ഥനക്കുശേഷം ലെയോപ്പോൾഡച്ചൻ അവർക്കു സന്യാസവസ്ത്രങ്ങൾ നല്കി. ഇന്നു കൂനമ്മാവിലുള്ള പഴയ മഠം തന്നെയാണ് ചാവറയച്ചൻ പണിയിപ്പിച്ചമഠം. പോരുക്കര പ്രിയോരച്ചന്റെ നാളാഗമത്തിൽ മഠം പണിക്കായി ഫണ്ട് പിരിക്കാൻ നടന്ന ചാവറയച്ചനെ വിവരിക്കുന്നുണ്ട്. "ചേരാനല്ലൂർ വച്ച് വാതപ്പനി തുടങ്ങി. രണ്ടുദിവസം ബോധമില്ലാതെ കിടക്കുകയും ശടപ്പോടെ കൂനമ്മാവു കൊവേന്തയിൽ വന്നു ചേരുകയും കാലിൽ നീരുകൂടി

പൊട്ടുകയും ഒരു പ്രകാരം ആശ്വാസപ്പെടുകയും ചെയ്തു. (ആലോചന—P.131)

ചാവറയച്ചന്റെ സ്വപ്നം ഇന്നു യാഥാർത്ഥ്യമായി നിൽക്കുകയാണ്. 1886—ൽ സ്ഥാപിതമായ T.O.C.D.സഭ 1887 മെയ് 30—ൽ തിരുസിംഹാസനത്തിന്റെ നിശ്ചയപ്രകാരം ലത്തീൻകാരും സുറിയാനിക്കാരുമായി വേർതിരിഞ്ഞ് രണ്ടു സഭയായിപ്പിരിയുകയും സുറിയാനിക്കാർക്കു കൂനമ്മാവു മാതൃഭവനം ലഭിക്കുകയും ചെയ്തു. ഇന്നു സുറിയാനിക്കാർ സി. എം.സി. എന്ന പേരിലും ലത്തീൻകാർ സി.റ്റി.സി. എന്ന പേരിലും അറിയപ്പെടുന്നു. ഇന്നു കേരളത്തിലും പുറത്തും ഇൻഡ്യക്കു പുറത്തുപോലും നിസ്തുല സേവനങ്ങൾ അർപ്പിക്കുന്ന കേരളത്തിലെ സന്യാസസഭകൾക്ക് പ്രചോദനവും മാതൃകയും ചാവറയച്ചൻ തുടങ്ങിവച്ച സന്യാസിനീസഭയിൽ നിന്നു സ്വീകരിച്ചതാണെന്നുള്ളതിനു് രണ്ടുപക്ഷമില്ല. ഭാരത കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ പുരോഗതിയിലും ആതുര ശുശ്രൂഷാരംഗത്തും മററു ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഈ സന്യാസിനീ സഭകൾ വഹിക്കുന്ന പങ്ക് എത്രയോ ശ്ലാഘനീയമാണ്. വടക്കേ ഇൻഡ്യയിലും ഇൻഡ്യക്കു പുറത്തുപോലും കേരളസന്യാസിനികൾ തങ്ങളുടെ സേവനത്തിന്റെ വ്യക്തിമുദ്ര പതിച്ചിരിക്കുന്നു.

## 18. തീണ്ടിക്കൂടാത്ത സാഹിത്യം

ഒരു ക്രിസ്ത്യാനിയോ കത്തോലിക്കനോ സാഹിത്യകാരനാകുക ഒരസാധ്യകാര്യമായിരുന്നു. ഇന്നുപോലും ഈ അവസ്ഥയാണ് ഉള്ളതെങ്കിൽ ചാവറയച്ചൻ ജീവിച്ചിരുന്ന ഒന്നര നൂറ്റാണ്ടു മുമ്പത്തെ കാര്യം ചിന്തിക്കുകപോലും സാദ്ധ്യമല്ലല്ലോ. അക്ഷരാഭ്യാസംതന്നെ അന്നു സവർണ്ണ

ഹിന്ദുക്കൾക്കുമാത്രം നീക്കിവയ്ക്കപ്പെട്ട ഒരു കാര്യമായിരു
ന്നു. കാലങ്ങളേറെക്കഴിഞ്ഞ് ഒരു കട്ടക്കയത്തിൽ ചെറി
യാൻമാപ്പിള 'ശ്രീയേശുവിജയം' എന്ന മഹാകാവ്യം എ
ഴുതി പ്രസിദ്ധീകരിച്ചപ്പോൾ അതിനെ പ്രോത്സാഹിപ്പി
ക്കുന്നതിനു പകരം ഇവിടത്തെ സാഹിത്യ കർത്താക്കൾക്ക
മനഃപ്രയാസവും എതിർപ്പുമാണു തോന്നിയത്. മനോഹര
മായ ആ കൃതിയെ കണ്ടമാനം വിമർശിച്ചു കൊച്ചാക്കു
കയും ഗ്രന്ഥകാരനെ കളിയാക്കി പദ്യം രചിക്കുകയും ചെ
യ്തതാണിവിടത്തെ സവർണ്ണ സാഹിത്യാചാര്യന്മാർ. അവ
രല്ലാതെ ആരും സാഹിത്യകാരന്മാരാകരുത്, പുസ്തകമെ
ഴുതരുത് എന്ന് ഏതോ അലിഖിതനിയമമുള്ളതുപോലെ
തോന്നും ഈ ശോശപാവിളികൾ കേട്ടാൽ. കട്ടക്കയത്തെ
ക്കുറിച്ച് സവർണ്ണനായ ഒരു സാഹിത്യകാരൻ എഴുതി:

''കട്ടക്കയം ക്രൈസ്തവ കാളിദാസൻ
തട്ടുമ്പുറത്താശ്ശു ..............................
പൊട്ടക്കുളത്തിൽ പുളവൻ ഫണീന്ദ്രൻ.''

കട്ടക്കയത്തിനു സവർണ്ണർ നൽകിയതു ഇപ്രകാരമൊ
രു സ്വീകരണമാണെങ്കിൽ 1850–നോട് അടുത്ത കാലഘ
ട്ടത്തിൽ എന്തു സ്വീകരണമാവും നൽകുകയെന്ന് ഓർത്തു
നോക്കുക. എങ്കിലും തീണ്ടിക്കൂടാത്ത ഈ രംഗത്തു കൈ
വയ്ക്കണമെന്ന് നിരവധി ജോലിത്തിരക്കിനിടയിലും ക
ഥാനായകനു തോന്നി. അക്ഷരാഭ്യാസം നേടി ഞങ്ങളും
ഈ സാഹിത്യ തപസ്യയ്ക്കു വരുമെന്നൊരു മുന്നറിയിപ്പുകൂ
ടിയായിരുന്നു ഇത്.

## ആത്മസ്പർശിയായ സാഹിത്യം

സാഹിത്യത്തിനുവേണ്ടി ചാവറയച്ചൻ സാഹിത്യ
സൃഷ്ടിക്ക് ഒരുമ്പെട്ടില്ല. 'ആത്മാനുതാപം' അദ്ദേഹത്തി
ന്റെ ധ്യാനചിന്തകളാണെങ്കിൽ 'അനസ്താസ്യയുടെ രക്ത
സാക്ഷിത്വം' വിശ്വാസത്തിനുവേണ്ടിയും സത്യസഭയ്ക്കുവേ
ണ്ടിയും ജീവൻഹോമിക്കാനുള്ള ഒരു ആഹ്വാനമായിരുന്നു.

മരണവീട്ടിൽ പാടുന്ന പാന 'നല്ല മരണത്തിനുവേണ്ടിയുള്ള' മരണചിന്തയായിരുന്നു.

1869–70 എന്നീ കാലങ്ങളിൽ കാലിൽ വലിയ നീരുവന്നു പൊട്ടി വ്രണമാകുകയും യാത്രകഴിക്കാൻ ബുദ്ധിമുട്ടാകുകയും ചെയ്ത അവസരങ്ങൾ—കണ്ണിന് അല്പം കാഴ്ചക്കുറവും വേദനയും ഉണ്ടായിരുന്നു എങ്കിലും ഉപകാരപ്രദമായി സമയം വിനിയോഗിക്കാനായിരുന്നു ഈ കൃതികൾ കഥാനായകൻ വിരചിച്ചത്.

ക്രിസ്തുവിന്റെയും കന്യാമാതാവിന്റെയും ജീവിതാനുഭവങ്ങളാണ് ആത്മാനുതാപത്തിലെ പ്രതിപാദ്യവിഷയം. ഇത് ചാവറയച്ചന്റെ നിരന്തരധ്യാനത്തിന്റെ ഫലമാണെന്നുള്ളതിന് രണ്ടു പക്ഷമില്ല. മഹാകാവ്യങ്ങളുടെ ശ്രേണിയിൽ പെടുത്താവുന്ന ഈ കൃതി **ആത്മാംശത്തിനു** മുൻതൂക്കംകൊടുത്ത് എഴുതപ്പെട്ടിരിക്കുന്നതിനാൽ ഒരു പക്ഷേ സാഹിത്യ ആചാര്യന്മാരുടെ അംഗീകാരം നേടാൻ ബുദ്ധിമുട്ടുണ്ടാകാം. നിരവധി വിദേശഗ്രന്ഥങ്ങൾ വായിക്കുകയും അവയുടെ ആശയങ്ങൾ സ്വാംശീകരിക്കുകയും ചെയ്തതിന്റെ എല്ലാ ലക്ഷണങ്ങളും ഈ കൃതിയുടെ രചനയിൽ കാണാനുണ്ട്. മരിയ അഗ്രേദായുടെ ''ദൈവത്തിന്റെ നഗരം' എന്ന സ്പാനിഷ് കൃതി ഇവയിൽ പ്രമുഖമാണ്. കവിതകൾക്ക് സംസ്കൃതവൃത്തങ്ങളുടെ അതിപ്രസരം ഉണ്ടായിരുന്ന അക്കാലത്ത് സാധാരണക്കാർക്ക് വേണ്ടി നാടൻ (ദ്രാവിഡവൃത്തം) വൃത്തങ്ങളിൽ എഴുതിയ കാവ്യമാണിത്. പാന, തരംഗിണി, കേക, വഞ്ചിപ്പാട്ട് മുതലായവയാണ് ഈ വൃത്തങ്ങൾ. ആകെ രണ്ടായിരത്തിൽപരം ഈരടികളുള്ള ഈ കാവ്യം 12 പാദങ്ങളും കടശിപാദവും അന്ത്യ അപേക്ഷയും ചേർന്നതാണ്. ഒന്നും രണ്ടും പാദങ്ങൾ സ്വന്തം ജീവിതത്തിലേക്ക് ചുഴ്ന്നിറങ്ങി അനുതപിക്കുന്ന കവിയെ നാം കാണുന്നു. നന്മയുടെ മൂർത്തീമദ്ഭാവമായ ദൈവത്തോടു തുലനംചെയ്യുമ്പോൾ സൃഷ്ടിയായ മനുഷ്യൻ എന്നും അപൂർണ്ണനും കുറവു നിറഞ്ഞവനുമാണെന്ന ബോധമാണ് കവി ഇവിടെ പ്രകടിപ്പിക്കുന്നത്. അനുതപിച്ച ക്രിസ്തു

വിനെ സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്ന സുവിശേഷത്തിന്റെ അരൂപിയും ഇവിടെ നാം കാണുന്നു. മൂന്നാം പാദത്തിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് ദൈവപിതാവിലേക്കടുക്കുന്ന കവിഹൃദയത്തെയാണ് നാം ദർശിക്കുക. ''കാരുണ്യനാഥനാം ദൈവകുമാരന്റെ കാരുണ്യശോഭയെ കാണാകേണം'' എന്നു തുടങ്ങുന്ന വരികൾ അതീവഹൃദ്യമാണ്. ആധുനികരീതിയുള്ള ഒരു ഭജനഗാനമാക്കിയാൽ ഒന്നാംതരം ഒരു പ്രാർത്ഥനയാണ് ഈ അൻപതു് ഈരടികളും.

തുടർന്നുള്ള ഭാഗങ്ങൾ ക്രിസ്തുവിന്റെ ജീവചരിത്രത്തിന്റെ വിശകലനമാണ്. ആത്മാവിൽ ലയിച്ചു ചേർന്ന ക്രിസ്തുരൂപത്തെ സുവിശേഷ വിവരണത്തിന്റെ വെളിച്ചത്തിൽ കവി വായനക്കാരിലേക്കു കൊണ്ടുവരുന്നു. പത്തും പതിനൊന്നും പന്ത്രണ്ടും പാദങ്ങൾ ദൈവജനനിയുടെ ജീവിതത്തിലേക്കു വെളിച്ചം വീശുന്നതാണ്. സുവിശേഷത്തിലുള്ളതും പാരമ്പര്യത്തിലുള്ളതും മാതാവിനെക്കുറിച്ചു കേട്ടറിഞ്ഞിട്ടുള്ളതുമായ എല്ലാ സംഭവങ്ങളും ഇവിടെ വിവരിച്ചിരിക്കുന്നു. കവിയുടെ അഗാധമായ മാതൃഭക്തി ഇവിടെ സമ്യക്കായി പ്രകടിപ്പിച്ചിരിക്കുന്നു.

മരിച്ചുകിടക്കുന്ന മനുഷ്യന്റെ ആത്മാവ് അവിടെ കൂടിയിരിക്കുന്നവരോട് മരിച്ചതിനുശേഷമുള്ള കാര്യങ്ങളെക്കുറിച്ചു പറയുന്ന രീതിയിലാണ് ''മരണവീട്ടിൽ പാടുന്ന പാന'' എന്ന കൃതിയുടെ ആദ്യഭാഗം. ലോകം, വ്യർത്ഥാഭിമാനം, സ്വന്തശരീരം ഇവയൊന്നും അവസാനവിധിനാളിൽ സഹായിക്കാനുണ്ടാകുകയില്ലെന്നും സുകൃതങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ മാത്രമായിരിക്കും ആ സമയത്തു സഹായത്തിനെത്തുകയെന്നും കവി ഇവിടെ വിശദമാക്കുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ നിരവധി സംഭവങ്ങൾ വിവരിക്കുന്നുണ്ട്. എല്ലാം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യത്തെ കാണിക്കുന്നവയാണ്. കഥാനായകൻ കേട്ടറിഞ്ഞിട്ടുള്ള ഒട്ടു വളരെ സംഭവങ്ങൾ ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. ശുദ്ധീകരാത്മാക്കൾ സഭയുടെ ഒരു ഭാഗമാണെന്നും അവർക്കു

വേണ്ടി സൽകൃതം ചെയ്യാൻ ജീവിച്ചിരിക്കുന്ന നമുക്കു കടമയുണ്ടെന്നും പകരം അവർ നമ്മെ സഹായിക്കുമെന്നും ഉള്ള നല്ലനല്ല ചിന്തകൾ ഈ കൃതിയിലൂടെ നമുക്കു തരുന്നു. മരണവീട്ടിൽ പാടുന്നതിനുള്ള ഈ പുസ്തകം അവിടെക്കൂടിയിരിക്കുന്നവർക്കു മരണത്തെക്കുറിച്ചും ശുദ്ധീകരണസ്ഥലത്തെക്കുറിച്ചും അതിലെ വേദനകളെക്കുറിച്ചുമുള്ള ഒന്നാംതരം ധ്യാനചിന്തകളാണു്.

വഞ്ചിപ്പാട്ടുരീതിയിൽ വളരെ ഹൃദയസ്പർശിയായ വിധത്തിൽ വിവരിച്ചിരിക്കുന്ന 'അനസ്താസിയായുടെ രക്തസാക്ഷ്യം' എന്ന കൃതി ക്രിസ്തുവിനും വിശ്വാസത്തിനും സത്യസഭയ്ക്കുംവേണ്ടി, വേണ്ടിവന്നാൽ ജീവൻതന്നെ വെടിയണമെന്നുള്ള ഒരാഹ്വാനമാണു് വായനക്കാർക്കു നൽകുക. റോക്കോസ് ശീശ്മയുടെ കാലത്തു് ഇതു് എഴുതപ്പെട്ടതാണെന്നു കരുതാം. അനസ്താസിയായുടെയും സിറില്ലുസിന്റേയും വിശ്വാസത്തിനുവേണ്ടിയുള്ള ജീവത്യാഗം— എന്തെല്ലാം പ്രയാസങ്ങളുണ്ടായാലും സത്യവിശ്വാസത്തിൽ സത്യസഭയിൽ ഉറച്ചുനിൽക്കുവാൻ കേരള കത്തോലിക്കർക്കു ഉത്തേജനം പകരുന്നു.

മൂന്നാം നൂറ്റാണ്ടിൽ വലേരിയൻ ചക്രവർത്തിയുടെ മതപീഡനകാലത്തു് സോഫിയാ— എന്ന കന്യാസ്ത്രീ നടത്തിയിരുന്ന മഠത്തിൽ അനസ്താസിയാ എന്ന യുവതി കന്യകാലയ ജീവിതത്തിനായി വന്നു. അവളെ നേരത്തെ സ്നേഹിച്ചിരുന്ന ചക്രവർത്തി ഭടന്മാരെ അയച്ചു് അവളെ വരുത്തി ജോവ് ദേവനെ ആരാധിച്ചാൽ ധനവും സ്ഥാനമാനങ്ങളും മറ്റും നല്കാമെന്നു വാഗ്ദാനം ചെയ്യുന്നു. ഈ പരീക്ഷണങ്ങളെയെല്ലാം ധീരമായി നേരിട്ട അനസ്താസിയായെ ഘോരമായ പീഡനങ്ങൾക്കു് വിധേയയാക്കുന്നു. മരിക്കുന്ന സമയം ദാഹജലത്തിനുവേണ്ടി യാചിച്ചഅവൾക്കു് കുടിനീരു കൊടുത്ത സിറില്ലാസ് എന്ന ക്രൈസ്തവ യുവാവിനെയും നിഷ്കരുണം വലേരിയൻ കൊല്ലിക്കുന്നു. ഈ സംഭവമാണു് മനോഹരമായ ഒരു ഖണ്ഡകാവ്യമായി ചാവറയച്ചൻ രചിച്ചിരിക്കുന്നതു്. 1862-ൽ രചിച്ചതാണി

തെന്നു തീർച്ചയാക്കാം 1885-ൽ രചിച്ച എ.ആർ.രാജരാജവർമ്മയുടെ മലയവിലാസത്തിന് 23 കൊല്ലം മുമ്പാണ് ഈ കൃതി ചാവറയച്ചൻ രചിച്ചത്. എങ്കിലും ഇത് ആദ്യത്തെ ഖണ്ഡകാവ്യമെന്നു പറയാൻ ഇന്നും സവർണ്ണരായ സാഹിത്യകാരന്മാർ മടികാണിക്കുകയാണ്.

## ചാവറയച്ചന്റെ കൃതികളെപ്പററി

ചാവറയച്ചന്റെ കൃതികളെക്കുറിച്ചുള്ള പ്രശസ്തരായ ചില സാഹിത്യകാരന്മാരുടെ വിലയിരുത്തലുകൾ താഴെ കൊടുക്കുന്നു: ''സുന്ദരവും നിർമ്മലവുമായ ജീവിതം കൊണ്ട്........മലയാള കവിതയുടെ ഉയിരും ഉടലും ഉടച്ചു വാർത്തു എന്നതാണു സത്യം''—സി. പി. ശ്രീധരൻ.

''ചാവറയച്ചന്റെ ജീവിതദർശനം മുഴുവൻ നിഴലിക്കുന്നത് അദ്ദേഹത്തിന്റെ 'ആത്മാനുതാപം' എന്ന കൃതിയിലാണ്. ദൈവസ്നേഹം, ക്രിസ്തുവിനോടുള്ള സ്നേഹം, പാപബോധം, അനുതാപ പൂർണ്ണമായ ഹൃദയത്തിന് സംലബ്ധമാകുന്ന ക്രിസ്തുയോഗം, ഇതുവഴി ലഭിക്കുന്ന ഗുണത്രയങ്ങൾ, അവയിലൂടെ സംലബ്ധമാകുന്ന ആദ്ധ്യാത്മികശക്തി, സഹജീവികൾക്കു വേണ്ടിയുള്ള ജീവിതാർപ്പണം ഇതെല്ലാം ചാവറയച്ചന്റെ ജീവിത ദർശനത്തെ കരുപ്പിടിപ്പിക്കുന്ന ഘടകങ്ങളാണ്. ആത്മാനുതാപത്തിൽ നാമതു വായിച്ചറിയുന്നു.'' —ശ്രീ. കെ. എം. തരകൻ.

''പത്തൊൻപതാം നൂററാണ്ടിൽ ജീവിച്ചിരുന്നവരിൽ ഇന്ന് അനുസ്മരിക്കപ്പെടുന്നവരുണ്ടെങ്കിൽ പത്തൊൻപതാം നൂററാണ്ടുമാത്രമല്ല ഇരുപതാം നൂററാണ്ടുകൂടിയും സൃഷ്ടിച്ചവരാണ് അവരെന്നു നാമോർക്കണം. ചാവറയച്ചൻ അത്തരം പൂർവ്വയുഗകർത്താക്കളായ മഹാന്മാരിൽ ഒരാളാണ്. ജീവിതത്തിന്റെ സമഗ്രതയുടെ ആചാര്യൻ എന്ന നിലയ്ക്കു ദിവ്യനാണദ്ദേഹം. ഒരു ഇരുട്ടുനിറഞ്ഞ ദേവാലയത്തിൽ ശ്വാസോച്ഛ്വാസം പോലെ ദൈവവിശ്വാസം പരിപാലിച്ച ഒരു വ്യക്തിയുടെ പ്രാർത്ഥനാകൃതികൾ അന

ശരങ്ങളായ സാഹിത്യങ്ങളായി വാഴ്ത്തപ്പെടുകയാണ്. ജീവിതത്തിന്റെ പരിപൂർണ്ണതയിൽനിന്ന്, സമഗ്രതയിൽനിന്ന് ജീവിതത്തിന് ഒരു സുഗന്ധമുണ്ടാകുന്ന അവസരത്തിൽ അവ വാക്കിലൂടെ ആവിഷ്ക്കരിക്കുമ്പോഴും അതു സാഹിത്യവും കർമ്മത്തിലൂടെ ആവിഷ്കരിക്കുമ്പോഴും അതു ദിവ്യതയും ആയിത്തീരുന്നു എന്ന് ഓർത്തിരിക്കേണ്ടതാണ്. — സുകുമാർ അഴീക്കോട്.

''ചാവറ കുര്യാക്കോസച്ചന്റെ കൃതികൾ മലയാളഭാഷയ്ക്കു കിട്ടിയിട്ടുള്ള വിലപ്പെട്ട സമ്പത്തുകളാണ്. എന്നാൽ അവ മൺമറഞ്ഞു കിടക്കുകയാണ്. അവയെ യഥോചിതം പ്രകാശിപ്പിക്കേണ്ടതു് നമ്മുടെ പാവനകർത്തവ്യമാണ്. അനസ്താസ്യയെക്കുറിച്ചുള്ള ഹൃദയസ്പർശകമായ കവിത അതിന്റെ കർത്താവായ ചാവറയച്ചനു മലയാള സാഹിത്യത്തിൽ മാന്യസ്ഥാനം നേടിക്കൊടുക്കുന്നു. ഉബ്ലള്ളു് ആചാര്യപാദരുടെ അത്യുൽകൃഷ്ടവും അത്യന്തം മനോഹരവുമായ കവിതാരീതി കൈക്കൊണ്ടു മലയാളത്തിൽ ക്രൈസ്തവസാഹിത്യം നിർമ്മിച്ച അർണ്ണോസു പാതിരിയുടെ മാർഗ്ഗത്തിലൂടെയാണ് ചാവറയച്ചനും സഞ്ചരിക്കുന്നതു്. പാതിരിക്കൊപ്പം വിജയം നേടിയിട്ടുള്ള ചാവറയച്ചന്റെ കവിതയിൽ വിദേശീയനായ പാതിരിക്കു സ്വാഭാവികമായും വന്നുപോയ വൈകല്യങ്ങൾ തീരെ കാണാനില്ലെന്നതിൽ സന്തോഷിക്കണം. അനസ്താസ്യായെക്കുറിച്ചുള്ള ഈ കവിത, ഭക്തിവീരരസത്തിന്റെ പരമശോഭ പ്രത്യക്ഷപ്പെടുത്തുന്നു.'' —ശ്രീ. ശൂരനാട്ടുകുഞ്ഞൻ പിള്ള.

## ഗദ്യകൃതികൾ

ഗദ്യകൃതികളിൽ പ്രഥമസ്ഥാനം അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾക്കു തന്നെയാണ്. 'നാളാഗമങ്ങൾ' എന്നപേരിലാണ് അതിന്ന് അറിയപ്പെടുക. ഒരു സാഹിത്യകൃതിയോ, ജീവചരിത്രമോ ആയി കണക്കാക്കിയല്ല പ്രസ്തുത ആനുകാലിക കുറിപ്പുകൾ കഥാനായകൻ എഴുതിയിട്ടുള്ളതു്. പ്രത്യുത, ചിലകാര്യങ്ങൾ പ്രധാനമെന്നു തോ

ന്നിയവ അദ്ദേഹംഎഴുതികൊണ്ടിരുന്ന നാളാഗമങ്ങളിൽ ചേർത്തിരിക്കുന്നതാണ്. സ്വന്തം കാര്യവും ജീവിതാനുഭവവും പറയുന്ന ചാവറയച്ചൻപലപ്പോഴും സഭാചരിത്രവും അക്കാലത്തെ ലോകചരിത്രവും അറിയാതെ തന്നെ കൂട്ടിയിണക്കിപ്പോകുകയാണ്. വേറെ വാക്കിൽപ്പറഞ്ഞാൽ പത്തൊൻപതാം നൂററാണ്ടിലെ സഭാചരിത്രത്തിൽ നിന്നും ചാവറയച്ചനെയോ—ചാവറയച്ചനില്ലാത്ത ഒരു സഭാചരിത്രത്തേയോ നമുക്കു സങ്കല്പിക്കാൻ സാധിക്കുകയില്ല.

പല വലിപ്പത്തിലുള്ള ആറു ബുക്കുകളായാണ് നാളാഗമങ്ങൾ കാണപ്പെടുന്നതു്. ഇതു് അഞ്ചുവാല്യമായി കണക്കാക്കാം. ഇതിൽ ആദ്യത്തെ രണ്ടിൽ മാന്നാനം ആശ്രമത്തിന്റെ സ്ഥാപനചരിത്രവും മൂന്നാമത്തേതിൽ റോക്കോസ് കലാപചരിത്രവും നാലാമത്തേതിൽ അമ്പഴക്കാട്ടു കൊവേന്തയുടെ സ്ഥാപനചരിത്രവും അഞ്ചാമത്തേതിൽ കൂനമ്മാവു കർമ്മലീത്താ മഠത്തിന്റെ സ്ഥാപനചരിത്രവുമാണ്. തുടർന്ന് ഈ മൂന്നു സ്ഥാപനങ്ങളിലും നടന്ന സംഭവങ്ങൾ തീയതി വച്ചു ദിനവൃത്താന്തങ്ങളായി കൊടുത്തിരിക്കുന്നു. 'ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം—1 നാളാഗമങ്ങൾ' എന്ന പേരിൽ മാന്നാനത്തു നിന്നും 1981—ൽ മനോഹരമായി അച്ചടിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്നു. 1905—ൽ ആണ് ഈ കൈപ്പട പുസ്തകങ്ങൾ ബയന്റു ചെയ്തതു്. 1960—ൽ തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെയും പോലീസിലെ ക്രൈം ഡിപ്പാർട്ടുമെന്റിലെ ആധുനിക ഉപകരണങ്ങളുടെയും സഹായത്തോടെ ചാവറയച്ചൻ തന്നെ എഴുതിയിട്ടുള്ള ഭാഗങ്ങൾ കണ്ടുപിടിച്ച് അച്ചടിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കയാണ്. കുറിയാക്കോസച്ചൻ ഉപയോഗിച്ച അതേ ഭാഷതന്നെയാണ് അച്ചടിയിലും ഉപയോഗിച്ചിരിക്കുന്നതു്. പറ, ഇടങ്ങഴി, അര, കാൽ മുതലായ പ്രത്യേക രീതിയിലുള്ള എഴുത്തുലിപികൾ ഇന്നു് ഇല്ലാത്തതു കാരണം ഇങ്ങനെയുള്ളവമാത്രം അക്ഷരത്തിൽ കൊടുത്തിരിക്കയാണ്. ആറു ബുക്കുകളിൽ അഞ്ചിന്റെയും അവസാനം കുറെപേജുകൾ വിട്ടിരിക്കയാണ്. ചാവറയച്ചന്റെ ജീവചരിത്രം, അക്കാലത്തെ

ണ്ടായിരുന്നിരിക്കാം. ഏതായാലും ഒന്നു രണ്ടു ദിവസത്തെ ധ്യാനചിന്തകൾ—പ്രത്യേകിച്ചും അനുതാപത്തിന്റെ ശൈലി വിവരിച്ചുകൊണ്ട് എഴുതിയ ധ്യാനക്കുറിപ്പുകൾ മാത്രമേ നമുക്കു ലഭ്യമായിട്ടുള്ളു. ബാക്കി കഥാനായകൻ പൂർത്തീകരിച്ചില്ല എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇനി പൂർത്തീകരിച്ചിട്ട് ബാക്കിഭാഗങ്ങൾ നഷ്ടപ്പെട്ടോ എന്നും സംശയമുണ്ട്.

ഇതിന്റെ തന്നെ രണ്ടാംഭാഗമായി വൈദികരെ ഉദ്ദേശിച്ചും ഒരു ധ്യാനപരമ്പര തുടങ്ങുവാൻ കഥാപുരുഷനു ഉദ്ദേശമുണ്ടായിരുന്നതായി തോന്നുന്നു. ഇതിനു ധ്യാനക്കുറിപ്പുകൾ എന്നാണ് പ്രസാധകർ പേരു കൊടുത്തിരിക്കുന്നത്. ഈ സരണിയിൽ അഞ്ചു ധ്യാനങ്ങളാണ് നമുക്കു ലഭിച്ചിരിക്കുന്നത്. (1) ദൈവവിളിയിന്മേൽ ധ്യാനം. (2) ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം, (3) ചാവുദോഷത്തിന്മേൽ ധ്യാനം, (4) രണ്ടച്ചന്മാരുടെ വേല എന്നതിന്മേൽ ധ്യാനം. (5) ഭക്തിയില്ലാത്ത പട്ടക്കാരന്റെ മരണം. ഇതൊക്കെയാണ് ചാവറയച്ചൻ തന്നെ കൊടുത്തിരിക്കുന്ന തലക്കെട്ടുകൾ. സ്വന്ത ഉപയോഗത്തിനായി കുറിച്ചുവച്ചിരിക്കുന്ന കുറെ ജപങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് കഥാനായകന്റെ അടിയുറച്ച ആദ്ധ്യാത്മികജീവിതമാണ്. തന്റെ ധ്യാനചൈതന്യം മറ്റുള്ളവരിലേക്കുകൂടി പകുവച്ചുകൊണ്ട് ദൈവിക മേഖലയിലേക്കു ജനങ്ങളെ ഉയർത്താനായിരുന്നു ചാവറയച്ചൻ ആദ്ധ്യാത്മികകൃതികൾ എഴുതിത്തുടങ്ങിയത്.

## 19. ദൈവത്തിന്റെ ശുശ്രൂഷയിൽ

ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കാൻ മല്പാനായ പാലയ്ക്കൽ തോമാച്ചന്റെ പുറകേ ഇറങ്ങിത്തിരിച്ച പതിനൊന്നുകാരന്റെ നിശ്ചയദാർഢ്യം വളരെ ശക്തിയു

ള്ളതായിരുന്നു. മിശിഹായാകുന്നു തന്റെ അവകാശമെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്ത ഒരു ധീരവ്യക്തിത്വമായിരുന്നു ചാവറയച്ചന്റേത്. ദിവ്യകാരുണ്യസന്നിധിയിൽ മണിക്കൂറുകൾ ചെലവഴിച്ചിരുന്ന കഥാനായകൻ ശെമ്മാശനായിരിക്കുമ്പോൾ തന്നെ വി. കുർബാനയുടെ തിരുനാളിനും അതിനുശേഷമുള്ള എട്ട് ദിവസത്തേക്കും ഉപയോഗിക്കാനുള്ള സുറിയാനി പാട്ടുകൾ പല സ്ഥലത്തുനിന്നും ശേഖരിക്കുകയും എഴുതിയെടുക്കുകയും ചെയ്തിരുന്നു. വി. കുർബാനയോടുള്ള ആരാധനയ്ക്കായി, ലത്തീൻ ക്രമത്തിൽനിന്നും വി കുർബാനയുടെ വാഴ്‌വ്, 13 മണി ആരാധന, 40 മണി ആരാധന, എന്നിങ്ങനെയുള്ള ഉത്കൃഷ്ട ആരാധനാക്രമങ്ങളെ സുറിയാനി ആരാധനാക്രമത്തിലേക്ക് അദ്ദേഹം കൊണ്ടുവന്നു. അതു നടത്തുന്ന ദിവസത്തേക്കുള്ള നടപടിക്രമങ്ങളും എഴുതിയുണ്ടാക്കി. ചാവറയച്ചന്റെ ബലിയർപ്പണംതന്നെ മറ്റുള്ളവരിൽ ഭക്തി ജനിപ്പിക്കാൻ പോരുന്നവയായിരുന്നു.

കന്യകാമറിയത്തോടുള്ള ഭക്തി നന്നേ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിൽ അലിഞ്ഞുചേർന്നതായിരുന്നു. ഭാവിയിൽ യൗസേപ്പിതാവിനോടും ഉണ്ണീശോയോടുമുള്ള ഭക്തിയുംകൂടി ചേർന്നുകഴിഞ്ഞപ്പോൾ തിരുക്കുടുംബത്തിന്റെ വലിയ ഭക്തനായി ചാവറയച്ചൻ പരിണമിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും എഴുത്തുകളിലും തിരുക്കുടുംബത്തോടുള്ള ഭക്തി കേരളക്കരയിൽ പ്രചരിക്കുന്നതിനു വലിയ പ്രേരണയുണ്ടായി. ഇന്നു നമ്മുടെ ക്രിസ്തീയ ഭവനങ്ങളിൽ തിരുക്കുടുംബത്തിന്റെ പടം പ്രധാന സ്ഥാനത്തു പ്രതിഷ്ഠിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം ചാവറയച്ചന്റെ വ്യക്തിപരമായ തിരുക്കുടുംബഭക്തിയുടെ പ്രചരണം ഒന്നുമാത്രമാണ്.

ലോകപാപങ്ങൾക്കുവേണ്ടി പരിഹാരം ചെയ്ത ക്രിസ്തുവിനെ അനുകരിച്ച് മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരം ചെയ്യുവാനും മാപ്പിരക്കുവാനും അദ്ദേഹം തന്റെ ധ്യാനസമയത്തിന്റെ ഭൂരിഭാഗവും വിനിയോഗിച്ചിരുന്നു.

മണിക്കൂറുകൾതന്നെ മുട്ടിൽനിന്നു കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന ചാവറ പിതാവിനെയാണു് സഹസന്യാസികൾ എന്നും ഓർമ്മിക്കുക. ധ്യാനത്തിൽ നേടിയ ഈ ദൈവികതയെ തന്റെ സഹജീവികളിലേയ്ക്കു് ധ്യാനപ്രസംഗങ്ങൾ സവിശേഷ പ്രബോധനങ്ങൾ, ഉപദേശങ്ങൾ മുതലായവ വഴി പ്രസരിപ്പിക്കുവാൻ ഈ ധന്യാത്മാവിനു കഴിഞ്ഞിരുന്നു. ചാവറയച്ചൻ ശുദ്ധീകരാത്മാക്കളുടെ ഒരു വലിയ ഭക്തനായിരുന്നു. പ്രസംഗത്തിനു പോകുന്ന പള്ളികളിൽ ഒഴിവുവേളകളിൽ സിമിത്തേരിയിൽ പോയി പ്രാർത്ഥിക്കുന്ന കഥാനായകനെ അക്കാലത്തെ സഹപ്രവർത്തകർ പലതും ഓർക്കുന്നതായി കുറിച്ചുവെച്ചിട്ടുണ്ടു്.

പ്രസ്സ് സ്ഥാപിച്ചതും സ്കൂൾ സ്ഥാപിച്ചതുമെല്ലാം ഈ ധീരാത്മാവിനു് 'സമുദായോദ്ധാരണം' എന്ന ലാക്കോടുകൂടിയതായിരുന്നു. സഹജീവികളുടെ നന്മയ്ക്കായി പരിശ്രമിക്കുക ഇതിൽ മററുള്ളവരെയും ഭാഗഭാക്കുകളാക്കുക ഇതായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെയും പുസ്തകപ്രകാശനത്തിന്റെയുമെല്ലാം ആത്യന്തികലക്ഷ്യം. വിദ്യാലയങ്ങളുടെമെല്പുകൾക്കടുത്തുപോലും താണജാതിക്കാരായ പുലയർക്കും ഈഴവർക്കും പുതു ക്രിസ്ത്യാനികൾക്കും അടുക്കാൻ കഴിയാതിരുന്ന അക്കാലത്തു് അവർക്കുവേണ്ടി സ്കൂളുകൾ പണിയാനും അതു നടത്തിക്കൊണ്ടുപോകാൻ പിടിയരി പിരിക്കാനും ഈ മഹാത്മാവിനല്ലാതെ ആർക്കാണു സാധിക്കുക.

മദർ തെരേസായെ ഇന്നു ജീവിക്കുന്ന വിശുദ്ധയായി ലോകം മാനിക്കുന്നു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട സഹജീവികളിലേക്കു ദൈവത്തിന്റെ സ്നേഹം പങ്കുവെച്ചു കൊടുക്കുന്നതാണു് അവർ ചെയ്യുന്ന പ്രവർത്തി. എന്നാൽ ഒരു നൂററാണ്ടിനു മുൻപു് ചാവറയച്ചൻ ഇത്തരമൊരു പ്രസ്ഥാനത്തിനു് തുടക്കമിട്ടു. സാധുക്കളായ മരണാസന്നർക്കുവേണ്ടി ചാവറയച്ചൻ ഒരു ഉപവിശാല ഉണ്ടാക്കുകയും അതു നടത്തിക്കൊണ്ടു പോകുവാൻ ഒരു നന്മരണസഖ്യം സ്ഥാപിക്കുകയും ചെയ്തു. പിന്നീടുവന്ന അദ്ദേഹത്തിന്റെ സഭാതനയന്മാർ ഈ പിതൃചൈതന്യം കളഞ്ഞു കുളിക്കുക

യും ഉണ്ടായിരുന്ന വൃദ്ധമന്ദിരങ്ങൾ കൈവിട്ടുകളയുകയും ചെയ്തു.

തെററിദ്ധാരണയും മന:ക്ലേശവും പ്രതികാരബുദ്ധിയും മൂലം സമനില തെററിയവരോടുപോലും അദ്ദേഹത്തിന് സ്നേഹസമന്വിതമായി പെരുമാററാനും സഹായഹസ്തം നീട്ടുവാനും സാധിച്ചിരുന്നു. ചാവറയച്ചനെ കള്ളക്കേസിൽ കുടുക്കി– ആലപ്പുഴജില്ലാക്കോടതി കേററിയ ഒരു പട്ടക്കാരനായ കടുത്തുരുത്തിക്കാരന് മാന്നാനം കൊവേന്തക്കാർ അയാളുടെ കുടുംബത്തിന് കഴിയുന്ന ഉപകാരസഹായങ്ങൾ ചെയ്യണം. ഇതിനാൽ കർത്താവിൻെറ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാകും എന്നു മരണശാസനത്തിൽ കുറിച്ചുവയ്ക്കുവാൻ ഈ ധന്യാത്മാവു മറന്നുപോയില്ല. കേരള സഭയിൽ കലഹം സൃഷ്ടിച്ച റോക്കോസിനോടുള്ള അദ്ദേഹത്തിൻെറ പെരുമാററവും സ്നേഹസമ്പന്നമായിരുന്നു. 'രണ്ടാമത്തെ ദുരിതം' വിതച്ച അന്തോണിക്കത്തനാർ ആബദീശോ എന്ന നെസ്തോറിയൻ മെത്രാനായി ഓടിനടന്ന് മലങ്കര പള്ളികളെ തെററിദ്ധരിപ്പിച്ചു. തെററു മനസ്സിലാക്കി അന്തോണിക്കത്തനാരെ കൂട്ടുകാർ വിട്ടുപിരിഞ്ഞപ്പോഴും അനുതാപത്തിനു പ്രേരിപ്പിച്ചുകൊണ്ടു മാന്നാനത്തു സുരക്ഷിതമായി താമസിപ്പിക്കുകയും അദ്ദേഹത്തിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്യുകയും ചെയ്ത മനുഷ്യസ്നേഹിയെ നൂററാണ്ടുകളുടെ തപസ്യയ്ക്കു കണ്ടെത്താൻ കഴിയൂ. ഭിക്ഷക്കാർ വെറുംകയ്യോടെ മടങ്ങിപ്പോകരുതെന്നും വേലക്കാർക്കു ന്യായമായ കൂലി കൊടുക്കണമെന്നും കൂലി വച്ചു താമസിപ്പിക്കരുതെന്നും അന്യന് ഒരു നന്മയെങ്കിലും ചെയ്യാത്ത ദിവസം നിൻെറ ആയുസ്സിൻെറ പുസ്തകത്തിൽ കൂട്ടുകയില്ലെന്നും ഉപദേശിക്കുന്ന ദൈവസ്നേഹിയായ ഈ സോഷ്യലിസ്ററുകാരൻ നമ്മുടെ നിത്യസ്മരണക്ക് അർഹനല്ലേ? '' നീരസങ്ങളെക്കുറിച്ചു ശത്രുക്കളോടു പകരം വീട്ടാൻ മൃഗങ്ങൾക്കു കൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും വിവേകവും അവസ്ഥയുള്ള ആളിനുമാത്രം കഴിയുന്നതുമാകുന്നു.''

ദൈവത്തിലേക്കുയരുന്ന മനുഷ്യന് താണനിലയിലുള്ളവരുടെ ഇടയിലേക്കിറങ്ങാൻ ഒരു പ്രയാസവും ഉണ്ടാകയില്ല. പുൽക്കൂട്ടിലെ ഉണ്ണിയെക്കുറിച്ച് ധ്യാനിക്കുന്ന ചാവറപ്പിതാവിന് എളിമയും സാധുശീലത്വവും വെച്ചുകെട്ടേണ്ടി വന്നില്ല. വികാരി ജനറാളും പ്രിയോർ ജനറാളുമൊക്കെ ആയിരുന്ന ചാവറയച്ചന്റെ മുറിയിൽ ഒരു ദിവസം കയറിവന്ന മെത്രാനച്ചന് ഇരിപ്പിടം കൊടുക്കാൻ മററൊരു കസേരയില്ലാഞ്ഞു, സ്വന്തം കസേര നീക്കിയിട്ടുകൊടുത്തപ്പോൾ അദ്ദേഹം പെട്ടിപ്പുറത്തിരുന്നുകൊണ്ടു ചാവറയച്ചന്റെ മുറിയിലെ എളിയ സൗകര്യങ്ങളെക്കുറിച്ച് വിസ്മയിക്കുകയായിരുന്നു. സഹപ്രവർത്തകനായ ബ. ലൂയീസച്ചന്റെ ഭാഷയിൽ അദ്ദേഹത്തിന്റെ പെരുമാററ സാമാനങ്ങളുടെ ഒരു ലിസ്റ്റ് നമുക്കു ലഭിക്കുന്നുണ്ട്. 'കുരിശും (ക്രൂസ) വെള്ളവും, നാലഞ്ചുപുസ്തകം മേശപ്പുറത്തും കട്ടിലും മേശയും ഒററക്കസേരയും. കട്ടിലിനു മേക്കട്ടിയില്ല, വിരിയില്ല; ഒരു തലയിണ, വസ്ത്രങ്ങൾ സൂക്ഷിക്കാൻ ഒരു പെട്ടി'-ഇതായിരുന്നു അനപേക്ഷിത മെത്രാന്റെ മുറിയിലെ പെരുമാററസാമാനങ്ങൾ കമ്പസാരക്കാരനായ ലെയപ്പോൾദ് മിഷനറിയുടെ ഭാഷയിൽ ''കൂട്ടത്തിനടുത്ത പ്രവൃത്തികളെല്ലാം ഒന്നാമനായികൊണ്ടും ഭക്ഷണത്തിലോ വസ്ത്രത്തിലോ യാതൊരു പ്രത്യേകതയുമില്ലാതെയും ജീവിച്ച് പൊതുവായി അനുവദിക്കപ്പെട്ടിരുന്നതല്ലാതെ തന്റെ മുറിയിൽ ആഡംബരത്തിനടുത്ത യാതൊന്നും ഇല്ലായിരുന്നു.''

നല്ല കാലാവസ്ഥ പരിഗണിച്ച് ചികിത്സാർത്ഥം മാന്നാനത്തേക്കു മാറുവാൻ എല്ലാവരും നിർബന്ധിച്ചപ്പോൾ പോലും ''എന്നെ മെത്രാനച്ചൻ നിയമിച്ചിരിക്കുന്നത് ഇവിടെ(കൂനമ്മാവിൽ)യാണ്. അദ്ദേഹത്തിന്റെ അനുമതി കൂടാതെ ഞാൻ സ്ഥലംമാറുന്നതു ശരിയല്ല'' എന്നുപറഞ്ഞു കര്യാക്കോസച്ചൻ സഹപ്രവർത്തകരെ പിന്തിരിപ്പിക്കുകയാണ് ചെയ്തത്. നയനരോഗംമൂലം കാനോന നമസ്കാരം തനിച്ചുചൊല്ലുവാൻ പാടില്ലാതെ വന്നപ്പോൾ ഒരാളെക്കൊണ്ട് അതുചൊല്ലിച്ചു ധ്യാനനിഷ്ഠയോടുകൂടി അതു കേൾക്കുന്നതായിരുന്നു ചാവറയച്ചന്റെ പതിവ്. നിയ

മപാലനത്തിൽ തന്റെ സ്വന്തം കാര്യത്തിൽ കാർക്കശ്യം കാണിച്ചിരുന്നുവെങ്കിലും മററുള്ളവർക്ക് ആവശ്യാനുസരണം ഒഴിവുകൾ കൊടുക്കുന്നതിന് അദ്ദേഹത്തിനു യാതൊരു വൈഷമ്യവും ഇല്ലായിരുന്നു. സഭാസ്നേഹത്തെപ്രതി ആരെയെങ്കിലും ശാസിക്കേണ്ടിവന്നാൽ അതു പിതൃസഹജമായ സ്നേഹത്തോടും വാത്സല്യത്തോടുംകൂടി നിർവ്വഹിക്കുകയായിരുന്നു ചാവറപ്പിതാവിന്റെ പതിവ്. അതുകൊണ്ട് അനുവാദം ലഭിക്കാത്തവർക്കും ശാസിക്കപ്പെടുന്നവർക്കും ഒരിക്കലും മനഃക്ലേശം തോന്നിയിരുന്നില്ല.

ചാവറയച്ചന്റെ ദൈവസേവനം അദ്ദേഹത്തിന്റെ മനുഷ്യത്വത്തിൽ വളരെ പ്രകടമായിരുന്നു. അതു രണ്ടും സമന്വയിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ് അദ്ദേഹം വിശുദ്ധിയുടെ ഉന്നതപടികളെ എത്തിപ്പിടിച്ചതു്.

## 19. നിത്യതയിലേക്കുയർന്ന ജീവിതം

നാലു ദശാബ്ദക്കാലം കേരളക്കരയിൽ കൊടുങ്കാററുപോലെ ഓടിനടന്നു സമുദായസേവനവും സഭാസേവനവും ചെയ്ത ചാവറയച്ചന്റെ അന്ത്യദിനങ്ങൾ സമീപിക്കുകയായിരുന്നു. നല്ല സുഖമില്ലാതെ കാലിനു നീരും വാതപ്പനിയുമായി മിക്കവാറും കിടപ്പിലായിട്ട് മാസങ്ങൾ കഴിഞ്ഞിരുന്നു. ഈ അവസരത്തിലാണ് ആനക്കല്ലുപള്ളിക്കാർ അവരുടെ ഇടവകയിൽ ശീശ്മയിൽ തുടർന്ന പ്രമുഖരെ കത്തോലിക്കാ സഭയിലേക്ക് തിരികെ സ്വീകരിക്കുന്നതിനു ചാവറയച്ചൻ തന്നെ അവിടെ ചെല്ലണമെന്നു കാണിച്ച് അദ്ദേഹത്തെ ക്ഷണിച്ചതു്. ചാവറപ്പിതാവ് സന്തോഷമുള്ള ഈ കാര്യം നിർവഹിക്കുവാൻ തന്നെ തീരുമാനിച്ചു. ഒരുമാതിരി നടക്കാറായി എന്നു തോന്നിയപ്പോൾ പീലിപ്പോസ് മിഷനറിയേയും ജരാർദുമിഷനറിയേയും

കൂട്ടി പ്രിയോരച്ചൻ ആനക്കല്ലു് (രണ്ടാനം) പള്ളിയിലേക്ക യാത്രയായി. പോകുന്നവഴി പാലാക്കടുത്തു് മുത്തോലിയിൽ ആശ്രമത്തിനായി ഒരാൾ ദാനം കൊടുക്കാമെന്നു പറഞ്ഞ സ്ഥലവും കയറിക്കണ്ടു. പള്ളിയിൽ ചെന്നു തെറ്റിദ്ധാരണകളെല്ലാം നീക്കി ഇടവകക്കാരെ മുഴുവൻ കത്തോലിക്കാസഭയിലേക്ക സ്വീകരിച്ചു.

മടക്കയാത്രയിൽത്തന്നെ കാലിനു വേദനയും നീരും കൂടിക്കൂടി വന്നു. തിരിച്ചു് ഒരു വിധത്തിൽ കൂനമ്മാവിലെത്തിയപ്പോഴം പൂർണ്ണമായും കിടപ്പിലായി. എങ്കിലും വിശുദ്ധന്മാരുടെ ജീവചരിത്രംവായിക്കുന്നതിനുള്ള അതിയായ ആഗ്രഹം നിമിത്തം ഇററാലിയൻ ഭാഷ പഠിക്കുന്നതിനുള്ള പരിശ്രമങ്ങളും നടത്തി. കലശലായ കണ്ണിൽ വേദനയും നീരും അദ്ദേഹത്തെ അതിൽ നിന്നും പിന്തിരിപ്പിച്ചു. കണ്ണിൽ അസുഖം കൂടുതലായ വിവരം അറിഞ്ഞു് കഥാനായകന്റെ അനന്തിരവനായ യൗസേപ്പച്ചൻ, മുട്ടുള്ളപാടത്തു വർക്കി ശമ്മാശ്ശനേയും കൂട്ടി കൂനമ്മാവിൽ എത്തി. ഈ ശമ്മാശ്ശൻ നല്ലൊരു കണ്ണുവൈദ്യനായിരുന്നു. കുറെ ദിവസംചികിത്സിച്ചിട്ടും ഫലമില്ലാതെവന്നതിനാൽ ശമ്മാശ്ശൻ മടങ്ങിപ്പോയി. തന്റെ ജ്യേഷ്ഠനായ മുട്ടുള്ള പാടത്തു ഈപ്പനെന്ന വൈദ്യനെ പറഞ്ഞയച്ചു. അദ്ദേഹം കണ്ണിൽ അട്ട കടിപ്പിച്ചു ദുർരക്തം കളഞ്ഞു. തൽക്കാലം വേദനയ്ക്കു കുറെ ശമനംവന്നു എന്നല്ലാതെ കാര്യമായ കുറവൊന്നും കിട്ടിയില്ല. ഇതിനിടെ മിഷനറി വൈദികർ കൊച്ചിയിൽ നിന്നും ഡോ. ഗെബ്രൂവിനെ കൊണ്ടുവന്നു രോഗിയെ കാണിച്ചു. അദ്ദേഹവും വേദനയേറിയ ചികിത്സാവിധികളാണു നിശ്ചയിച്ചതു്. അതായതു് രണ്ടു ചെവികളുടെയും മുകളിൽ ചെന്നിയിൽ മരുന്നു പുരട്ടി പൊള്ളിക്കുകയും അതു കുമിളയായിപ്പൊട്ടി കുറെയേറെ ദുർന്നീരു പുറത്തുപോകുകയും ചെയ്തു. കാഴ്ചക്കുറവിനു് തൽക്കാലം കുറെയേറെ ശമനം കിട്ടി. ഇതിനിടെ പിതാവിന്റെ മററു രോഗങ്ങളും കൂടിക്കൂടിവന്നു. പൂർണ്ണമായി കിടപ്പായി. രോഗിശുശ്രൂഷ കാര്യമായി നടത്തുന്നതിനുവേണ്ടി കൊവേന്തയുടെ കിഴക്കേവശത്തു രോഗിശാലയിലേക്ക പ്രിയോ

കൂട്ടി പ്രിയോരച്ചൻ ആനക്കല്ല് (ഭരണങ്ങാനം) പള്ളിയിലേക്കു യാത്രയായി. പോകുന്നവഴിപാലായ്ക്കടുത്ത് മുത്തോലിയിൽ ആശ്രമത്തിനായി ഒരാൾ ദാനം കൊടുക്കാമെന്നു പറഞ്ഞ സ്ഥലവും കയറിക്കണ്ടു. പള്ളിയിൽ ചെന്നു തെറ്റിദ്ധാരണകളെല്ലാം നീക്കി ഇടവകക്കാരെ മുഴുവൻ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു.

മടക്കയാത്രയിൽതന്നെ കാലിനു വേദനയും നീരും കൂടിക്കൂടി വന്നു. തിരിച്ച് ഒരു വിധത്തിൽ കൂനമ്മാവിലെത്തിയപ്പോൾ പൂർണ്ണമായും കിടപ്പിലായി. എങ്കിലും വിശുദ്ധന്മാരുടെ ജീവചരിത്രംവായിക്കുന്നതിനുള്ള അതിയായ ആഗ്രഹം നിമിത്തം ഇറ്റാലിയൻ ഭാഷ പഠിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തി. കലശലായ കണ്ണിൽ വേദനയും നീരും അദ്ദേഹത്തെ അതിൽ നിന്നും പിന്തിരിപ്പിച്ചു. കണ്ണിൽ അസുഖം കൂടുതലായ വിവരം അറിഞ്ഞ് കഥാനായകൻെറ അനന്തിരവനായ യൗസേപ്പച്ചൻ, മുട്ടത്തുപാടത്തു വർക്കി ശെമ്മാശ്ശനേയും കൂട്ടി കൂനമ്മാവിൽ എത്തി. ഈ ശെമ്മാശ്ശൻ നല്ലൊരു കണ്ണുവൈദ്യനായിരുന്നു. കുറെ ദിവസംചികിത്സിച്ചിട്ടും ഫലമില്ലാതെവന്നതിനാൽ ശെമ്മാശ്ശൻ മടങ്ങിപ്പോയി. തൻെറ ജ്യേഷ്ഠനായ മുട്ടത്തു പാടത്തു ഈപ്പനെന്ന വൈദ്യനെ പറഞ്ഞയച്ചു. അദ്ദേഹം കണ്ണിൽ അട്ട കടിപ്പിച്ചു ദുർരക്തം കളഞ്ഞു. തൽക്കാലം വേദനെക്കു കുറെ ശമനംവന്നു എന്നല്ലാതെ കാര്യമായ കുറവൊന്നും കിട്ടിയില്ല. ഇതിനിടെ മിഷനറി വൈദികർ കൊച്ചിയിൽ നിന്നും ഡോ. ഗെത്ത്രൂവിനെ കൊണ്ടുവന്നു രോഗിയെ കാണിച്ചു. അദ്ദേഹവും വേദനയേറിയ ചികിത്സാവിധികളാണു നിശ്ചയിച്ചത്. അതായത് രണ്ടു ചെവികളുടെയും മുകളിൽ ചെന്നിയിൽ മരുന്നു പുരട്ടി പൊള്ളിക്കുകയും അതു കുമിളയായിപൊട്ടി കുറെയേറെ ദുർനീരു പുറത്തുപോകുകയും ചെയ്തു. കാഴ്ചക്കുറവിന് തൽക്കാലം കുറെയേറെ ശമനം കിട്ടി. ഇതിനിടെ പിതാവിൻെറ മറ്റു രോഗങ്ങൾ കൂടിക്കൂടിവന്നു. പൂർണ്ണമായി കിടപ്പായി. രോഗിശുശ്രൂഷ കാര്യമായി നടത്തുന്നതിനുവേണ്ടി കൊവേന്തയുടെ കിഴക്കുവശത്തു രോഗിശാലയിലേക്കു പ്രിയോ

രച്ചനെ മാററിപാർപ്പിച്ചു. രോഗശയ്യയിൽ കിടക്കുമ്പോഴും സുകൃതാനുഷ്ഠാനങ്ങൾക്കു മുടക്കം വരുത്തിയില്ല. കാനോനനമസ്കാരവും ജ്ഞാനവായനയും യുവസന്യാസികളെക്കൊണ്ട് വായിപ്പിച്ചു കേട്ട് ധ്യാനചിന്തയോടുകൂടി അതിൽ സംബന്ധിച്ചിരുന്നു. തന്നെ സന്ദർശിക്കാൻ വരുന്നവരോട് സന്തോഷത്തോടെ സംസാരിക്കുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. വാതപ്പനിയും നീർക്കെട്ടുകൊണ്ടുള്ള വേദനയും കണ്ണിൽ വേദനയും മററസുഖങ്ങളും കൂടിക്കൂടിവന്നു.

ഈ ഇടയ്ക്കാണ് 1870 നവംബർ 8-ാം തീയതി ലെയനാർദ മെത്രാപ്പോലീത്തായും ലെയപ്പോൾദുമിഷനറിയും റോമിൽ നിന്നും ഒന്നാം വത്തിക്കാൻ സൂനഹദോസു കഴിഞ്ഞു മടങ്ങിവരുന്നതു് പ്രിയോരച്ചൻ അത്യന്തം രോഗിയായി മാററിപാർപ്പിച്ചതു് കേട്ട് വന്നയുടനെതന്നെ രോഗിയെക്കാണാനായി ലെയപ്പോൾദുമിഷനറി ചാവറയച്ചന്റെ മുറിയിലേക്കു ഓടിവരികയായിരുന്നു. മൂപ്പച്ചനെക്കണ്ടപ്പോൾ ചാവറപ്പിതാവിനുണ്ടായ ആനന്ദം വർണ്ണനാതീതം ആയിരുന്നു. സന്തോഷം കൊണ്ട് പിതാവ് കണ്ണീർ തൂകി. എല്ലാവരെയും മുറിയിൽ നിന്നുപറഞ്ഞയച്ചു രണ്ടു മണിക്കൂറോളം അവർ കുശലം പറഞ്ഞു. ആത്മീയ കാര്യങ്ങൾ ചർച്ച ചെയ്തു. അദ്ദേഹത്തിന്റെ നിർബന്ധം മൂലം പിറേറദിവസം തന്നെ രോഗീശാലയിൽനിന്നും ചാവറയച്ചനെ കൊവേന്തയിലെ മുറിയിലേക്കു കൊണ്ടുവന്നു അദ്ദേഹത്തെ ശുശ്രൂഷിക്കാൻ കൂടുതൽസൗകര്യം കൊവേന്തയിലായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒന്നുരണ്ട് ആഴ്ചകളുള്ളിൽ നല്ല കാലാവസ്ഥയുള്ള അമ്പഴക്കാട്ടു കൊവേന്തയിലേക്കു ചാവറയച്ചനെ ലെയപ്പോൾദച്ചൻ അയച്ചു. എങ്കിലും രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞപ്പോൾ കൂനമ്മാവിലേക്കുതന്നെ അദ്ദേഹം മടങ്ങിപ്പോരുകയാണുണ്ടായതു്. ഒരു പക്ഷേ കൂനമ്മാവിൽ ലെയപ്പോൾദുമൂപ്പച്ചന്റെ സാന്നിദ്ധ്യം അദ്ദേഹത്തിന് ആശ്വാസദായകമായിരുന്നിരിക്കാം. അമ്പഴക്കാട്ടുനിന്നും വന്നതിനുശേഷം ചാവറയച്ചൻ വാസ്തവത്തിൽ മരണത്തിനുവേണ്ടി ഒരുങ്ങുകയായിരു

ന്നു. തന്റെ മരണം മുൻകൂട്ടി കണ്ടുകൊണ്ട് അദ്ദേഹം സ്വകൃ
തജപങ്ങൾ ചൊല്ലിയും കൊന്ത ചൊല്ലിയും കൂടെക്കൂടെ
വി. കർബാന സ്വീകരിച്ചും ഇതിനായി ഒരുങ്ങിക്കൊ
ണ്ടിരുന്നു. അരണാട്ടുകര നിന്നും വന്ന മാത്തുതരകൻ എന്ന
വൈദ്യനും ചാവറപ്പിതാവിനെ സന്ദർശിച്ചു. കാര്യമായി
ചികിത്സയൊന്നും ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞി
ല്ല.

ദൈവം തനിക്കു വിധിച്ചിരിക്കുന്ന അന്ത്യദിവസ
ത്തെ പ്രതീക്ഷിച്ചും തന്റെ 66 കൊല്ലത്തെ ജീവിതംകൊ
ണ്ടു സഭയ്ക്കും സമുദായത്തിനുമുണ്ടായിട്ടുള്ള നന്മകളെ ഓർത്തു
ദൈവത്തെ സ്തുതിച്ചും പിതാവു ദിവസങ്ങൾ കഴിച്ചുകൂട്ടി.
നിക്കൊളാവൂസ് എന്ന സഹോദരനും ഒരു വേലക്കാരനും എ
പ്പോഴും രോഗിയുടെ മുറിയിൽ ഉണ്ടായിരുന്നു.

1871—ജനുവരി 2-ാം തീയതി രോഗിയുടെ പ്രത്യേ
കാവശ്യപ്രകാരം ലെയപ്പോൾദച്ചൻ പിതാവിനെ കുമ്പ
സാരിപ്പിച്ചു. ഉച്ചകഴിഞ്ഞപ്പോൾ കൂടുതലായ ഭാവപ്പകർ
ച്ചയും കണ്ടുതുടങ്ങി. ഇതു കുറച്ചു ശാന്തമായപ്പോൾ ചാവറ
യച്ചൻതന്നെ രോഗീലേപനം തരണമെന്ന് ആവശ്യപ്പെ
ട്ടു. ലെയപ്പോൾദച്ചന്റെ കയ്യിൽനിന്നും രോഗീലേപനം
സ്വീകരിക്കണമെന്ന് പിതാവിന് ആഗ്രഹമുണ്ടായിരു
ന്നു. എന്നാൽ ഇതിനായി അച്ചന്മാർ ലെയപ്പോൾദച്ചനെ
സമീപിച്ചപ്പോൾ—വിങ്ങിപ്പൊട്ടിക്കൊണ്ട് കട്ടിലിൽ ക
മിഴ്ന്നു കിടക്കുന്ന അച്ചനെയാണ് കണ്ടത്. അദ്ദേഹത്തെ
ഇക്കാര്യം ഓർമ്മിപ്പിച്ചപ്പോൾ തനിക്കു ഓർക്കുവാൻ കൂടി
സാധിക്കാത്ത കാര്യമാണിതെന്നും തന്നെയതിന് നിർ
ബന്ധിക്കരുതെന്നും സങ്കടത്തോടുകൂടി അവരെ അറിയി
ക്കുന്നു. അവസാനം ആശ്രമത്തിന്റെ വികാരിയായ (സുപ്പീ
രിയർ) യോഹന്നാൻ ക്രൂസിന്റെ യൗസേപ്പച്ചൻ രോഗീ
ലേപനം നൽകുന്നതിന് നിയുക്തനായി. ആശ്രമത്തിന്റെ
മണിമുഴങ്ങി. ആശ്രമാംഗങ്ങളെല്ലാം പ്രിയോരച്ചന്റെ മു
റിയിൽ ഒന്നിച്ചുകൂടി. ചിലർ വിങ്ങിപ്പൊട്ടി. ചിലരുടെ
കണ്ണുകളിൽനിന്നും ധാരധാരയായി കണ്ണീർ പ്രവഹിച്ചു.
ശാന്തനായി തലയിണയിൽ തലചായ്ച്ചുവച്ചുകൊണ്ട് ത

ന്റെ ആത്മീയമക്കൾക്ക് അദ്ദേഹം തന്റെ 'ചാവരുൾ' നൽകി. നിങ്ങൾ എന്തിനാണ് കരയുന്നത്? എനിക്കായി ദൈവം നിശ്ചയിച്ച സമയമാണിത്. എന്റെ മാതാപിതാക്കളുടെ സഹായത്താൽ തിരുക്കുടുംബത്തെ ഹൃദയത്തിൽ ചെറുപ്പം മുതൽ പ്രതിഷ്ഠിച്ചിരുന്ന എനിക്ക് **തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താൽ മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തുവാൻ ഇടയായിട്ടില്ല** എന്ന സന്തോഷത്തോടെ പറയുന്നതിന് എനിക്കു ധൈര്യമുണ്ട്. നിങ്ങളും ഈ തിരുക്കുടുംബത്തിന് പ്രതിഷ്ഠിതരാകുവിൻ. എന്നേക്കാൾ നല്ല ഒരു പ്രിയോരച്ചനെ ദൈവം നിങ്ങൾക്കു നൽകും. ദിവ്യകാരുണ്യനാഥനെ മുഴുഹൃദയത്തോടെ നിങ്ങൾ സ്നേഹിക്കണം. നിങ്ങൾ എല്ലാവരും പ്രത്യേകിച്ച് ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ ഉപവിയുള്ളവരും പരസ്പരം സഹായിക്കുന്നവരുമായിരിക്കണം. ഇങ്ങനെ നിങ്ങൾ ചെയ്താൽ നമ്മുടെ സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിക്കും.''

ഉടനെതന്നെ 'ഒപ്രൂശ്മ' (രോഗീലേപനം) എന്ന പറഞ്ഞു. തങ്ങളെയെല്ലാം ആശീർവ്വദിക്കണമെന്ന വികാരിയച്ചൻ ആവശ്യപ്പെട്ടപ്പോൾ 'ബുക്ക്സെ, —ചൊല്ലി കൈപൊക്കി ആശീർവ്വദിച്ചു. അതിനുശേഷം രോഗീലേപനം നിവർന്നുകിടന്നുകൊണ്ട് സ്വീകരിച്ചു. ഓരോ പ്രാർത്ഥനയുടേയും ആമ്മേൻ രോഗിതന്നെ ചൊല്ലുന്നുണ്ടായിരുന്നു. അതിനുശേഷം മയക്കമായി കിടന്നു. രാത്രിയിൽ അവിടെ എത്തിച്ചേർന്ന മാത്തുതരകൻ വൈദ്യനും ചില മരുന്നുകൾ കൊടുത്തെങ്കിലും കാര്യമായ ഫലം ഒന്നുമുണ്ടായില്ല. മൂപ്പച്ചൻ രാത്രിയിൽ മഠത്തിൽ ഓടിയെത്തി പ്രിയോരച്ചനുവേണ്ടി പ്രാർത്ഥിപ്പാൻ ഏർപ്പാടുചെയ്തു. അച്ചന്മാർ മിക്കവരും രാത്രി മുഴുവൻ രോഗിയുടെ മുറിയിൽ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. വെളുപ്പാൻ കാലമായപ്പോൾ കുറച്ച് വലിവ് ഉണ്ടായി. നേരം വെളുത്ത് അതു ക്രമേണ ശാന്തമായി രോഗി മയങ്ങിഉറങ്ങുന്നതുപോലെ കാണപ്പെട്ടു. അച്ചന്മാർ മിക്കവരും ബലി അർപ്പിക്കുവാൻ പോയി. എന്നാൽ ഏഴുമണിയോടുകൂടി ഭാവം പകർന്ന് അന്ത്യ

ശ്വാസം വലിക്കാൻ തുടങ്ങി. അച്ചന്മാർ അടച്ചർശ്രുമം–കൊടുത്തു. 'ഈശോ മറിയം' ചൊല്ലിക്കൊണ്ടിരുന്ന ചുണ്ടുകൾ നിശ്ചേതനങ്ങളായി. വിശുദ്ധിയുടെ വെള്ളച്ചിറകടിച്ചുകൊണ്ട് ശുദ്ധതയുടെ ഈ മാടപ്പിറാവ് സ്വർഗ്ഗലോകത്തിലേക്ക് ഉയർന്നുപൊങ്ങി.

## 20. ഇന്നു മലയാളത്തിന്റെ കൊടി വീണിരിക്കുന്നു

മരണവൃത്താന്തം അറിയിച്ചുകൊണ്ട് കൂനമ്മാവു ഫിലോമിനാസ് ദേവാലയത്തിലെ മണിമുഴങ്ങിയതോടെ വലിയ പ്രിയോരച്ചന്റെ മൃതശരീരം ഒരു നോക്കു കാണുവാനും കരം ചുംബിക്കാനും കൊന്തയും വെന്തിങ്ങയും മുട്ടിച്ചെടുക്കുവാനും ആയി നാനാദിക്കുകളിൽനിന്നും പൊതുജനങ്ങൾ കൂനമ്മാവിലേക്കു പ്രവഹിച്ചു. കൂനമ്മാവു പള്ളിമുറ്റത്തിനും മൈതാനത്തിനും അവരെ ഉൾക്കൊള്ളാൻ സാധിക്കാത്ത തരത്തിൽ അത്ര്യു വലിയ ജനക്കൂട്ടമായിരുന്നു. തങ്ങളുടെ ആത്മീയ നായകനും അനഭിഷിക്ത മെത്രാനുമായ ചാവറയച്ചനെ കാണുവാൻ നിരവധി വൈദികർ കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും കൂനമ്മാവിലേക്കു വന്നുകൊണ്ടിരുന്നു. മരണസമയം മുതൽ ഇടമുറിയാതെ റാസയും ഒപ്പീസും ശിഷ്യന്മാരും സഹപ്രവർത്തകരും അർപ്പിച്ചുകൊണ്ടിരുന്നു. പിറ്റേദിവസം അതായതു് ജനുവരി 4–ാം തീയതി ബുധനാഴ്ച ഉച്ചക്കുമ്പ് 11 മണിയോടുകൂടി ശവസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. ചാവറയച്ചന്റെ അനന്തിരവനായ ചാവറ യൗസേപ്പച്ചന്റെ പ്രധാന കാർമ്മികത്വത്തിലാണ് തിരുക്കർമ്മങ്ങൾ നടന്നതു്. സാധിക്കാവുന്ന പള്ളിക്കാർ എല്ലാം അവരുടെ കട, കുരിശു്, ദർശനം മുതലായവയോടുകൂടിയാണ് സംസ്കാരകർമ്മത്തിന്

വന്നെത്തിയതു്. കേരളത്തിൽ ഒരു വൈദികനും ലഭിച്ചിട്ടില്ലാത്തത്ര ആഘോഷത്തോടും ആൾക്കൂട്ടത്തോടും കൂടി നടത്തിയ ഈ സംസ്കാരശുശ്രൂഷ, കഥാനായകനു് അന്നു് ജനങ്ങളിലുണ്ടായിരുന്ന സ്നേഹത്തിന്റെയും താല്പര്യത്തിന്റെയും ഒന്നാംതരം തെളിവായിരുന്നു. ലെയോപ്പോൾഡ് മിഷനറിയുടെ നേതൃത്വത്തിൽ മിഷനറി വൈദികർ എല്ലാ സഹായങ്ങളും സൗകര്യങ്ങളും മൃതസംസ്കാരത്തിനായി ചെയ്തുകൊടുത്തു.

പള്ളിസന്ദർശനാർത്ഥം ദൂരെയായിരുന്ന ലെയനാർദ് മെത്രാപ്പോലീത്ത സ്ഥലത്തു വന്നെത്താൻ സാധിക്കാതിരുന്നതുകൊണ്ടു് താൻ താമസിച്ചിരുന്ന പള്ളിയിൽ ആഘോഷമായി മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ നടത്തി. കാപ്പിൽ മത്തായി അച്ചനാണു് ചരമപ്രസംഗം പറഞ്ഞതു്. അന്നത്തെ പേരെടുത്ത ഒരു പ്രാസംഗികനായിരുന്നു കാപ്പിലച്ചൻ. അദ്ദേഹം പ്രസംഗം ആരംഭിച്ചതു് ഇങ്ങനെയായിരുന്നു, ''ഇന്നു മലയാളത്തിന്റെ കൊടി വീണിരിക്കുന്നു'' കഥാപുരുഷന്റെ ജീവിതത്തെയും സുകൃതത്തെയും സാമൂഹ്യസേവനത്തെയും കുറിച്ചു് ഒരു മണിക്കൂറോളം അദ്ദേഹം വികാരവിവശനായി പ്രസംഗിച്ചു. പള്ളിമണി മുഴുവൻസമയവും മരണമണി മുഴക്കിക്കൊണ്ടിരുന്നു. ജനങ്ങൾ വിങ്ങിയും തേങ്ങിയും ഏങ്ങലടിച്ചും കരഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ 8 കൊല്ലക്കാലത്തെ ജീവിതംകൊണ്ടു സമ്പന്നമാക്കപ്പെട്ട കൂനമ്മാവിലെ മണൽത്തരികൾ ശോകമൂകമായി സാക്ഷിനില്ക്കെ തന്റെ സഹോദരന്മാർ വഹിച്ച ശവമഞ്ചം അന്ത്യദർശനത്തിനായി പുറത്തേക്കു സംവഹിക്കപ്പെട്ടു. ജനക്കൂട്ടം നിയന്ത്രണാതീതമായി. ശവമഞ്ചം തൊടുന്നതിനും മൃതശരീരം ചുംബിക്കുന്നതിനും അവർ തിരക്കുകൂട്ടി. അദ്ദേഹത്തിന്റെ ആത്മീയ മക്കളായ കൂനമ്മാവു മഠത്തിലെ സന്യാസിനിമാർ പള്ളിയുടെ ഒരു കോണിൽനിന്നും പിതാവിന്റെ ശവമഞ്ചം നോക്കി കണ്ണീർ വാർത്തു. ഒരു മണിയോടുകൂടി ശവമഞ്ചം നഗരികാണിക്കൽ കഴിഞ്ഞു് പള്ളിയിലെത്തി പള്ളിയുടെ അൾത്താരയുടെ അടുത്തു് അഴിക്കാലുകളുടെ

മധ്യഭാഗത്തായി ഇതിനുവേണ്ടി പ്രത്യേകം തീർത്തിരുന്ന കല്ലറയുടെ അടുത്ത് മൃതദേഹം സ്ഥാപിച്ചു. വൈദികർ കരം ചുംബിച്ചും പുഷ്പദലങ്ങളും കുന്തിരിക്കവും അർപ്പിച്ചും പ്രാർത്ഥനയോടെ നിരന്നുനിന്നു. താൻ അനേകം പ്രാവശ്യം തിരുകർമ്മങ്ങൾക്കും ദിവ്യബലി അർപ്പണത്തിനും നേതൃത്വം കൊടുത്ത കൂനമ്മാവു പള്ളിയുടെ മദ്ബഹാ— 40 മണി ആരാധനകൊണ്ടും മറ്റും ആഘോഷമായ തിരുകർമ്മങ്ങൾകൊണ്ടും സമ്പന്നമാക്കപ്പെട്ട ആ ദേവാലയം വന്ദ്യപിതാവിന്റെ പൂജ്യശരീരം— സ്വീകരിക്കുവാനായി—ഉൾക്കൊള്ളുവാനായി തയ്യാറെടുത്തിരുന്നു. അങ്ങനെ "മലയാളത്തിലെ സുറിയാനി കർമ്മലീത്താ സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോർ ജനറാളും സന്യാസികൾക്കും പട്ടക്കാർക്കും ഉത്തമ ദൃഷ്ടാന്തവും സർവ്വരാലും പൂജിതനും വാത്സല്യപിതാവുമായ (ചാവറ) തിരുക്കുടുംബത്തിന്റെ കുറിയാക്കോസ് ഏലിയാസച്ചൻ കൂനമ്മാവുകൽ വി. ഫിലോമിനായുടെ ദേവാലയത്തിൽ വലിയ മദ്ബഹായ്ക്കു താഴെ അഴിയോടുചേർന്ന് പള്ളിയുടെ മധ്യത്തിൽ കബറടക്കം ചെയ്യപ്പെട്ടു.

പിന്നീട് മദ്ബഹാ വലുതാക്കിയപ്പോൾ പ്രസ്തുത കബറിടം മദ്ബഹായുടെ അകത്തായി. 1889—ൽ സുറിയാനി കർമ്മലീത്തർ കൂനമ്മാവിനോട് വിടപറഞ്ഞപ്പോൾ കബറിടം തുറന്ന്, പിതാവിന്റെ തിരുശേഷിപ്പുകൾ ഒരു പെട്ടിയിലാക്കി മാന്നാനത്തേക്കു കൊണ്ടുപോയി. അവിടെ വളരെ വലിയ ആഘോഷത്തോടും പൂജ്യതയോടും കൂടെ 1889 മെയ് 24—ാം തീയതി വെള്ളിയാഴ്ച മാന്നാനം ആശ്രമത്തിന്റെ മദ്ബഹായുടെ താഴെ സാഘോഷം പുനർനിക്ഷേപിക്കപ്പെട്ടു. അങ്ങനെ ഭാവിതലമുറയ്ക്ക് ധന്യനായ ചാവറ പിതാവിന്റെ കബറിടം മാന്നാനമായി അറിയപ്പെട്ടു.

## നാമകരണ നടപടികൾ

വന്ദ്യനായ ചാവറ പിതാവിനുവേണ്ടി പള്ളികളിലും ആശ്രമങ്ങളിലും മാസങ്ങളോളം ദിവ്യപൂജയും തിരുകർ

ങ്ങളും അനുഷ്ഠിക്കപ്പെട്ടു. ജനങ്ങൾ കൂട്ടമായി കൂനമ്മാവുകൽ വന്ന് കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുക ഒരു നിത്യസംഭവമായി. ചാവറയച്ചൻ ജീവിച്ചിരുന്ന ഒരു വിശുദ്ധനാണെന്ന് അദ്ദേഹത്തിന്റെ കമ്പസാരക്കാരനും ആത്മീയ പിതാവുമായ ലെയപ്പോൾഡച്ചൻ വിശ്വസിച്ചിരുന്നു. അദ്ദേഹംതന്നെ ചാവറയച്ചന്റെ പെരുമാററസാമാനങ്ങളും വസ്ത്രങ്ങളും ശേഖരിക്കുകയും തിരുശേഷിപ്പെന്നപോലെ പൂജ്യതയോടെ അവ അന്നുണ്ടായിരുന്ന കൊവേന്തകൾക്കു അയച്ചുകൊടുക്കുകയും ചെയ്തു. ചാവറയച്ചന്റെ കൃത്യമായ ഒരു ജീവചരിത്രം ഭാവിതലമുറയ്ക്കുവേണ്ടിയുണ്ടാകണമെന്ന അദ്ദേഹത്തിനു തോന്നി. അദ്ദേഹം എല്ലാ ആശ്രമങ്ങളിലേക്കും എഴുതി. അവിടെ ചാവറയച്ചന്റെ സഹപ്രവർത്തകരും ശിഷ്യരുമായ വൈദികർക്ക് അറിയാവുന്ന വിവരങ്ങൾ എല്ലാം ശേഖരിച്ചു. ലെയപ്പോൾഡച്ചൻതന്നെ എഡിററു ചെയ്ത ഈ ജീവചരിത്രം മരിച്ച ആണ്ടിൽ തന്നെ കൂനമ്മാവു പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചു. പാറപ്പുറം വർക്കിയച്ചന്റെ ഡയറിയിൽ ഇതേപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു. ''കാലംചെയ്ത പ്രിയോരച്ചന്റെ ജീവചരിത്രം എഴുതി അച്ചടിക്കുന്നതിന് ലെയപ്പോൾഡ് മൂപ്പച്ചൻ നിശ്ചയിച്ചു. ഇതിനു മററ് ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാരേയും മററും ജാഗ്രതപ്പെടുത്തി മരിച്ച ആളിന്റെ ബാല്യം മുതൽ ഉണ്ടായിട്ടുള്ള സംഭവങ്ങൾ എല്ലാം അറിയിച്ചു കൊടുക്കണമെന്ന് അവരെ ഉത്സാഹിപ്പിച്ചു. അവർ ഉത്സാഹപൂർവ്വം അറിഞ്ഞിട്ടുള്ളതും കണ്ടിട്ടുള്ളതുമായ വിവരങ്ങൾ കുറിച്ച് മൂപ്പച്ചന് അയച്ചുകൊടുത്തു. അദ്ദേഹം ഇവ ക്രമീകരിച്ച് കൂനമ്മാവു അമലോത്ഭവ മാതാവിന്റെ അച്ചുകൂടത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. ഈ ജീവചരിത്രത്തിന്റെകൂടെത്തന്നെ ചാവറയച്ചൻ മരിക്കുന്നതിനു മുൻപ് എഴുതിത്തീർത്തു വച്ചിരുന്ന 'ആത്മാനുതാപം' എന്ന ഒരു പുണ്യകൃതിയുണ്ടായിരുന്നു. വിശ്വാസികൾക്കു പ്രത്യേകിച്ച് മരണാസന്നരായവർക്ക് ഇതിന്റെ വായന വളരെ പ്രയോജനപ്പെടും എന്നു വിചാരിച്ച് അതും മുൻപു പറഞ്ഞ പ്രസിൽ അച്ചടിച്ച് ലെയപ്പോൾഡ് മൂപ്പച്ചൻ പ്രസിദ്ധപ്പെടുത്തി.

ചാവറയച്ചന്റെ വിശുദ്ധിയുടെ കീർത്തി കൂനമ്മാവിൽനിന്നും ദൂരസ്ഥലങ്ങളിലേക്കും വ്യാപിച്ചു. കബറിടം സന്ദർശിക്കുവാനും പ്രാർത്ഥിക്കുവാനും മെഴുകുതിരി കത്തിക്കുവാനും ആളുകൾ വന്നു തുടങ്ങി. ചാവറ പ്രിയോരച്ചൻ ഒരു പുണ്യവാനാണെന്നും അങ്ങനെ പുണ്യവാന്മാർ മരിച്ചാൽ ശരീരം അഴിയാതെയിരിക്കുമെന്നും ലെയപ്പോൾഡച്ചൻ ധരിച്ചിരുന്നിരിക്കണം. ചാവറയച്ചന്റെ കുഴിമാടം തുറന്നു പരിശോധിക്കണമെന്നു മൂപ്പച്ചനു കലശലായ ആഗ്രഹമുണ്ടായി. ഒരു ദിവസം രാത്രിയിൽ രണ്ടു വേലക്കാരെ വരുത്തി ആരും അറിയാതെ അദ്ദേഹം കല്ലറ തുറപ്പിച്ചു നോക്കി. ചാവറയച്ചന്റെ ശരീരം അഴിഞ്ഞുപോയതായിട്ടാണ് അദ്ദേഹം കണ്ടെത്തിയതു്. ആരും അറിയാതെ അദ്ദേഹം ഇതു മൂടിക്കുകയും ചെയ്തു. പിന്നീടു മൂപ്പച്ചൻ മനസ്സിലാക്കി പ്രത്യേകം ചിലർക്കു മാത്രം നൽകുന്ന ഒരു പ്രത്യേകവരമാണ് ശരീരം അഴിയാതെയിരിക്കുക എന്നതു് എന്നു്.

ചാവറയച്ചനെ വിശുദ്ധനാക്കുന്നതിനുള്ള നടപടികൾക്കായി രഹസ്യത്തിൽ പരിശ്രമിക്കാൻ ലെയപ്പോൾഡച്ചൻ തീരുമാനിച്ചു. അതിനായി അദ്ദേഹത്തിന്റെ പടങ്ങൾ അടിക്കുകയും അനുഗ്രഹത്തിനുവേണ്ടിയുള്ള പ്രാർത്ഥനകൾ അടിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തു. പക്ഷേ ഇക്കാലത്തു ഈ പുണ്യചരിതനായ അദ്ദേഹം പലതും സഹിക്കേണ്ടിവന്നു. സുറിയാനി സമുദായത്തോടു് വലിയ താല്പര്യമുണ്ടായിരുന്ന അദ്ദേഹം സ്വയംഭരണത്തിനു് അവർക്കു പ്രേരണ കൊടുക്കുന്നു എന്ന തെറ്റിദ്ധാരണ മെത്രാപ്പോലീത്തയ്ക്കുണ്ടായി. അതിനാൽ സുറിയാനി കർമ്മലീത്താ സഭയുമായുണ്ടായിരുന്ന എല്ലാ ബന്ധത്തിൽ നിന്നും ഇദ്ദേഹത്തെ 1873 മുതൽ തന്നെ വിടുതലാക്കി. അങ്ങനെ ചാവറയച്ചന്റെ നാമകരണ നടപടികൾക്കായി അദ്ദേഹം രഹസ്യമായി ചെയ്തിരുന്ന പ്രവർത്തനങ്ങളിൽ നിന്നു വിരമിക്കേണ്ടിവരികയും ചെയ്തു. മെത്രാപ്പോലീത്താച്ചന്റെ സംശയങ്ങൾ കൂടിക്കൂടി വരികയും 1876–ൽ തന്നെ ലെയപ്പോൾഡച്ചനെ ഇറ്റലിയിലേയ്ക്കു മടക്കി അയയ്ക്കുകയും ചെയ്തു. മെത്രാപ്പോലീത്താച്ചൻ അനുവാദം കൊടുക്കാത്തതു

കൊണ്ടും പ്രോത്സാഹിപ്പിക്കാത്തതുകൊണ്ടും നാമകരണ നടപടികൾ മുമ്പോട്ടു കൊണ്ടുപോകുവാൻ സുറിയാനികർമ്മലീത്തക്കു സാധിച്ചില്ല. അതിനിടെ 1887–ൽ 13–ാം ലെയോ മാർപാപ്പാ Quod jam Pridem ''കോദ് യാം പ്രീദം'' എന്ന തിരുവെഴുത്താൽ സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽനിന്നും വേർതിരിക്കുകയും കൂനമ്മാവു് ആശ്രമം ലത്തീൻകാർക്കു മാത്രമായി പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം വിട്ടുകൊടുക്കുകയും ചെയ്തു. 1889 മാർച്ച് 9–ാം തിയ്യതി സുറിയാനിക്കാർ കൂനമ്മാവു ആശ്രമത്തോടു വിടപറഞ്ഞു. പതിനാറുകൊല്ലം അവരുടെ നോവിഷ്യേററു ആശ്രമമായിരിക്കുകയും എല്ലാ വിധത്തിലും പ്രസ്തുത ആശ്രമത്തിന്റെ പുരോഗതിക്കായും വിപുലീകരണത്തിനായും പരിശ്രമിക്കുകയും ചെയ്ത അവർക്കു മറെറാന്നും കൂടെകൊണ്ടുപോകുവാൻ കിട്ടിയില്ലെങ്കിലും തങ്ങളുടെ സ്ഥാപക പിതാവിന്റെ പൂജ്യാവശിഷ്ടമെങ്കിലും കൂടെ കൊണ്ടുപ്പോകണമെന്ന വലിയ ആഗ്രഹമുണ്ടായി. ഇതിനായി കുഴിമാടം തുറക്കുവാൻ അവർ ആരംഭിച്ചു. എന്നാൽ ചാവറയച്ചനോടുള്ള ഭക്തികൊണ്ടോ എന്തോ പൂജ്യാവശിഷ്ടങ്ങൾ കൊണ്ടുപോകുന്നതിനും കുഴിമാടംതുറക്കുന്നതിനും നാട്ടുകാർ മിക്കവരുംതന്നെ എതിരായിരുന്നു. അക്കാലങ്ങളിൽ എങ്ങനെയോ വളർന്ന വലുതായ ലത്തീൻ സുറിയാനി ചേരിതിരിവു് ഇതിനൊരളവു വരെ കാരണമായെന്നു തോന്നുന്നു. വടക്കൻ പറവൂർവികാരി പ്രശസ്തനായ ഹില്ലാരിയോസച്ചനും മററും അവിടെ എത്തി ജനങ്ങളെ സാന്ത്വനപ്പെടുത്തി. സുറിയാനിക്കാരുടെ സ്ഥാപകപിതാവിന്റെ പൂജ്യാവശിഷ്ടം അവർക്കുള്ളതാണെന്നും അതു കൊണ്ടുപോകുവാൻ അനുവദിക്കേണ്ടതാണെന്നും അദ്ദേഹം അവരെ പറഞ്ഞു മനസ്സിലാക്കി. അവസാനം കുഴിമാടം തുറന്നു അവശിഷ്ടങ്ങൾ ഒരു ചെമ്പു പെട്ടിയിലാക്കി പൂജ്യമായി അവർ മാന്നാനത്തേക്കു് വള്ളത്തിൽ കൊണ്ടുപോയി. അനിഷ്ട സംഭവങ്ങളൊന്നുമുണ്ടാകാതിരിക്കാൻ വള്ളക്കടവിലും പുത്തൻ പള്ളിയിൽനിന്നും മററുള്ള സുറിയാനിക്കാർ കാവൽ നിന്നിരുന്നു. അവശേഷിച്ചിരുന്ന അച്ചന്മാർ നിരപായം മാന്നാനത്തു് എത്തി. പുണ്യ

പിതാവിന്റെ പൂജ്യാവശിഷ്ടം പള്ളിയോടു ചേർന്ന മുറിയിൽ പൂജ്യതയോടുകൂടി സൂക്ഷിച്ചു. 1889– മെയ്മാസം 24–ാം തീയതി വെള്ളിയാഴ്ച വളരെ ആഘോഷമായ തിരുകർമ്മങ്ങൾക്കുശേഷം മാന്നാനത്തു ദേവാലയ മദ്ബഹായുടെ അഴിക്കു താഴെ പ്രത്യേകം തയ്യാർചെയ്ത കല്ലറയിൽ പൂജ്യാവശിഷ്ടപ്പെട്ടി സ്ഥാപിക്കുകയും ചെയ്തു. അന്ന് എല്ലാ ആശ്രമങ്ങളിൽ നിന്നും മിക്ക ഇടവകപ്പള്ളികളിൽനിന്നും വൈദികരും ഒരു വലിയ ജനക്കൂട്ടവും മാന്നാനത്തു തടിച്ചുകൂടിയിരുന്നു.

ചാവറയച്ചനെ കണ്ടിട്ടുള്ളവരുടെ എണ്ണം കുറവായിത്തുടങ്ങിയെങ്കിലും കേട്ടറിഞ്ഞ് മാന്നാനത്തേക്ക് ജനങ്ങൾ പ്രവഹിച്ചു തുടങ്ങി. സുറിയാനിക്കാർക്കായി പ്രത്യേക മെത്രാനെ കിട്ടിയെങ്കിലും അന്നത്തെ സാഹചര്യത്തിൽ നാമകരണനടപടികൾക്കു നേതൃത്വം നൽകുവാനും ആരംഭിക്കുവാനും ലെവീഞ്ഞുമെത്രാനും മാക്കിൽ മെത്രാനും സാധിച്ചില്ല. പലരും ചാവറയച്ചനോടു പ്രാർത്ഥിക്കുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്തുകൊണ്ടിരുന്നു. ഭക്തജനങ്ങളുടെ പ്രവാഹവും പുഷ്പമാല്യങ്ങളുടെ ചാർത്തലും അധികരിച്ചുവന്നപ്പോൾ ശവകുടീരത്തിൽ ഒരു മാർബിൾ ശില സ്ഥാപിക്കണമെന്നു സുറിയാനി കർമ്മലീത്താ സഭാധികാരികൾക്കു തോന്നി. 1929 ജൂലൈ മാസത്തിലാണ് ഇതു നടന്നത്.

നാമകരണത്തിനുവേണ്ടിയുള്ള രഹസ്യമായ പ്രാർത്ഥനകളും രഹസ്യമായ അനുഗ്രഹപ്രാപ്തികളും ഇടൻകൊണ്ടിരുന്നു. ആശ്രമങ്ങളിലും കന്യകാമഠങ്ങളിലും നാമകരണം വേഗം സാധിതമാകാൻ വേണ്ടിയുള്ള പ്രാർത്ഥനകളും നവനാളുകളും നടത്തി തുടങ്ങി. ലഘുലേഖകളും ലഘുജീവചരിത്രങ്ങളും അവർ ജനതാ മദ്ധ്യത്തിൽ ധാരാളമായി പ്രചരിപ്പിച്ചു. മരണദിനമായ ജനുവരി മൂന്നിനും അതിന്റെ നവനാളുകൾക്കും ഏതാണ്ടൊരു തിരുനാൾപോലെയുള്ള ആൾക്കൂട്ടം മാന്നാനത്തുണ്ടായിക്കൊണ്ടിരുന്നു. പലർക്കും അനുഗ്രഹങ്ങളുടെ കഥകളേപറയാനുണ്ടായിരുന്നുള്ളൂ.

വന്ദ്യയായ അൽഫോൻസാമ്മയ്ക്കു ചാവറയച്ചൻ 2 പ്രാവശ്യം പ്രത്യക്ഷപ്പെട്ട് മാരകമായ രോഗത്തിൽ നിന്നും ആ ധന്യയെ സുഖപ്പെടുത്തിയ വിവരം രഹസ്യമായെങ്കിലും പലരും അറിഞ്ഞു തുടങ്ങി. അപേക്ഷകളുടെയും അനുഗ്രഹങ്ങളുടെയും ഒരു ഘോഷയാത്രയായിരുന്നു പിന്നീട്. ജന്മനാ വികലാംഗരായവരുടെ സുഖപ്രാപ്തി മുതൽ ഉദ്യോഗക്കയറ്റം വരെ രേഖപ്പെടുത്തിയ അനേകായിരം അനുഗ്രഹ റിപ്പോർട്ടുകൾ മാന്നാനത്തേയ്ക്കു പ്രവഹിക്കാൻ തുടങ്ങി.

1936– ൽ സി. എം. ഐ. സഭയുടെ പൊതു സംഘം തിരുസിംഹാസനത്തോടു നാമകരണ നടപടികൾ ആരംഭിക്കുന്നതിന് അപേക്ഷിക്കുവാൻ തീരുമാനിച്ചു. 1955– ൽ മാത്രമാണ് ഔദ്യോഗികമായ നടപടികൾ ആരംഭിക്കുവാൻ റീത്തുകളുടെ തിരുസംഘം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടിനെ ഔദ്യോഗികമായി ചുമതലപ്പെടുത്തുന്നതു്. 1957– ൽ കാവുകാട്ടു തിരുമേനി നാമകരണ നടപടികൾക്കായി 3 കമ്മീഷനുകളെ നിയമിച്ചു. 1962– ൽ എഴുത്തുകൾ ശേഖരിച്ചു പരിശോധിക്കുവാനും അദ്ദേഹം വീരോചിതമായ പുണ്യം അഭ്യസിച്ചിരുന്നോ എന്നും പരിശോധിക്കുവാനും മാദ്ധ്യസ്ഥതയാൽ നടന്നിട്ടുള്ള അത്ഭുതങ്ങൾ പരിശോധിക്കുവാനുള്ള 2 കോടതികൾ നിലവിൽ വന്നു. 1969– ൽ നിയമവിരുദ്ധമായി പരസ്യവണക്കം ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുവാനുള്ള കോടതിയും സ്ഥാപിതമായി.

1970– ൽ മേൽ പറയപ്പെട്ട കോടതികൾ അവരുടെ ജോലികൾ പൂർത്തിയാക്കി. രേഖകളെല്ലാം ശേഖരിച്ച് ഒപ്പും മുദ്രയും വച്ച് മാർ ആന്റണി പടിയറ റോമിലേക്കു അയച്ചുകൊടുത്തു.

റോമിലെ പണ്ഡിതന്മാരുടെ സംഘം — രേഖകളെല്ലാം പരിശോധിക്കുകയും വീരോചിതമായ പുണ്യം കഥാ നായകൻ അഭ്യസിച്ചിരുന്നു എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

1984 ഏപ്രിൽ 7 കേരളസഭയ്ക്കു മറക്കാനാവാത്ത ഒരു സുദിനമാണ്. മുൻപറഞ്ഞ രേഖകളിൽ അന്നാണ് പരി

ശുദ്ധ പിതാവ് ജോൺപോൾ II മാർപ്പാപ്പ ഇല്യം ചാർത്തിയത്. അതോടുകൂടി ഭാരതത്തിൽ നിന്ന് നാട്ടുകാരനായ ഒരു ക്രൈസ്തവൻ ആദ്യമായി ധന്യപദവി (Venerable) യിലേക്കു ഉയർത്തപ്പെട്ടു. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തപ്പെടുവാൻ പരിശുദ്ധ പിതാവിന്റെ പ്രഖ്യാപനം മാത്രം ഇനി മതിയാകുമായിരുന്നു. അതിനുള്ള സ്ഥലവും സമയവും നിശ്ചയിക്കേണ്ട കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിനിടയിൽ 1985 ജൂൺ 21–ാം തീയതി കബറിടം തുറന്ന് ധന്യാത്മാവിന്റെ പൂജ്യാവശിഷ്ടങ്ങൾ ഭദ്രമായി സൂക്ഷിക്കപ്പെടുന്നതിനും കാനോനികമായി അംഗീകരിച്ച മുദ്രവെയ്ക്കുന്നതിനും ആയി പ്രത്യേക കമ്മീഷൻ മെത്രാപ്പോലീത്ത തിരുമേനി നിയോഗിച്ചു. അവർ മെത്രാപ്പോലീത്ത ആന്റണി പടിയറയുടെ നേതൃത്വത്തിൽ മാന്നാനത്തു സമ്മേളിച്ച് കബറിടം തുറന്നു. 1955–ൽ മുദ്രവയ്ക്കപ്പെട്ട ഭൗതികാവശിഷ്ട പേടകം പരിശോധിക്കുകയും പൂജ്യമായി അതു തുറന്നു പരിശോധിക്കുകയും ചെയ്തു. പൂജ്യാവശിഷ്ടങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ വെളിച്ചത്തിൽ പരിശോധിച്ച് രാസവസ്തുക്കളുടെ സഹായത്തോടെ കഴുകി വെടിപ്പാക്കുകയും ഡോക്ടർമാരുടെ ഔദ്യോഗിക സാക്ഷ്യത്തോടെ ജൂൺ 27–ാം തീയതി വീണ്ടും കല്ലറയിൽ തന്നെ നിക്ഷേപിക്കുകയും ചെയ്തു.

ധന്യനായ ചാവറയച്ചന്റെ കഴിമാടത്തിലേക്ക് ഭക്തജനങ്ങൾ ധാരാളമായി വന്നു കൊണ്ടിരുന്നു. പ്രത്യേകിച്ച് ശനിയാഴ്ച ദിവസങ്ങളിൽ തീർത്ഥാടകരുടെ തിരക്ക് വളരെ വലുതായിരുന്നു. പത്തു പന്ത്രണ്ടു വൈദികർ ഒരുമിച്ചിരുന്നു മണിക്കൂറുകൾ കുമ്പസാരിപ്പിച്ചാലും അവസാനിക്കാത്ത തരത്തിൽ തീർത്ഥാടകർ പാപനിവേദനത്തിനായി മാന്നാനം ആശ്രമദേവാലയത്തിൽ ശനിയാഴ്ച തോറും വന്നുകൊണ്ടിരുന്നു. ചാവറയച്ചന്റെ നവനാൾ, ശനിയാഴ്ച ദിവസങ്ങളിൽ പല പ്രാവശ്യം നടത്തിയിരുന്നു. രാവിലെ മുതൽ വൈകിട്ടുവരെ ഏതാണ്ട് തുടർച്ചയായി ദിവ്യബലി അർപ്പിക്കപ്പെട്ടു.

1985 ആരംഭത്തിൽ തന്നെ പരിശുദ്ധപിതാവിന്റെ
ഭാരതസന്ദർശനത്തെക്കുറിച്ചുള്ള വാർത്തകൾ പരക്കുവാൻ
തുടങ്ങി. ചാവറയച്ചനേയും അൽഫോൻസാമ്മയെയും അ
വർ അന്ത്യ വിശ്രമം കൊള്ളുന്ന സ്ഥലങ്ങളിൽ വച്ച് വാ
ഴ്ത്തപ്പെട്ടവരായി പരിശുദ്ധ പിതാവു പ്രഖ്യാപിക്കും എന്ന
ശ്രുതിയും പരന്നു. കേരളസഭ മുഴുവൻ ഇതിനായി ഒരുങ്ങുക
യും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

## 21. ഫെബ്രുവരി 8 എന്ന പുണ്യദിനം

1985 മദ്ധ്യത്തോടെ മാർപാപ്പായുടെ ഭാരത സന്ദർശ
നത്തിന്റെ വിശദ പരിപാടികൾ പ്രഖ്യാപിക്കപ്പെട്ടു.
കോട്ടയത്തുവെച്ച് 1986 ഫെബ്രുവരി 8–ാം തീയതി പ
രിശുദ്ധപിതാവ് ധന്യരായ ചാവറയച്ചനേയും അൽഫോ
ൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുമെന്നും
അറിയിപ്പുണ്ടായി. പല പള്ളികളിലും ആശ്രമങ്ങളിലും
വിശേഷവിധിയായി നവനാളുകളും ധന്യരെക്കുറിച്ചു നട
ത്തി. ചർച്ചാക്ലാസുകൾ സെമിനാറുകൾ, ഇവ വഴി ധന്യ
രെക്കുറിച്ച് കേരള സഭയ്ക്കു കൂടുതൽ അറിവു നല്കാൻ ശ്രമ
മുണ്ടായി. ഫെബ്രുവരി 8–ന് രണ്ടോ, മൂന്നോ ദിവസ
ങ്ങൾക്കു മുൻപുതന്നെ കേരളത്തിന്റെ വിദൂര സ്ഥലങ്ങളി
ൽനിന്നും തമിഴ് നാട്ടിൽ നിന്നും തീർത്ഥകർ കോട്ടയത്തെ
ത്തി താമസം തുടങ്ങി. ഫെബ്രുവരി 7–ന വൈകിട്ടുത
ന്നെ കോട്ടയത്തെ വിശാലമായ പോപ്പ് വേദി, നാഗമ്പ
ടം മൈതാനം ഭക്തജനങ്ങളെക്കൊണ്ടു നിറഞ്ഞു. ഫെബ്രു
വരി 8–ന്റെ പ്രഭാതം പുലർന്നപ്പോൾ മുതൽ ജനങ്ങൾ
ആകാശത്തേക്കു നോക്കി, പോപ്പിനെ വഹിച്ചിരുന്ന
ഹെലിക്കോപ്റ്ററിന്റെ സ്വരവും പാർത്തു കഴിഞ്ഞുകൂടി.
8മണിയോടെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ മെ
ഡിക്കൽ കോളേജ് ഗ്രൗണ്ടിൽ വന്നിറങ്ങി. അവിടെയെ

ങ്ങും ജനമഹാസമുദ്രം. പേപ്പൽ പതാകകളും തോരണങ്ങളും കൊണ്ട് അലംകൃതമായ നാഗമ്പടം മൈതാനത്തേയ്ക്കുള്ള 5 കി.മീററർ വഴിയുടെ ഇരുവശം മുഴുവൻ തിങ്ങി നിറഞ്ഞ ജനങ്ങൾ. അവർക്ക് ആശീർവാദം പകർന്നുകൊണ്ട് സമാധാനത്തിന്റെ തീർത്ഥാടകർ പോപ്പ് മൊബൈലിൽ കൃത്യം 9–30 ന് നാഗമ്പടം മൈതാനിയിലെ ഇന്ത്യൻ ശില്പകലയുടെ അതുല്യവൈദഗ്ദ്ധ്യം നിറഞ്ഞ പേപ്പൽ വേദിയിൽ സുസ്മേരവദനനായി ആഗതനായി.

തിരുവസ്ത്രങ്ങൾ അണിഞ്ഞ് കസറോളി, ടോംകോ, ലൂർദ് സാമി മുതലായ കർദ്ദിനാൾ പ്രമുഖന്മാരോടും മറ്റു മെത്രാന്മാരോടുംകൂടി മാർപ്പാപ്പാ ബലിവേദിയുടെ പടികൾ ചവിട്ടിക്കയറി. നാമകരണ നടപടികൾ ഉൾച്ചേർത്തു പരിഷ്കരിച്ച റാസക്രമത്തിന്റെ ഇംഗ്ലീഷ് പരിഭാഷയാണ് പരിശുദ്ധ പിതാവിനു നല്കിയിരുന്നത്. 600–ൽ പരം വൈദികർ തിരുവസ്ത്രങ്ങളണിഞ്ഞ് ആ മഹാ സമൂഹബലിയിൽ സഹകാർമ്മികരായി. കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നും തിരഞ്ഞെടുത്ത് പ്രത്യേകം പരിശീലിപ്പിച്ചെടുത്ത ഗായകസംഘം ശ്രുതിമധുരങ്ങളായ ഗാനങ്ങൾ ആലപിച്ചു. ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പവ്വത്തിൽ ധന്യനായ ചാവറയച്ചന്റെയും പാലാ ബിഷപ്പ് മാർ പള്ളിക്കാപറമ്പിൽ– ധന്യയായ അൽഫോൻസാമ്മയുടെയും ജീവചരിത്രത്തിന്റെ രത്നച്ചുരുക്കം വായിച്ചുകൊണ്ട് ഇവരെ വാഴ്ത്തപ്പെട്ടവരായി ഉയർത്തണമെന്ന പരിശുദ്ധ പിതാവിനോടഭ്യർത്ഥിച്ചു.

പരിശുദ്ധ പിതാവ് റോമിലെ പത്രോസിന്റെ സിംഹാസനത്തിന്റെ കേരള പതിപ്പായ ഔദ്യോഗിക സിംഹാസനത്തിൽ ഉപവിഷ്ടനായി. ശ്വാസം അടക്കി പൊരിവെയിലത്ത് 10 ലക്ഷം ഭക്തജനങ്ങൾ ചെവി കൂർമ്മിച്ച് ആ പ്രഖ്യാപനവിധി കേൾക്കാൻ കാത്തിരുന്നു. മാർപാപ്പാ തുടർന്ന് ഔദ്യോഗികമായ ലത്തീൻ ഭാഷയിൽ പ്രഖ്യാപനം നടത്തി, '' നമ്മുടെ സഹോദരന്മാർ പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്തയുടെയും

ജോസഫ് പള്ളിക്കാപറമ്പിൽ മെത്രാന്റെയും മററു നിരവധി മെത്രാന്മാരുടെയും അനേകലക്ഷം വിശ്വാസികളുടെയും അപേക്ഷയെയും ആഗ്രഹത്തെയും മാനിച്ചുകൊണ്ടു ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും മുട്ടത്തു പാടത്തു സി. അൽഫോൻസായെയും ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്നു വിളിക്കാമെന്നും അവരുടെ തിരുനാളുകൾ അവരുടെ സ്വർഗ്ഗീയ ജന്മനാളുകളിൽ– ചാവറയച്ചന്റേതു ജനുവരി 3–ാം തീയതിയും അൽഫോൻസാമ്മയുടേതു ജൂലൈ 28–ാം തീയതിയും പ്രതിവർഷം നിയമാനുസൃതം അതതു സ്ഥലങ്ങളിൽ സമാഘോഷിക്കാമെന്നും അപ്പസ്തോലികാധികാരം ഉപയോഗിച്ചു പ്രഖ്യാപിക്കുന്നു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

ചാവറയച്ചനെ തിരുനക്കര പേപ്പൽ വേദിയിൽ വച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ പരി. പിതാവു ഔദ്യോഗികമായി വണങ്ങുകയും ചെയ്തുകൊണ്ട് കേരളത്തിന് ഒരു പുണ്യാത്മാവിനെ അൾത്താരയിലെ വണക്കത്തിനായി പ്രതിഷ്ഠിച്ചു. അന്ന് അവിടെ കൂടിയ 10 ലക്ഷത്തോളം ഭക്തജനങ്ങളിൽ കാര്യമായ ഒരു പങ്ക്, തിരുകർമ്മങ്ങൾക്കുശേഷം കോട്ടയത്തുനിന്നും വെറും 5 കിലോമീററർ മാത്രം അകലെയുള്ള മാന്നാനത്തേക്കു പ്രവഹിക്കാൻ തുടങ്ങി. മാന്നാനം ദേവാലയവും പരിസരവും ജനനിബിഡമായി. സി. എം. ഐ. സഭയിലെ വൈദികർ അവരുടെ ജനറാളച്ചന്റെയും മെത്രാന്മാരുടെയും നേതൃത്വത്തിൽ കൃതജ്ഞതാസൂചകമായി പ്രാർത്ഥന നടത്തി. മൂന്നു നാലു ദിവസത്തേക്ക് മാന്നാനം ആശ്രമം ഭക്തജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു.

ഇതിനിടയിൽ ചങ്ങനാശ്ശേരി പാലാ രൂപതാദ്ധ്യക്ഷന്മാരുടെ ആഗ്രഹപ്രകാരം വാഴ്ത്തപ്പെട്ട ചാവറയച്ചന്റെയും അൽഫോൻസാമ്മയുടെയും പൂജ്യാവശിഷ്ടങ്ങൾ അവരുടെ ജീവിതത്തോടു ബന്ധപ്പെട്ട സ്ഥലങ്ങളിലേക്കും പള്ളികളിലേക്കും അത്യന്തം ആഘോഷമായി സംവഹി

ക്കപ്പെട്ടു. വഴിനീളെ കൊടിതോരണങ്ങൾ ഏന്തി ഭക്തജനങ്ങൾ പുണ്യാത്മാക്കളുടെ പൂജ്യാവശിഷ്ടങ്ങൾക്കു പ്രണാമം അർപ്പിച്ചു. പ്രത്യേകമായി കൈനകരിയിലേക്ക്—വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജന്മംകൊണ്ടു പൂജിതമാക്കപ്പെട്ട ആ അനുഗൃഹീത നാട്ടിലേക്കുള്ള സ്വീകരണം എടുത്തുപറയത്തക്കതായിരുന്നു. കുട്ടനാടു മുഴുവൻ അന്ന് ഇളകിവശരായി, അവരുടെ അഭിമാനപാത്രമായ ചാവറപ്പിതാവിനു സ്വീകരണം അർപ്പിക്കാൻ ബോട്ടുകളും വള്ളങ്ങളും അലങ്കരിച്ച് അവർ തിരുശ്ശേഷിപ്പുകൾക്ക് അകമ്പടി സേവിച്ചു. കായൽത്തീരം മുഴുവൻ ഭക്തിപ്രചുരിമ നിറഞ്ഞ ഭക്തജനങ്ങൾ കൈകൂപ്പി നിരനിരയായി നിന്നു. ചാവറയച്ചന്റെ ജന്മവീട് നേരത്തെതന്നെ മനോഹരമായി പണിതുയർത്തിയിരുന്നു. അവിടം മുഴുവൻ ഭക്തജനങ്ങളെക്കൊണ്ടു നിറഞ്ഞു. ഫെബ്രുവരി 15, 16 എന്നീ തീയ്യതികളിൽ കൈനകരിയിൽ വലിയ തിരുനാളിന്റെയും പ്രാർത്ഥനയുടെയും ദിവസങ്ങളായിരുന്നു. തിരുശ്ശേഷിപ്പിൽ ഒരു ഭാഗം അവിടെ പ്രതിഷ്ഠിച്ചു. കുട്ടനാട്ടുകാരുടെ വ്യവസായ പട്ടണമായ ആലപ്പുഴയിലേക്കാണ പൂജ്യാവശിഷ്ടങ്ങൾ പിന്നീട് സംവഹിക്കപ്പെട്ടത്. മാർ സ്ലീവാ പള്ളിയിലെ പ്രാർത്ഥനയും സ്വീകരണത്തിനും ശേഷം അത്തുങ്കൽ വി. അന്ത്രയോസിന്റെ പള്ളിയിലെ ഇടവകക്കാരുടെ പ്രത്യേക ആഗ്രഹപ്രകാരം തിരുശ്ശേഷിപ്പുകൾ അങ്ങോട്ട് ആഘോഷമായി സംവഹിക്കപ്പെട്ടു. വർഷങ്ങൾക്കുമുമ്പ് തങ്ങളുടെ പള്ളിയിൽവച്ചു കൈവയ്പ്പ് സ്വീകരിച്ചു വൈദികനായി ആദ്യമായി ബലിയർപ്പിച്ച പുണ്യപിതാവിനോടു അത്തുങ്കൽക്കാർ പ്രത്യേകമായി പ്രാർത്ഥിച്ചു. പൂജ്യാവശിഷ്ട രഥങ്ങളും അകമ്പടിവാഹനങ്ങളും തിരിയെ മാന്നാനത്തേക്ക് ആനയിക്കപ്പെട്ടു. അവിടെ കടമാളൂർ പള്ളിയിൽ അൽഫോൻസാമ്മയുടെ തിരുശ്ശേഷിപ്പു പ്രതിഷ്ഠിക്കുകയും ചാവറയച്ചന്റേതു മാന്നാനത്തു ആശ്രമദേവാലയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

കേരളത്തിലെ പല സി. എം. ഐ. ആശ്രമദേവാലയങ്ങളിലും ചാവറപ്പിതാവിന്റെ തിരുനാളുകൾ ആ

ഘോഷിച്ചു തുടങ്ങി. വളരെ ഭക്തജനങ്ങൾ കൂടുകയും വളരെ ആഘോഷമായി നവനാളും തിരുനാളും നടത്തുകയും ചെയ്ത ഒരു സ്ഥലമായിരുന്നു വാഴക്കുളം. ചാവറയച്ചനെ ആ നാട്ടുകാർ അവരുടെ പ്രത്യേക മദ്ധ്യസ്ഥനായി കണക്കാക്കി നവനാൾ ദിവസങ്ങളിൽപോലും ആയിരങ്ങൾ വിശാലമായ ആശ്രമദേവാലയത്തിൽ തടിച്ചുകൂടി. ആ നാട്ടുകാരുടെ അനുഗ്രഹസ്രോതസ്സുകളായ 40 മണി ആരാധനയും കർമ്മല മാതാവിന്റെ ഭക്തിയും തുടങ്ങിവച്ചതു് പ്രിയപ്പെട്ട ചാവറയച്ചനാണെന്നും ഒരു ദേവാലയം സ്ഥാപിക്കുന്നതിനുവേണ്ട ശുപാർശകൾ ഒക്കെയും ചെയ്തതും ഈ പുണ്യാത്മാവുതന്നെയാണെന്നും അവർക്കു പൂർണ്ണമായ വിശ്വാസമുണ്ടു്. പലർക്കും പുണ്യപിതാവിനോടു പ്രാർത്ഥിച്ചു് പല അനുഗ്രഹങ്ങളും കിട്ടിക്കൊണ്ടിരിക്കുന്നു എന്ന വാർത്തയും ഭക്തജനങ്ങളെ അങ്ങോട്ടു ആകർഷിക്കാൻ ഒരു കാരണമായി. 1987 ജനുവരിയിലെ തിരുനാളിനു് അര ലക്ഷം ആളുകളാണു് തിങ്ങിക്കൂടിയതു്.

പുണ്യപിതാവിന്റെ ജീവിതാന്ത്യരംഗമായ കൂനമ്മാവു വി. ഫിലോമിനായുടെ ദേവാലയമാണു് വളരെ ആഘോഷമായി ചാവറയച്ചന്റെ തിരുനാൾ ഘോഷിച്ച മറെറാരുസ്ഥലം. ധന്യനായ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതിന്റെ പിറേറ ദിവസം തന്നെ കൂനമ്മാവു വി. ഫിലോമിനായുടെ ഇടവകക്കാർ പുണ്യപിതാവിന്റെ തിരുനാൾ സാഘോഷം കൊണ്ടാടി. അയൽ ഇടവകക്കാരും അതിൽ ഭക്തിപുരസ്സരം സംബന്ധിച്ചു. തീർത്ഥാടകരുടെയും ഭക്തജനങ്ങളുടെയും തിരക്കു പരിഗണിച്ചു് എല്ലാ വെള്ളിയാഴ്ചകളിലും ഇവിടെ നവനാൾ പ്രാർത്ഥനകൾ ആഘോഷമായി പല സമയങ്ങളിലായി നടത്തുന്നു. 1987—ജനുവരി മൂന്നിലെ തിരുനാളിനു അസാമാന്യമായ ജനത്തിരക്കായിരുന്നു എന്നു് അനുഭവസ്ഥർ പലരും പറഞ്ഞു.

കേരള സഭയുടെ ഈവീരപുത്രനെ അൾത്താരയിലെ വണക്കത്തിനായി ഒരു നൂററാണ്ടു മുൻപേതന്നെ പ്രതിഷ്ഠിക്കേണ്ടതായിരുന്നെങ്കിലും, മാനുഷികമായ ചില അതിർ

വരമ്പുകരം ഇതിനു പ്രതിബന്ധമായെങ്കിലും ദൈവത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചു, സത്യസഭയുടെ ഒന്നിപ്പിനുവേണ്ടി ജീവിതം സമർപ്പിച്ച ഈ പിതാവിനെ മറവിയുടെ മാറാലയിൽ കുരുങ്ങിപ്പോകാതെ ജനലക്ഷങ്ങളുടെ മദ്ധ്യസ്ഥനായിത്തീരാൻ ദൈവം തിരുമനസ്സായി. തിരുസ്സഭയിലെ വീര വിശുദ്ധനായിത്തീർന്നുകൊണ്ട് അദ്ദേഹം ആഗോളസഭയെ അനുഗ്രഹിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

# അനുഗ്രഹങ്ങൾ ആയിരങ്ങൾ

മാന്നാനത്തെ സുകൃതസൂനത്തെ പ. പിതാവു് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വന്നു അൾത്താരയുടെ വണക്കത്തിനായി പ്രതിഷ്ഠിച്ചതുമുതൽ അനുഗ്രഹങ്ങൾ തേടി ആയിരക്കണക്കിനാളുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും മാന്നാനത്തേക്കു് പ്രവഹിക്കുവാൻ തുടങ്ങി. ശനിയാഴ്ചകളിൽ നടത്തുന്ന 6 കർബാനകൾക്കും നവനാളുകൾക്കും പള്ളിയും പരിസരവും ഭക്തജനങ്ങളെക്കൊണ്ടും അനുഗ്രഹങ്ങൾക്കു നന്ദിപറയുവാൻ വരുന്നവരെക്കൊണ്ടും നിറഞ്ഞു കവിയുവാൻ തുടങ്ങി. ചിലർ കിട്ടിയ അനുഗ്രഹങ്ങൾ വിവരിച്ചെഴുതിയതു് നാമകരണ ഓഫീസുകളിൽ ഏല്പിക്കാറുണ്ടു്. ദൂരെയുള്ള പലരും പോസ്റ്റുവഴിയായി ഈ ചുമതല നിർവ്വഹിക്കുന്നു. ഇങ്ങനെ കിട്ടിയ ചെറുതും വലുതുമായ നൂറുനൂറു അനുഗ്രഹങ്ങളുടെ റിപ്പോർട്ടുകൾ മാന്നാനത്തെ വൈസ്പോസ്റ്റുലേറ്ററുടെ ഓഫീസിൽ പല ഫയലുകളിലായി സൂക്ഷിക്കുന്നുണ്ടു്. ഇവയിൽ നിന്നും തിരഞ്ഞെടുത്ത നാലഞ്ചു അനുഗ്രങ്ങളുടെ വിവരണം അനുഗ്രഹം ലഭിച്ചവരുടെ തന്നെ ഭാഷയിൽ ഇവിടെ രേഖപ്പെടുത്തുന്നതു സമുചിതമായിരിക്കുമല്ലോ.

1. ഓപ്പറേഷൻ തിയേററിൽനിന്നും വെറും കൈയോടെ

Pariyaram,
15-11-1986

P. A. John
Padinjakkara House
Pariyaram P. O 680721
Trichur Dist, Kerala.

To,

The Vice – Postulator. St. Joseph's Monastary Mannanam P. O, Kottayam Dist, Kerala.

Dea. Rev. Father,

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചന്റെ മദ്ധ്യസ്ഥതയിൽ എനിക്കു ബാധിച്ചിരുന്ന രോഗത്തിന് അത്ഭുതകരമായി ആശ്വാസം ലഭിക്കുകയും അതുകൊണ്ട് നിശ്ചയിച്ചിരുന്ന ഒരു major operation ഒഴിവാക്കാൻ സാധിക്കുകയും ചെയ്ത സാഹചര്യങ്ങളെ ഞാൻ അങ്ങയുടെയും ബന്ധപ്പെട്ട അധികാരികളുടെയും അറിവിനും, തദ്വാര യുക്തമെന്നു തോന്നുന്നപക്ഷം മേൽനടപടിക്കുമായി ഞാൻ ഇതിനാൽ സമർപ്പിക്കുന്നു.

ഇപ്പോഴത്തെ ഇരിങ്ങാലക്കുട രൂപതയിൽപ്പെട്ട "പരിയാരം" ഇടവകയിലെ ഒരു പുരാതന കത്തോലിക്ക കുടുംബാംഗമാണ് ഞാൻ. ഭാര്യയും ഒമ്പതു മക്കളുമടങ്ങുന്ന ഒരു കുടുംബാംഗമാണ് എന്റേതു്. എനിക്ക് 60 വയസ്സ് കഴിഞ്ഞു. സമീപത്തുള്ള പള്ളിവക ഹൈസ്കൂളിൽനിന്ന് ഹെഡ്മാസ്റ്ററായി റിട്ടയർചെയ്തു കാലം കഴിക്കുന്നു.

ഇനി രോഗാരംഭവും അതിനുവേണ്ടി ചെയ്ത ചികിത്സകളും ഫലങ്ങളും എഴുതാം.

1986 മേയ്, ജൂൺ മാസങ്ങളിൽ എനിക്കു് ശക്തിയായ ചുമ അനുഭവപ്പെട്ടു. കുറച്ചുദിവസം ചുമച്ചപ്പോൾ ചില നാടൻ മരുന്നുകളും cough syrup കഴിച്ചുവെങ്കിലും രോഗശമനം കാണാഞ്ഞതിനാൽ ചാലക്കുടിയിലെ consulting physician ആയ Dr. K. Chacko M. D. യെ സമീപിച്ചു. എന്തെങ്കിലും അസുഖം എനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടായാൽ ഞങ്ങൾ സമീപിക്കുന്നതു് അദ്ദേഹത്തെയാണു്. അദ്ദേഹം എനിക്കു് മരുന്നു തന്നു് ഏകദേശം പത്തുദിവസം ചികിത്സിച്ചു. എന്നാൽ യാതൊരു ഭേദവും കാണാത്തതിനാൽ ഏതെങ്കിലും ഒരു നല്ല ആശുപത്രിയിൽ പ്രവേശിച്ചു് അവിടെ കിടന്നു് ഒരു check up നടത്തുന്നതായിരിക്കും നല്ലതെന്നു് ഉപദേശിച്ചു. അതിനാൽ എറണാകുളം ജില്ലയിൽ പഴങ്ങനാട്ടു് എന്ന സ്ഥലത്തുള്ള Samaritan ആശുപത്രിയിൽ ഞാൻ ഒരു check-up നുവേണ്ടി 17-6-1986ൽ 5435-ാം നമ്പർ രോഗിയായി പ്രവേശിക്കപ്പെട്ടു.

എന്നെ നേരിട്ടു് അറിയുന്നതും എന്റെ കാര്യങ്ങളിൽ പ്രത്യേക താല്പര്യമുള്ള ഒരു Rev Sister അവിടെ ഉണ്ടായിരുന്നു. അവരുടെ നിർദ്ദേശപ്രകാരം ആദ്യം ഞാൻ Cardiologist നെ കണ്ടു. E. C. G. തുടങ്ങിയ test കൾ നടത്തിക്കഴിഞ്ഞശേഷം, അദ്ദേഹം എന്റെ heart ന് ഒരു കുഴപ്പവുമില്ലെന്നും, എന്നാൽ ശ്വാസകോശത്തിന്റെ ഭാഗത്തു് ഒരു shadow ഉള്ളതായി 'X' ray യിൽ കാണുന്നുണ്ടെന്നും അതുകൊണ്ടു് thoracic surgeon നെ കൂടി കാണുവാൻ നിർദ്ദേശിച്ചതനുസരിച്ചു്, thoracic surgeon നെ സമീപിച്ചു. അപ്പോൾതന്നെ thoracic surgeon നെ consult ചെയ്തതിൽ, എന്റെ ശ്വാസകോശത്തിൽ കാണുന്ന shadow ഒന്നുകൂടി വിശദമായി പരിശോധിക്കേണ്ടതിന്നു് എന്നെ ഒന്നുകൂടി ആശുപത്രിയിൽ admit ചെയ്തു. പിറ്റെദിവസം എന്നെ ബോധംകെടുത്തി

Brogospopy എന്ന ഒരു test ന് വിധേയനാക്കി. ശ്വാസകോശത്തിൽ കണ്ട shadow ഒരുതരം growth പോലെ കാണപ്പെടുന്നുവെന്നും കൂടുതൽ വിവരങ്ങൾ, അവിടെനിന്നു എടുത്ത sputum, ലാബറട്ടറി ടെസ്റ്റിനു് അയച്ച് result വന്നശേഷം പറയാമെന്നും പറയുകയും test നടത്തുന്നതിന് sputum തൃശൂർ ഉള്ള ''സ്വധർമ്മ'' research laboratory യിലേയ്ക്കു് അയയ്ക്കുകയും കുറച്ചുദിവസത്തേയ്ക്കു് മരുന്നുകൾ നിശ്ചയിച്ച് എന്നെ വീട്ടിലേയ്ക്കു് പറഞ്ഞുവിടുകയും ചെയ്തു.

കുറച്ചുദിവസം കഴിഞ്ഞു് ഞാൻ വീണ്ടും check-up നുവേണ്ടി ആശുപത്രിയിൽ ചെന്നു. അപ്പോഴേയ്ക്കും research lab ൽ നിന്നും result വന്നിരുന്നു. എന്റെ ചുമ അപ്പോഴും കലശലായിത്തന്നെ തുടർന്നുകൊണ്ടിരുന്നു. lab test — ൽ നിന്നും എന്റെ ശ്വാസകോശത്തിൽ കണ്ടിരുന്ന growth ഒരു കാരണവശാലും maligrant അല്ലെന്നു പറഞ്ഞിരുന്നു. എന്റെ ശരീരത്തിനു് യോജിച്ച antibiotic ഏതുവയെന്നും രേഖപ്പെടുത്തിയിരുന്നു. മേൽ result ന്റെ വെളിച്ചത്തിൽ എന്റെ ചുമയ്ക്കു കുറവുകാണാത്തതിനാൽ ഒരു course of injection നിശ്ചയിച്ച് എന്നെ പറഞ്ഞുവിട്ടു.

നിർദ്ദിഷ്ട കുത്തിവെയ്പും മരുന്നുകളും കഴിച്ചിട്ട് ചുമ തീരെ കുറയാത്തതിനാൽ ഞാൻ വീണ്ടും ആശുപത്രിയെ ശരണംപ്രാപിച്ചു. ഇതിനകം എന്റെ ശരീരസ്ഥിതി വളരെ മോശമായി. തൂക്കം വളരെ കുറഞ്ഞു. ഭക്ഷണത്തിനു് തീരെ രുചിയില്ലാതായി. ഇത്തവണയും ഞാൻ ചെന്നപ്പോൾ ശ്വാസകോശത്തിന്റെ X-ray കൾ എടുത്തു. ഇത്രയും ചികിത്സകൾ ചെയ്തിട്ടും ശ്വാസകോശത്തിൽ കണ്ടിരുന്ന growth കുറഞ്ഞില്ലെന്നു മാത്രമല്ല വലിയ്ക്കുകകൂടി ചെയ്തിട്ടുണ്ടെന്നും ഉടനെ ഒരു thorasic operation വേണമെന്നും എന്നെ ഉപദേശിച്ചു. തന്നെയുമല്ല സമയം വൈകിയാൽ ശ്വാസകോശത്തിൽ കണ്ടിരുന്ന growth നീക്കം ചെയ്യുവാൻ സാധിക്കാത്ത നില

യിൽ വരുമെന്നും doctors എന്നെ പറഞ്ഞുമനസ്സിലാക്കി. എന്നാൽ ഒരു thoracic operation ന് ഞാൻ അനുകൂലമായിരുന്നില്ല. അങ്ങിനെയുള്ള operation കൾ കഴിച്ച ഒന്നുരണ്ടുപേരെ ഞാൻ നേരിട്ട് അറിയുമെന്നും അതിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഫലങ്ങളും ഞാൻ നേരിൽ മനസ്സിലാക്കിയിട്ടുള്ളതിനാൽ അങ്ങനെയുള്ള ഒരു operation ഞാൻ ആഗ്രഹിക്കുന്നില്ലായെന്നും അതിനാൽ അല്പകാലംകൂടി ജീവിച്ച് എന്റെ അവശേഷിക്കുന്ന ചില ചുമതലകൾ ചെയ്യേണ്ടതിലേയ്ക്ക് എനിക്ക് മരുന്നുകൾ നിശ്ചയിച്ച് തന്നാൽമതി എന്ന് ഞാൻ അപേക്ഷിച്ചെങ്കിലും operation അല്ലാതെ മറ്റു യാതൊരു ചികിത്സാവിധികളും ഇതിനില്ലെന്നു പറഞ്ഞു doctor എന്നെ മരുന്നുകൊണ്ട് ചികിത്സിയ്ക്കുവാൻ തയ്യാറായില്ല. കുറച്ചുദിവസം കഴിഞ്ഞ് മടങ്ങിവരാമെന്നു പറഞ്ഞ് ഞാൻ ആശുപത്രിവിട്ടു. ഈ അവസരത്തിലാണ് ഞാൻ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചന്റെ പ്രാർത്ഥന തുടങ്ങിയത്. ഞാൻ മാത്രമല്ല, ഭാര്യയും മക്കളും തീക്ഷ്ണമായി പ്രാർത്ഥിച്ചിരുന്നു. എനിക്ക് മക്കളിൽ ചിലരെ ഒരു നിലയിലെത്തിയ്ക്കാനുള്ളതുകൊണ്ടും മറ്റുചില സാമ്പത്തികകാര്യങ്ങളിൽ തീരുമാനങ്ങളും വ്യവസ്ഥകളും ചെയ്യുവാനുള്ളതുകൊണ്ടും അല്പകാലംകൂടി ആരോഗ്യത്തോടെ ജീവിക്കേണ്ടത് അനിവാര്യമായി തോന്നി. ഒരു വലിയ operation കഴിഞ്ഞ് രോഗിയും ശരീരശക്തിയില്ലാത്തവനുമായി ജീവിക്കുന്നത് അഭിലഷണീയമായി തോന്നിയില്ല. എങ്കിലും മറ്റു മാർഗ്ഗങ്ങൾ ഒന്നും ഇല്ലെന്ന് doctor പറഞ്ഞതിനാൽ ഞാൻ operation ന് വിധേയമാകാൻ തീരുമാനിച്ചു.

Operation-നുവേണ്ടി 11 – 7 – 1986 ൽ ഞാൻ വീണ്ടും ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. അകലങ്ങളിലുള്ള മക്കളെല്ലാവരും എത്തിച്ചേർന്നു. ശസ്ത്രക്രിയ അവസരത്തിൽ എനിക്ക് രക്തം ദാനം ചെയ്യുന്നതിന് 6 പേരെ group test കളും മറ്റു പരിശോധനകളും കഴിച്ച് തയ്യാറാക്കി നിർത്തി. അത്യാവശ്യ ചില ആധാരനി

ശ്ചയങ്ങളും മററും ഞാൻ ചെയ്യനിർത്തി. ധ്യാനത്തിലായിരുന്ന operation theatre ലെ ഒരു പ്രത്യേക sister നെ വിളിച്ചുവരുത്തി. അങ്ങിനെ ഒരുക്കങ്ങളെല്ലാം പൂർത്തിയായി. operation date 16 – 7 1986 ആയി നിശ്ചയിച്ചു. എന്നാൽ ഈ ദിവസങ്ങളിൽ എന്റെ ചുമ വളരെ കുറഞ്ഞതായി എനിക്ക് അനുഭവപ്പെട്ടു. എന്നാൽ ക്ഷീണത്തിന് കുറവുണ്ടായില്ല. ഈ സാഹചര്യത്തിൽ ഒരു x– ray കൂടി എടുത്തു നോക്കിയിട്ട് operation നടത്തിയാൽ പോരെ എന്ന എന്റെ അപേക്ഷ doctor ഗൗനിച്ചില്ല. ചുമ മാറി, പനി വരും, അപ്പോൾ പിന്നെ operation ചെയ്യുവാൻ സാധിക്കാത്ത ഒരു ഘട്ടം വരുമെന്നായിരുന്നു doctor മാരുടെ ഭാഷ്യം. അതും എന്നെ കൂടുതൽ നിരാശനാക്കി, എങ്കിലും എന്റെയും കുടുംബത്തിന്റെയും പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു.

Operation തീയതിയുടെ തലേ ദിവസം ദിവ്യബലി കഴിഞ്ഞു വരുന്നവഴി അന്നത്തെ വാർഡു sister Rev. Sr- Theodoshia യെ കണ്ടപ്പോൾ ഞാൻ സങ്കടപ്പെട്ടുകൊണ്ട് അപേക്ഷിച്ചു. എന്റെ lungs ന്റെ ഒരു X-ray കൂടി എടുത്തശേഷം നിങ്ങൾ എന്നെ എന്തു വേണമെങ്കിലും ചെയ്തുകൊള്ളുക എന്നും, അത് എന്റെ ഒരു അന്ത്യാഭിലാഷമാണെന്നും മററും. ഹൃദയസ്പർക്കായ ആഭാഷണങ്ങൾ കേട്ട് മനസ്സലിഞ്ഞ അവർ എങ്ങിനെയോ, അനുവാദം സമ്പാദിച്ചു എന്നെ കൂട്ടികൊണ്ടുപോയി X-ray എടുപ്പിച്ചു. അന്ന് doctor എന്റെ മുറിയിൽ വന്നപ്പോൾ ഈ X-ray കാണുകയും അത്ഭുതപ്പെടുകയും ചെയ്തു. കാരണം ആ X-ray യിൽ എന്റെ ശ്വാസകോശത്തിൽ കണ്ടിരുന്ന growth മിക്കവാറും അപ്രത്യക്ഷമായിരുന്നു. സംശയ നിവാരണത്തിന് അപ്പോൾ തന്നെ മറെറാരു X-ray കൂടി എടുക്കുകയും അതിലും എനിക്ക് അസുഖം അപ്രത്യക്ഷമായി കാണുവാൻ സാധിക്കുകയും ചെയ്തു. ആ നിമിഷത്തിൽ തന്നെ നിശ്ചയിച്ചിരുന്ന operation വേണ്ടെന്നു വയ്ക്കുകയും എന്നെ ആശുപത്രിയിൽ നിന്ന് Discharge ചെയ്യുകയും ചെയ്തു.

ഏതാനും ദിവസത്തിനുശേഷം വിശ്രമഫലമായി, ഞാൻ പൂർണ്ണ ആരോഗ്യവാനായി തീർന്നു. അസുഖമായുണ്ടായിരുന്ന ചുമയും ലേശം പോലും ഇപ്പോൾ ഇല്ല. നഷ്ടപ്പെട്ട ആരോഗ്യം വീണ്ടുകിട്ടി. ഇനി ചുമ ഉണ്ടാകയില്ലെന്നു് എന്റെ മനസ്സു് മന്ത്രിക്കുകയും ചെയ്യുന്നു.

എന്റെ അപേക്ഷ പ്രകാരം Rev. sister ന്റെ മനസ്സിലൂടെ കടന്നുവന്ന ദയയുടെ ഫലമായി നിർദ്ദിഷ്ട operation ന്റെ തലേന്നാൾ, X-ray എടുക്കുവാൻ സാധിച്ചില്ലായിരുന്നുവെങ്കിൽ, ഞാൻ തീർച്ചയായും operation ചെയ്യപ്പെട്ടുമായിരുന്നു. വിധി നിർണ്ണായകമായ ഈ ഘട്ടം തരണം ചെയ്തു ശസ്ത്രക്രിയയിൽനിന്നും രക്ഷപ്പെട്ടതു് ഒരു പ്രത്യേക ദൈവാനുഗ്രഹമായി ഞാൻ വിശ്വസിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറ കര്യാക്കോസച്ചനോടുള്ള ഞങ്ങളുടെ പ്രത്യേക പ്രാർത്ഥനയാണു് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അത്ഭുത ശക്തിയെന്നു് ഞങ്ങളും വിശ്വസിക്കുന്നു. ഈ പരമാർത്ഥം അദ്ദേഹത്തിന്റെ അത്ഭുത സിദ്ധിയായി ഉറക്കെ പ്രസ്താവിക്കാനും പരസ്യപ്പെടുത്താനും തടസ്സം ഒന്നും ഇല്ല. എന്നെ ചികിത്സിച്ചിരുന്ന ചാലക്കുടിയിലെ Dr Chacko M. D. യുടെ Prescription പഴങ്ങനാട്ടു് ആശുപത്രിയിലെ medical card, X-ray എന്നിവയും എന്റെ കൈവശമുണ്ടു്. ഏതു സ്ഥലത്തും സമയത്തും ആ തെളിവിനായി ഹാജരാക്കുവാൻ ഞാൻ തയ്യാറാണു്.

വാഴ്ത്തപ്പെട്ട ചാവറ കര്യാക്കോസച്ചനു് വിശുദ്ധപദവിയിലേക്കു് ഉയർത്തുന്നതിനു് ഈ എളിയ അത്ഭുതസിദ്ധി, ഒരു തെളിവായി സ്വീകരിച്ചാൽ ഞാൻ കൃതാർത്ഥനാണു്.

ഈ അത്ഭുത സിദ്ധിയിൽ ആദ്യവസാനം വിശ്വസിച്ചുകൊണ്ടു്,

വിശ്വസ്തവിധേയൻ

(Sd)

P. A. John

(2) ടെലഗ്രാം. നമ്പർ. 1.

A1 Sainika School Kazhakootam. E1 42.

Mathachan M.T. Roll no 2066 advised operation for INGVINAL HERNIA (RT) on 30th July (.) collect the boy for Admission the M. C. H. on 29th July–Prinicipal Sainika School.

ടെലഗ്രാം നമ്പർ. 2.

A2 Sainika School Kazhakootam – 25–19.

Thirtyeth–operation date–Aug. 86. Confirmed

Principal

സൈനികസ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന മാത്തച്ചന് — (വെച്ചൂർ കരയിൽ ഴുപ്പള്ളിൽ ചാക്കോയുടെ മകൻ). വയറുവേദനയും ക്ഷീണവും ഉണ്ടായി — ഹെർണിയ മൂലമാണെന്നു ഡോക്ടർമാർ വിധിച്ചു. ആദ്യം July 30–ന് operation നിശ്ചയിച്ചു. പിന്നീട് — August 30 ലേക്ക മാററി — ഇതിന്റെ രണ്ടിന്റെയും ടെലഗ്രാം വഴിയുള്ള അറിയിപ്പുകൾ വീട്ടിലേക്ക അയച്ചതാണ് മുകളിൽ കണ്ടത്. വിവരം അറിഞ്ഞതുമുതൽ വീട്ടുകാർ ചാപ്പറയച്ചനോട്ട കുട്ടിപ്പായി പ്രാർത്ഥിക്കുവാൻ തുടങ്ങി. Aug. 30–ന് ഓപ്പറേഷനു മുമ്പായി വീട്ടുകാർ ആശുപത്രിയിലെത്തി. ആശുപത്രി അധികാരികളോട് യാചിച്ചതിന്റെ ഫലമായി മാത്തച്ചനെ — വീടിനു അടുത്തുള്ള ചേർത്തല ഗ്രീൻ ഗാർഡൻസ് ആശുപത്രിയിൽ ഓപ്പറേഷൻ നടത്താൻ അനുവദിച്ചയച്ചു. ഗ്രീൻ ഗാർഡൻസ് ആശുപത്രിയിൽ കൊണ്ടുവന്നു — ആശുപത്രി രേഖകളും X-ray photoകളും കാണിക്കുകയും — സെപ്റ്റംബർ 18 ന് ഓപ്പറേഷൻ നിശ്ചയിക്കുകയും ചെയ്തു. കുട്ടിയുടെ ഓപ്പറേഷന്റെ കാര്യത്തിൽ കാര്യമായി ഭയപ്പെട്ടിരുന്ന മാതാപിതാ

ക്കൾ വാഴ്ത്തപ്പെട്ട ചാവറയച്ചനോട് തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സെപ്റ്റംബർ 17-ന് മാത്തച്ചനെ ഓപ്പറേഷനുവേണ്ടി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ഓപ്പറേഷനു വേണ്ടിയ ഒരുക്കങ്ങളും ചെയ്തു. 18-ാം തീയതി തീയേറ്ററിലേക്കു കൊണ്ടുപോകുന്നതിനു മുൻപ് കുട്ടിയെ ഒന്നുകൂടി പരിശോധിക്കണമെന്നു ഡോക്ടർക്കു തോന്നി. പരിശോധനയുടെ ഫലം ഡോക്ടരുടെ ഭാഷയിൽ ഇവിടെ കുറിക്കട്ടെ.

Sacred Heart General Hospital
Green Gardens, Shertallai.

Regarding Master M. C. Mathachan,

I have examined master M. C. Mathachan aged 13 years referred here for surgery with diognosis of right inguinal hernia reported by Sainika School doctor. This boy has no signs inguinal hernia or hydrocelia. His internal inguinal ring is also normal. He does not need any surgical treatment and he is fit to do any heavy physical exercises.

sd
Dr. K. P. George F R C S
(com) F I C S
18–9–86
Seal

മുകളിൽ പറഞ്ഞ കുട്ടിയുടെ പിതാവിന്റെ സാക്ഷ്യവും ചുവടെ ചേർക്കുന്നു.

''എന്റെ മകൻ മാത്തച്ചൻ കഴക്കൂട്ടം സൈനിക സ്കൂളിൽ പഠിക്കുകയാണ്. Std. IX. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും July 30-ന് ഹിരണിയ ഓപ്പറേഷനു നിശ്ചയിച്ചു. ചാവറ പിതാവിനോട് ഞങ്ങൾ പ്രാർത്ഥിച്ചതിന്റെ ഫലമായി ചേർത്തല ഗ്രീൻ

ഗാർഡൻസ് ആസ്പത്രിയിലെ സർജൻ K. P. George FRCS ഈ കുട്ടിക്ക് ഹിരണിയാരോഗം ഇല്ലെന്നും ഉണ്ടാകാനുള്ള സാദ്ധ്യത പോലും ഇല്ലെന്നും 18–9–86 ലെ പരിശോധനയിൽ വിധിച്ചു. പിതാവിന്റെ അനുഗ്രഹമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

Sd.
ചാക്കോ മുപ്രപ്പള്ളിൽ, വെച്ചൂർ
അംബികാമാർക്കറ്റ് P. O.
വൈക്കം 19–9_86.

## 8. കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ

പൂവത്തിലപ്പു പ്രദേശത്തു വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ അനുഗ്രഹത്താൽ ലഭിച്ച അത്ഭുതകരമായ സുഖപ്രാപ്തിയെക്കുറിച്ച് Miss. Annamma Thomas, Thekkekottaram വികാരഭരിതമായി ഇവിടെ എഴുതി അറിയിക്കുകയും കുട്ടിയെ കൊണ്ടുവന്നു കബറിടത്തിൽ മുത്തിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. പ്രസ്തുത അനുഗ്രഹത്തെക്കുറിച്ചുള്ള വിവരണം മിസ്സിസ് അന്നമ്മയുടെ വാക്കുകളിൽ ഇവിടെ പകർത്തുന്നു.

Poovathilappu,
4–1–1988.

ഓ എന്റെ സ്നേഹപിതാവേ; എന്റെ നാത്തുന്റെ രണ്ടുവയസ്സുള്ള ഡിനു മോളെ എന്നെ ഏൽപ്പിച്ചിട്ടാണ് മോളുടെ അമ്മ ജോലിക്കു പോകുന്നത്. ഒരു ദിവസം ഡിനുമോൾ ഒരിഞ്ചു നീളം വരുന്ന ഒരു നിയോൺ ബൾബ് വിഴുങ്ങി. അപ്പോൾ തന്നെ മോളെ പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോയി, എക്സ്റേ എടുത്തു. ബൾബ് പതപ്പയിൽ ഇരിക്കുന്നതായാണ് കണ്ടത്. ഉടനെ മെഡിക്കൽ കോളേജിൽ കൊണ്ടുപോയി. ഓപ്പറേഷൻ വേണമെന്നു പറഞ്ഞു. കൊച്ച് മരിച്ചുപോവുകയേയുള്ളുവെന്ന് പറഞ്ഞു. പിറ്റേന്നു രാവിലെ 8 മണിക്ക് ഓപ്പറേഷൻ നടത്തുവാൻ തീരുമാനിച്ചു. ഞാൻ ഹൃദയം നൊ

ത്തു് കരഞ്ഞുകൊണ്ടു് ഏലിയാസച്ചനെ വിളിച്ചു പ്രാർത്ഥിച്ചു. എന്റെ മുന്നിൽ വലിയ പ്രകാശത്തോടുകൂടി ഏലിയാസച്ചൻ നിൽക്കുന്നതായി എനിക്കനുഭവപ്പെട്ടു. അപ്പോൾ ഞാൻ പറഞ്ഞു എന്റെ പിതാവെ, എന്റെ കുഞ്ഞിന്റെ കാലിൽ ഒരു മുള്ളുകൊണ്ടാൽ എങ്ങനെ അതു് എടുക്കുമോ അതുപോലെ കുഞ്ഞിനു് ഓപറ്റും കൂടാതെ ബാംബ് എടുത്തുതരണമേയെന്നു് പ്രാർത്ഥിച്ചു. മോളുടെ ഫോട്ടോ കൃതജ്ഞത എഴുതിവെയ്ക്കാമെന്നും കൊച്ചിനെ പിതാവിന്റെ കബറിടത്തിങ്കൽ കൊണ്ടുവന്നു് മുത്തിക്കാമെന്നും കട്ടിലിൽ കിടത്താമെന്നും നേർന്നു. വിശുദ്ധനെന്നു് പേരു് വിളിക്കുന്നതിനു തെളിവായി ഇതു നൽകാമെന്നും അപേക്ഷിച്ചു. അതിനുശേഷം പ്രകാശത്തോടുകൂടി മുമ്പിൽ തെളിഞ്ഞ പിതാവിനെ കാണുവാൻ സാധിച്ചില്ല. ആ സമയം മുതൽ മനസ്സിനു് സമാധാനമായി. ഓപ്പറേഷനു് തീയേറ്ററിൽ കയറ്റുന്നതിനു് ഏതാനും മിനിട്ടുകൾക്കു് മുമ്പു് അവൾ ഒന്നു രണ്ടു ചുമക്കുകയും അപ്പോൾ അവൾക്കു വലിയ പ്രയാസം അനുഭവപ്പെടുന്നതായും തോന്നി. മോൾ വീണ്ടും ചുമച്ചുതുപ്പിയപ്പോൾ ബാംബാണു് ലഭിച്ചതു്.

എന്റെ പിതാവെ ഈ അനുഗ്രഹത്തിനു് എങ്ങനെ നന്ദി പറയണമെന്നു് എനിക്കറിയില്ല. എന്റെയും എന്റെ കുടുംബാംഗങ്ങളുടെയും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

## 4. കമാൻറു് ഹോസ്പിററലും കൽക്കട്ടായും

സിസിലി എന്ന നേഴ്സിനു പിതാവിനോടു പ്രാർത്ഥിച്ചതിന്റെ ഫലമായി കിട്ടിയ അതിശയകരമായ രോഗശാന്തി — ആരക്കുഴ മഠത്തിലെ സി. സിറിയക്കു് വിവരിക്കുന്നു.

Carmelite, Convent
Arakuzha P. O., Muvattupuzha
23 – 11 – 1986.

പ്രിയ ബ. അച്ചാ,

ഹൃദയത്തിൽനിന്നുയരുന്ന ആയിരമായിരം ദൈവസ്തുതി പാടിക്കൊണ്ട് ഞാൻ കാര്യം അറിയിക്കട്ടെ.

എന്റെ സഹോദരന്റെ മകൾ സിസിലി പൂർണ്ണ ആരോഗ്യവതിയായിരുന്നു. ഇക്കഴിഞ്ഞ ജൂൺ മാസം മുതൽ അവൾക്ക് Shoulder–ന് കുറേശ്ശേ വേദനതുടങ്ങി. July 15 ആയപ്പോഴേയ്ക്കും അസഹ്യമായിത്തീർന്നു.

(അവൾ West Bengal–ൽ ഡാർജിലിംഗ് അടുത്തുള്ള 'Siliguri' എന്ന സ്ഥലത്തെ Military Hospital–ൽ Nurse ആണ്) കൂടുതലായപ്പോൾ അവളെ കൽക്കട്ടായിലെ 'Comand' ഹോസ്പിറ്റലിലേയ്ക്കു കൊണ്ടുചെന്നാക്കി. അവിടെ ചെന്നപ്പോഴേയ്ക്കും അവൾ തളർന്ന മട്ടായെന്നാണു പറയുന്നതു്. മലവും മൂത്രവും പോകാതായി. Kidney തളർന്നെന്നാണ് പറഞ്ഞതു്. അവിടെ X-ray എടുത്തു (14 എണ്ണം) ഒന്നും കണ്ടില്ല. നട്ടെല്ലിലെ വെള്ളം എടുത്തു നോക്കി അതിലും ഒന്നും കണ്ടില്ലായിരുന്നു. പക്ഷേ അസുഖം കൂടിക്കൊണ്ടിരുന്നു. ഏതോ ഗുളിക കൊടുത്തപ്പോൾ (6 വീതം) കുറച്ചു കുറഞ്ഞു. പതുക്കെ നടന്നു തുടങ്ങി. അന്ത്യം അടുത്തു എന്നവൾ നിശ്ചയിച്ചു. എനിക്ക ദയനീയമായ ഒരെഴുത്തെഴുതി. "എനിക്ക് 6 മാസം മുതൽ 2 വർഷം വരെയാണ് doctors ആയുസ്സു പറഞ്ഞിരിക്കുന്നതു്. ഞാൻ മരിച്ചാലും ആന്റി വിഷമിക്കണ്ട. കുറച്ചുകഴിയുമ്പോൾ എല്ലാവരും മറന്നുകൊള്ളും. ഞാൻ അന്ത്യകൂദാശ സ്വീകരിച്ചു", എന്നെല്ലാം. വളരെ ദയനീയമായിരുന്നു അതിലെ വാചകങ്ങൾ.

August 8– നാണ് ഞാൻ വിവരം അറിയുന്നതു്. വളരെ വേദനയോടുകൂടെ തീക്ഷ്ണമായി പ്രാർത്ഥിച്ചു. ഇന്നു പറയട്ടെ. നമ്മുടെ പിതാവിന്റെ പടത്തിൽ ചുംബിച്ചുകൊണ്ട് "പിതാവേ ഞങ്ങളുടെ സഭാസ്ഥാപകനായ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കണം, ഞാൻ മറ്റാരോടും കാര്യമായി പ്രാർത്ഥിക്കുകയില്ലായെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ തിരുനാൾ എന്റെ നാമഹേതുക തിരുനാളായി

എടുക്കാമെന്നും ഒരു ഡോക്ടർക്ക് മാററാൻ കഴിയാത്ത ഈ രോഗം മാററിത്തന്നാൽ അതു വലിയൊരു അത്ഭുതമായിരിക്കുമെന്നും ഞാൻ പറഞ്ഞു.

Spinal Cord ൽ Virus ൻെറ ആക്രമണമാണെന്നായിരുന്നു വിധി. Sept– ൽ Sick leave ന് വീട്ടിൽ വന്നപ്പോഴും ഞാൻ എറണാകുളം Med. trust ആശുപത്രിയിലെ ന്യൂറോ Surgeon–നെ കാണിച്ചു. 1½ മണിക്കൂർ കഴിഞ്ഞിട്ട് അദ്ദേഹം പറഞ്ഞു. രോഗം പറഞ്ഞതു തന്നെ. ''you pray Sister.'' എന്ന്. ഏതായാലും ധാരാളം പ്രാത്ഥന അനേകരിൽ നിന്നു സ്വർഗ്ഗത്തിലേയ്ക്കുയർന്നു. തിരുക്കുടുംബ ഭക്തിയും എനിക്കു വളരെയുണ്ട്.

ഇന്ന് അവളുടെ Brother പറഞ്ഞു സ്കാനിംഗ് നടത്തിയിട്ട് ഒരു കുഴപ്പവുമില്ലെന്ന്. Duty ക്ക് Join ചെയ്യുന്നു എന്ന്. ഇതൊരത്ഭുതമല്ലാതെ മറെറന്താണ്! മററു വിവരങ്ങളും (റിപ്പോർട്ടും മററും) വേണമെങ്കിൽ അറിയിച്ചാൽ വാങ്ങിത്തരാം.

നന്ദിയോടെ നിർത്തുന്നു.

Sr. Cyriac. C. M. C.

## 5. സി. രജിപോളും വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ പടവും

മരീനയുടെ ശ്വാസകോശം തകരാറിലാകുകയും ഓപ്പറേഷന് തീയതി നിശ്ചയിക്കുകയും ചെയ്തു. ഈ കുട്ടിക്കു ലഭിച്ച അത്ഭുതകരമായ രോഗശാന്തിയെക്കുറിച്ച് അമ്മയായ പടയാട്ടി ലമ്പ എഴുതുന്നു.

കാലടി
10–10–1986

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് അച്ചനോട് പ്രാത്ഥിച്ചതിൻെറ അനുഭവഫലമാണ് താഴെ കുറിക്കുന്നത്.

പടയാട്ടി ലമ്പ മകൾ മരീന 12 വയസ്സ്. കഴിഞ്ഞ ഡിസംബറിൽ മരീനക്ക് നിമോണിയ പനി വരുകയും അതിനെ തുടർന്ന് ശ്വാസകോശത്തിൽ പഴുപ്പ് ബാധിക്കുകയും ചെയ്തു. തൽക്കാലം അസുഖം മാറിയെങ്കിലും ഇടയ്ക്കിടെ അസുഖം വന്നുകൊണ്ടിരുന്നു. പല വിദഗ്ദ്ധ ഡോക്ടർമാരുടെ പരിശോധനയിൽ അവൾക്ക് ഒരു മേജർ ഓപ്പറേഷൻ വേണം എന്ന് തീർച്ചപ്പെടുത്തി. അങ്ങനെ ഈ കഴിഞ്ഞ ആഗസ്റ്റ് 22-ാം തീയതി പഴങ്ങനാട് സമരിററൻ ആശുപത്രിയിലെ heart Specialist നന്ദകുമാർ മരീനയെ ഓപ്പറേഷന് വേണ്ടിയുള്ള അവസാനത്തെ test ചെയ്യുകയും സെപ്റ്റംബർ 29-ാം തീയതി ഓപ്പറേഷൻ തീർച്ചപ്പെടുത്തുകയും ചെയ്തു.

ദൈവാനുഗ്രഹത്താൽ അതിനിടയിൽ അവളെ തിരുവനന്തപുരം ചിത്രാ മെഡിക്കലിലേയ്ക്ക് കൊണ്ടുപോയി. പോകുന്ന ദിവസം കാലത്ത് അവളെ പഠിപ്പിക്കുന്ന സിസ്റ്റർ റെജിപോൾ വരികയും കര്യാക്കോസച്ചൻെറ ഒരു പടം കൊടുക്കുകയും അതിലെ പ്രാർത്ഥന എപ്പോഴും ചൊല്ലി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഞാനും മകളും പ്രാർത്ഥന ആരംഭിച്ചു. ചിത്രാമെഡിക്കലിലെ ഡോക്ടർമാർ ഒക്ടോബർ 3-ാം തീയതി ഓപ്പറേഷൻ തീർച്ചപ്പെടുത്തി. അമ്മയായ എനിക്ക് നിരാശ തോന്നി. സെപ്റ്റംബർ 29-ാം തീയതി ശ്വാസകോശത്തിൻെറ എത്ര ഭാഗം എടുക്കണം എന്നതിനെപ്പററി അവസാനത്തെ ടെസ്റ്റ് നടത്തി. അത്ഭുതം എന്ന് പറയട്ടെ, ശ്വാസകോശത്തിൽ ഒരു കുഴപ്പവുമില്ലെന്നും ഓപ്പറേഷൻ വേണ്ടായെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തു. ഈ അനുഗ്രഹം ലഭിച്ചുതന്ന പുണ്യാളന് ഞങ്ങൾ കുടുംബസമേതം നന്ദി പറയുകയും ദൈവത്തിന് സ്തുതി പറയുകയും ചെയ്യുന്നു.

എന്ന്,

പടയാട്ടി, ലമ്പ, കാലടി.

## 6. അതിരമ്പുഴ ജോജ്ജിനെ പിതാവു അനുഗ്രഹിക്കുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുകയും മദ്രാസ് EYE Hospital ലിലേക്ക് ഓപ്പറേഷനുവേണ്ടി Refer ചെയ്യുകയും ചെയ്ത അതിരമ്പുഴ ജോർജ്ജിനുണ്ടായ അനുഗ്രഹം അദ്ദേഹത്തിന്റെ ഭാഷയിൽതന്നെ വായിക്കാം.

എന്റെ കണ്ണിന്റെ ഒരു ഞരമ്പിനു രക്തം പൊടിച്ചിൽ ഉണ്ടായി. കണ്ണ് കലങ്ങിച്ചുവന്നു കാണപ്പെട്ടു. എന്തെങ്കിലും വായിച്ചാൽ വരയും പൊട്ടും പോലെ കാണുമായിരുന്നു. മെഡിക്കൽ കോളേജിൽ 16 ദിവസം ചികിത്സയിൽ കഴിഞ്ഞു. കാര്യമായി തീർത്തുമാറിയില്ലായിരുന്നു. ഡോക്ടർ 15 ദിവസം കഴിഞ്ഞു വരണം എന്നു പറഞ്ഞു അവിടെനിന്നും വിട്ടു. പലമരുന്നുകളും മാറി മാറി കഴിച്ചു കൊണ്ടിരുന്നു. പിന്നെയും 15 ദിവസം കഴിഞ്ഞു ഡോക്ടറുടെ അടുത്തുപോയി. അങ്ങനെ മൂന്നുതവണ പോയി. ഡോക്ടർ പറഞ്ഞു ഇവിടം കൊണ്ട് തീർത്തു മാറുമെന്നു തോന്നുന്നില്ല. മദ്രാസിനു പോയി അവിടെ താമസിച്ചു കൊണ്ട് കണ്ണിനു ചെറിയ ഓപ്പറേഷൻ വേണമെന്നു പറഞ്ഞു. അതിന്റെ ചിലവിനുള്ള രൂപ ഒന്നും ഞങ്ങളുടെ കൈവശം ഇല്ലായിരുന്നു. ഞങ്ങൾ കുടുംബം ഉൾപ്പെടെ ചാവറ കുര്യാക്കോസ് അച്ചനോട് പ്രാർത്ഥിച്ചു. മദ്രാസിനു പോകാതെ, ഓപ്പറേഷൻ കൂടാതെ കണ്ണിനു സുഖമാകണമെന്നു ഞങ്ങൾ ഓരോരുത്തരും 9 ശനിയാഴ്ച അങ്ങയുടെ നൊവേനയിൽ കൂടിയും പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളാമെന്നും എന്റെ രണ്ട് കണ്ണ് വെള്ളികൊണ്ട് പണിതു കൊടുത്തു കൊള്ളാമെന്നും നേർന്നിരുന്നു. അത്ഭുതം എന്നു പറയട്ടെ, കണ്ണ് സുഖമാകുകയും മദ്രാസിനു പോകാതെയും ഓപ്പറേഷൻ വേണ്ടാതായിരിക്കുകയും ചെയ്തു. ഈ അനുഗ്രഹത്തിനു പ്രത്യേകം ഞങ്ങൾ കുടുംബസമേതം നന്ദി പിതാവിനോട് പറയുന്നു.

എന്ന്,

ജോജ്ജ് അതിരമ്പുഴ

## 7. ആവോലിയിലും അനുഗ്രഹം

ആവോലി കിഴക്കേയിൽ കുട്ടിയമ്മയുടെ Appen-dicites നുള്ള ഓപ്പറേഷൻ പിതാവിന്റെ അനുഗ്രഹത്താൽ സുഖപ്പെട്ടു. ഓപ്പറേഷൻ വേണ്ടാതായതിനെക്കുറിച്ചു കുട്ടിയമ്മ എഴുതി അറിയിക്കുന്നതു വായിക്കുക.

ആവോലി
11–9–'86

ബഹുമാനപ്പെട്ട വികാരി അച്ചൻ അറിയുന്നതിന്, എനിക്കു് പെട്ടെന്നു് ഒരു വയറുവേദനവന്നു. ആശുപത്രിയിൽ ചെന്നപ്പോൾ ഉടനെ ഓപ്പറേഷൻ വേണമെന്നു് പറഞ്ഞു. അപ്പന്റീസ് ആണ് രോഗമെന്നു പറഞ്ഞു. മൂന്നു് ആശുപത്രിയിൽ പോയി. ഓപ്പറേഷൻ കൂടാതെ ഭേദമാക്കാമോ എന്നു ചോദിച്ചു. ഓപ്പറേഷൻ വേണമെന്നാണ് എല്ലാവരും പറഞ്ഞതു്. ഓപ്പറേഷൻ എനിക്കു് വലിയ ഭയമായിരുന്നു. ഞാൻ ചാവറ അച്ചന്റെ നൊവേന 9 ദിവസം അടുപ്പിച്ച് എത്തിച്ചു. എന്റെ വയറുവേദന ഓപ്പറേഷൻ കൂടാതെ ഭേദമാക്കണമെന്നും അങ്ങനെ ഭേദമായാൽ ഞാൻ പള്ളിയിൽ വിവരം അറിയിക്കാമെന്നും വിവരം പള്ളിയിൽ വരുന്നവരെ അറിയിക്കാമെന്നും ഞാൻ നേർന്നു. പിന്നീട് വേറൊരു ഡോക്ടറെ ചെന്നുകണ്ടു. അപ്പോൾ ആ ഡോക്ടർ ഞാൻ അപ്പന്റീസിന്റെ രോഗമൊന്നും കാണുന്നില്ലെന്നും ഓപ്പറേഷൻ വേണ്ട എന്നും പറഞ്ഞു് അഞ്ചുദിവസത്തെ മരുന്നുതന്നു. അത്ഭുതകരമായി എന്റെ അസുഖം ഭേദമായി. അച്ചൻ ഈ വിവരം പള്ളിയിൽ വരുന്ന വിശ്വാസികളെ ഒന്നറിയിക്കണമെന്നു് അപേക്ഷിക്കുന്നു. എല്ലാവരോടും എനിക്കുവേണ്ടി പ്രാർത്ഥിക്കാനും പറയണം.

എന്നു്,
ഒരു വിശ്വാസി
Kuttyamna Kuriachan
Kizhakeyil House
Avoly P.O., Muvattupuzha.

# 23. ചാവറയെപ്പററി ഇൻഡ്യയുടെ പ്രഥമ പൗരൻ

ഇൻഡ്യൻ തപാൽ ഡിപ്പാർട്ടുമെൻറു വാഴ്ത്തപ്പെട്ട ചാവറയച്ചനെ അനുസ്മരിക്കുവാനായി ഈയിടെ ഒരു സ്റ്റാമ്പു പുറത്തിറക്കുകയുണ്ടായല്ലോ. നമ്മുടെ മഹാനായ പ്രസിഡൻറ് ശ്രീ വെങ്കിട്ടരാമൻ അതിൻെറ ഉദ്ഘാടനം തിരുവനന്തപുരത്തുവന്ന് നിർവ്വഹിക്കുകയും മഹത്തായ ഒരു പ്രസംഗംചെയ്ത് ഈയവസരത്തെ ധന്യമാക്കുകയുംചെയ്തു. പ്രസ്തുത പ്രസംഗത്തിൻെറ പരിഭാഷയാണ് താഴെ കൊടുക്കുന്നതു്.

സമുദായോദ്ധാരണപ്രവർത്തനങ്ങളുടെ മുന്നിരക്കാരനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻെറ അപദാനങ്ങളെ പ്രകീർത്തിക്കുവാൻ കൂടിയിരിക്കുന്ന ഈ യോഗത്തിൽ പങ്കെടുക്കുവാൻ സാധിച്ചതു് ഒരു ബഹുമതിയായി ഞാൻ കരുതുന്നു. ഈ മഹാത്മാവിൻെറ സ്മരണക്കായി ഒരു സ്റ്റാമ്പു പുറത്തിറക്കുവാൻ തീരുമാനിച്ച ഇൻഡ്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെൻറിനെ ഞാൻ അഭിനന്ദിക്കുന്നു.

ധന്യനായ ചാവറയച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു നൂററാണ്ടിലേറെയായിരിക്കുന്നു. വർഷങ്ങൾ കടന്നുപോയിട്ടും ഒരു പ്രചോദകശക്തിയായി ആയിരങ്ങളുടെ മനസ്സിൽ അനശ്വരനായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ഒരു മഹാ പണ്ഡിതനായും അഗതികൾക്കും ദരിദ്രർക്കും അധഃകൃതർക്കുംവേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവ്വം സ്മരിക്കപ്പെടുന്നു.

ദൈവികചിന്തയേയും മനുഷ്യസേവനത്തേയും ഇദ്ദേഹത്തെപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമാ


RASHTRAPATHI RELEASES
COMMEMORATIVE STAMP OF
BLESSED

യും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. യഥാർത്ഥത്തിൽ ഈ മഹാത്മാവിന്റെ മനസ്സിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതിയേയും പ്രതിനിധീകരിച്ചിരുന്നു. ഒരു യോഗീവര്യനായിരുന്നെങ്കിലും അദ്ദേഹം ബാഹ്യപ്രവർത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രം തന്നെയായിരുന്നു. ചാവറയച്ചൻ തന്റെ ഉള്ളിന്റെ ഉള്ളിലെ ദൈവികചൈതന്യത്തിലേക്കു സംക്രമിക്കുന്നതോടൊപ്പം ഏവർക്കും അഭിമാനമുള്ളവരും ദൈവവിശ്വാസമുള്ളവരുമായി ജീവിക്കുന്നതിനുള്ള സാമൂഹിക ചുറ്റുപാട് ഉണ്ടാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിരുന്നു. 1986–ൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ തന്റെ ഭാരതസന്ദർശനവേളയിൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതു് തികച്ചും സമുചിതമായിരിക്കുന്നു.

ചാവറയച്ചൻ ജീവിച്ചിരുന്ന കാലഘട്ടം അതായതു് 19–ാം നൂറ്റാണ്ട്, നമ്മുടെ സമൂഹം ദാരിദ്ര്യത്തിലും നിരാശയിലും നീങ്ങിക്കൊണ്ടിരുന്ന ഒരവസരമായിരുന്നു. വിദേശികളായ അന്നത്തെ ഭരണാധികാരികൾ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് യാതൊന്നും ശ്രദ്ധിച്ചിരുന്നില്ല. മഹത്തായ നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും നാരായവേരിനു കോടാലിവയ്ക്കുന്നതരത്തിൽ നമ്മുടെ പോരായ്മകളെ വെളിച്ചത്തുകൊണ്ടുവരുന്നതിനും നമ്മുടെ ശക്തിയെ നിസ്സാരമാക്കിക്കരുതുന്നതിനും അബദ്ധജടിലമായ പ്രചരണങ്ങൾ നടക്കുകയായിരുന്നു. ഇതിന്റെ പരിണിതഫലമായി നമ്മുടെ ജനങ്ങളിൽ ശക്തമായ അപകർഷതാബോധവും നിരാശയും ഉണ്ടായി. ചാവറയച്ചനെപ്പോലെയുള്ള ചുരുക്കം ചില മനീഷികൾക്കെങ്കിലും ഭാരതത്തിന്റെ കഴിഞ്ഞകാലത്തെ, അതിന്റെ ഭാവി ഭാഗധേയവുമായി സമന്വയിപ്പിക്കുവാൻ നന്നായിട്ട് അറിയാമായിരുന്നു. ഭാരതത്തിന്റെ ഭാവിയെ തിരുത്തിക്കുറിച്ച മഹാപുരുഷ

നായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരതത്തിന്റെ പുരാതനമായ ജ്ഞാനസമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കുവാൻ പരിശ്രമിക്കുകയുംചെയ്തു. തന്റെ വിജ്ഞാനം ജനങ്ങളുമായി പങ്കുവെയ്ക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇതിനുവേണ്ടി അദ്ദേഹം 1829 മുതൽ 1870 വരെയുള്ള 40 കൊല്ലത്തെ അനുഭവങ്ങൾ തന്റെ ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തി. 'നാളാഗമങ്ങൾ' എന്നറിയപ്പെടുന്ന ഈ രേഖ 1829–മുതൽ 1870–വരെ കേരളത്തിന്റെ ആധികാരികമായ ചരിത്രംതന്നെയാണ്. ഫാ. തോമസ് പാലയ്ക്കൽ, ഫാ. തോമസ് പോരൂക്കര എന്നീ മഹാത്മാക്കളുടെ ജീവചരിത്രവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. 18–ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലെയും 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലെയും കേരളചരിത്രത്തിന് ഇത് ഒന്നാംതരം ഒരു അനുബന്ധമാണ്. സാധാരണക്കാർക്കുവേണ്ടി അദ്ദേഹം രചിച്ച മറ്റു കൃതികളും നലംതികഞ്ഞ ആത്മാർത്ഥതയും പ്രായോഗികപരിജ്ഞാനവും നിറഞ്ഞതായിരുന്നു.

വിദ്യാഭ്യാസപ്രവർത്തനം അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ട ഒന്നായിരുന്നു. മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമായിരുന്നു. അധഃകൃതരെ ഉദ്ധരിക്കുന്നതിന് ഒന്നാന്തരമൊരു മാർഗ്ഗമായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാദാനപ്രവർത്തനം. പാലയ്ക്കലച്ചനിൽനിന്നും പോരൂക്കരയച്ചനിൽനിന്നും ഉത്തേജനം സ്വീകരിച്ചുകൊണ്ട്— എല്ലാ ഇടവകദേവാലയങ്ങളോടും അനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കപ്പെടണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ഒരുപടികൂടി കടന്ന്, ഇപ്രകാരം തന്റെ നിർദ്ദേശം അനുസരിച്ച് സ്കൂളുകൾ തുടങ്ങാത്ത ഇടവകപ്പള്ളികളെല്ലാം അടച്ചുപൂട്ടുമെന്ന് അദ്ദേഹം താക്കീതുചെയ്തു. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന എല്ലാ മതക്കാരനും

ഹരിജനങ്ങളുൾപ്പെടെ, ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇതു വിപ്ലവകരമായ ഒരു നീക്കംതന്നെയായിരുന്നു. ചാവറയച്ചന്റെ വിദൂരദൃഷ്ടി മറ്റൊരു പുരോഗമനപരമായ കാര്യത്തിലും — സ്ത്രീജനങ്ങളുടെ സമുദ്ധാരണത്തിലും— പ്രത്യേകം പതിഞ്ഞിരുന്നു. 1864—ൽതന്നെ ചാവറയച്ചൻ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ഭാരതീയ സന്യാസസഭയ്ക്കു് അടിസ്ഥാനമിടുകയും അതു സ്ത്രീജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്കു് ആക്കംകൂട്ടുകയുംചെയ്തു. ഇപ്രകാരം ചാവറയച്ചൻ ഇൻഡ്യൻ നവോത്ഥാനപ്രസ്ഥാനത്തിന്റെ അതികായനായ ഒരു അവതാരമായിരുന്നു. ഇതു് അധഃകൃതരെ ഉയർത്തുന്നതിനും നിരാശരെ ധൈര്യപ്പെടുത്തുന്നതിനും ജനങ്ങളിൽ സ്വാഭിമാനം വളർത്തുന്നതിനും വളരെയേറെ സഹായകമായി. ക്രിസ്തുമതത്തിന്റെ മഹത്തായ സേവനമാതൃകവഴി ഇങ്ങനെയെല്ലാം പ്രവർത്തിക്കുവാൻ സാധിച്ചതു് ചാവറയച്ചന്റെ ഒരു പ്രത്യേക കഴിവായിരുന്നു. ഇൻഡ്യയുടെ പ്രഥമ പ്രസിഡന്റായ ഡോ. രാധാകൃഷ്ണൻ ഭാരതത്തിലെ ക്രിസ്തീയസഭയുടെ പുരാതനത്വത്തെയും പ്രാധാന്യത്തെയും പുരസ്കരിച്ചു് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''ഓർക്കുക, വി. തോമാശ്ലീഹാ ഭാരതത്തിലേക്കു വന്നപ്പോഴും യൂറോപ്പിലെ ഇന്നത്തെ നിരവധി ക്രിസ്തീയ രാജ്യങ്ങളിലും ക്രിസ്തുമതം എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ഭാരതത്തിലെ ക്രിസ്തുമതമാകട്ടെ തങ്ങളുടെ പിതാവാണു് സെന്റു് തോമസ് എന്നു് അഭിമാനിക്കുന്നതുകൊണ്ടു് യൂറോപ്പിലെ ഇന്നത്തെ മിക്ക ക്രിസ്തീയ രാജ്യങ്ങളെക്കാളും കൂടുതൽ ക്രിസ്തീയചരിത്രവും നീണ്ട ക്രിസ്തീയ പാരമ്പര്യവും ഭാരതസഭയ്ക്കു് ഉണ്ടു്. ഇപ്രകാരം സംഭവിച്ചതിൽ നമുക്കു് യഥാർത്ഥത്തിൽ അഭിമാനിക്കാം.'' ചാവറയച്ചൻ ഭാരതക്രിസ്തീയസഭയുടെ ചൈതന്യത്തെ സമ്യക്കായി പ്രതിനിധീകരിച്ചിരുന്നു; മലബാർസഭയുടെ ചൈതന്യത്തെയാകട്ടെ അതിന്റെ അത്യുജ്ജ്വല ശോഭയിലും.

സെൻറ് പീററർ റോമൻ സഭയെ സ്ഥാപിച്ചതും സെൻറ് തോമസ് മലബാർസഭയെ സ്ഥാപിച്ചതും അവയുടെ കാലക്രമത്തിന്റേയും മാഹ്ദശ്നത്വത്തിന്റേയും അടിസ്ഥാനത്തിൽ തുല്യപ്രാധാന്യമർഹിക്കുന്നതാണെന്ന് എടുത്തുപറയേണ്ടതാണ്. സെൻറ് തോമസ് A. D. 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അന്നുമുതൽ ഇന്നുവരെ—മദർ തെരീസയുടെ നല്ലമാതൃക നമ്മുടെ മണ്ണിനെ പുളകംചാർത്തുന്ന ഈ നാൾവരെ—ക്രിസ്തുമതം ഭാരതസംസ്കാരത്തിന്റെ ഒരവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു.

ക്രിസ്തുവർഷത്തിന്റെ ആദ്യഘട്ടംമുതൽതന്നെ ദക്ഷിണഭാരതം ക്രിസ്തുമതത്തിന് വരവേല്പ് അരുളിയിരുന്നു. സെൻറ് തോമസിന്റേയും 15-ാം ശതകത്തിൽ മാർ ജോണിന്റേയും അപ്പസ്തോലിക പ്രവർത്തനങ്ങൾവഴിയായി സുറിയാനിസഭയും 16-ാം നൂററാണ്ടിൽ ഫ്രാൻസീസ് സേവ്യറിന്റെ പ്രവർത്തനംവഴിയായി ലത്തീൻ സഭയും, 17-ാം നൂററാണ്ടിൽ ദെനോബിലിയുടെ പ്രവർത്തനഫലമായുണ്ടായ ജസ്യൂട്ട് മിഷനറിമാരുടെ മധുര മിഷനും, 18-ാം നൂററാണ്ടിലെ ഡച്ചുകാരുടെ പ്രവർത്തനഫലമായി ട്രാൻകേബാറിലുണ്ടായ പ്രൊട്ടസ്റ്റന്റു മിഷനും 19-ാം നൂററാണ്ടിലെ തിരുവിതാംകൂറിലുടലെടുത്ത ലണ്ടൻ മിഷൻ സൊസൈററീസും പില്ക്കാലത്തുണ്ടായ മററു നിരവധി മിഷൻ പ്രസ്ഥാനങ്ങളും ബ്രദാൻ സഭകളും ദക്ഷിണഭാരതത്തിൽ ക്രിസ്തുമതത്തിന് സുദൃഢമായ ഒരു അടിസ്ഥാനം നൽകി.

ഭാരതത്തിലുടനീളം സ്ഥാപിതമായ ഈ മിഷനുകളെല്ലാംതന്നെ അതിന്റെ സ്ഥാപകപിതാക്കന്മാർ ഈ മിഷനുകളോട് അനുബന്ധിച്ച് തുടങ്ങിവച്ച നല്ല നിലവാരമുള്ള സ്കൂളുകളുടേയും കോളേജുകളുടേയും പ്രവർത്തനമില്ലായിരുന്നെങ്കിൽ അതിൽതന്നെ വലിയ പ്രാധാന്യമുള്ളതാകുമായിരുന്നില്ല. ചാവറയച്ചന്റേയും വിദ്യാഭ്യാസപ്രവർത്തനസംരംഭങ്ങൾ ഈ മഹത്തായ പാരമ്പര്യത്തിലാണ് ഉടലെടുക്കുന്നതു്.

ഇപ്രകാരമുള്ള നീക്കങ്ങൾ കാലക്രമത്തിൽ ശക്തമായ പല ബൌദ്ധികമുന്നേററങ്ങൾക്കും കാരണമായി. ആര്യസമാജം, ബ്രഹ്മസമാജം മുതലായ ശക്തമായ ബൌദ്ധികമുന്നേററങ്ങളുടെ ആവിർഭാവത്തിന് ക്രിസ്തീയ മിഷനറിമാരുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് മാതൃകയും പ്രചോദനവും ഏകിയതെന്ന് ചരിത്രകാരന്മാർ എല്ലാം സമ്മതിക്കുന്നു.

ക്രിസ്തീയ ശുശ്രൂഷയുടെ പ്രായോഗികപദ്ധതിയുമായി ക്രിസ്തീയമിഷനറിമാർ ആദിവാസികളുടെയും അധഃകൃതരുടേയും ഹരിജനങ്ങളുടേയും ഇടയിൽ ഫലപ്രദമായി പ്രവർത്തിച്ചു. ചാവറയച്ചനെപ്പോലെ അധികമാരും ഭാരതക്രിസ്തീയസഭയുടെ ഈ ശുശ്രൂഷാചൈതന്യത്തെ ഫലപ്രദമായി പ്രായോഗികമാക്കിയിട്ടുണ്ടെന്ന തോന്നുന്നില്ല. ഭാരതത്തിലെ ക്രിസ്തീയ സഭ എണ്ണത്തിൽ ചെറുതാണെങ്കിലും ഭാരതത്തിന്റെ ദേശീയപ്രവർത്തനങ്ങളിൽ എന്നും മുന്നണിയിൽ നിന്നിട്ടുണ്ട്. ഈ സമൂഹത്തിലെ പല മഹോന്നതവ്യക്തികളും നിരവധിപൊതുപ്രവർത്തനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും പ്രമുഖസ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. ഇവരെല്ലാം എന്നും സാമൂഹ്യസമത്വത്തിനും സമുദായോദ്ധാരണത്തിനുമുള്ള പ്രവർത്തനങ്ങളിലും മുൻപന്തിയിൽതന്നെയായിരുന്നു.

സ്നേഹിതരേ, നിങ്ങൾക്കറിയാവുന്നതുപോലെ ഇൻഡ്യയുടെ ഭരണഘടന, സമത്വം, സ്വാതന്ത്ര്യം സാഹോദര്യം മുതലായ രാഷ്ട്രീയസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിനു മുൻപായി—സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ 'നീതി'യെക്കുറിച്ചുള്ള ആശയമാണ് മുന്നോട്ട വച്ചിട്ടുള്ളത്. നീതിക്ക് എന്നും ഒന്നാംസ്ഥാനം ഉണ്ടായിരിക്കണം. ഭരണഘടന, സംസ്ഥാനങ്ങളുടെ പ്രത്യേകമായ മാർഗ്ഗനിർദ്ദേശകതത്വങ്ങളും വെളിച്ചത്തു കൊണ്ടുവരുകയുണ്ടായി. ഇതു മുഴുവൻ നീതികരിക്കാൻ പാടില്ലാത്തവയാണെങ്കിലും രാഷ്ട്രീയ ഭരണ സംവിധാനത്തിന് അടിസ്ഥാനതത്വസംഹിതകളായിത്തീർന്നു. ഇതി

ന്റെ ചുവടു പിടിച്ചാണ് രാഷ്ട്രം വ്യവസ്ഥാപിതമായ പുരോഗമന പ്രവർത്തനങ്ങളുടെ യുഗത്തിലേക്കു ഇറങ്ങിത്തിരിച്ചതു്.

എന്നാൽ, ഭരണഘടനയും പുരോഗമനപ്രവർത്തനങ്ങളും പ്രായോഗികമാകണമെങ്കിൽ ജനങ്ങളുടെ ഇടയിൽ ഐക്യമുണ്ടായിരിക്കണം. എത്രയൊക്കെ വൈവിധ്യമുണ്ടെങ്കിലും ഒററക്കെട്ടായി നിൽക്കാനുള്ള നമ്മുടെ പൗരാണിക വൈശിഷ്ട്യത്തെ, ദേശീയമായ ചില നീക്കങ്ങൾ അടിസ്ഥാനപരമായ യോജിപ്പിനെ മാററിമറിക്കുകയും—രാഷ്ട്രീയനിറം പകരുകയും ചെയ്തു. 1947–ൽ നടന്ന ഇൻഡ്യയുടെ വിഭജനം ഇൻഡ്യയുടെ ഈ മഹത്തായ പാരമ്പര്യത്തിൽ നിന്നുള്ള വിടവാങ്ങലായി തീർച്ചയായും നാം കാണണം—ഒരു വിടവാങ്ങുന്ന സാമ്രാജ്യത്തിന്റെ നഷ്ടശിഷ്ടങ്ങൾ. എന്നാൽ ഇന്നും നമ്മുടെ രാഷ്ട്രത്തിന്റെ യോജിപ്പിനും അഖണ്ഡതയ്ക്കും കോടാലിവയ്ക്കുന്ന ഈ പ്രവണത തുടരുകയും നമ്മുടെ രാഷ്ട്രീയ സൗധത്തിന്റെ ഉറപ്പിനെത്തന്നെ ബാധിക്കുകയും ചെയ്യുന്നു.

എപ്പോഴൊക്കെ പുറമേ നിന്നുള്ള വെല്ലുവിളികൾ നമ്മെ ഭയപ്പെടുത്തിയിരുന്നുവോ—അപ്പോഴൊക്കെ അതായതു്—1962, 1965, 1971, എന്നീയവസരങ്ങളിലെല്ലാം ഇൻഡ്യയുടെ ഐക്യബോധം പ്രോജ്ജ്വലിക്കുകയാണ് ചെയ്തിട്ടുള്ളതു്. പക്ഷെ ഇങ്ങനെയുള്ള ബാഹ്യശക്തിയുടെ പ്രേരണ കൂടാതെ ദാരിദ്ര്യത്തിനെതിരായ നമ്മുടെ സമരത്തിൽ നാം ഒരുമയോടെ നിൽക്കാൻ പ്രാപ്തരാകണം. ഇന്നിന്റെ സമയം ജനപങ്കാളിത്വമുള്ള ലക്ഷ്യങ്ങൾക്കും വിശാലമായ രാഷ്ട്രീയ വീക്ഷണങ്ങൾക്കും നമ്മെ ആഹ്വാനം ചെയ്യുന്നു. അപ്രകാരം നമ്മുടെ ജനസമൂഹത്തിന്റെ സാമുദായികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കാൻ സാധിക്കണം. ഇപ്രകാരമുള്ള പരിശ്രമങ്ങളിൽ മഹത്തായ ക്രിസ്ത്യൻ സമൂഹം—സെന്റ് തോമസിന്റെ കാലം മുതൽ ഇൻഡ്യയിൽ വേരോടിയ സമൂഹം—ദെനോബിലിയുടെയും വാഴ്ത്തപ്പെട്ടവരായ ചാവറയച്ചനെപ്പോ

ലെയുള്ള നിരവധി മഹാത്മാക്കളുടെയും പരിശ്രമഫലമായി ഉയർത്തെഴുന്നേററസമൂഹം — മഹത്തായ ഒരു പങ്കു് വഹിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സന്തോഷപ്രദമായ ഈ ചടങ്ങിൽ പങ്കുപററുവാൻ അവസരമുണ്ടാക്കിത്തന്ന ഇതിന്റെ സംഘാടകർക്കു് നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിച്ചുകൊണ്ടു് ഞാൻ നിറുത്തട്ടെ. എല്ലാ മതങ്ങളിലെയും എല്ലാ വിശ്വാസികളും ഇന്നു പ്രസിദ്ധീകൃതമായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സ്റ്റാമ്പിൽ നിന്നും പ്രചോദനം ഉൾക്കൊള്ളട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

## ചാവറയെപ്പററി കേരള ഗവർണർ ശ്രീ രാമചന്ദ്രൻ ചെയ്ത പ്രസംഗം

ദിവംഗതനായ വാഴ്ത്തപ്പെട്ട ചാവറയച്ചനെ ദേശീയതലത്തിൽ അനുസ്മരിക്കാൻ കൂടിയിരിക്കുന്ന ഈ സദസ്സിൽ സംബന്ധിക്കാൻ സാധിച്ചതു് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. നമ്മുടെ പ്രസിഡന്റു് ഡോ. വെങ്കിട്ടരാമൻ തന്റെ ഉന്നതമായ സ്ഥാനം ഏറെറടുത്തതിനു ശേഷം ആദ്യമായി കേരളത്തിൽ നടത്തുന്ന പൊതുപരിപാടിയാണിതു്. ഇവിടെ മാനവലോകത്തിനഭിമാനമായ ഒരു ദൈവികമനുഷ്യനു് അതുല്യമായ ഒരു ബഹുമതി നല്കുന്നതുകൊണ്ടു് ഇതിൽ പങ്കുചേരുന്ന നമുക്കെല്ലാം ഇതൊരു അനുഗ്രഹസമയമാണു്. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രപതിക്കു് ഞാൻ നന്ദിപ്രകാശിപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തെ കേരളത്തിലേക്കു ഞാൻ ഹാർദ്ദമായി സ്വാഗതംചെയ്യുകയുംചെയ്യുന്നു.

ചാവറയച്ചൻ കേരളത്തിന്റെ മാത്രമല്ല മാനവരാശിയുടെ മുഴുവൻ അഭിമാനമാണു്. ഒരു വ്യക്തിയിൽ

തന്നെ ഇത്രമാത്രം വിശിഷ്ടഗുണങ്ങൾ വിളങ്ങി വിരാജിക്കുകയെന്നതു് അസാധാരണമായിരിക്കുന്നു. ചാവറയച്ചൻ ഒരു മർത്ത്യനായി ജനിച്ചു എങ്കിലും അദ്ദേഹം ആറര ദശവത്സരക്കാലത്തേക്കു അനുഷ്ഠിച്ച സുകൃതങ്ങൾ അദ്ദേഹത്തെ അനശ്വരനാക്കിത്തീർത്തിരിക്കുന്നു. ദൈവത്തെ അനുഭവിച്ചറിഞ്ഞ ഈ വിശിഷ്ടാത്മാവു് ഇക്കാലത്തും വരും കാലത്തും ലോകാവസാനംവരേയും മനുഷ്യകുലത്തിന്റെ അമൂല്യസമ്പത്തായി വിരാജിക്കും.

ചാവറയച്ചന്റെ ജീവിതം ആവേശംപകരുന്നതും അനുകരണാർഹവുമായ ഒരു വീരകഥയായിരുന്നു. കത്തോലിക്കാസഭയിലെ ഒരു പുരോഹിതനായി അഭിഷിക്തനായ നാൾമുതൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു ദൈവികമനുഷ്യനായിത്തീർന്നുകൊണ്ടു് തന്റെ സഹോദരങ്ങളുടെ സാമുദായികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കുവേണ്ടി പരിശ്രമിച്ചിരുന്നു. ചാവറയച്ചൻ, മററുള്ള മനുഷ്യരെപ്പോലെ പ്രശസ്തിയോ പണമോ പ്രതാപമോ അധികാരമോ ഒന്നും അശ്ശേഷം ആഗ്രഹിച്ചിരുന്നില്ല.

ചാവറയച്ചൻ ദീർഘദൃഷ്ടിയുടേയും സമയത്തിനു വളരെമുന്നിൽ കാര്യങ്ങൾ കാണുന്ന ആഴമേറിയ ദർശനങ്ങളുടെയും മനുഷ്യനായിരുന്നു. അദ്ദേഹത്തിനു് ദൈവികകാര്യങ്ങളെക്കുറിച്ചും സാമൂഹ്യസത്യങ്ങളെക്കുറിച്ചും നിയതമായ കാഴ്ചപ്പാടുണ്ടായിരുന്നു. അച്ചടി അക്ഷരങ്ങളുടെ മാദ്ധ്യമത്തിലൂടെ സാധാരണ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ചാവറയച്ചന്റെ പ്രാഥമികപരിശ്രമങ്ങളുടെ ഒന്നാംതരം തെളിവാണു് മാന്നാനം ആശ്രമത്തിൽ ഇന്നും സൂക്ഷിക്കുന്ന മരപ്രസ്സ്. അദ്ദേഹത്തിൽ വളർന്നുവികസിച്ച സാമൂഹ്യ അവബോധം മററുള്ളവർക്ക് പകർന്നുകൊടുക്കുവാനും അവരെ പ്രബുദ്ധരാക്കുവാനും മാത്രം ശക്തിയുററതായിരുന്നു. ഒരു വിശുദ്ധസമൂഹത്തിൽ ജീവിക്കുന്നവരുടെ യഥാർത്ഥ മുഖമുദ്രയായിരുന്നു ഇപ്പറഞ്ഞതു്.

1869–ൽ ചാവറയച്ചൻ ആർത്തരേയും അവശരേയും ആലംബഹീനരേയും മരണാസന്നരേയും സ്വീകരിക്കാൻ കൈനകരിയിൽ ആരംഭിച്ച ഉപവിശാല ഇത്തരത്തിലുള്ള കാരുണ്യപ്രവർത്തനങ്ങൾക്ക് ഇൻഡ്യയിലെതന്നെ ആദ്യത്തെ സ്ഥാപനമായിരുന്നു. അമലോത്ഭവമാതാവിന്റെ കർമ്മലീത്തർ എന്ന വൈദികസന്യാസസഭയും, കർമ്മലഅമ്മയുടെ സമൂഹം എന്ന സന്യാസിനികളുടെ സഭയും സ്ഥാപിച്ചതു് വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്. ഇന്ന് ഈ രണ്ടു പ്രശസ്ത സന്യാസസമൂഹങ്ങളിലേയും അംഗങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങളുടെ നിസ്വാത്ഥമായ സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെയും തങ്ങളുടെ സ്ഥാപകന്റെ ചൈതന്യത്തിനു സജീവസാക്ഷ്യം നൽകിക്കൊണ്ടിരിക്കുന്നു. ഇന്ന് നിരവധി സ്കൂളുകളും കോളേജുകളും ആസ്പത്രികളും ക്ലിനിക്കുകളും, അനാഥമന്ദിരങ്ങളും, വികലാംഗർക്കായും അന്ധർക്കായും ഉള്ള സ്ഥാപനങ്ങളും, വൃദ്ധമന്ദിരങ്ങളും, തങ്ങളുടെ സഭാസ്ഥാപകന്റെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ചൈതന്യത്തെ വിളിച്ചോതിക്കൊണ്ടു് നിലകൊള്ളുന്നു. യഥാർത്ഥ ദൈവവിശ്വാസത്തിന്റെ തെളിവു് തങ്ങളുടെ സഹോദരങ്ങളെ വ്യക്തിപരമായും സാമൂഹ്യമായും പുരോഗമിപ്പിക്കുന്നതാണെങ്കിൽ തീർച്ചയായും ചാവറയച്ചനും അദ്ദേഹത്തിന്റെ എണ്ണമററ സഭാസന്താനങ്ങളും ഈ പരീക്ഷണത്തിൽ ഏററവും ഉന്നതമായി വിജയിച്ചിരിക്കുന്നു.

ചാവറയച്ചന്റെ മാതൃക കാണിച്ചുതരുന്നതുപോലെ മതജീവിതമെന്നതു് ജീവിതത്തിന്റെതന്നെ ഒരു ഫലപ്രാപ്തിയാണ്. ഈ മതാത്മകജീവിതമില്ലാത്തവൻ, മതജീവിതത്തിന്റെ പരിരംഭണം ലഭിക്കാത്തവൻ, ജീവിതത്തിൽതന്നെ അപൂർണ്ണമനുഷ്യവ്യക്തിയായിരിക്കും. യഥാർത്ഥത്തിലുള്ള ഒരു മതവിശ്വാസി തന്റെ സഹോദരങ്ങളെ സേവിച്ചുകൊണ്ടു് ദൈവത്തെ സേവിക്കുന്നവനായിരിക്കും. നമ്മുടെ മഹർഷിമാരും യോഗിമാരും എല്ലാം ഈ നിത്യസത്യത്തെ എന്നും ഉറക്കെപ്പറഞ്ഞിരു

ന്നു അധഃകൃതരുടേയും അനാഥരുടേയും ഇടയിലുള്ള നിസ്വാർത്ഥ പ്രവർത്തനംവഴി ചാവറയച്ചനും ഈ സത്യത്തിനു സാക്ഷ്യംനല്കിയിരുന്നു.

കത്തോലിക്കാസഭ തന്റെ വിശുദ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചാവറയച്ചനേയും ബഹുമാനിച്ചിരിക്കുന്നു. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഏററവും അനുയോജ്യമായ ഒരു കാര്യമായിരുന്നു ഒരു അനുസ്മരണാസ്റ്റാമ്പ് ഇറക്കികൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കുകയെന്നതു്. ഞാൻ ഈയവസരത്തിൽ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിനെ പ്രത്യേകം ഇക്കാര്യത്തിനു അനുമോദിക്കുന്നു. സ്റ്റാമ്പു പുറത്തിറക്കുവാൻവേണ്ടിയുള്ള രാഷ്ട്രപതിയുടെ സാന്നിദ്ധ്യംതന്നെ കേരളത്തിന്റെ ഈ വിശുദ്ധനും മഹാനുമായ വീരപുത്രന്റെ പ്രാധാന്യത്തെ പ്രദ്യോതിപ്പിക്കുന്നു. ഞാനും സഭയുടെ സാക്ഷാത്തായ ദൗത്യത്തെ തന്റെ ജീവിതംകൊണ്ട് സമ്പുഷ്ടമാക്കിയ ഈ ദൈവദാസനെ അനുമോദിക്കുകയും ആദരിക്കുകയുംചെയ്യുന്നു.

---